

# സമഗ്ര വികസനരേഖ

## ഇലന്തൂർ ഗ്രാമ പഞ്ചായത്ത്



29-3.

# ജനകീയ ആസൂത്രണം
# ഇലന്തൂർ ഗ്രാമപഞ്ചായത്ത്



# സമഗ്ര വികസനരേഖ

ഫോട്ടോ - ഇലന്തൂർ വിശ്വനാഥൻ റെറ്റിന, കവർ ഡിസൈൻ - കെ.കെ. അജയകുമാർ
സ്കെച്ച് - ഉണ്ണി, ശശാങ്കൻ, മധു, പ്രിന്റിംഗ് - എക്സൽ ഓഫ്സെറ്റ് പ്രിന്റേഴ്സ്, ഓമല്ലൂർ, Tel. 0473 350320



സി.റ്റി. മത്തായി
ഇലന്തൂർ

## ആദരാഞ്ജലി

ചാങ്ങപ്പുളിമൂട്ടിൽ തോമസിന്റെയും ഏലിയാമ്മയുടെയും മകനായി 1939ൽ ജനിച്ചു. കാരംവേലി എസ്.എൻ.ഡി.പി.എച്ച്.എസ് കോഴഞ്ചേരി സെന്റ് തോമസ് കോളേജ്, പന്തളം എൻ.എസ്.എസ്. ട്രെയിനിംഗ് കോളേജ് എന്നിവിടങ്ങളിലായി വിദ്യാഭ്യാസം പൂർത്തിയാക്കി. ബി.എ., ബി.എഡ് ബിരുദധാരിയായ ഇദ്ദേഹം മുട്ടത്തുകോണം എസ്.എൻ.ഡി.പി.എച്ച് എസ്സിൽ 31 വർഷം അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു. 12 വർഷം പഞ്ചായത്തുമെമ്പാറായിരുന്ന ശ്രീ സി.ടി.മത്തായി രണ്ടുപ്രാവശ്യം പഞ്ചായത്ത് പ്രസിഡന്റായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. നെടുമുരുപ്പ് കുമരമല ശുദ്ധജലവിതരണ പദ്ധതി, ഷോപ്പിംഗ് കോംപ്ലക്സ്, കമ്മ്യൂണിറ്റിഹാൾ എന്നിവ ഇദ്ദേഹം പഞ്ചായത്ത് പ്രസിഡന്റായിരുന്നപ്പോൾ രൂപം പ്രാപിച്ചതാണ്. ആയുർവേദ ഹോമിയോ ആശുപത്രികൾ, സ്റ്റേഡിയം, ഓവർസീസ് ബാങ്ക് എന്നിവ സ്ഥാപിക്കുന്നതിന് മുന്നിട്ടു പ്രവർത്തിച്ചിട്ടുണ്ട്. വൈ.എം.സി.എ. കർഷകസംഘം, അഞ്ജലി സ്പോർട്സ് & ക്ലബ് കൾച്ചറൽ അസോസിയേഷൻ, ഗവൺമെന്റ് ഹൈസ്ക്കൂൾ, പി.ടി.എ. കർഷകസമിതി, കാർഷികവികസനസമിതി എന്നിവയിലെല്ലാം പ്രസിഡന്റായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1993-ൽ അദ്ധ്യാപകർക്കുള്ള സംസ്ഥാന അവാർഡും 94ൽ ദേശീയ അവാർഡും നേടി. പല പ്രസിദ്ധീകരണങ്ങളിലും പത്രാധിപസമിതി അംഗമായി പ്രവർത്തിച്ചിട്ടുണ്ട്. കേരളാ പ്രൈവറ്റ് സ്ക്കൂൾ ടീച്ചേഴ്സ് ഫ്രണ്ട് എന്ന സംഘടനയുടെ സംസ്ഥാന സെക്രട്ടറിയായിരുന്നു. നിരവധി റേഡിയോ നാടകങ്ങളും ഗാനങ്ങളും രചിച്ചിട്ടുണ്ട്. ത്യാഗകിരണങ്ങൾ, പൂത്തിരി എന്നീ രണ്ടുപുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. സാക്ഷരതാ പരിപാടിയിൽ ജില്ലയ്ക്കു മാതൃക എന്നവണ്ണം പ്രവർത്തിച്ചതിന്റെയും ആദ്യവിളംബരം നടത്തിയ പഞ്ചായത്ത് എന്നുള്ളതിന്റെയും മുഖ്യശില്പി സി.ടി.മത്തായി ആയിരുന്നു. 1996-ലെ ഇൻഡോ കനേഡിയൻ യൂത്ത് എക്സ് ചേൻജ് പ്രോഗ്രാമിനായി ഇലന്തൂർ ഗ്രാമം തെരഞ്ഞെടുക്കപ്പെട്ടതിന്റെ പിന്നിലും അദ്ദേഹം വഹിച്ച പങ്ക് ചെറുതല്ല. ഈ പരിപാടിയിലൂടെ ഇലന്തൂർ ലോക ഭൂപടത്തിൽ സ്ഥാനം നേടി. അവസാനമായി ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ മുന്നണിയിൽ പ്രവർത്തിക്കവേ കരൾസംബന്ധമായ രോഗം കാരണം 13- 12-1996 ൽ ഇലന്തൂർ സി.ടി.മത്തായി 57-ാമത്തെ വയസിൽ ഈ ലോകത്തോട് വിടപറഞ്ഞു.

# എഡിറ്റോറിയൽ ബോർഡ്


| | |
|---|---|
| റ്റി.കെ.കോമളൻ | ചീഫ് എഡിറ്റർ |
| ഭഗവത് സിംഗ് | എഡിറ്റർ |
| എസ്. വി.വിജയൻ | |
| അജയകുമാർ | |
| വി. ആർ. സുലോചനൻ | |
| പി.കെ.പ്രസന്നൻ | |
| സി.റ്റി. മാത്യു | |
| സി.ജി. ശങ്കരൻ | |
| വി.ജി.രാമചന്ദ്രൻ നായർ | |
| രാമചന്ദ്രകുമാർ | |
| സുജാതാ സുലോചനൻ | |




## കർമ്മ സമതി അംഗങ്ങൾ

രാമചന്ദ്രകുമാർ
കെ.എൻ.ഹരിലാൽ
വി.എൻ. ശ്രീധരൻ
പി.കെ.പ്രസന്നൻ
ആർ.വി. രാമചന്ദ്രൻ
എൻ. ആർ. ബോസ്
പി.കെ. കൃഷ്ണൻ
വി.ജി.രാമചന്ദ്രൻ നായർ
മനോജ് ബി നായർ
എസ്.വി. വിജയൻ
പുഷ്പാംഗദപ്പണിക്കർ
അമ്മിണി തോമസ്
മണിലാൽ
എം.ഡി.മാത്യു
പി.എസ്. രാധാകൃഷ്ണൻ നായർ
വി.കെ.ഗോപാലകൃഷ്ണൻ
വി.ആർ.സുലോചനൻ
ഗോപിനാഥ് എം.ജി.
കെ.കെ. മദനൻ
കെ. രാമദേവൻ
ശാന്തമ്മ യശോധരൻ
ജോൺസ് യോഹന്നാൻ
സി.ജി. ശങ്കരൻ
സി.റ്റി. മാത്യു
കെ.സി. ജോൺ പൊൻമന്ദിരം

## മാർഗ്ഗനിർദ്ദേശം നൽകിയ കീ റിസോഴ്സ് പേഴ്സൺസ്

എം.കെ. പുരുഷോത്തമൻ
തോമസ് ഉഴുവത്ത്
കെ.വി. ഭഗവത്സിംഗ്

അച്ചൻകുഞ്ഞ് കണികുന്നിൽ DRP

# ഇലന്തൂർ ഗ്രാമ പഞ്ചായത്ത് ഭരണ സമിതി



ഈ. തുളസീഭായി
( പ്രസിഡന്റ് )



ജോർജ് മത്തായിക്കുട്ടി
(വൈസ് പ്രസിഡന്റ്)



സാംസൺ തെക്കേതിൽ
(സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ)



ഷാജി ഏബ്രഹാം
(മെമ്പർ)



റ്റി. കെ. കോമളൻ
( മെമ്പർ)



പി.കെ. ഹരിദാസ് കുമാർ
( മെമ്പർ )



ശോശാമ്മ തോമസ്
( മെമ്പർ )



ഗ്രേസി സക്കറിയ
( മെമ്പർ )



എം. കെ. രാഘവൻ
( മെമ്പർ)



" തന്റെ സർവ്വ കർമ്മങ്ങളുടെയും അന്തരമായ പ്രേരണ അനുകമ്പയായിരിക്കുകയും ഏറ്റവും എളിയ പ്രാണിയെപ്പോലും നശിപ്പിക്കാതിരിക്കാനും, അതിനെ രക്ഷിക്കാനും തന്നാൽ ആകുന്നത്ര ശ്രമിക്കുകയും, ഇങ്ങനെ ഹിംസയുടെ ഭയങ്കരമായ ചൂഗത്തിൽ നിന്ന് മോചനം പ്രാപിക്കുവാൻ ഇടവിടാതെ യത്നിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നപക്ഷം ഒരഹിംസാരാധാകൻ തന്റെ ആദർശം പാലിക്കുന്നതായി കരുതണം."

\- മഹാത്മാഗാന്ധി –

# ഉള്ളടക്കം




1. ആമുഖം

2 പൊതുവിവരങ്ങൾ

3 ഭരണചരിത്രം

4 സാമൂഹ്യ- സാംസ്ക്കാരിക ചരിത്രം

5. ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

6 വികസന മേഖലകൾ

6.1 പ്രാഥമിക മേഖല

(A) കൃഷിയും ജലസേചനവും

(B) മൃഗസംരക്ഷണവും മത്സ്യബന്ധനവും

6 (2) ദ്വിതീയ മേഖല

(A) വ്യവസായം

(B) ഗതാഗതം, ഊർജ്ജം മാർക്കറ്റ്

(C) പാർപ്പിടവും സാമൂഹ്യക്ഷേമവും

6 (3) ത്രിതീയ മേഖല

(A) വിദ്യാഭ്യാസം

(B) കുടിവെള്ളം, പൊതുജനാരോഗ്യം

(C) പട്ടികജാതി/പട്ടികവർഗ്ഗക്ഷേമം

(D) സഹകരണം

(E) വനിതാ ക്ഷേമം

(F) സംസ്ക്കാരം

6 വിഭവസമാഹരണം

7 പഠനപര്യടനം

8 ഉപസംഹാരം

# ആമുഖം

നമ്മുടെ രാജ്യത്ത് ഇതേവരെ നിലനിന്നിരുന്ന ആസൂത്രണ സംവിധാനത്തിന് ധാരാളം പരിമിതികളുണ്ട്. അമിത കേന്ദ്രീകരണം അതിലൊന്നാണ്. തീരുമാനങ്ങൾ എടുക്കുന്നതിലും നടപ്പാക്കുന്നതിലും ജനതാല്പര്യം വേണ്ടത്ര മാനിക്കപ്പെട്ടിരുന്നില്ല. പ്രാദേശികമായ പ്രശ്നങ്ങൾ മനസ്സിലാക്കാതെയുള്ള വികസനപ്രവർത്തനങ്ങളായിരുന്നു നിലനിന്നിരുന്നത്. വികസനപ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തം ഇല്ലാത്തതുമൂലം അഴിമതിയും സ്വജനപക്ഷപാതവും വളരെയധികം നിലനിൽക്കുന്നു.

പുതിയ ആവശ്യങ്ങൾക്കനുസൃതമായി പ്രവർത്തനപരിപാടികൾ ആവിഷ്ക്കരിക്കുവാൻ ഇവിടെ നിലനിന്നിരുന്ന സംവിധാനത്തിൽ സാധ്യമായിരുന്നില്ല. ആസൂത്രണമെന്നാൽ വിവിധ വകുപ്പുകളുടെ പരസ്പരബന്ധമില്ലാത്ത സ്കീമുകൾ തയ്യാറാക്കലായി അധഃപതിച്ചു. വിഭവങ്ങളുടെ ലഭ്യതയും വിനിയോഗവും പൂർണ്ണമായും മനസിലാക്കാതെയുള്ള വികസനമായിരുന്നു നിലനിന്നിരുന്നത്. നേട്ടങ്ങളും കോട്ടങ്ങളും യഥാസമയം പരിശോധിച്ച് വികസനപ്രവർത്തനം കാര്യക്ഷമമാക്കുവാൻ ഒരു മോണിറ്ററിംഗ് സംവിധാനം ഇല്ലാതിരുന്നതുമൂലം ഉത്തരവാദിത്വമില്ലായ്മ, ദുർവ്യയം, കാലതാമസം ഇവ വികസനത്തെ മുരടിപ്പിച്ചു.

ഈ സാഹചര്യത്തിലാണ് കേരളത്തിൽ അധികാരവികേന്ദ്രീകരണത്തിന് പ്രാധാന്യം ഏറുന്നത്. കേരളത്തിന്റെ ഒൻപതാം പദ്ധതി പൂർണ്ണമായും ജനപങ്കാളിത്തത്തോടെ താഴെത്തട്ടിൽ നിന്നും ആരംഭിക്കുക എന്നതാണ് അധികാരവികേന്ദ്രീകരണത്തിന്റെ ലക്ഷ്യം.

അതാതു പ്രദേശത്തെ ജനങ്ങൾക്ക് അവരുടെ ആവശ്യങ്ങൾക്കനുസരണമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാനുള്ള അവസരമാണിത്. പദ്ധതികളുടെ ആസൂത്രണവും നിർവ്വഹണവും പൂർണ്ണമായും പൊതുജനപങ്കാളിത്തത്തോടെ നടപ്പാക്കുക എന്നതാണ് ഇതിന്റെ പ്രാധാന്യം.

ഒൻപതാം പദ്ധതി അടങ്കലിന്റെ ഏകദേശം 40 ശതമാനത്തോളം തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്നതായിരിക്കും. അങ്ങനെ നമ്മുടെ നാടിന്റെ വികസനത്തിൽ ഒരു വഴിത്തിരിവിന്റെ നാന്ദികുറിച്ചിരിക്കുകയാണ്.

മഹാത്മജി സ്വപ്നം കണ്ട ഗ്രാമസ്വരാജ് ഒരു യാഥാർത്ഥ്യമാക്കി മാറ്റാൻ നാം ഓരോരുത്തരും യത്നിക്കേണ്ടിയിരിക്കുന്നു.

ഗ്രാമസഭാ റിപ്പോർട്ടുകളുടെ ക്രോഡീകരണം, ദ്വിതീയ സ്ഥിതി വിവരക്കണക്കുകളുടെ ശേഖരണം, നടപ്പുസ്കീമുകളുടെ അവലോകനറിപ്പോർട്ട് തയ്യാറാക്കൽ, ഭൂപ്രകൃതി പഠനം, ചരിത്രപഠനം, എന്നീ പ്രവർത്തനങ്ങളാണ് ഈ വികസന റിപ്പോർട്ടിന് അടിസ്ഥാനം. അർപ്പണബോധമുള്ള ഒരുകൂട്ടം ജനങ്ങളുടെ ആത്മാർത്ഥമായ പ്രവർത്തനഫലമായി തയ്യാറാക്കിയതാണ് ഈ വികസറിപ്പോർട്ട്. ഇലന്തൂർ ഗ്രാമപഞ്ചായത്തിന്റെ ഒരു ആധികാരിക രേഖയായി ഈ വികസനറിപ്പോർട്ട് വരും തലമുറയ്ക്ക് ഉപയോഗപ്രദമാകുമെന്ന് പ്രത്യാശിച്ചുകൊണ്ട് പൊതുജനസമക്ഷം സമർപ്പിക്കുന്നു.

ഇ. തുളസീഭായി
പ്രസി. ഇലന്തൂർ ഗ്രാമപഞ്ചായത്ത്

# പൊതുവിവരങ്ങൾ

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | - | ഇലന്തൂർ ഗ്രാമപഞ്ചായത്ത് |
| ബ്ലോക്ക് പഞ്ചായത്ത് | - | ഇലന്തൂർ |
| താലൂക്ക് | - | കോഴഞ്ചേരി |
| ജില്ല | - | പത്തനംതിട്ട |
| അസംബ്ലി മണ്ഡലം | - | പത്തനംതിട്ട |
| ലോകസഭാമണ്ഡലം | - | ഇടുക്കി |
| വിസ്തീർണ്ണം | - | 15.09 ച.കി.മീ |
| വാർഡ് | - | 9 |
| അതിരുകൾ | - | വടക്ക് - മല്ലപ്പുഴശ്ശേരി ഗ്രാമപഞ്ചായത്ത് |
| | - | കിഴക്ക് - നാരങ്ങാനം ഗ്രാമപഞ്ചായത്ത് |
| | - | തെക്ക് -ചെന്നീർക്കര, പത്തനംതിട്ട മുനിസിപ്പാലിറ്റി, |
| | - | പടിഞ്ഞാറ് - മല്ലപ്പുഴശ്ശേരി, മെഴുവേലി ഗ്രാമപഞ്ചായത്ത് |
| ജനസംഖ്യ | - | 14747 |
| പുരുഷൻമാർ | - | 7060 |
| സ്ത്രീകൾ | - | 7687 |
| പ്രസിഡന്റ് | - | ശ്രീമതി ഇ. തുളസീഭായി |
| വൈസ്പ്രസിഡന്റ് | - | ശ്രീ. ജോർജ്ജ് മത്തായിക്കുട്ടി |
| സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ | - | ശ്രീ. സാംസൺ തെക്കേതിൽ |

# ഭരണചരിത്രം

ഇലന്തൂർ പഞ്ചായത്ത് സ്ഥാപിതമായത് 1952 ൽ ആയിരുന്നു. ആരംഭത്തിൽ 7 വാർഡുകൾ ഉണ്ടായിരുന്നു. 1972 ൽ 8 വാർഡുകളായും 1995ൽ 9 വാർഡുകളായും വിഭജനം നടന്നു. ഈ പഞ്ചായത്തിന്റെ ഭാഗമായിരുന്ന ചുരുളിക്കോട് പ്രദേശം 1963 ൽ പത്തനംതിട്ട മുനിസിപ്പാലിറ്റിയോട് ചേർക്കപ്പെട്ടു.

## ആദ്യത്തെ ഭരണസമതി അംഗങ്ങൾ

1. ശ്രീ. കെ.കുമാർ (പ്രസിഡന്റ്)
2. ശ്രീ. പി.റ്റി. ജോർജ്
3. എം.എ. മാത്യു
4. ഒ.സി.കേശവൻ
5. കെ.നാണുപ്പണിക്കർ
6. റ്റി.കെ.കുട്ടപ്പൻ M.A. BL
7. ശ്രീ. പി.ടി. വർഗ്ഗീസ്

## വിവിധവകുപ്പുകളുടെ കീഴിലുള്ള ഓഫീസുകളും സ്ഥാപനങ്ങളും

| Sl: No | ഓഫീസ്/സ്ഥാപനം | Ward No |
|---|---|---|
| 1. | M.T.L.P.S. ഓലിക്കൽ | 8 |
| 2. | Gov:L.P.S. ചിറമേൽ | 7 |
| 3. | M.T.L.P.S. വലിയവട്ടം | 1 |
| 4. | M.T.L.P.S. പുളിന്തിട്ട | 3 |
| 5. | M.T.L.P.S. ഇലന്തൂർ ഈസ്റ്റ് | 5 |
| 6. | M.T.L.P.S. പരിയാരം | 6 |
| 7. | S.N.D.P. H.S ഇടപ്പരിയാരം | 7 |
| 8. | Gov. V.H.S.S. ഇലന്തൂർ | 2 |
| 9. | ഗവ. ആയുർവേദ ഡിസ്പെൻസറി ഇലന്തൂർ | 2 |
| 10. | പി.എച്ച്. സെന്റർ ഇലന്തൂർ | 8 |
| 11. | ഗവ. ഹോമിയോ ഡിസ്പെൻസറി ഇലന്തൂർ | 4 |
| 12. | തലാരി മെഡിക്കൽ സെന്റർ | 5 |
| 13. | ജെ.എം. ഹോസ്പിറ്റൽ ഇലന്തൂർ | 2 |
| 14. | പി.എച്ച്. സബ്സെന്റർ വാര്യാപുരം | 6 |
| 15. | പി.എച്ച്. സബ്സെന്റർ ഇലന്തൂർ | 2 |
| 16 | എ.ഐ. സബ്സെന്റർ ഇലന്തൂർ | 8 |
| 17. | മൃഗാശുപത്രി | 8 |
| 18. | S.C.B. Q 391 പരിയാരം | 8 |
| 19. | S.C.B. Q 460 ഇലന്തൂർ | 4 |
| 20. | മിൽക്ക് മാർക്കറ്റിംഗ് സൊസൈറ്റി വാര്യാപുരം | 5 |
| 21. | മിൽക്ക് മാർക്കറ്റിംഗ് സൊസൈറ്റി ഇലന്തൂർ | 4 |
| 22. | മിൽക്ക് മാർക്കറ്റിംഗ് സൊസൈറ്റി പരിയാരം | 8 |
| 23. | സബ്പോസ്റ്റോഫീസ് ഇലന്തൂർ | 3 |
| 24. | ബ്രാഞ്ച് പോസ്റ്റോഫീസ് ഇടപ്പരിയാരം | 7 |
| 25. | ബ്രാഞ്ച് പോസ്റ്റോഫീസ് പരിയാരം | 8 |
| 26. | ബ്രാഞ്ച് പോസ്റ്റോഫീസ് വാര്യാപുരം | 5 |
| 27. | ഇലക്ട്രിക്കൽ സബ് എൻജിനീയറിംഗ് ഓഫീസ് ഇലന്തൂർ | 3 |
| 28. | ഫെഡറൽ ബാങ്ക് ഇലന്തൂർ | 4 |
| 29. | ഫെഡറൽ ബാങ്ക് എക്സ്റ്റെൻഷൻ കൗണ്ടർ | 5 |

| | | |
|---|---|---|
| 30. | ഇൻഡ്യൻ ഓവർസീസ് ബാങ്ക് ഇലന്തൂർ | 3 |
| 31 | സൗത്ത് ഇൻഡ്യൻ ബാങ്ക് എക്റ്റൻഷൻ കൗണ്ടർ ഇലന്തൂർ | 8 |
| 32. | ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസ് ഇലന്തൂർ | 3 |
| 33. | കൃഷിഭവൻ ഇലന്തൂർ | 3 |
| 34. | വില്ലേജ് ഓഫീസ് ഇലന്തൂർ | 2 |
| 35. | ഖാദിഗ്രാമവ്യവസായ ഓഫീസ് ഇലന്തൂർ | 2 |
| 36. | ടെലിഫോൺ എക്സ്ചേഞ്ച് | 2 |
| 37. | പഞ്ചായത്ത് ഓഫീസ് ഇലന്തൂർ | 2 |
| 38. | പട്ടികജാതി സർവ്വീസ് സഹകരണസംഘം 1028, ഇലന്തൂർ | 2 |
| 39. | പബ്ലിക് മാർക്കറ്റ് ഇലന്തൂർ | 3 |
| 40. | ഷോപ്പിംഗ് കോംപ്ലക്സ് ഇലന്തൂർ | 3 |
| 41. | ഹരിജൻ പ്രിന്റിംഗ് പ്രസ് | 2 |
| 42. | H.M.P. യൂണിറ്റ് | 4 |
| 43. | പഞ്ചായത്ത് കമ്യൂണിറ്റിഹാൾ | 2 |

# സാമൂഹ്യ സാംസ്ക്കാരിക ചരിത്രം

രണ്ടു സഹസ്രാബ്ദങ്ങളുടെ ലിഖിതമായ ചരിത്രമുള്ള പ്രദേശങ്ങൾക്കിടയിലാണ് സാമൂഹ്യ സാംസ്ക്കാരിക മണ്ഡലങ്ങളിൽ ധന്യമായ പാരമ്പര്യമുള്ള ഇലന്തൂരിന്റെ സ്ഥാനം. ചെന്നീർക്കര സ്വരൂപവും, പന്തളവും, ആറൻമുളയും ചുറ്റും നിൽക്കുന്ന ഇലന്തൂരിന് ചരിത്രപരമായി സവിശേഷതകൾ അനവധിയുണ്ട്. ആദ്യകാലസംസ്ക്കാരത്തിന്റെ ഭാഗമായിരുന്ന നാഗാരാധനയും, കാവുകളും ഇവിടെ നിലനിൽക്കുന്നു. സഹസ്രാബ്ദങ്ങളുടെ പഴക്കമാണ് ഗ്രാമത്തിനുള്ളത്. തമിഴിന്റേയും സംസ്കൃതത്തിന്റേയും സ്വാധീനത്തിൽനിന്ന് മലയാളഭാഷ മോചിതമാവുന്നതിന് മുമ്പ് സ്വീകരിച്ച പദങ്ങളുടെ അവശിഷ്ടങ്ങൾ ഈ ഗ്രാമത്തിന്റെ പേരിനെ ചൂഴ്ന്നു നില്ക്കുന്നു. 'ഊര്' എന്ന പദം ചേർന്നു വരുന്ന മിക്ക സ്ഥലനാമങ്ങൾക്കു പിന്നിലും, പലതിന്റേയും സങ്കേതം എന്നതോ, താവളമെന്നതോ അർത്ഥം കൽപിച്ചുവരുന്നു. ഇലന്തൂര് 'ഇല്ലത്തൂര്' ആയിരുന്നു. ബ്രാഹ്മണ സമൂഹത്തിന്റെ താവളമായിരുന്നു ഈ ഗ്രാമം. പാണ്ഡ്യദേശത്തുനിന്നും പന്തളത്തു കുടിയേറി സിംഹാസനമുറപ്പിച്ച രാജവംശത്തിന്റെ സ്വപ്നഭൂമിയായിരുന്നു ഇവിടം. കുന്നുകളും, താഴ്വരകളും കൈത്തോടുകളും ഏറെയുള്ള ഇവിടം സമ്പുഷ്മായ കൃഷിഭൂമിയുമായിരുന്നു. ഭൂമിയുടെ ആധിപത്യം ബ്രാഹ്മണ–നായർ മേധാവിത്വത്തിന്റെ അധീശത്വത്തിലായിരുന്ന കാലത്തും വളരെ പ്രശസ്തമായ ഒരു കാർഷിക ചരിത്രം ഇലന്തൂരിന്നുണ്ട്.

കേരളചരിത്രത്തിൽ ലോഭികളും. അധികാരമോഹികളുമായിരുന്ന സവർണ്ണമേധാവികളുടെ കഥ ഏറെ കാണാം. എന്നാൽ എടുത്തുപറയത്തക്ക നാട്ടുപ്രമാണിയോ, പ്രതാപിയോ ഇവിടെ ഉണ്ടായിരുന്നില്ല. ഭൂമി കൈവശമുണ്ടായിരുന്ന ഉടമകൾപോലും കാർഷികാഭിവൃദ്ധിയിൽ മാത്രം ദത്തശ്രദ്ധരായിരുന്നതായി കാണാം. കാർഷിക തൊഴിലാളികളെ ഇവിടെ ക്ഷണിച്ചുവരുത്തി താമസിപ്പിച്ചിരുന്നതായി തന്നെ കരുതാം. കാരണം ഗ്രാമത്തിലെ കോളനികളുടെ എണ്ണം അദ്ഭുതാവഹമാണ്. കൃഷിപ്പണിക്ക് എത്തിയവർ കൂട്ടമായി താമസിക്കാൻ ആഗ്രഹിച്ചിരുന്നു എന്നതിന് ഇത് തെളിവാണ്.

ചേരമാൻ പെരുമാളിന്റെ കാലത്ത് പന്ത്രണ്ടുവാഴുന്നവരുടെ കൂട്ടത്തിലുള്ള ചെങ്ങന്നൂർ അയ്യായിരത്തിൽ പെട്ടതായിരുന്നു ഇലന്തൂർ. ചേരമാൻ പെരുമാളൻമാരുടെ കാലശേഷം നാട്ടുരാജ്യസ്ഥാപനവും, തുടർന്ന് പന്തളം രാജാവിന്റെ അധീനതയിലാണ് ഗ്രാമം നിലനിന്നത്. രാജാവിന്റെ പ്രതിനിധിയും അദ്ദേഹത്തിന്റേയും, രാജ്യത്തിന്റേയും സുരക്ഷാക്രമീകരണങ്ങളും ഇവിടെ നിലനിന്നിരുന്നു. 'കൊട്ടാരത്തിൽ' എന്ന വീട്ടുപേര് സൂചിപ്പിക്കുന്ന സ്ഥലത്ത് ആ രാജകീയോദ്യോഗസ്ഥർ താമസിച്ചിരുന്നു. 'കോട്ടയ്ക്കകം' എന്ന വീടിന്റെ സ്ഥാനത്ത് കോട്ട നിലനിന്നിരുന്നു. ചുടുകാട്ടിൽ എന്ന സ്ഥലത്ത് ശ്മശാനവും ഉണ്ടായിരുന്നു. പഞ്ചായത്തിലെ ഏറ്റവും ഉയരമുള്ള 'കൊട്ടതട്ടി' 'കോട്ട തട്ടി' ആയിരുന്നു. ഗുരുശാലകോയിക്കൽ, കോയിക്കൽ, തണ്ടളത്ത് എന്നിവ ഇന്നും സ്മാരകനാമങ്ങളായി അവശേഷിയ്ക്കുന്നു. രണ്ടു പ്രധാന പുണ്യക്ഷേത്രങ്ങളായ ആറൻമുളയേയും ഓമല്ലൂരിനേയും ബന്ധിപ്പിക്കുന്ന സഞ്ചാരമാർഗ്ഗം ഇലന്തൂരിലൂടെ കടന്നുപോയിരുന്നു. അതുകൊണ്ടുതന്നെ തീർത്ഥവാഹകസംഘങ്ങളുടേയും മോക്ഷാർത്ഥികളുടേയും ഒരു ഇടത്താവളം എന്നതിലുപരി പ്രകൃതി സൗന്ദര്യവും, സ്വച്ഛതയും ഇവിടുത്തെ സവിശേഷതകളായി ഇന്നും നിലനിൽക്കുന്നു. രണ്ടുചുമടുതാങ്ങികളും, ഒരുവഴിയമ്പലവും ഇതിന്റെ സ്മാരകങ്ങളായി ഇന്നും നിലവിലുണ്ട്.

ഇലന്തൂരിലെ ആയിരത്തോളം വർഷം പഴക്കമുള്ള ക്ഷേത്രമാണ് ശ്രീ ഭഗവതികുന്ന് ദേവീക്ഷേത്രം. നിരവധി കോവിലകങ്ങൾ നിലവിലുണ്ടായിരുന്ന ഇവിടുത്തെ ഒരു കോവിലകത്തിന്റെ കുലദേവതയാണ് ഈ ക്ഷേത്രത്തിലെ പ്രതിഷ്ഠ. ഇപ്പോൾ ഇത് കരക്കാരുടേതാണ്. സർവ്വഹിന്ദുക്കൾക്കും പണ്ടുകാലം മുതൽ പ്രവേശനമുള്ള ക്ഷേത്രമാണിത്. പ്രാചീനകലാരൂപമായ പട

യണി ഇവിടുത്തെ പ്രധാന അനുഷ്ഠാനമാണ്. മുൻകാലങ്ങളിൽ ഇരുപത്തെട്ടുദിവസത്തെ പടയണി ഇവിടെ നടന്നിരുന്നു. സകലകലകളും, സർവ്വസാഹിത്യരൂപങ്ങളും സമന്വയിക്കുന്ന ഈ കലാരൂപത്തിന്റെ വളർച്ചയ്ക്ക് ഈ ക്ഷേത്രം നൽകിയ സംഭാവനകൾ വിലമതിക്കാനാവില്ല. കേരളത്തിലെ അപൂർവ്വം ധന്വന്തരീക്ഷേത്രങ്ങളിൽ ഒന്ന് ഇലന്തൂരിലാണ്. പരിയാരത്തെ ധന്വന്തരി ക്ഷേത്രം ആയിരം വർഷത്തോളം പഴക്കമുള്ളതാണ്. ഒരു ഇല്ലത്തിന്റെ വകയാണ് ഈ ക്ഷേത്രം. കാവുകളും, കുളങ്ങളും സംസ്ക്കാരത്തിന്റെ സ്മാരകങ്ങളായി അവശേഷിക്കുന്നു. ഇലന്തൂരിലെ ഏറ്റവും പഴക്കമുള്ളതും, പ്രശസ്തങ്ങളുമായ രണ്ടു മലകൾ നാമക്കുഴിയും – കൊട്ടതട്ടിയും – ഇവിടെ അഞ്ജാതവാസക്കാലത്ത് പാണ്ഡവർ പാർത്തിരുന്നതായി ഐതിഹ്യമുണ്ട്. മൈലാടുംപാറ – മധുമല എന്നീ കുന്നിൻപുറത്തെ ക്ഷേത്രങ്ങൾ പുരാതനവും പ്രകൃതി സൗന്ദര്യംകൊണ്ട് അനുഗ്രഹീതവുമാണ്.

കൊ. വർഷം 993–ൽ പുന്നത്ര മാർദീവാന്ന്യാസോസ് കുരിശുവച്ച് കുർബ്ബാന അർപ്പിച്ച രണ്ടുപള്ളികൾ ഇലന്തൂരിലുണ്ട്. കുമാരനല്ലൂർ ദേവാലയവും പരിയാരം ദേവാലയവും. ഇവ രണ്ടും ചരിത്രസ്മാരകങ്ങളായി നിലനിൽക്കുന്നു. മതബന്ധങ്ങൾക്ക് ഈ ഗ്രാമം പണ്ടേ ഊടും, പാവും നൽകിയിരുന്നു. കാരൂർ ഓർത്തഡോക്സ് പള്ളി, ഇലന്തൂർ C.S.I. പള്ളി, കത്തോലിക്കാ പള്ളി, പുളിന്തിട്ട പള്ളി ഇവയും ഈ കാലഘട്ടത്തിൽ നിർമ്മിച്ച ചരിത്ര സ്മാരകങ്ങളാണ്.

പഴയ തലമുറയിൽ കലാസപര്യയും, സാഹിത്യാഭിരുചിയും പ്രകടമായിരുന്നു. കൊ.വർഷം 948ൽ കുരുവിള എന്ന ചേകോട്ടാശാൻ ഇവിടെ ജനിച്ച് മഹാകവിയായി വിരാജിച്ചു. അന്നത്തെ തിരുവിതാംകൂർ രാജാവിൽനിന്ന് ഒട്ടേറെ പുരസ്ക്കാരങ്ങൾ നേടിയ അദ്ദേഹം ഒരു കുടിപ്പള്ളിക്കൂടം ആശാനായി ജീവിതമാരംഭിച്ചു. ഇസ്രായേൽ ഉത്ഭവം, അദ്ഭുത മാലിക, പ്രഭാത കീർത്തനം, സന്ധ്യാ കീർത്തനം തുടങ്ങി അനവധി കൃതികൾ അദ്ദേഹം രചിച്ചു. കൊ. വർഷം 1932ൽ 84–ാം വയസിൽ അദ്ദേഹം അന്തരിച്ചു. കഴിഞ്ഞ നൂറ്റാണ്ടിൽ പടയണിഎന്ന കലാരൂപത്തിന്റെ അഭിവൃദ്ധിക്ക് ചിറപ്പുറത്ത് ആശാനും, താളമേള വിദ്വാനായി ഇടയിലേമുറി കേശവൻനായരും, കല്ലിൽ കൊച്ചുരാമൻ വൈദ്യൻ, പപ്പു കണിയാൻ എന്നിവർ നാടകത്തിന്റേയും, ചിത്രമെഴുത്തിന്റെയും ഉന്നമത്തിനു പരിശ്രമിച്ചു.

ദേശീയ പ്രസ്ഥാനം

വിട്ടുവീഴ്ച ഇല്ലാതെ പോരാടിയവരും പൊരുതി വീണവരും നാടിന്റെ സ്വാതന്ത്ര്യപുരോഗതിയുടെ ഇടുങ്ങിയ വഴികളിൽ സ്വന്തം ജീവരക്തം കൊണ്ട് പൂക്കളം എഴുതിയപ്പോൾ, 1947 ആഗസ്റ്റ് 15 ന് ഇന്ത്യയുടെ സ്വപ്നങ്ങൾ പൂത്ത് മണം പരത്തിയപ്പോൾ അഭിമാനിക്കാൻ ഈ ഗ്രാമത്തിനും ഏറെയുണ്ടായിരുന്നു. സമരത്തിന്റെ മുദ്രാവാക്യങ്ങളായ ഖാദിപ്രചരണം, സത്യാഗ്രഹം, അയിത്തോച്ചാടനം, ഹരിജനോദ്ധാരണം എന്നിവയെല്ലാം ഏറ്റെടുത്ത് പൂർണ്ണമായി പ്രാവർത്തികമാക്കിയ ഗ്രാമമാണ് ഇലന്തൂർ.

കുമാർജി

ഇലന്തൂർ താഴേ മണ്ണിൽ പത്മനാഭൻപിള്ളയുടേയും, കുഞ്ഞുപെണ്ണമ്മയുടേയും മകനായി കൊ. വർഷം 1069 കർക്കിടകം 6ന് കുമാർജി ജനിച്ചു. പ്രൈമറി വിദ്യാഭ്യാസം ചെങ്ങന്നൂരും, ഹൈസ്ക്കൂൾ വിദ്യാഭ്യാസം മാന്നാർ നായർ സമാജം സ്കൂളിലും, ഇന്റർമീഡിയറ്റ് പാലക്കാട് വിക്ടോറിയാ കോളേജിൽനിന്നും മദ്രാസ് പ്രസിഡൻസി കോളേജിൽ ബിരുദവിദ്യാർത്ഥിയായും പഠിച്ചു. പ്രസിഡൻസി കോളേജിൽ പഠിക്കുമ്പോൾ മദ്രാസിലെത്തിയ ഗാന്ധിജിയുടെ ആഹ്വാനമനുസരിച്ച് ദേശീയ സ്വാതന്ത്ര്യസമരരംഗത്തേക്കു വന്നു. ഗാന്ധിജി, രാജേന്ദ്രപ്രസാദ്, രാജഗോപാലാചാരി എന്നിവരോടൊപ്പം ഉത്തരേന്ത്യയിൽ കോൺഗ്രസ് പ്രവർത്തനങ്ങളിൽ മുഴുകി. പിന്നീട് രാഷ്ട്രപിതാവിന്റെ നിർദ്ദേശപ്രകാരം തിരുവിതാംകൂറിൽ തിരിച്ചെത്തുകയും, തിരുവിതാംകൂർ കോൺഗ്രസ് കമ്മറ്റി രൂപീകരിക്കുകയും, അതിന്റെ ആദ്യ സെക്രട്ടറിയാവുകയും ചെയ്തു. തുടർന്ന് സ്വദേശാഭിമാനിയുടെ പത്രാധിപർ സ്ഥാനം വഹിച്ചു. ഗാന്ധിജിയുടെ കേരളസന്ദർശനവേളകളിൽ അദ്ദേഹത്തിന്റെ പ്രസംഗപരിഭാഷകൻ കുമാർജി ആയിരുന്നു. അങ്ങനെ 20–1–1937ൽ മഹാത്മജി ഇലന്തൂർ സന്ദർശിക്കാനും കുമാർജി കാരണമായി. വൈക്കം സത്യാഗ്രത്തിലും, ഉപ്പുസത്യാഗ്രഹത്തിലും പങ്കെടുത്ത് അറസ്റ്റും ജയിൽവാസവും അനുഭവിച്ചു. ക്രി. വർഷം 1938ൽ കുമാർജിയുടെ നേതൃത്വത്തിൽ ഗ്രാമത്തിൽ ഹരിജനോദ്ധാരണപ്രവർത്തനങ്ങൾ ആരംഭിച്ചു. ക്രി. വർഷം 1939ൽ ശ്രീനാരായണപുരം ഹരിജൻസ്കൂൾ അദ്ദേഹം ആരംഭിച്ചു. 1028–ാം നമ്പരായി ഒരു ഹരിജൻ സഹകരണസംഘവും രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. തിരുവിതാംകൂർ രാജവാഴ്ചക്കാലത്ത് ആരംഭിച്ച മൂന്നു ഹരിജൻ കോളനികളിൽ ഒന്ന് ഇലന്തൂരിൽ സ്ഥാപിക്കാൻ അദ്ദേഹത്തിന്റെ ശ്രമത്തിനു കഴിഞ്ഞു. കൂടാതെ കേരളത്തിലെമ്പാടും അനവധി ഹരിജൻ സ്കൂളുകൾ സ്ഥാപിക്കാൻ കുമാർജി നേതൃത്വം നൽകി. അഖില തിരുവിതാംകൂർ കുറവ–പറയ മഹാസഭകളുടെ രൂപീകരണത്തിന് അദ്ദേഹം മുൻകൈയ്യെടുത്തു. ഹരിജനോദ്ധാരണനേതാക്കളായ ശ്രീ ടണ്ഡൽ, രാമേശ്വരീ നെഹ്റു, ബാച്ചീനിഡു താക്കർ ബാപ്പ എന്നിവർ ഈ സമയം ഇലന്തൂർ സന്ദർശിച്ചു. 1973 ആഗസ്റ്റ് 24–ാം തീയതിയാണ് ആ മഹാൻ ഈ നാടിനോട് വിടപറഞ്ഞത്.

പി.സി. ജോർജ്

കൊ. വർഷം 1078 മീനമാസത്തിൽ പുളിന്തിട്ട കുടുംബത്തിൽ സ്കറിയായുടേയും അന്നമ്മയുടേയും മകനായി

പി.സി.ജോർജ് ജനിച്ചു. ഇലന്തൂർ, കുഴിക്കാല, കോഴഞ്ചേരി എന്നിവിടങ്ങളിൽ സെക്കണ്ടറിസ്ക്കൂൾ വിദ്യാഭ്യാസവും, കോട്ടയം C.M.S. ൽനിന്ന് ഇന്റർമീഡിയറ്റും തിരുവനന്തപുരം ലോ കോളേജിൽനിന്ന് BL ഉം കരസ്ഥമാക്കി. ഇലന്തൂരിലെ ആദ്യത്തെ നിയമബിരുദധാരിയാണ്. വിദ്യാഭ്യാസകാലത്ത് വിദേശവസ്ത്രം ബഹിഷ്കരിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ സജീവാംഗമായി. സ്റ്റേറ്റ് കോൺഗ്രസ് ആരംഭിച്ചപ്പോൾ പത്തനംതിട്ട താലൂക്കിലെ ആദ്യ പ്രസിഡന്റായി. തുടർന്ന് സ്റ്റേറ്റ് കോൺഗ്രസ് ആറാമതു പ്രസിഡന്റുമായി. സ്റ്റേറ്റ് കോൺഗ്രസ് പ്രസിഡന്റായപ്പോഴും, റഗുലേഷൻ ആക്റ്റ് ലംഘിച്ചതിനും ഒന്നരവർഷം തടവ് അനുഭവിച്ചു. ഉത്തരവാദപ്രക്ഷോഭത്തിന്റെ മുന്നണിപ്പോരാളിയായിരുന്നു. രാഷ്ട്രീയത്തോടൊപ്പം അദ്ദേഹം ഗ്രാമോദ്ധാരണത്തിലും ശ്രദ്ധിച്ചു. ഇലന്തൂർ തയ്യിൽ ഗ്രാമോദ്ധാരണകേന്ദ്രം അങ്ങനെ തുറക്കപ്പെട്ടു. 1948ലെ പൊതു തിരഞ്ഞെടുപ്പിൽ റാന്നി മണ്ഡലത്തിൽനിന്ന് ഐക്യകണ്ഠേന തിരഞ്ഞെടുക്കപ്പെട്ടു. കേരള രാഷ്ട്രീയത്തിൽ സജീവമായി തുടരവെ കൊ. വർഷം 1127 വൃശ്ചികം 12ന് പി.സി. ലോകത്തോട് വിടപറഞ്ഞു.

### ഖദർദാസ് ടി.പി. ഗോപാലപിള്ള

കൊ. വർഷം1072 മീനമാസത്തിൽ തെക്കേടത്തു പത്മനാഭപിള്ളയുടേയും കുഞ്ഞുനങ്ങേലി അമ്മയുടേയും മകനായി അദ്ദേഹം ജനിച്ചു. 7–ാം ക്ലാസ് വിദ്യാഭ്യാസത്തിനുശേഷം വില്ലേജ് ടെസ്റ്റ്, സർവ്വേ എന്നിവ പാസായി കൊ. വർഷം 1092 വില്ലേജ് ഓഫീസറായി. കൊ.വ. 1100ൽ ജോലി രാജിവെച്ച് ഖാദി പ്രസ്ഥാനത്തിന്റെ പ്രചരണത്തിനിറങ്ങി. 1939 ഒക്ടോ. 2ന് ഖാദി ഉത്പാദനം അദ്ദേഹം ആരംഭിച്ചു. പ്രതിഫലേച്ഛയില്ലാതെ സൗജന്യസേവനമായി 1941ൽ മഹാത്മാഗാന്ധി ആശ്രമം എന്ന പേരിൽ ഒരു സ്ഥാപനം തുറന്ന് ഖാദി ഉത്പാദനത്തെ സജീവമാക്കി. മഹാത്മാഗാന്ധി അദ്ദേഹത്തെ സ്നേഹത്തോടെ 'ഖദർദാസ്' എന്നുവിളിച്ചു. മദ്ധ്യതിരുവിതാംകൂറിലെമ്പാടും ഖദർ പ്രചരണം നടത്തി. 1975 ഡിസംബറിൽ ഈ സ്ഥാപനം മുഴുവൻ സ്വത്തുക്കളോടെയും ഗവൺമെന്റിന് നൽകി.

### ഇലന്തൂരിലെ മറ്റ് മഹാരഥൻമാർ

വൈദ്യശാസ്ത്രരംഗത്ത് അതുല്യമായ സംഭാവനകൾ നല്കിയ രണ്ടുപേരാണ് മൈലക്കൽ കൊച്ചുവൈദ്യൻ, വടക്കേഭാഗത്ത് കേശവൻ വൈദ്യൻ അന്നത്തെ തിരുവിതാംകൂർ രാജാവിന്റെ ചികിത്സാ ചുമതലകൾക്ക് നേതൃത്വം നൽകിയവരാണ് ഈ ആയുർവ്വേദാചാര്യൻമാർ. ഖദർ ആശാൻ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന കൊല്ലേടത്ത് V.R. രാമൻ പിള്ള നാഗപ്പൂർ പതാകാ സത്യാഗ്രഹത്തിൽ പങ്കെടുത്ത് അറസ്റ്റും ജയിൽവാസവും അനുഭവിച്ചു. പുത്തൻവീട്ടിൽ കോശി കത്തനാർ സ്കറിയാ കത്തനാർ 19–ാം നൂറ്റാണ്ടിലെ പ്രമുഖ ആത്മീയാചാര്യനായിരുന്നു. ഇലന്തൂർ പബ്ലിക് മാർക്കറ്റ്, സോഷ്യൽ വെൽഫയർ സെന്റർ ഇവ നിർമ്മിക്കാൻ സ്ഥലം ദാനം നൽകിയ താഴയിൽ T.A. ഏബ്രഹാം പ്രമുഖ സാമൂഹ്യ പ്രവർത്തകനായിരുന്നു. കലാരംഗത്ത് പെരുവേലിൽ നാണുപിള്ള, തെക്കേവീട്ടിൽ നാണു ആശാരി, കുഞ്ഞാമ്പുളശ്ശേരി പീലി എന്നിവരും കായികലംഗത്ത് 'ഇലക്ട്രിക്ക് കുഞ്ഞവറാൻ' എന്ന അപരനാമമുള്ള കോലിഞ്ചിക്കൽ ഏബ്രഹാം. കുളത്തിങ്കൽ അവറാച്ചൻ എന്നിവരും ക്രൈസ്തവസാഹിത്യരംഗത്ത് തെക്കേതിൽ യോഹന്നാൻ യോഹന്നാൻ, റ്റി.കെ. ശാമുവേൽ എന്നിവരും കഴിഞ്ഞ നൂറ്റാണ്ടിൽ ഇലന്തൂരിന്റെ സംഭാവനയാണ്.

കെ.ജെ. ടൈറ്റസ്, മുട്ടത്തിൽ വർഗീസ് ചാണ്ടി തുടങ്ങിയവർ ഈ നൂറ്റാണ്ടിൽ സാമൂഹ്യ സാസ്ക്കാരികരംഗം സമ്പന്നമാക്കി. 1996 ഡിസംബർ 13ന് അന്തരിച്ച ഇലന്തൂർ സി.ടി.മത്തായി എന്ന പ്രതിഭാധനൻ ദേശീയ മാതൃകാ അദ്ധ്യാപകനായും, വാഗ്മിയായും സാഹിത്യനായകനായും, വിദ്യാഭ്യാസവിചക്ഷണനായും ശോഭിച്ചു. ഈ ചരിത്രനിർമ്മാണത്തിന്റെ ശ്രമകരമായ ജോലി ഏറ്റെടുത്തു പൂർത്തിയാക്കും മുമ്പ് അദ്ദേഹം ലോകത്തോടു യാത്രപറഞ്ഞു.

### കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ

കേരളത്തിലെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആവിർഭാവം തൊട്ട്, രക്തരൂക്ഷിതമായ പോരാട്ടങ്ങളിലൂടെ ജനകീയ പ്രസ്ഥാനമായി മാറുംവരെയുള്ള കാലഘട്ടങ്ങളിൽ, കർമ്മോത്സുകരായി പ്രവർത്തിച്ച രണ്ട് മഹദ്വ്യക്തികളാണ് എം.സി. വാസുദേവനും, സഖാവ് പി.കെ. സുകുമാരനും. പി.കെ. സുകുമാരൻ സർ സി.പി.യുടെ ഭരണകാലത്ത് കൊടിയ മർദ്ദനങ്ങൾക്ക് ഇരയാവുകയും, ജീവിതത്തിന്റെ മുഴുവൻ സമയവും തന്റെ പ്രസ്ഥാനത്തിന്റെ വളർച്ചയ്ക്ക് മാറ്റിവെയ്ക്കുകയും ജീവിത പ്രാരാബ്ധങ്ങൾക്കിടയിലും ആദർശങ്ങളുയർത്തി പിടിക്കാൻ പരിശ്രമിക്കുകയും ചെയ്ത ത്യാഗധനനായിരുന്നു.

സ്വാതന്ത്ര്യസമരകാലഘട്ടത്തിനു മുമ്പും, പിമ്പും ഇത്രയധികം മഹാരഥൻമാർ തങ്ങളുടെ പാദസ്പർശത്താൽ ധന്യമാക്കിയ ഒരു ഗ്രാമം വേറെ ഉണ്ടോ എന്നു നമുക്ക് സംശയിക്കാം. ശ്രീ നാരായണഗുരു, മഹാത്മാഗാന്ധി, ആഗമാനന്ദ സ്വാമികൾ, വിനോബാഭാവേ, ജയപ്രകാശ് നാരായണൻ, മന്നത്തുപത്മനാഭൻ, പട്ടം താണുപിള്ള, ബി. രാമകൃഷ്ണറാവു എന്നിവർ പല കാലഘട്ടങ്ങളിൽ ഇലന്തൂർ സന്ദർശിച്ചു.

ദേശത്തിന്റെ ഐക്യത്തിനും, പ്രതിബദ്ധതയുടെ ഉൾവിളിയിലും ദേശാഭിമാന പ്രചോദിതങ്ങളായ പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ച കർമ്മധീരരെ സംഭാവന

നൽകിയ ഗ്രാമമാണ് ഇലന്തൂർ.

### ഭരണസംവിധാനവും ജനാധിപത്യതുടക്കവും

മാർത്താണ്ഡവർമ്മ മഹാരാജാവിനെ തിരുവിതാംകൂറിന്റെ ശില്പിയായി വാഴ്ത്തുന്നുവല്ലോ. ജനാധിപത്യചിന്തയുടെ ആദ്യനായകനും, ഭൂപരിഷ്കരണ നിയമത്തിന്റെ ആദ്യശില്പിയുമായ അദ്ദേഹത്തിന്റെ സിവിൽ ഭരണക്രമത്തിലും തുടർന്ന് തിരുവിതാംകൂർ രാജവംശം അനുവർത്തിച്ചുവന്ന ഭരണക്രമത്തിലുൾപ്പെട്ട മണ്ഡപത്തുംവാതുക്കലിന്റെ ചെങ്ങന്നൂർ ആസ്ഥാനത്തിലും ഇലന്തൂർ ഉൾപ്പെട്ടിരുന്നു. ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ പ്രജാസഭയിൽ വാഴൂരില്ലത്ത് D. കുമാരൻപോറ്റി, വടക്കേതിൽ കേശവൻ എന്നിവർ നോമിനേറ്റഡ് ലെജിസ്ലേറ്റീവ് കൗൺസിൽ അംഗങ്ങളായിരുന്നു. അതിനുശേഷം കൊ. വർഷം 1171 ൽ ഇലന്തൂർ വില്ലേജ് യൂണിയൻ നിലവിൽ വന്നു. റ്റി. വി. ചാണ്ടിയെ പ്രസിഡന്റും, വടക്കേതിൽ കേശവൻ, വാഴൂരില്ലത്ത് ദാമോദരൻപോറ്റി, പുത്തൻവീട്ടിൽ പി.ടി.ജോർജ് ഇവരടങ്ങുന്ന കമ്മറ്റിയേയും തിരഞ്ഞെടുത്തു. ശ്രീരാമ കൃഷ്ണഭജനമഠം ദാനം നൽകിയ സ്ഥലത്ത് ആദ്യ വില്ലേജ് ഭരണസംവിധാനം നിലവിൽ വന്നു. അതിനുശേഷം വില്ലേജ് അപ്ലിറ്റ് സെന്ററായി ഉയർത്തിയപ്പോൾ ശ്രീ. കെ.കുമാർ പ്രസിഡന്റും, മേമുറിയിൽ എം.ടി.തോമസ്, തെക്കേക്കര കേശവൻ, പി.ടി.ജോർജ് എന്നിവരടങ്ങുന്ന കമ്മറ്റിയേയും പൊതുയോഗം കൂടി തെരഞ്ഞെടുത്തു. വില്ലേജ് അപ്-ലിറ്റ് സെന്ററിന് കൊ.വർഷം 14-11-1122ൽ എസ്. വൈദ്യനാഥ അയ്യർ തറക്കല്ലിടുകയും 18-4-1123ൽ പിച്ചുമണി അയ്യങ്കാർ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. ഈ പഴയ കെട്ടിടത്തിലാണ് ഇപ്പോഴത്തെ പഞ്ചായത്ത് ഓഫീസ് പ്രവർത്തിക്കുന്നത്. 1960ൽ ജോസഫ് ചാണ്ടി പ്രസിഡന്റായി കമ്മറ്റി നിലവിൽവന്നു. 1952ൽ ഇന്നുള്ള വിധം പഞ്ചായത്ത് കമ്മറ്റി നിലവിൽ വരുകയും തെരഞ്ഞെടുപ്പിലൂടെ കെ.കുമാർ പ്രസിഡന്റായി. ഇന്നത്തെ നന്നുവക്കാട് ഉൾപ്പെടുന്ന പ്രദേശം ഇലന്തൂർ പഞ്ചായത്തിൽ ഉൾപ്പെട്ടിരുന്നെങ്കിലും 1963ൽ പത്തനംതിട്ട പഞ്ചായത്ത് രൂപീകരണത്തിനുവേണ്ടി ഈ പ്രദേശം വിട്ടുകൊടുത്തു. 21-12-1963 മുതൽ 91 വരെ വിവിധ കാലഘട്ടങ്ങളിൽ കെ.ഐ. ടൈറ്റസ്, സി.എൻ. രാഘവൻ നായർ, കെ.പരമേശ്വരൻ നമ്പൂതിരി, സി.ടി.മത്തായി, പി.എസ്.ശ്രീധരൻപിള്ള, മാത്യു വർഗീസ്, ഇ. തുളസീഭായി, എം.ബി. സത്യൻ, സി.ടി.മത്തായി, ടി.ജി.നരേന്ദ്രൻ നായർ എന്നിവർ പ്രസിഡന്റുപദം അലങ്കരിച്ചു. 1995 ഒക്ടോബർ 2ന് ഇ. തുളസീഭായി പ്രസിഡന്റും, ജോർജ് മത്തായിക്കുട്ടി (വൈ. പ്രസി) സാംസൺ തെക്കേതിൽ (സ്റ്റാ. ക. ചെ) പി.കെ. ഹരിദാസ്കുമാർ, ടി.കെ. കോമളൻ, എം.കെ. രാഘവൻ, ഗ്രേസി സഖറിയ, ശോശാമ്മ തോമസ്, ഷാജി ഏബ്രഹാം എന്നിവർ അംഗങ്ങളുമായ കമ്മറ്റി ഇപ്പോൾ പഞ്ചായത്ത് ഭരിക്കുന്നു.

### സന്നദ്ധ പ്രവർത്തനങ്ങൾ

നൂറ്റാണ്ടുകൾക്കു മുമ്പുതന്നെ വിദ്യാഭ്യാസ പ്രവർത്തനത്തിൽ ഈ ഗ്രാമം മുൻപന്തിയിലായിരുന്നു. കുടിപള്ളിക്കൂടങ്ങളും, ആയോധന കളരികളും ധാരാളമുണ്ടായിരുന്നു. ആദ്യകാലങ്ങളിൽ മണ്ണിൽ പത്മനാഭൻ ആശാൻ, പൂക്കുന്നൂർ മാത്തുണ്ണി ആശാൻ, കല്ലിൽ, പുളിമൂട്ടിൽ, ചെറുകുന്നത്ത് എന്നീ ആശാൻമാരുടെ കുടിപള്ളിക്കൂടങ്ങൾ അക്ഷരവിദ്യയുടെ ദീപം തെളിച്ചിരുന്നു. വരിക്കോലിൽ കളരിയിൽ ആയോധനകലകൾ അഭ്യസിപ്പിച്ചിരുന്നു. 1865ൽ കുമ്പഴ പ്രവർത്തിയിൽ പെട്ട് ആദ്യ വിദ്യാഭ്യാസകേന്ദ്രം ഇലന്തൂരിൽ സ്ഥാപിതമായി. 5-ാം ക്ലാസ് വരെയുള്ള നാട്ടുഭാഷാസ്ക്കൂളായും, വർണ്ണാക്കുലർ മിഡിൽ സ്കൂളായും, അപ്പർ പ്രൈമറി സ്കൂളായും 1965ൽ ഹൈസ്ക്കൂളായും ഉയർന്നത് ഈ സ്കൂളാണ്. ഇപ്പോൾ വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാഭ്യാസവും, ബി. എഡ് കോളേജും ഇവിടെ പ്രവർത്തിക്കുന്നു. 1954ൽ ശ്രാനാരായണയീരുടെ മേൽനോട്ടത്തിൽ ഇടപ്പരിയാരം എസ്.എൻ.ഡി.പി യു.പി. സ്കൂളിന് തുടക്കമായി. 1-3-1959 ൽ ഇ.എം.എസ് സ്കൂൾ ഉദ്ഘാടനം ചെയ്തു. 1982ൽ ഇത് ഒരു ഹൈസ്ക്കൂളാവുകയും ഇന്ന് പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. മാർത്തോമ്മാ സഭയുടെ മേൽനോട്ടത്തിൽ വലിയവട്ടം, പുളിന്തിട്ട, കാരൂർ, മുളങ്കുന്ന്, ഓലിക്കൽ എന്നിവടങ്ങളിൽ എൽ.പി. സ്കൂളുകൾ ആരംഭിച്ച് ഇലന്തൂരിന്റെ വിദ്യാഭ്യാസരംഗം സമ്പുഷ്ടമാക്കി. 1936മുതൽ ഹിന്ദി വിദ്യാലയവും, 37മുതൽ സംസ്കൃതപാഠശാലകളും നിശാപാഠശാലകളും പ്രവർത്തിച്ചിരുന്നെങ്കിലും, കാലത്തിന്റെ കുത്തൊഴുക്കിൽ അവയൊക്കെ നാശോൻമുഖമായി. 1932മുതൽ പ്രവർത്തിച്ചുവരുന്ന ശ്രീനാരായണപുരം ഹരിജൻ സ്കൂൾ പ്രത്യേകം പ്രസ്താവ്യമത്രേ. സാംസ്ക്കാരിക രംഗത്ത് വളരെ മുമ്പുതന്നെ ഇലന്തൂർ ശ്രദ്ധേയമായ സംഭാവനകളർപ്പിച്ചു.

കൊ. വർഷം 1028ൽ എഴുത്തച്ഛൻ വായനശാല ഇലന്തൂരിൽ പ്രവർത്തിച്ചിരുന്നു. തുടർന്ന് നാലുവായനശാലകളും, ഇപ്പോൾ പതിനഞ്ചോളവും ഗ്രാമത്തിൽ പ്രവർത്തിക്കുന്നു.

ക്രി. വർഷം 1897ൽ പുത്തൻ വീട്ടിൽ പി.കെ.കോശിയുടെ നേതൃത്വത്തിൽ ആരംഭിച്ച ഇലന്തൂർ YMCA ഇന്ന് സാമൂഹ്യസാംസ്ക്കാരിക രംഗത്താകെ പ്രകാശം പരത്തുന്നു.

ഇലന്തൂരിൽ വൈദ്യുതി എത്തുന്നത് എ.ഡി. 1951 വർഷത്തിലാണ്.

ആറൻമുള-ഓമല്ലൂർ നടപ്പാതകളും മണ്ണൂപ്പാട്ട്-മധമല-ചുരുളിക്കോട് നടപ്പാതയും, പ്രദേശത്തെ ആദ്യത്തെ

സഞ്ചാർമാർഗ്ഗങ്ങളായിരുന്നു. ആറൻമുള–അച്ചൻകോവിൽ റോഡിന്റെ നിർമ്മാണത്തോടുകൂടി ഗതാഗതമാർഗ്ഗങ്ങൾ സുഗമമാവുകയും കുമ്പഴ–കോഴഞ്ചേരി റോഡിന്റെ നിർമ്മാണത്തോടുകൂടി മോട്ടോർഗതാഗതം ആരംഭിക്കുകയും ചെയ്തു. ഇന്ന് പഞ്ചായത്തിൽ എമ്പാടും റോഡുകളും, നടപ്പാതകളും പൂർണ്ണതയിൽ എത്തിനില്ക്കുന്നെങ്കിലും അവയുടെ സംരക്ഷണം തൃപ്തികരമല്ല.

നാട്ടുചികിത്സാരംഗത്ത് ദേശീയപ്രശസ്തരായ വൈദ്യവിശാദരൻമാർ ഒരു കാലഘട്ടത്തെ അവിസ്മരണീയമാക്കി. കല്ലിൽ കൊച്ചുരാമൻ വൈദ്യൻ, വടക്കേഭാഗത്ത് കേശവൻ വൈദ്യൻ, വിഷചികിത്സയിൽ വടക്കേതിൽ വേലുവൈദ്യൻ, ജ്വരചികിത്സയിൽ കല്ലിൽ ഗോവിന്ദൻ കണിയാൻ, മർമ്മാണി–തിരുമ്മു ചികിത്സയിൽ കൊട്ടാരങ്ങളിൽപോലും പേരെടുത്ത മൈലക്കൽ കൊച്ചുകുഞ്ഞ് വൈദ്യൻ, മൈലക്കൽ വാസവൻ വൈദ്യൻ, ഭാനുവൈദ്യൻ എന്നിവരും ഇലന്തൂരിന്റെ പ്രശസ്തിയും, പെരുമയും ഉയർത്തി. പാരമ്പര്യമായി ലഭിച്ച സിദ്ധികളിലൂടെ ഇവരുടെ പിൻമുറക്കാർ ഇലന്തൂരിന് ഇന്നും അഭിമാനമുണ്ടാക്കുന്നു.

A.D. 1800 കാലഘട്ടത്തിൽ പനയക്കുഴിയിൽ 'വലിയേമാൻ' എന്ന അപരനാമമുള്ള കണ്ടൻ രാമൻ സൗജന്യമായി നൽകിയ സ്ഥലത്ത് ഇലന്തൂർ–കാരൂർ സസ്യ–മൃഗചന്തകൾ ആരംഭിച്ചുകൊണ്ട് പൊതുസ്ഥാപന രംഗത്തിന് തുടക്കം കുറിച്ചു. തുടർന്ന് ആലുംമൂട്ടിൽ, ആനപ്പാറ എന്നിവിടങ്ങളിൽ ചന്തകൾ ആരംഭിക്കുകയും അതിനു ശേഷം താഴെയിയൽ T.S. ഏബ്രഹാം സൗജന്യമായി നൽകിയ സ്ഥലത്ത് 1114 മകരം 28ന് ഇന്ന് നിലവിലുള്ള ശ്രീ ചിത്തിരവിലാസം പബ്ലിക് മാർക്കറ്റ് സ്ഥാപിതമായി. കൊ.വർഷം 1097ൽ ആരംഭിച്ച പരസ്പര സഹായ സഹകരണസംഘം ഇന്ന് സഹകരണബാങ്കായി ഉയർന്ന് നാടിന്റെ സമസ്തമേഖലകളിലും പ്രകാശം ചൊരിഞ്ഞ് നിലകൊള്ളുന്നു. 1968ൽ പരത്തുപാറക്കൽ മത്തായി നൽകിയ സ്ഥല്ത്ത ആരംഭിച്ച പരിയാരം സർവ്വീസ് സഹകരണസംഘം ഇലന്തൂരിന്റെ വടക്കൻ ദിക്കിന്റെ കാർഷിക– സാമ്പത്തീക രംഗത്തെ ഭദ്രമാക്കുന്നു.

### സന്നദ്ധ പ്രവർത്തനങ്ങൾ

ഇലന്തൂരിന്റെ സാംസ്ക്കാരികത്തനിമയിലും, ചരിത്രമുഹൂർത്തങ്ങളെ അനശ്വരമാക്കിയ സർവ്വ കർമ്മരംഗങ്ങളിലും നമുക്ക് മുമ്പേ നടന്നുപോയ മഹാരഥൻമാർ അനുവർത്തിച്ച അചഞ്ചലമായ ആത്മവിശ്വാസവും, പുത്തൻ നാമ്പുകൾക്ക് നൽകിയ സ്നേഹത്തിന്റെ വറ്റാത്ത ഉറവകളും, നാടിന്റെ പ്രയാണത്തിൽ വിസ്മൃതിയെ പുൽകാതിരിക്കും. അവരുടെ സേവന സന്നദ്ധതയും, തലമുറകളോടുള്ള അതിരുകളില്ലാത്ത കടപ്പാടും മാത്രമാണ് സമ്പുഷ്ടമായ ചരിത്രത്തേയും, അഭിമാനം തോന്നുന്ന പൈതൃകത്തേയും നമുക്ക് നൽകിയത്.

രാജാധിപത്യം ജനാധിപത്യത്തിന് വഴിമാറുകയും, സുവർണ്ണസിംഹാസനങ്ങളും, കനകകിരീടവും, ചെങ്കോലും കോടാനുകോടി മനുഷ്യന്റെ വിയർപ്പുതുള്ളികളിൽ അലിഞ്ഞ് പുത്തനുദയത്തിലേക്ക് ഉയർത്തെണീറ്റപ്പോൾ സ്വപ്നങ്ങൾ സഫലമാവുമെന്ന പ്രത്യാശ വ്യർത്ഥമാണെന്ന ബോധം ഹൃദയങ്ങളെ മുറിവേൽപ്പിച്ചു. മുരടിച്ച ഉത്പാദനമേഖലയും, തകർച്ചയെ നേരിടുന്ന കാർഷികരംഗവും, ദുർബ്ബല വിഭാഗങ്ങളുടെ ക്ഷേമപദ്ധതികളുടെ പരാജയവും നമ്മുടെ ഗ്രാമജീവിതത്തെ കാർന്നുകഴിഞ്ഞു.

കഴിഞ്ഞ കാല മഹാരഥൻമാരുടെ ത്യാഗസന്നദ്ധതയും സേവനതല്പരതയും പുതിയ ജീവനോടെ ഉയരുന്നതുകാണാൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിനാവുമെന്ന പ്രതീക്ഷയുണ്ട്.

പിതാമഹൻമാരുടെ തിരുശേഷിപ്പുകളിലെ മാറാല നീക്കി ചരിത്രത്തിന്റെ ഊടുവഴികളിലൂടെ നടത്തിയ അന്വേഷണത്തിൽ അവർ കരുതിവെച്ചത് ഇനി വരുന്ന ആയിരം തലമുറകൾക്കുകൂടി ആണെന്ന ബോധം ഉദിക്കുന്നു. അതുകൊണ്ട് ആ പാദപത്മങ്ങളിൽ പ്രണാമവും, കടപ്പാടും സമർപ്പിക്കുന്നു.



# ഭൂപ്രകൃതി

പത്തനംതിട്ട ജില്ലയിൽ കോഴഞ്ചേരി താലൂക്കിൽ ജില്ലാ ആസ്ഥാനത്തിനു സമീപത്തായി ഇലന്തൂർ ഗ്രാമ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നു. 1982വരെ കൊല്ലം ജില്ല യുടെ ഭാഗമായിരുന്ന പത്തനംതിട്ട താലൂക്കിൽ, 1937ൽ ആണ് ഇലന്തൂർ പഞ്ചായത്ത് നിലവിൽ വന്നത്. ഈ ഗ്രാമ ത്തിൽ ത്വരിതഗതിയിൽ നഗരവത്കരണം നടന്നുകൊണ്ടി രിക്കുന്നു.

ഈ പഞ്ചായത്തിന്റെ തെക്ക് ചെന്നീർക്കര പഞ്ചായത്തും, കിഴക്കുഭാഗം പത്തനംതിട്ട മുനിസിപ്പാലി റ്റിയും, വടക്കുഭാഗം നാരങ്ങാനം പഞ്ചായത്തും, പടി ഞ്ഞാറുഭാഗം മല്ലപ്പുഴശ്ശേരി പഞ്ചായത്തുമാണ് അതിരു കൾ തീർത്തിട്ടുള്ളത്. ഭൂപ്രകൃതിയനുസരിച്ച് ഇലന്തൂർ പഞ്ചായത്തിനെ ആറ് വ്യത്യസ്തമേഖലകളായിതിരിക്കാം.

പട്ടിക 1

| നമ്പർ | മേഖല | വിസ്തൃതി | ശതമാന കണക്കിൽ |
|---|---|---|---|
| 1 | കുന്നുകൾ | 325ഹെക്ടർ | 20% |
| 2 | ചരിവുകൾ | 300 | 15 |
| 3 | സമതലങ്ങൾ | 425 | 23 |
| 4 | നെൽപാടങ്ങൾ | 180 | 10 |
| 5 | താഴ്വരകൾ | 335 | 22 |
| 6 | ചതുപ്പുനിലങ്ങൾ പാറക്കെട്ടുകൾ | 50 | 2 |
| | ആകെ | 1545 ഹെക്ടർ | 94 |

ശേഷിക്കുന്ന 6% സ്ഥലം റോഡുകളും, നീരൊഴുക്കു കളും, പാറക്കെട്ടുകളുമാണ്. അത് എല്ലാ പ്രദേശത്തു മായി വ്യാപിച്ചു കിടക്കുന്നു സമുദ്രനിരപ്പിൽ നിന്നും 50 മീറ്റർ ഉയരമുള്ള പ്രദേശങ്ങളും പാടങ്ങൾ ചേർന്ന മേഖ ലയും 50 മീറ്റർ മുതൽ 100 മീറ്റർ വരെ ഉയരമുള്ള ചരി വുതലങ്ങളും, 100 മീറ്റർ മുതൽ 200 മീറ്റർ വരെ ഉയർന്ന കുന്നുകളും ഉൾപ്പെടുന്ന മേഖലകളും കാണാം. ഈ പഞ്ചായത്തിന്റെ ഒൻപതു വാർഡുകളിലും കുന്നുക ളുണ്ട്.

പട്ടിക 2

| വാർഡുകൾ | കുന്നുകൾ | ഉയരം |
|---|---|---|
| 1 | താമക്കുഴി മല | 150-200 മീറ്റർ |
| 1 | മൈലാടുംപാറമുരുപ്പ് | 120-140 മീറ്റർ |
| 4 | അരീക്കമുരുപ്പ് | 140-180 മീറ്റർ |
| 5 | മധുമല | 150-200 മീറ്റർ |
| 9 | നെടുമുരുപ്പ് | 100-150 മീറ്റർ |
| 6 | കൊട്ടതട്ടിമുരുപ്പ് | 250-300 |
| 7 | കരണ്ടകപ്പാറ മുരുപ്പ് | 150-200 |

പ്രധാനമായും മൂന്നുതരം മണ്ണാണ് ഈ പഞ്ചാ യത്തിൽ കാണപ്പെടുന്നത്. കുന്നുകളിലും ചരിവുകളിലും ചെമ്മണ്ണും, പാടങ്ങളിൽ പശിമരാശി കളിമണ്ണും സമത ലങ്ങളിൽ എക്കൽ കലർന്ന മണലുമാണുള്ളത്. പ്രധാന മൺതരങ്ങളും അവ ഉൾപ്പെടുന്ന പ്രദേശവിസ്തൃതിയും താഴെ പട്ടികയിൽ ചേർക്കുന്നു.

## പട്ടിക മൂന്ന്

| മൺതരങ്ങൾ | വിസ്തൃതി | ശതമാന കണക്കിൽ |
|---|---|---|
| ചെമ്മണ്ണ് | 900 ഹെക്ടർ | 55% |
| പശിമരാശിമണ്ണ് | 250 ഹെക്ടർ | 15 |
| എക്കൽകലർന്ന മണ്ണ് | 400 ഹെക്ടർ | 25 |
| പാറക്കെട്ടുകൾ | 20ഹെക്ടർ | 2 |

## ജലപ്രകൃതി

ഒരു വർഷത്തിൽ ശരാശരി 3000 മില്ലീലിറ്റർ മഴ ഈ പഞ്ചായത്തിൽ ലഭിക്കുന്നതായി കണക്കാക്കുന്നു. ജൂൺ ജൂലൈ മാസങ്ങളിലാണ് ഏറ്റവുമധികം മഴ ലഭിക്കുന്നത്. ഇടവപ്പാതിയിലും തുലാവർഷത്തിലുമായി രണ്ടുസമയങ്ങളിൽ കൂടുതൽ മഴ ലഭിക്കുന്നു. മഴ മുൻകാലത്തെപ്പോലെ കൃത്യസമയത്തു ലഭിയ്ക്കുന്നില്ല. ഇതുമൂലം കാർഷികമേഖലയിൽ പല ബുദ്ധിമുട്ടുകളും ഉണ്ടാകുന്നു. ഈ പഞ്ചായത്തിൽക്കൂടി P.I.P. യുടെ കനാൽ കടന്നുപോകുന്നുണ്ട്. കനാലിൽനിന്നുള്ള ജലലഭ്യത പഞ്ചായത്തിന്റെ മുഴുവൻ പ്രദേശങ്ങളിലും ലഭിക്കുന്നില്ല. ജലസംഭരണികളായ കുളങ്ങൾ ഈ പഞ്ചായത്തിൽ ധാരാളമുണ്ട്. എന്നാൽ അവ സംരക്ഷിക്കുവാനും ജലസേചനത്തിന് ഉപയോഗിക്കാനും കഴിയാതെ വരുന്നുണ്ട്. ജലാശയങ്ങൾ നികത്തി കരഭൂമിയാക്കിയ അനുഭവവും ഈ പഞ്ചായത്തിലുണ്ട്. ചെറുതും വലുതുമായ നീരൊഴുക്കുതോടുകൾ നിരവധിയുണ്ട്. കാർഷികാഭിവൃദ്ധിക്കായി ഈ തോടുകളുടെ സംരക്ഷണം അത്യാവശ്യമാണ്. ഈ തോടുകളിൽ ഉണ്ടായിരുന്ന ചീർപ്പുകൾ എല്ലാം തന്നെ ഉപയോഗശൂന്യമാണ്.

### പട്ടിക 4
### പ്രധാന നീരൊഴുക്കുതോടുകൾ

| നമ്പർ | പേര് | വാർഡ് | നീളം |
|---|---|---|---|
| 1 | വല്യവട്ടം–ആനപ്പാറതോട് | 1,2,3 | 2 Km |
| 2 | പൂന്തൽകുളഞ്ഞി–കുളത്തുങ്കൽ തോട് | 1 | 250 M. |
| 3 | കല്ലുകുറിയിൽ മലയിരിക്കുമുരുപ്പ് തോട് | 1 | 300 M. |
| 4 | മരങ്ങാട് ഏലാതോട് | 2,3 | 1 Km |
| 5 | പ്ലാനുവേലിൽ തോട് | 2,3 | 2 Km |
| 6 | മണ്ണുപാട്ടുപടി–ആനപ്പാറ വലിയതോട് | 3,8,9 | 3.5 Km |
| 7 | തോട്ടുപുറം വെട്ടക്കൽ തോട് | 3,4,5 | 4 Km |
| 8 | മുത്തൻകുഴി വാരിയാപുരം–കൊല്ലൻപടി പുളിക്കീഴ് തോട് | 4,5,6 | 3 Km |
| 9 | അരീക്കൽ പടി–ചെറുകോല്പടി തോട് | 4 | 300 M. |
| 10 | കടയ്ക്കൽ ഇടപ്പരിയാരം കണിയാംപറമ്പിൽ തോട് | 7 | 3 Km |
| 11 | കുമരമല–മൂത്തേരിപ്പടി തോട് | 9 | 1.5 Km |
| 12 | മേലേ എരുമാട്ട്–തേവർനട കരതോട് | 9 | 1 Km |
| 13 | തുണ്ടത്തിൽ കാലാ–മാവിനാൽ തോട് | 9 | 1.5 Km |
| 14 | മടക്കുനിൽക്കുന്നതിനാൽ–ഐക്കുഴ പൊൻമന്ദിര പടി തോട് | 9 | 300 M. |
| 15 | ഐക്കുഴ–മണപ്പുറത്തുപടി തോട് | 9 | 1 Km |
| 16 | മരുതമൂട്ടിൽപടി–ചേറ്റുകടവുപടി തോട് | 9 | .5 Km |
| 17 | മുളംകുന്ന്–ഐക്കരിപ്പടി തോട് | 5 | 2 Km |

# പ്രധാന കുളങ്ങൾ

പട്ടിക 5

| നമ്പർ | പേര് | വാർഡ് | ജലസ്ഥിതി | ഉപയോഗക്ഷമത | നിജസ്ഥിതി |
|---|---|---|---|---|---|
| 1 | ചെട്ടയത്തിൽ കുളം | 1 | വർഷംമുഴുവൻ | ഉപയോഗയോഗ്യം | സംരക്ഷണമില്ല |
| 2 | കുളത്തുംമുറി കുളം | 1 | വർഷംമുഴുവൻ | ഉപയോഗശൂന്യം | സംരക്ഷണമില്ല |
| 3 | മേലേത്തറിയിൽകുളം | 1 | വർഷംമുഴുവൻ | ഉപയോഗയോഗ്യം | സംരക്ഷണമില്ല |
| 4 | പെരുവേലികുളം | 2 | വർഷംമുഴുവൻ | ഉപയോഗ യോഗ്യം | ഭിത്തിയുണ്ട് |
| 5 | കുന്നത്തുചിറ | 4 | ഭാഗികം | ഉപയോഗശൂന്യം | ഭിത്തിയുണ്ട് |
| 6 | തഴയമണ്ണിൽ കുളം | 3 | വർഷം മുഴുവൻ | ഉപയോഗയോഗ്യം | ഭിത്തിയുണ്ട് |
| 7 | പെരുവംകുളം | 4 | വർഷംമുഴുവൻ | ഉപയോഗയോഗ്യം | ഭിത്തിയുണ്ട് |
| 8 | കൊട്ടത്തട്ടി കുളം | 6 | വർഷംമുഴുവൻ | ഉപയോഗ യോഗ്യം | സംരക്ഷണമില്ല |
| 9 | മേലേഭാഗംപാറ | 6 | വർഷംമുഴുവൻ | ഉപയോഗശൂന്യം | സംരക്ഷണമില്ല |
| 10 | പലപ്രകുളം | 4 | ഭാഗികം | ഉപയോഗ ശൂന്യം | സംരക്ഷണമില്ല |
| 11 | പെരുമാടത്തുകുളം | 4 | ഭാഗികം | ഉപയോഗ ശൂന്യം | സംരക്ഷണമില്ല |
| 12 | കണിയാംകണ്ടത്തിൽ കുളം | 8 | വർഷംമുഴുവൻ | ഉപയോഗയോഗ്യം | സംരക്ഷണമില്ല |
| 13 | കൊച്ചുകുളം | 2 | വർഷംമുഴുവൻ | ഉപയോഗ യോഗ്യം | സംരക്ഷണമില്ല |
| 14 | പുറത്തട്ടുകുളം | 5 | ഭാഗികം | ഉപയോഗശൂന്യം | സംരക്ഷണമില്ല |
| 15 | തിരുവാതിലിൽ കുളം | 3 | വെള്ളം ഉണ്ട് | ഉപയോഗശൂന്യം | സംരക്ഷണമില്ല |
| 16 | വടക്കേതിൽകുളം | 3 | വെള്ളം ഉണ്ട് | ഉപയോഗശൂന്യം | സംരക്ഷണമില്ല |
| 17 | വടക്കേതാഴേ മണ്ണിൽ കുളം | 3 | വെള്ളം ഉണ്ട് | ഉപയോഗശൂന്യം | സംരക്ഷണമില്ല |
| 18 | ഉടയാൻമുറ്റത്തുകുളം | 7 | വെള്ളം ഉണ്ട് | ഉപയോഗശൂന്യം | സംരക്ഷണമില്ല |
| 19 | വാലുഴത്തിൽ കുളം | 7 | വെള്ളം ഉണ്ട് | ഉപയോഗശൂന്യം | സംരക്ഷണമില്ല |
| 20 | പരിയാരത്തുമണ്ണിൽ കുളം | 7 | വെള്ളം ഉണ്ട് | ഉപയോഗശൂന്യം | സംരക്ഷണമില്ല |
| 21 | കൊച്ചുകിഴക്കേടത്തുകുളം | 2 | വെള്ളം ഉണ്ട് | ഉപയോഗശൂന്യം | സംരക്ഷണമില്ല |
| 22 | നാമക്കുഴി കുളം | 1 | വെള്ളം ഉണ്ട് | ഉപയോഗശൂന്യം | സംരക്ഷണമില്ല |
| 23 | മുണ്ടക്കൽപടി | 8 | വെള്ളം ഉണ്ട് | ഉപയോഗശൂന്യം | സംരക്ഷണമില്ല |

## ജനപ്രകൃതി

കഴിഞ്ഞ സെൻസസ് പ്രകാരം (1991) ഈ പഞ്ചായത്തിലെ ജനസംഖ്യയും മറ്റുവിവരങ്ങളും പട്ടികയായി ചുവടെ ചേർക്കുന്നു.

വാർഡ് തല ജനസംഖ്യാ വിവരപട്ടിക

| വാർഡ് | പു. | സ്ത്രീ. | ആകെ | പട്ടികജാതി പട്ടികവർഗം | വോട്ടർമാരുടെ എണ്ണം | ഭവനങ്ങൾ |
|---|---|---|---|---|---|---|
| 1 | 677 | 701 | 1378 | | 1013 | 407 |
| 2 | 581 | 764 | 1345 | | 957 | 406 |
| 3 | 848 | 974 | 1822 | | 1340 | 645 |
| 4 | 824 | 882 | 1706 | | 1255 | 536 |
| 5 | 692 | 745 | 1437 | | 1057 | 435 |
| 6 | 909 | 967 | 1876 | | 1380 | 559 |
| 7 | 729 | 718 | 1447 | | 1064 | 390 |
| 8 | 1056 | 1118 | 2174 | | 1599 | 703 |
| 9 | 744 | 818 | 1562 | | 1149 | 493 |
| ആകെ | 7060 | 7687 | 14747 | | 10814 | 4574 |



# 6-1.A

# കൃഷിയും ജലസേചനവും

ഇലന്തൂർ പഞ്ചായത്ത് പൂർണ്ണമായും ഒരു കാർഷികഗ്രാമമാണ്. കുന്നുകളും, സമതലങ്ങളും, നെൽപ്പാടങ്ങളും, താഴ്വരകളും, നാമമാത്രമായ ചതുപ്പു നിലങ്ങളും, ഉൾപ്പെട്ട മനോഹരമായ ഒരു കാർഷിക ഗ്രാമ മാണ് ഈ പഞ്ചായത്ത്. ഭൂരിപക്ഷം ആളുകളും കാർഷി കവൃദ്ധിയെ ആശ്രയിച്ചാണ് ജീവിക്കുന്നത്. പൊതുവെ ഫലഫൂയിഷ്ടമായ ഭൂപ്രദേശമാണ്. ജലദൗർലഭ്യം മൂലം കൃഷികൾ മെച്ചപ്പെട്ട രീതിയിൽ നടത്താൻ സാധിക്കു ന്നില്ല. വേനൽക്കാലത്ത് എല്ലാ നീരൊഴുക്കുകളും വരണ്ട നിലയിലാണ്. കാർഷികമേഖലയുടെ പുനരുദ്ധാരണം നമ്മുടെ പഞ്ചായത്തിന്റെ വികസനപ്രക്രിയയുടെ ആദ്യ പടവായി തീരേണ്ടതാണ്.

ഇലന്തൂർ ഗ്രാമപഞ്ചായത്തിൽ കൃഷിഭവനിലെ ഭൂമിയെസംബന്ധിച്ച അടിസ്ഥാനവിവര രജിസ്റ്റർ പ്രകാരം 1491.70 ഹെക്ടർ ഭൂമിയുണ്ട്. ഇതിൽ 176.85 ഹെക്ടർ നിലവും 1260.5 ഹെക്ടർ പുരയിടവും കൃഷിയോഗ്യമ ല്ലാത്ത 54.80 ഹെക്ടർ തരിശുഭൂമിയുമുണ്ട്. ഭൂവുടമസ്ഥ രായ ഭൂരിപക്ഷം ആളുകളും ഒരു ഹെക്ടറിൽ താഴെമാത്രം ഭൂമി കൈവശമുള്ളവരാണ്. ഇതിൽ തന്നെ ഏറിയപങ്കും 50സെന്റിൽ താഴെ ഭൂമിയുള്ള ചെറുകിട നാമമാത്ര കർഷ കരാണ്. ഭൂവുടമസ്ഥത സംബന്ധിച്ച വിവരങ്ങൾ താഴെ പട്ടികയിൽ ചേർക്കുന്നു.

പട്ടിക 6

| നമ്പർ | ഭൂപരിധി | ഭൂവുടമകളുടെ എണ്ണം |
|---|---|---|
| 1 | 25 സെ. താഴെ | 1020 |
| 2 | 50 സെ. താഴെ | 2200 |
| 3 | 1 ഏക്കറിൽ താഴെ | 900 |
| 4 | 2 ഏക്കറിൽ താഴെ | 280 |
| 5 | 5 ഏക്കറിൽ കൂടുതൽ | 29 |

പാറക്കെട്ടുകൾ, നീരൊഴുക്കുതോടുകൾ, റോഡുകൾ, ആദിയായവ ഒഴിവാക്കിയാൽ 90% ഭൂമിയും കൃഷിയ്ക്ക് ഉപയോഗ്യമാണ്. വീടുകൾ, ദേവാലയങ്ങൾ, വിദ്യാലയ ങ്ങൾ, പൊതുസ്ഥലങ്ങൾ, പൊതുനിരത്തുകൾ എന്നീ ഇനങ്ങളിലായി 10% ഭൂമി ഒഴിവാക്കപ്പെടുന്നു. 4 സെന്റിൽ താമസിക്കുന്ന കോളനിവാസികളും കൃഷികൾ ചെയ്തു വരുന്നു.

### കരകൃഷി

ഇലന്തൂർ പഞ്ചായത്തിൽ ഒരുകാലത്ത് തെങ്ങ് നല്ലതുപോലെ സംരക്ഷിച്ച് കൃഷി ചെയ്തിരുന്നു. മുഖ്യ വരുമാനം നാളികേരമായിരുന്നു. കാറ്റുവീഴ്ച, മണ്ടചീ യൽ, മഞ്ഞളിപ്പ്, മറ്റു കീടോപദ്രവങ്ങൾ എന്നിവമൂലം തെങ്ങുകൃഷി നശിച്ചുകൊണ്ടിരിക്കുന്നു. അത്യുല്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ ഇപ്പോൾ പഞ്ചായ ത്തിൽ കിട്ടാനില്ല. തെങ്ങുകൃഷിയുടെ സ്ഥാനത്തിപ്പോൾ റബ്ബർ കൃഷിയാണ് മുഖ്യമായിട്ടുള്ളത്. ആകെയുള്ള കൃഷിഭൂമിയുടെ 60 ശതമാനവും റബ്ബർ കൃഷി ചെയ്തു വരുന്നതായി കണക്കാക്കുന്നു. ഏറ്റവും ആദായകരമായ നാണ്യവിളയാണെന്നതാണ് റബ്ബറിന് പ്രാമുഖ്യം നേടാൻ കാരണമായത്. റബ്ബർ കൃഷിമൂലം മറ്റുകൃഷികൾക്ക് സാര മായ കുറവുവന്നിട്ടുണ്ട്. പട്ടമരവിപ്പ്, ചീക്ക്, തുടങ്ങിയ രോഗങ്ങൾ റബ്ബറിനെയും ബാധിക്കുന്നുണ്ട്.

നമ്മുടെ ഗ്രാമത്തിൽ നാണ്യവിളകളായി പറങ്കി മാവ്, ജാതി, കമുങ്ങ്, കുരുമുളക്, കൊക്കോ ഇവ കൃഷി ചെയ്യുന്നു. കുരുമുളകിന്റെ ദ്രുതവാട്ടരോഗം മൂലം കൃഷി കുറഞ്ഞിരിക്കുന്നു. ഒരു കാലത്ത് കൊക്കോ വ്യാപക മായി കൃഷിചെയ്തിരുന്നു. കൊക്കോയുടെ വിലക്കു റവും, വിപണനസൗകര്യക്കുറവുംകൊണ്ടും കൊക്കോ കൃഷി ഇപ്പോൾ ആരും ചെയ്യുന്നില്ല. മാവ്, പ്ലാവ്, ഓമ എന്നീ ഫലവൃക്ഷങ്ങളും മുൻകാലത്തെപ്പോലെ കൃഷി

ചെയ്യുന്നില്ല. കൈതആദായകരമായി കൃഷിചെയ്യാവുന്നതാണ്. കരഭൂമികളിൽ തേക്ക്, മഹാഗണി, ആഞ്ഞിലി, തുടങ്ങിയവ നട്ടുപിടിപ്പിച്ച് ദീർഘകാലാടിസ്ഥാനത്തിൽ വൻപിച്ച ആദായം ലഭിയ്ക്കാൻ സാധ്യതയുണ്ട്.

മരച്ചീനി, ഇഞ്ചി, വാഴ, ചേന, കാച്ചിൽ, കിഴങ്ങുവർഗ്ഗങ്ങൾ എന്നിവയുടെ വൻതോതിലുള്ള കൃഷി ഇലന്തൂരിൽ ഉണ്ടായിരുന്നു. നേന്ത്രവാഴ ഈ പഞ്ചായത്തിൽ വ്യാപകമായി കൃഷി ചെയ്തിരുന്നു. നേന്ത്രവാഴക്കുലയുടെ ഒരു വിപണനമാർക്കറ്റ് ഇലന്തൂർ നെടുവേലി ജംഗ്ഷനിൽ പ്രവർത്തിച്ചിരുന്നു. വാഴകൃഷി കുറഞ്ഞതുകൊണ്ട് ഇപ്പോൾ ആ മാർക്കറ്റില്ല.

പച്ചക്കറി കൃഷി, പഴയതുപോലെ ഇപ്പോൾ ചെയ്യുന്നില്ല. പാവൽ, പടവലം, വെണ്ട, പയർ, ചീര, വഴുതന തുടങ്ങിയ ഇനങ്ങൾ വ്യാപകമായി സമതലങ്ങളിലും, കരനിലങ്ങളിലും കൃഷി ചെയ്തിരുന്നു. ഈ കൃഷിയുടെ ഉല്പാദനം കുറയാൻ കാരണം മണ്ണിന്റെ ജൈവാംശം കുറഞ്ഞതുകൊണ്ടും, കീടങ്ങളുടെ ഉപദ്രവംകൊണ്ടും, ജലദൗർലഭ്യംകൊണ്ടുമാണ്.

## വിള വിസ്തീർണ്ണവും ഉദ്പാദനവും

പട്ടിക 7

| വിളകൾ | വിസ്തീർണ്ണം | മൊത്തം ഉല്പാദനം | ഉൽപാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| റബ്ബർ | 900 ഹെക്ടർ | 72, 0000 KG | 800 KG |
| തെങ്ങ് | 410 | 20,50,000 | 5,000 |
| വാഴ | 90 | 686.2 M.T | 7625 KG |
| മരച്ചീനി | 185 | 3,330 M.T | 18 |
| കുരുമുളക് | 65 | 18,200 KG | 280 KG |
| കശുമാവ് | 12 | 11,160 KG | 930 KG |
| കവുങ്ങ് | 42 | 8,683,500 | 2,06,750 |
| നെല്ല് (ഒന്നാംവിള) | 90 | 225 | 2500 KG |
| നെല്ല് (രണ്ടാംവിള) | 115 | 322 | 2800 KG |
| പച്ചക്കറി | 20 | 5000 KG | 280 KG |

# വയൽകൃഷി

ഈ പഞ്ചായത്തിലെ പാടങ്ങളിൽ നെൽകൃഷിയാണ് വ്യാപകമായി ചെയ്തുവരുന്നത്. നെൽപ്പാടങ്ങളിൽ ഭൂരിഭാഗവും ഇരിപ്പുനിലങ്ങളാണ്. ഒരുപ്പൂ കൃഷിയുള്ള നെൽപ്പാടങ്ങളും ഉണ്ട്. നെൽപ്പാടങ്ങൾ ഈ പഞ്ചായത്തിൽ ഗണ്യമായി കുറഞ്ഞിട്ടുണ്ട്. പാടങ്ങൾ അധികവും നികത്തി വീടുവയ്ക്കാനും, റബ്ബർ, തെങ്ങ്, വാഴ, മരച്ചീനി, വെറ്റിലക്കൊടി മുതലായവ കൃഷി ചെയ്യാനും ഉപയോഗിക്കുന്നു. പാടങ്ങൾ നികത്തുന്നതിനെതിരെ കർശന നടപടികൾ സ്വീകരിക്കേണ്ടതാണ്. നെൽപ്പാടങ്ങളിൽ ഇടവിളയായി പയറും പച്ചക്കറികളും കൃഷിചെയ്യുന്നു. ഈ പഞ്ചായത്തിലൂടെ കടന്നുപോകുന്ന P.I.P. കനാലിന്റെ ചോർച്ചമൂലം അതിനുതാഴ്വശങ്ങളിലുള്ള നെൽപ്പാടുങ്ങൾ ചതുപ്പുനിലങ്ങളായി മാറുന്നു. നെൽകൃഷിയ്ക്ക് അത് ദോഷമായിക്കൊണ്ടിരിക്കുന്നു. ഈ ജലം കൈത്തോടുകൾവഴി മറ്റു കൃഷിയ്ക്ക് ഉപയോഗപ്രദമായി തിരിച്ചുവിടാനുള്ള പദ്ധതിയുണ്ടാകണം. അത്യുല്പാദനശേഷിയുള്ള നെൽവിത്തുകളുടെ ലഭ്യതക്കുറവ്, നെല്ലിനെ ബാധിക്കുന്ന രോഗങ്ങൾ, കർഷകതൊഴിലാളികളെ കിട്ടാനുള്ള ബുദ്ധിമുട്ട്, ശാസ്ത്രീയമായ കൃഷിരീതികളെക്കുറിച്ചുള്ള ബോധമില്ലായ്മ എന്നിവ നെൽകൃഷിയെ സാരമായി ബാധിച്ചിട്ടുണ്ട്. വർഷകാലത്തുണ്ടാകുന്ന മടവീഴ്ച നമ്മുടെ നെൽകൃഷിയെ ബാധിക്കുന്ന ഒരു പ്രധാനപ്രശ്നമാണ്. ഈ പഞ്ചായത്തിലെ പ്രകൃത്യാ ഉള്ള ഏറ്റവും വലിയ ജലസ്രോതസ്സാണ് വലിയതോട്. പലവർഷങ്ങളായി മടവീഴ്ചകാരണം ഒരു കൃഷി മാത്രമേ ഇറക്കുന്നുള്ളു. ഇരുപ്പുകൃഷിയും ഹൃസ്വകാല ഇടവിളകളും നടന്നുവന്ന ഏലകളാണിവ. വലിയതോടിന് നമ്മുടെ പഞ്ചായത്തിൽ ........ ചീപ്പുകളുണ്ട്. ഇതിന്റെ മെയിന്റനൻസ് യഥാകാലങ്ങളിൽ നടക്കാത്തതിനാൽ ചീപ്പുകളുടെ സംഭരണശേഷി വളരെ കുറവാണ്. പലകകൾ മിക്കതും ജീർണ്ണിച്ച അവസ്ഥയിലാണ്. വലിയതോടിന്റെ മടകൾ കെട്ടി അടയ്ക്കുകയും ചീപ്പുകൾ പുനരുദ്ധരിക്കുകയും ചെയ്യേണ്ടതാണ്.

പട്ടിക 8

| ക്ര.നമ്പർ | ഏലായുടെ പേര് | വാർഡ് നമ്പർ | വിസ്തീർണ്ണം |
|---|---|---|---|
| 1 | വല്യവട്ടം ചാക്കൽപടി ഏലാ | 1,2 | 10 ഹെക്ടർ |
| 2 | തഴയമണ്ണിൽ – ആനപ്പാറ ഏലാ | 3 | 15 ഹെക്ടർ |
| 3 | പ്ലാനുവേലി ഏലാ | 1,3 | 10 ഹെക്ടർ |
| 4 | കോടംവേലി ഏലാ | 3 | 10 ഹെക്ടർ |
| 5 | മരങ്ങാട്ടിൽ ഏലാ | 2,3 | 14 ഹെക്ടർ |
| 6 | ഭഗവതികുന്ന് ഏലാ | 4,5 | 14 ഹെക്ടർ |
| 7 | മണ്ണിൽ പടി ഏലാ | 4 | 16 ഹെക്ടർ |
| 8 | ഇടപ്പരിയാരം ഏലാ | 7 | 16 ഹെക്ടർ |
| 9 | വലിയപരിയാരം ഏലാ | 8 | 20 ഹെക്ടർ |
| 10 | പുതുവയൽ ഏലാ | 9 | 14 ഹെക്ടർ |
| 11 | വരമ്പിനകത്ത് ഏലാ | 9 | 15 ഹെക്ടർ |
| 12 | വാരിയാപുരം ഏലാ | 5 | 18 ഹെക്ടർ |
| 13 | കാവിൽ കണ്ടം ഏലാ | 8 | 6 ഹെക്ടർ |
| 14 | പുത്തൻകുളത്തി ഏലാ | 8 | 6 ഹെക്ടർ |
| 15 | പെരുമ്പടവ് ഏലാ | 3 | 18 ഹെക്ടർ |
| 16 | മുത്തൻകുഴി ഏലാ | 7 | 3 ഹെക്ടർ |
| 17 | വെട്ടുവേലിൽ ഏലാ | 3 | 5 ഹെക്ടർ |
| 18 | കുറത്തിയാട്ട് ഏലാ | 1 | 5 ഹെക്ടർ |
| 19 | ഉപ്പുകണ്ടം ഏലാ | 7,8 | 2 ഹെക്ടർ |
| 20 | ചെറുക്കോലി ഏലാ | 4 | 8 ഹെക്ടർ |
| 21 | നാഗവര ഏലാ | 5 | 4 ഹെക്ടർ |
| 22 | നാടകപ്പാറ | 5 | 15 ഹെക്ടർ |
| 23 | മന്നൂറ്റുഴം | 7 | 2 ഹെക്ടർ |
| 24 | എളമല ചരിവ് | 6,7 | 2 ഹെക്ടർ |

## തോട്ടിലെ ചീപ്പുകൾ

പട്ടിക 9

| | വാർഡ് |
|---|---|
| 1 ഐക്കരപ്പടി | 6 |
| 2 തോട്ടുപാട്ടുപടി | 8 |
| 3 മുത്തൻകുഴി | 7 |
| 4 മൈലയ്ക്കൽ പടി | 8 |
| 5 മണ്ണിൽപടി | 3 |
| 6 പുളിന്തിട്ടക്കുഴി | 3 |
| 7 വെട്ടുവേലിൽ (കാഞ്ഞിക്കൽപടി) | 3 |
| 8 മണപ്പുറത്തുപടി (പുന്നയ്ക്കാട് ഭാഗം) | 3 |
| 9 C.S.I. പള്ളിപ്പടി | 4 |
| 10 ഭഗവതികുന്ന് | 4 |
| 11 പൂവപ്പള്ളിപടി | 5 |
| 12 നാഗവരപടി | 5 |
| 13 തോമ്പിൽ പടി | 4 |

### മണ്ണുസംരക്ഷണം, വളപ്രയോഗം

ഈ പഞ്ചായത്തിലെ കർഷകർ കൃഷിഭൂമിയുടെ ഗുണനിലവാരം നിശ്ചയിക്കാൻ മണ്ണുപരിശോധന നടത്താറില്ല. അതിനുള്ള സൗകര്യം ഈ പഞ്ചായത്തിലില്ല. മണ്ണൊലിപ്പു തടയുന്നതിനുവേണ്ടി പഞ്ചായത്തിൽ കൃഷിഭൂമിയിൽ ഈടി കയ്യാലകൾ പൂർണ്ണമായും നിർമ്മിച്ചിട്ടില്ല. ഈ പഞ്ചായത്തിൽ കൃഷിയ്ക്കായി കൂടുതൽ ഉപയോഗിക്കുന്നത് രാസവളങ്ങളാണ് (യൂറിയ, പൊട്ടാഷ്, ഫാക്ടംഫോസ്, മിക്ചർ മുതലായവ)

ജൈവവളങ്ങളുടെ ഉപയോഗം കുറഞ്ഞുകൊണ്ടിരിയ്ക്കുകയാണ്. ചാണകവും, ചാരവും കുറെയൊക്കെ ഉപയോഗിക്കുന്നുണ്ട്. പച്ചിലവളങ്ങളുടെ ഉപയോഗം നാമമാത്രമാണ്. രാസകീടനാശിനികൾ കൂടുതലായി പ്രയോഗിക്കുന്നു. ജൈവകീടനാശിനികൾ നാമമാത്രമായി മാത്രമേ ഉപയോഗിക്കുന്നുള്ളൂ. രാസവളങ്ങളുടേയും, രാസകീടനാശിനികളുടേയും കൂടുതലായുള്ള ഉപയോഗം മണ്ണിന്റെ ഗുണനിലവാരത്തേയും മനുഷ്യന്റെ ആരോഗ്യത്തേയും സാരമായി ബാധിക്കുന്നു.

### കൃഷിഭവൻ

1987 സെപ്റ്റംബർ 1നാണ് കൃഷിഭവൻ പഞ്ചായത്തിൽ നിലവിൽ വന്നത്. കൃഷിഭവന്റെ പ്രവർത്തനം വേണ്ടത്ര കാര്യക്ഷമമാണെന്ന് പറയാൻ വയ്യ. സർക്കാർ ആവിഷ്കരിയ്ക്കുന്ന സ്കീമുകൾ നടപ്പിലാക്കുക എന്ന യാന്ത്രികമായ ജോലിയാണ് ഇന്ന് കൃഷിഭവൻ വഴി നടപ്പിലാക്കുന്നത്. കൃഷിഭവൻ വഴി വിതരണം ചെയ്യുന്ന വിവിധയിനം വിത്തുകളും വേണ്ടത്ര ഗുണനിലവാരം പുലർത്താത്തതിന്റെ കാരണം കണ്ടുപിടിയ്ക്കേണ്ടതാണ്. കൃഷിഭവന്റെ പ്രവർത്തനം പൂർണ്ണമായി കർഷകർക്കു ലഭിയ്ക്കേണ്ടതുണ്ട്.

പട്ടിക 10

കൃഷിഭവൻ വഴി വിതരണം ചെയ്ത നടീൽ വസ്തുക്കൾ

| ഇനം | 1993–94 | 1994–95 | 1995–96 |
|---|---|---|---|
| തെങ്ങ് | 250 | 100 | 365 |
| കുരുമുളക് | 2000 | 3000 | 4000 |
| മാവ് | | 50 | |
| പ്ലാവ് | | 50 | |

ഇലന്തൂർ പഞ്ചായത്തിൽ ഉഴവുഉപകരണങ്ങളായി രണ്ടു ട്രില്ലറും, മരുന്നുതളിക്കുന്നതിന് 45 നാപ്സ്റ്റാക്ക് സ്പ്രെയററുകളും ഒരു പോർട്ടബിൾ പമ്പുസെറ്റുമാണ് കൃഷിഭവനിൽകൂടി വിതരണം ചെയ്തിട്ടുള്ളത്. ഇവിടുത്തെ കൃഷിയാവശ്യത്തിന് ഇവ യഥാസമയം ഉപകരിയ്ക്കുന്നില്ല. ഇതിൽ പലതും ഉപയോഗ്യശൂന്യമായ രീതിയിൽ പ്രവർത്തനരഹിതമായി കിടക്കുകയാണ്.

പട്ടിക 11

ഉഴവുപകരണങ്ങൾ

| ട്രില്ലർ | നാപ്സ്റ്റാക്ക് സ്പ്രെയർ | പോർട്ടബിൾ പമ്പുസെറ്റ് |
|---|---|---|
| 2 | 45 | 1 |

### പാടശേഖര – കേരകർഷക സമിതികൾ

കൃഷിഭവന്റെ മേൽനോട്ടത്തിൽ ഈ പഞ്ചായത്തിൽ 12 പാടശേഖര സമിതികൾ പ്രവർത്തിയ്ക്കുന്നു. ഇലന്തൂരിലെ ഭൂരിപക്ഷം വരുന്ന കേരകർഷകരും അംഗങ്ങളായുള്ള ഒരു കേരകർഷകസമിതി രൂപീകരിച്ച് 1994 മുതൽ പ്രവർത്തനം നടത്തിവരുന്നുണ്ട്. ഈ സമിതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

### കൂലിനിരക്ക് – തൊഴിൽ ലഭ്യത

കാർഷികമേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരികയാണ്. വിദ്യാഭ്യാസനിലവാരത്തിൽ വന്ന മാറ്റങ്ങൾ കൃഷിയോടുള്ള അഭിമുഖ്യക്കുറവ് തുടങ്ങിയവ ഇതിന്റെ കാരണങ്ങളിൽപ്പെടുന്നു. ആദായകരമായ ജോലി മറ്റു രംഗങ്ങളിൽ ഉള്ളതുകാരണം തൊഴിലാളികൾ അവിടേയ്ക്കു കൂടുതൽ ശ്രദ്ധിയ്ക്കുന്നു. ഈ പഞ്ചായത്തിൽ കർഷകതൊഴിലാളികളുടെ കൂലിനിരക്ക് പുരുഷന് 100 രൂപയും സ്ത്രീകൾക്ക് 60രൂപയുമാണ്. നിലവിൽ ഒരു ഏകീകൃതനിരക്കില്ല. തൊഴിലാളികളുടെ കുറവു പരിഹരിയ്ക്കാൻ യന്ത്രവത്കരണം ഒരു പരിധി വരെ ആവശ്യമാണ്. ട്രാക്ടർ, ട്രില്ലർ, നടീൽ യന്ത്രം, കൊയ്ത്തുയന്ത്രം തുടങ്ങിയവ കുറഞ്ഞനിരക്കിൽ കർഷകർക്ക് ലഭിയ്ക്കാൻ കഴിയണം. ഇവ വാങ്ങാൻ കൃഷിഭവൻവഴി ധനസഹായം നല്കുന്നുണ്ടെങ്കിലും അത് പ്രയോജനപ്പെടുത്താൻ ഭൂരിപക്ഷം കർഷകരും മുന്നോട്ടുവരുന്നില്ല.

### പ്രശ്നങ്ങൾ

ഈ പഞ്ചായത്തിലെ കൃഷിയെ സാരമായി ബാധിക്കുന്ന പ്രധാനപ്രശ്നങ്ങൾ താഴെ പറയുന്നവയാണ്. മണ്ണിന്റെ ഗുണനിലവാരം നിശ്ചയിക്കാൻ കഴിയായ്ക, ശാസ്ത്രീയ രീതിയിൽ കൃഷിയ്ക്കുള്ള പരിശീലനക്കുറവ്, അത്യുല്പാദനശേഷിയുള്ള വിത്തുകൾ കിട്ടാനുള്ള പ്രയാസം, കീടനാശിനികൾ പ്രയോഗിക്കാനുള്ള ഉപകരണങ്ങൾ കിട്ടായ്ക, തൊഴിലാളികളെ കിട്ടാനുള്ള

ദൗർലഭ്യം, P.I.P. കനാലിൽനിന്നും നിലത്തിലേക്കുള്ള ചോർച്ച, നെൽവയലുകളിലേക്കു കാർഷികയന്ത്രങ്ങൾ ഇറക്കാൻ അപ്രോച്ച് വഴികളുടെ ഇല്ലായ്മ. വയലുകൾ നികത്തുന്നതുകാരണം നെല്ലുല്പാദനം കുറയുന്നു. നാണ്യവിളകൾ കൂടുതലായി കൃഷിചെയ്യുന്നതിനാൽ ഭക്ഷ്യവിളകളുടെ കൃഷി കുറയുന്നു.

മഴക്കാലത്ത് മാത്രം വെള്ളം കിട്ടുന്ന ഭൂമിയാണ് കൂടുതലായും ഈ പഞ്ചായത്തിലുള്ളത്. ജലസേചന സൗകര്യം ഇല്ലാത്തതുകൊണ്ട് കൃഷിയെ സാരമായി ബാധിക്കുന്നു. രാസവളങ്ങളുടെ വിലവർദ്ധനവ് കർഷ കർക്ക് കൂടുതൽ സാമ്പത്തികഭാരം വരുത്തിവയ്ക്കുന്നു. കൃഷി ആദായകരമാവുന്നില്ല എന്നത് കൃഷിയോട് ആഭി മുഖ്യം കുറയാൻ കാരണമാവുന്നുണ്ട്. വിളകൾ വിറ്റഴി ക്കുന്നതിൽ കർഷകരേക്കാൾ ആദായമുണ്ടാക്കുന്നത് ഇട നിലക്കാരാണ്. കാർഷികോല്പന്നങ്ങളുടെ സംഭരണ ത്തിന് സംവിധാനമില്ലാത്തതും പ്രശ്നമാണ്.

ജലാശയങ്ങൾ, കുളങ്ങൾ, നീരൊഴുക്കുകൾ എന്നിവ നികത്തുന്ന പ്രവണത കാർഷിക മേഖലയിൽ അപകടകരമായ സ്ഥിതി വരുത്തിവയ്ക്കുന്നു.

### പരിഹാരങ്ങൾ

മണ്ണുസംരക്ഷണം, ജലസേചനം, അത്യുല്പാദനശേഷി യുള്ള വിത്തുകളുടെ ലഭ്യത, ശാസ്ത്രീയരീതിയിൽ കൃഷി ചെയ്യാനുള്ള സൗകര്യം, കർഷകരെ ബോധവത്കരി യ്ക്കാനുള്ള സെമിനാറുകൾ നടത്തുക, ഉപയോഗശൂന്യ മായ എല്ലാ ചീർപ്പുകളും പ്രയോജനപ്രദമാക്കുക, കൃഷി സ്ഥലങ്ങളുടെ സംരക്ഷണഭിത്തികൾ യുദ്ധകാലാടിസ്ഥാ നത്തിൽ കെട്ടിയ്ക്കുക, മണ്ണുപരിശോധന സംവിധാ നവും, ബോധവത്കരണവും നടത്തുക, വളത്തിനു വില കുറയ്ക്കുക, കനാലിൽ നിന്നുള്ള ചോർച്ച തടയുക, നെൽവയലുകളിലേക്ക് അപ്രോച്ചുവഴി ഉണ്ടാക്കുക ഇവ യൊക്കെ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കാൻ കഴി ഞ്ഞാൽ കർഷകർക്കു സഹായവും, വിളവുകൾ മെച്ച പ്പെട്ട നിലയിൽ ലഭിയ്ക്കുകയും ചെയ്യും.

കടയ്ക്കൽ ഇടപ്പരിയാരം കണിയാംപറമ്പിൽ തോട്ടിൽ പേഴുംകാട്ടിൽ ഭാഗം മുതൽ കണിയാംപറമ്പിൽ പടി വരെ തോടിന്റെ ഭിത്തികെട്ടി സംരക്ഷിക്കണം. വയൽ നിരപ്പിനേക്കാൾ ഉയർന്നാണ് തോടുപോകുന്നത്. പലസ്ഥ ലങ്ങളിലും പൊട്ടൽ ഉണ്ടായി നിലംകൃഷിയ്ക്ക് നാശന ഷ്ടങ്ങൾ ഉണ്ടാകുന്നുണ്ട്. (7-ാം വാർഡ്)

9-ാം വാർഡിൽ വലിയതോടിന്റെ ഇടിഞ്ഞുപൊ ളിഞ്ഞ ഭാഗങ്ങൾ ഭിത്തികെട്ടി സംരക്ഷിക്കണം. 80 പറ നിലത്തിൽ അധികം ഭാഗം ഇങ്ങനെ ചെയ്യുന്നതിനാൽ കൃഷിയ്ക്ക് ഉപയുക്തമാകും. കൂടുതൽ പ്രയോജനവു മാകും. 5-ാം വാർഡിൽ ചിറക്കാല പടി മുതൽ താഴോട്ടു പറങ്ങോട്ടുപടിവരെ നിലങ്ങളുടെ ഇരുവശങ്ങളിലുമുള്ള തോടിന്റെ സംരക്ഷണഭിത്തികൾ കെട്ടണം.

ഇലന്തൂർ വലിയതോട്-പ്ലാനുവേലിൽ തോട്, മണ്ണിൽ പടവ്- ആനപ്പാറതോട്, മരങ്ങാട്ടേലാതോട് എന്നി വയുടെ സൈഡുകൾ ഭിത്തികെട്ടി സംരക്ഷിക്കുകയും പേരമ്മ കണ്ടം ഏലാ മുതൽ ആനപ്പാറഭാഗംവരെ തോടിനു വീതി വർദ്ധിപ്പിച്ചു നീരൊഴുക്കിനുള്ള സൗകര്യം ഉണ്ടാക്കുക. കനാലിൽനിന്നും ചോരുന്ന വെള്ളം പാടത്തു കെട്ടി നിൽക്കുന്നതു പ്രത്യേകം ചാലുകൾ നിർമ്മിച്ചു വലിയതോടുകളുമായി ബന്ധപ്പെടുത്തുക.

നമ്മുടെ പഞ്ചായത്തിൽ ഉള്ള എല്ലാകുളങ്ങളും ജലസേചനസൗകര്യം ഉള്ളതാക്കി തീർത്താൽ ഒരു പരി ധിവരെ ജലക്ഷാമം പരിഹരിയ്ക്കാം. ഒന്നാം വാർഡിൽ S.N.D.P. യുടെ മുൻവശത്തുണ്ടായിരുന്നു പൊതുകുളം നികത്തി ഒരു സ്വകാര്യവ്യക്തി കൈവശം വച്ചിരിക്കുക യാണ്. ആ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് ജലസേചന സൗകര്യം ഉണ്ടാക്കണം. കുന്നത്തുചിറ ആഴംകൂട്ടി ജല സേചനസൗകര്യം ഉണ്ടാക്കണം. 5-ാം വാർഡിൽ ചിറ ക്കാല കലുങ്കിനടുത്ത് കുളം കുഴിപ്പിയ്ക്കണം. 6-ാം വാർഡിൽ കൊട്ടതട്ടി പേക്കാവുങ്കൽ, മേലേൽഭാഗം, പേഴുംകാട്ടിൽ, വാലുഴത്തിൽ എന്നിവിടങ്ങളിൽ കുളം നിർമ്മിയ്ക്കണം, 7-ാം വാർഡിൽ കോട്ടവാലേൽ, വേല പ്പാറ, മേലേവടക്കേൽ ഭാഗം, വെട്ടത്തേരിൽ, പരിയാര ത്തുമണ്ണിൽ എന്നീ സ്ഥലങ്ങളിൽ കുളങ്ങൾ നിർമ്മി യ്ക്കണം. 8- ാം വാർഡിൽ മധുമല, മൈലയ്ക്കൽ പടി, പുള്ളോലിക്കൽ എന്നീ ഭാഗങ്ങളിൽ കുളങ്ങൾ ഉണ്ടാവേ ണ്ടതാണ്. 9-ാം വാർഡിൽ വരമ്പിനകത്തേലാൽ, വാര ണത്തുപടി എന്നിവിടങ്ങളിൽ ചതുപ്പുസ്ഥലങ്ങളുണ്ട്. അല്പം മണ്ണിട്ടു നികത്തിയാൽ കൃഷിയ്ക്ക് ഉപയുക്ത മാണ് ഈ സ്ഥലം. 5-ാം വാർഡിൽ ചിറക്കാല മുതൽ ചെരിക്കരേത്തുപടി വരെയുള്ള നിലങ്ങളുടെ രണ്ടുവശ ത്തുമുള്ള തോടും, സംരക്ഷണഭിത്തികളും ഇടിഞ്ഞു തകർന്നു കിടക്കുന്നതിനാൽ കൃഷിക്കാർക്കു നിലം കൃഷി ചെയ്യുന്നതിനു സാധിക്കാത്ത അവസ്ഥയാണ്. യുദ്ധകാ ലാടിസ്ഥാനത്തിൽ ഈ നിലങ്ങളുടെ രണ്ടുഭാഗത്തുമുള്ള തോടുകൾ കുഴിച്ചു സംരക്ഷണഭിത്തികൾ കെട്ടി നില ത്തിൽക്കൂടി ഒഴുകുന്ന വെള്ളം തോടുകളിൽക്കൂടി ഒഴു കിപ്പോകുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം.

# നിർദ്ദേശങ്ങൾ

1. ജലസേചനത്തിനു ഇന്നു നിലവിലുള്ള തോടുകളുടെ ആഴംകൂട്ടി ഭിത്തികൾ കെട്ടി ബലവത്താക്കണം. ഇടയ്ക്കിടെ വെള്ളം പാടത്തേക്ക് ഒഴുക്കുന്നതിനുള്ള തൂമ്പുകൾ ഉണ്ടാക്കണം (വാട്ടർ ഷെഡ്പദ്ധതിയിൽ ഉൾപ്പെടുത്തിയ പണികൾ നടപ്പിൽ വരുത്തണം)

2. മൈലക്കൽ പടിക്കൽ PIP കനാലിൽനിന്നും ഒരു Sub canal ഉണ്ടാക്കി പുതുവയൽ ഏലായിൽ ജലസേചന സൗകര്യം ഉണ്ടാക്കണം.

3. ഇലന്തൂർ ഹൈസ്ക്കൂളിന് അടുത്തുനിന്നും നിർമ്മിക്കാൻ പ്ലാൻ ചെയ്തിരുന്ന PIP സബ് കനാൽ പൂർത്തിയാക്കി വല്യവട്ടം ഏലായിലേക്കു ജലസേചനസൗകര്യം ഉണ്ടാക്കേണ്ടതാണ്.

4. പഞ്ചായത്തിലുള്ള എല്ലാ കുളങ്ങളും ആഴംകൂട്ടിയും ഭിത്തികെട്ടിയും ജലസേചനത്തിന് ഉപകരിക്കത്തക്കവിധം ആക്കണം.

5. പഞ്ചായത്തിൽ നിലവിലുണ്ടായിരുന്നതും ഇന്ന് സ്വകാര്യവ്യക്തികൾ നികത്തി കൈവശം വച്ചിരിക്കുന്നതുമായ പഴയ കുളങ്ങൾ പുതുക്കി ജലസേചന പ്രദമാക്കണം.
a. ജലസേചനത്തിനുവേണ്ടി കിണർകുഴിക്കാനും, കിണറ്റിലും കുളത്തിലും ആവശ്യമെങ്കിൽ പമ്പുസെറ്റുകൾ സ്ഥാപിക്കാനും സബ്സിഡി നൽകണം.

6. ഇലന്തൂർ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് യാത്രാസൗകര്യം ഉള്ള സ്ഥലത്ത് കൃഷിഭവന് സ്വന്തമായി കെട്ടിടവും, വിത്ത്, വളം, ഉപകരണങ്ങൾ ഇവ സൂക്ഷിക്കുന്നതിന് ആവശ്യമായ ഗോഡൗൺ സൗകര്യങ്ങളും നിർമ്മിക്കേണ്ടതാണ്.

7. കൃഷിഭവനിൽ ആവശ്യമായ ജീവനക്കാരെ നിയമിക്കണം.

8. മണ്ണുപരിശോധിച്ച് റിപ്പോർട്ടുനൽകുന്നതിന് ആവശ്യമായ സിവിൽ ലാബ് സ്ഥാപിച്ച് ക്രമീകരണം ചെയ്യണം.

9. ഏലാ പദ്ധതിയുടെയും കേരസമതിയുടെയും പ്രവർത്തനം എല്ലാ കർഷകർക്കും ലഭ്യമാകുന്ന വിധത്തിൽ വിപുലപ്പെടുത്തണം.

10. കൃഷിഭവനിൽ നിന്നും ഉള്ള അറിയിപ്പുകൾ യഥാവസരം കർഷകരെ അറിയിക്കാൻ സംവിധാനം ഉണ്ടാകണം.

11. എല്ലാ വീടുകളിലും അടുക്കളതോട്ടവും പച്ചക്കറി കൃഷിയും വ്യാപകമാക്കുന്നതിന് പ്രോത്സാഹിപ്പിക്കണം.

12. നല്ലയിനം വിത്തുകൾ, സബ്സിഡി നിരക്കിൽ വളം, കീടനാശിനികൾ ഇവ ശരിയായ സമയത്തു കിട്ടാൻ വ്യവസ്ഥിതി ഉണ്ടാക്കണം.

13. പഴം, പച്ചക്കറി, വിപണനം, സംസ്ക്കരണം ഇവയ്ക്ക് സഹകരണ സംഘം ഉണ്ടാവണം.

14. നെൽകൃഷി ഗ്രൂപ്പ് അടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കണം. വളം, കീടനാശിനി ഇവയ്ക്ക് സബ്സിഡി വർദ്ധിപ്പിക്കണം. അത്യുൽപാദനശേഷിയുള്ളി നെൽവിത്തുകൾ യഥാസമയം സബ്സിഡി നിരക്കിൽ കിട്ടുന്നതിനു വ്യവസ്ഥയുണ്ടാക്കണം.

15. കൃഷി ഉപകരണങ്ങൾ – ട്രാക്ടർ, ട്രില്ലർ. നടീൽ യന്ത്രം, കൊയ്തുയന്ത്രം, സ്പ്രെയർ, റെബർ, തെങ്ങ്, മുതലായവയ്ക്കു മരുന്നടിക്കുന്നതിനുള്ള ഉപകരണങ്ങൾ ഇവ ഏലാ പദ്ധതി മുഖേനയോ വാടകയ്ക്കോ കർഷകർക്കു കിട്ടാൻ സംവിധാനം ഉണ്ടാവണം.

16. സമഗ്രതെങ്ങുകൃഷിക്ക് നല്ലയിനം തെങ്ങിൻ തൈകൾ

കൃത്യസമയത്തു കിട്ടണം. തെങ്ങിനു വളം, കീടനാശിനി ഇവ സബ്സിഡി നിരക്കിൽ നൽകണം. കേടുവന്ന തെങ്ങുകൾ വെട്ടിമാറ്റാൻ സബ്സിഡിയും, പകരം തെങ്ങിൻതൈകളും ലഭ്യമാക്കണം. ഇവ പഞ്ചായത്തിൽ വ്യാപകമായോ അല്ലാത്തപക്ഷം ഓരോ വർഷവും രണ്ടു വാർഡുകൾ തിരഞ്ഞെടുത്തോ നടപ്പിൽ വരുത്തണം.

17. കുരുമുളക്, ഇഞ്ചി, വാഴ, മഞ്ഞൾ, ചേന, മരച്ചീനി തുടങ്ങിയ കരകൃഷികൾക്ക് വിത്തും, തൈയും, വളവും സബ്സിഡി നിരക്കിൽ നൽകി കർഷകരെ സഹായിക്കണം.

18. റബർ കൃഷിക്ക് നല്ലയിനം കൂടതൈകൾ, വളം തുടങ്ങിയവ സബ്സിഡി നിരക്കിൽ ലഭ്യമാക്കണം. കർഷകർക്ക് ശരിയായ വില റബറിന് കിട്ടുന്നതിന് റബർ മാർക്കറ്റിഗ് സഹകരണസംഘം ഉണ്ടാക്കണം. (റബർ മാർക്കറ്റിംഗ് സഹകരണസംഘം രജിസ്റ്റർ ചെയ്യാൻ സഹകരണ ഡിപ്പാർട്ടുമെന്റിൽ കൊടുത്തിട്ടുള്ളത് ഉടനെ രജിസ്റ്റർ ചെയ്ത് പ്രവർത്തനയോഗ്യമാക്കണം.)

19. പ്രത്യേക ഘടക പദ്ധതിയനുസരിച്ച് പട്ടികജാതി പട്ടികവർഗ കോളനിയിലെ കുടുംബങ്ങൾക്ക് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കും നടീൽ വസ്തുക്കൾ വളം തുടങ്ങിയവ സൗജന്യമായി നൽകണം.

20. തെങ്ങ്, നെല്ല്, കുരുമുളക്, വാഴ, റബർ, പച്ചക്കറി തുടങ്ങിയ കൃഷികൾക്ക് ഇൻഷ്വറൻസ് സൗകര്യം ലളിതമായ വ്യവസ്ഥയിൽ കിട്ടുവാൻ ക്രമീകരണം ചെയ്യുക. കാലതാമസം ഒഴിവാക്കാൻ ജില്ലാതലത്തിൽ വിള ഇൻഷുറൻസ് ആഫീസ് സ്ഥാപിക്കണം.

21. കൃഷിയിൽ യുവജനങ്ങൾക്കും അഭ്യസ്ഥവിദ്യർക്കും കൂടുതൽ താല്പര്യം ഉളവാകത്തക്കവണ്ണം കർഷക സെമിനാർ, ചർച്ചാ ക്ലാസുകൾ, പ്രദർശനം, ഇവ സംഘടിപ്പിയ്ക്കുക. സെമിനാറിനും, ചർച്ചാക്ലാസുകൾക്കും കൂടുതൽ പണം അനുവദിക്കണം. കർഷകപ്രമുഖർക്കുള്ള സമ്മാനത്തുക വർദ്ധിപ്പിക്കണം.

22. യുവജനങ്ങൾക്കുള്ള തൊഴിൽദാന പദ്ധതിയിൽ ഉൾപ്പെടുത്തി നേഴ്സറി, നിർമ്മാണം, പഴം, പച്ചക്കറി സംസ്ക്കരണം, വിപണനം, കോഴിവളർത്തൽ, പശുവളർത്തൽ, ആട് വളർത്തൽ, പന്നിവളർത്തൽ, തേനീച്ച വളർത്തൽ എന്നിവ പ്രോത്സാഹിപ്പിക്കുക.

23. പശ്ചിമഘട്ട പദ്ധതിയിൽ സ്ഥലവിസ്തീർണ്ണം മുപ്പതു സെന്റ് എന്നത് മാറ്റി 15സെന്റ് എന്നാക്കി കൂടുതൽ കർഷകർക്കു പ്രയോജനപ്പെടുത്തേണ്ടതാണ്.

24. ബയോഗ്യാസ് പദ്ധതി കൂടുതൽ കർഷകർക്ക് പ്രയോജനപ്പെടുത്തുകയും ചിലവിന്റെ അടിസ്ഥാനത്തിൽ സബ്സിഡി അനുവദിക്കയും ചെയ്യേണ്ടതാകുന്നു.

25. നെൽപ്പാടങ്ങൾക്ക് ഉപദ്രവകരമായ ചോലമരങ്ങൾ വെട്ടിമാറ്റണം.

26. കർഷക തൊഴിലാളികളുടെ വേതനവർദ്ധനവിന് ഏകീകൃത സ്വഭാവം ഉണ്ടാക്കണം.

27. പുഷ്പകൃഷി ആരംഭിക്കുവാൻ ആവശ്യമായ വിത്തുകളും തൈകളും ലഭ്യമാക്കുക. പുഷ്പ വിപണനത്തിനുവേണ്ട സംഘടന രൂപീകരിക്കുക. (ഐശ്വര്യ ചാരിറ്റബിൾ സൊസൈറ്റി 448/95 നമ്പരായി Register ചെയ്തിട്ടുണ്ട്.)

28. നടീൽ യന്ത്രം, കൊയ്ത്തു യന്ത്രം ഇവ പഞ്ചായത്തു മുഖേന വിതരണം ചെയ്യണം.

29. നെൽവയലുകളിലേക്ക് അപ്രോച്ചുവഴികൾ നിർമ്മിക്കണം.



# മൃഗസംരക്ഷണം മത്സ്യബന്ധനം

കാർഷികമേഖലക്ക് അനുബന്ധമായി നമ്മുടെ ഗ്രാമീണ സമ്പദ്ഘടനയ്ക്ക് പിന്തുണ നൽകുന്ന മുഖ്യഘടകമാണ് മൃഗസംരക്ഷണ മേഖല. എന്നാൽ പല കാരണങ്ങളാലും ഈ മേഖലയിൽ പൊതുവെ തളർച്ചയാണ് അനുഭവപ്പെടുന്നത്. ഇതിന്റെ പ്രശ്നങ്ങൾ വിശകലനം ചെയ്ത് ഈ മേഖലയെ പുഷ്ടിപ്പെടുത്തുവാൻ വേണ്ട പരിഹാരങ്ങൾ കൂട്ടായി ചിന്തിച്ച് ആവിഷ്കരിക്കേണ്ടതുണ്ട്.

പശു, ആട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. നാമമാത്രമായി ഉഴവുകന്നുകളേയും എരുമകളേയും വളർത്തുന്നു. താറാവു വളർത്തൽ ഉപജീവന മാർഗ്ഗമാക്കിയ നിരവധി കുടുംബങ്ങൾ ഇലന്തൂർ പഞ്ചായത്തിലുണ്ട്.

ഇപ്പോൾ പഞ്ചായത്തിൽ 3800 പശുക്കളും 1600 ആടുകളും 20 ഉഴവുമാടുകളും 8 എരുമകളും ഉണ്ട്. 60 മുയലുകളും വളർത്തപ്പെടുന്നു. പഞ്ചായത്തിൽ 97% വീടുകളിലും കോഴികളെ വളർത്തുന്നു. ഇത് ഇനം തിരിച്ച് പട്ടികയായി താഴെ കൊടുക്കുന്നു.

പട്ടിക - 1

| മൃഗങ്ങളുടെ ഇനം | എണ്ണം |
|---|---|
| പശു | 3800 |
| ആട് | 1600 |
| ഉഴവുമാടുകൾ | 20 |
| എരുമകൾ | 8 |
| മുയൽ | 60 |

## 6-1-B

നെൽകൃഷി കുറഞ്ഞതും കാലിത്തീറ്റയുടെ വിലവർദ്ധനവും കാലികളുടെ രോഗവും കാലിവളർത്തൽ കുറയാൻ കാരണമായി. നിരന്തരമായി ഉണ്ടാകുന്ന കോഴിവസന്ത കോഴികളുടെ എണ്ണത്തിലും കുറവുവരുത്തി.

യന്ത്രവൽക്കരണത്തെ തുടർന്ന് ഉഴവുമാടുകളുടെയും വണ്ടിക്കാളകളുടെയും പ്രാധാന്യം കുറഞ്ഞു. 1996-ലെ സാമൂഹിക സാമ്പത്തിക സർവേ പ്രകാരം പ്രതിദിനം 9000 ലിറ്റർ പാൽ ഉൽപാദിപ്പിക്കുന്നുണ്ട്. ഉൽപാദിപ്പിക്കുന്ന പാൽ മുഴുവനും വിൽക്കുന്നതിന് സംവിധാനം ഇല്ലാത്തത്, കാലിതീറ്റയുടെ വിലവർദ്ധനവ്, വൈക്കോലിന്റെയും പുല്ലിന്റെയും ലഭ്യതക്കുറവ്, ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത തുടങ്ങിയവ കാലിവളർത്തലിനെ പൊതുവെ നിരുത്സാഹപ്പെടുത്തുന്ന ഘടകങ്ങളാണ്. ഇലന്തൂർ പഞ്ചായത്തിൽ നിലവിൽ മൂന്ന് പാൽ സൊസൈറ്റികൾ ഉണ്ടെങ്കിലും ഭൂരിപക്ഷം ഉൽപാദകർക്കും പ്രയോജനം ലഭിക്കുന്നില്ല.

പഞ്ചായത്തിൽ ഒരു മൃഗാശുപത്രി ഉള്ളത് വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിന്റെ സൗകര്യങ്ങൾ തുലോം പരിമിതമാണ്. ഇതിന്റെ സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

കാലികളിൽ പൊതുവേ കണ്ടുവരുന്ന രോഗങ്ങൾ അകിടുവീക്കം, കുളമ്പുരോഗം, ഉദരരോഗം, പനി (കാലാവസ്ഥാ മാറ്റത്തിനനുസരിച്ച്) ആന്ത്രാക്സ് എന്നിവയാണ്. രോഗപ്രതിരോധ നടപടികളെപറ്റിയും ശുചിത്വത്തെപ്പറ്റിയും ജാഗ്രത്തായ അവബോധം സൃഷ്ടിക്കുന്നതിന് കർഷകർക്കിടയിൽ ബോധവൽക്കരണം നടത്തേണ്ടത് ആവശ്യമാണ്. രോഗങ്ങൾ പ്രാരംഭത്തിൽ തന്നെ ചികിത്സിച്ച് ഭേദമാക്കുന്നതിന് ഇത്തരം ബോധവൽക്കരണ ശ്രമങ്ങൾ ആവശ്യമാണ്.

ഇലന്തൂർ പഞ്ചായത്തിൽ 17 ഗോബർ ഗ്യാസ് പ്ലാൻറുകൾ നിലവിലുണ്ട്. ഇതിൽ പലതും പ്രവർത്തനരഹിതവുമാണ്. ഒരു വീട്ടിലെ പാചകത്തിനും വെളിച്ചത്തിനും വേണ്ടിവരുന്ന ഇന്ധനത്തിന്റെ വലിയൊരുഭാഗം ഗോബർഗ്യാസ് പ്ലാൻറുകളിൽ കണ്ടെത്താൻ കഴിയും. മൃഗസംരക്ഷണവകുപ്പ് മുഖേന സബ്സിഡി ഉണ്ടെങ്കിലും വേണ്ടവിധ

ത്തിൽ പ്രയോജനപ്പെടുത്തുന്നതായി കാണുന്നില്ല.

കൃഷിക്കാവശ്യമായ ജൈവവളത്തിൻെറ വലിയൊരു പങ്ക് നിറവേറ്റാൻ കാലിവളർത്തലിലൂടെ കഴിയുമെങ്കിലും പൊതുവെ കൃഷിലാഭകരമല്ലാതായതോടെ കാലികൃഷിക്കു മാന്ദ്യം സംഭവിച്ചു. മിക്കവാറും എല്ലാ വീടുകളിലും കോഴിവളർത്തൽ ഉണ്ടെങ്കിലും ഇറച്ചിക്കുവേണ്ടി വൻ തോതിൽ കോഴികളെ മറ്റു പ്രദേശങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുകയാണ്. കോഴി വളർത്തലിന് വൻസാദ്ധ്യത ഉണ്ടെന്നാണ് ഇതിൽ നിന്നും മനസ്സിലാകുന്നത്.

തോടുകളും നീർകെട്ടുകളും പാടങ്ങളും ഉള്ളതിനാൽ താറാവുവളർത്തലിനും സാദ്ധ്യതയുണ്ട്. ചുരുക്കം ചില വീടുകളിൽ മുയലിനെ വളർത്തുന്നുണ്ട്. ഇറച്ചി ആവശ്യത്തിനായി കൂടുതൽ മുയലുകളെ വളർത്താനുള്ള സാദ്ധ്യത ഉണ്ട്.

## പ്രധാന പ്രശ്നങ്ങൾ

1. കാലിത്തീറ്റയുടെ വിലകൂടുതൽ
2. പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്
3. മൃഗചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത.
4. ക്ഷീരവിപണനത്തിനുള്ള സൗകര്യക്കുറവ്
5. കാലിവളർത്താനുള്ള സാമ്പത്തികസഹായം ലഭിക്കാനുള്ള പ്രയാസം.
6. പേപ്പട്ടിശല്യം ഉണ്ടാകുന്നു.
7. സാമൂഹികഘടനയിൽ അണുകുടുംബങ്ങളുടെ ആവിർഭാവവും ഏറിയപങ്ക് ചെറുപ്പക്കാരും വിദേശത്ത് തൊഴിൽതേടുന്നതും.
8. കോഴിവസന്ത തടയുവാൻ ഫലപ്രദമായ സംവിധാനം ഇല്ലാത്തത്.

## സാദ്ധ്യതകൾ

1. ഇലന്തൂർ പഞ്ചായത്ത് പ്രദേശത്ത് മൊത്തം പ്രവർത്തനാധികാരമുള്ളക്ഷീരവ്യവസായ സഹകരണസംഘം രൂപീകരിക്കുക.
2. ഓരോവാർഡിലും ഓരോ പാൽ സംഭരണകേന്ദ്രം സ്ഥാപിക്കുക.
3. നിലവിലുള്ള മിൽക്ക് യൂണിറ്റുകൾക്ക് ആവശ്യമായ സബ്സിഡി ജനല്കി അവയുടെ പ്രവർത്തനം പ്രോത്സാഹിപ്പിക്കുക.
4. പാൽസഹകരണസംഘങ്ങൾ മുഖേന കുറഞ്ഞ വിലയ്ക്ക് കാലിത്തീറ്റ ലഭ്യമാക്കുക.
5. തീറ്റപ്പുൽകൃഷിക്ക് വിത്തും വളവും സൗജന്യമായി ലഭ്യമാക്കുക.
6. മൃഗചികിത്സാസൗകര്യങ്ങൾ ഫലപ്രദമാക്കുന്നതിന് ഇലന്തൂർ പഞ്ചായത്തിൽ നെടുവേലി ജംഗ്ഷനിൽ പഞ്ചായത്ത്വകസ്ഥലത്ത് മണ്ണിട്ട് ഉയർത്തിയ വടക്കുകിഴക്കു ഭാഗത്ത് മുനമ്പ് മാതിരിസ്ഥിതി ചെയ്യുന്ന സ്ഥലത്ത് ആധുനിക സൗകര്യങ്ങളോടു കൂടി (നിലവിലുള്ള മൃഗാശുപത്രിക്കു സമീപം) പുതിയ മൃഗാശുപത്രി സ്ഥാപിക്കുക.
7. ഇലന്തൂർ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ പാൽ ഉൽപാദിപ്പിക്കുന്നത് വാര്യാപുരം, പൂക്കോട് മേഖലകളിലാണ്. വാര്യാപുരത്ത് ക്ഷീരോൽപാദന സഹകരണ സംഘത്തോട് ചേർന്ന് മൃഗസംരക്ഷണ വകുപ്പിൻെറ ഒരു സബ് സെൻറർ പ്രവർത്തിക്കുന്നുണ്ട്. ഇത് ആ പ്രദേശത്തെ പാൽ ഉൽപാദകരെ സംബന്ധിച്ച് വളരെ പ്രയോജനകരവുമാണ്. ആയതിനാൽ ണെടുവേലി ജംഗ്ഷനലുള്ള സബ് സെൻറർ പൂക്കോട് സഹകരണസംഘത്തോട് ചേർന്ന് മാറ്റി സ്ഥാപിക്കുകയും അതോടൊപ്പം പുതിയതായി വലിയവട്ടം, പുളിന്തിട്ട, പരിയാരം 9-ാം വാർഡ് എന്നീ പ്രദേശങ്ങളിൽ ഓരോ സബ് സെൻറർ കൂടി സ്ഥാപിക്കുകയും ചെയ്യുക.
8. ഈ പഞ്ചായത്തിൽ കൂടുതൽ ജനങ്ങളും കന്നുകാലി വളർത്തലുമായി ബന്ധപ്പെട്ടു കഴിയുന്നവരാണ്. എന്നാൽ ഈ മേഖലയിലുള്ളവരെ വേണ്ട രീതിയിൽ പ്രോത്സാഹിപ്പിക്കുന്നില്ല. ഉൽപാദിപ്പിക്കപ്പെടുന്ന പാൽ മുഴുവൻ വിറ്റഴിക്കുന്നതിനുള്ള ബുദ്ധിമുട്ടാണ് ഇവിടത്തെ പ്രധാന പ്രശ്നം. അതുകൊണ്ട് ഓരോ

വാർഡിലും പാൽ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കണം.

9. കേരളത്തിലെ ക്ഷീര കർഷകർ നേരിടുന്ന പ്രധാന പ്രശ്നമാണ് ഉൽപാദനക്ഷമതയുള്ള സങ്കരവർഗ്ഗ പശുക്കളുടെയും കിടാരികളുടെയും ദൗർലഭ്യം. ആയതിനാൽ ഇലന്തൂർ പഞ്ചായത്തിൽ ഒരു കന്നുകുട്ടി വളർത്തൽ കേന്ദ്രം സ്ഥാനിച്ച് ഉൽപാദനക്ഷമതയുള്ള കന്നുകുട്ടികളെയും കിടാരികളേയും വളർത്തി ക്ഷീരകർഷകരെ സഹായിക്കുക.

10. പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും മറ്റ് ദദുർബലവിഭാഗങ്ങൾക്കും സൗജന്യനിരക്കിൽ തൊഴുത്തുകൾ നിർമ്മിച്ചു നൽകുകയും ആടുമാടുകളെ ലഭ്യമാക്കുകയും ചെയ്യുക.

11. അങ്കണവാടികൾ, പ്രൈമറി സ്കൂളുകൾ എന്നിവ വഴി ക്ഷീരോൽപന്നങ്ങൾ വിതരണം ചെയ്ത് കുട്ടികളുടെ ആരോഗ്യം സംരക്ഷിക്കുന്നതോടൊപ്പം, ക്ഷീരോൽപന്ന നിർമ്മാണ യൂണിറ്റുകളെയും പ്രോത്സാഹിപ്പിക്കുക.

12. ഇലന്തൂർ പഞ്ചായതത്തിലെ ക്ഷീര കഷകർ നേരിടുന്ന മറ്റൊരു പ്രധാനപ്രശ്മാണ് ബീജാധാരണത്തിനുള്ള ബുദ്ധിമുട്ട്. പശുക്കളെ യഥാസമയം കുത്തിവയ്ക്കുന്നതിന് ബീജസങ്കലന കേന്ദ്രത്തിലേക്ക് കൊണ്ടുപോകുമ്പോൾ പുതിയ ചുറ്റുപാടിൽ പശുക്കളുൽ ഉണ്ടാകുന്ന വ്യതിയാനംപിമിത്തം ചന പിടിക്കാത വരുന്നു. പരസഹായത്തിൻെറ ബുദ്ധിമുട്ട്, വർദ്ധിച്ച പണച്ചെലവ് എന്നിവ കണക്കിലെടുത്ത് ഓരോ ക്ഷീരോൽപാദന സഹകരണസംഘത്തിൻെറയും നേതൃതചത്തിൽ സഞ്ചരിക്കുന്ന ബീജാധാന യൂണിറ്റുകൾ തുടങ്ങുക. ഇതിനായി തൊഴിൽ രഹിതരായ യുവതീ യുവാക്കളെ പ്രത്യേകം പരിശീലനം നൽകി നിയോഗിക്കാവുന്താണ്. ഈ രീതിയിൽ തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുകയും ചെയ്യാം.

13. സങ്കരവർഗ്ഗ പശുക്കളെ കുത്തിവയ്ക്കുന്നതിന് ഈടാാക്കുന്ന ചാർജുകൊണ്ട് പശുവിന് ചന പിടിക്കതെ വന്നാൽ മൂന്നു പ്രാവശ്യം കുത്തി വയ്പിക്കുവാൻ സാധിക്കുമായിരുന്നു. എന്നാൽ കഴിഞ്ഞ ഗവൺമെൻറ് ഈ സൗജന്യം നിർത്തലാക്കി. ഈ സൗജന്യം പുനഃസ്ഥാപിച്ച് ക്ഷീരകർഷകരെ സഹായിക്കണം.

14. ക്ഷീര കർഷകർക്ക് ആവശ്യമായ പരിജ്ഞാനം നൽകുന്നതിന് പഞ്ചായത്തിൽ വർഷം തോറും കന്നുകാലിപ്രദർശനവും രോഗപ്രതിരോധ കുത്തിവയ്പുകളും സെമിനാറും സംഘടിപ്പിക്കുകയും അതുവഴി നല്ലയിനം പശുക്കളുടെ ഉടമകൾക്ക് പാരിതോഷികവും പ്രോത്സാഹനവും നൽകി ഈ മേഖലയിലേക്ക് കൂടുതൽ ആളുകൾക്ക് കടന്നുവരുവാൻ താൽപര്യം ഉണ്ടാക്കുകയും വേണം.

15. കോഴിവസന്തക്കെതിരെയുള്ള പ്രതിരോധ കുത്തിവയ്പുകൾ ക്രമപ്രകാരം ലഭ്യമാക്കുക.

16. കോഴിത്തീറ്റ സുലഭമായും സുഗമമായും ലാഭകരമായും വിതരണം ചെയ്യുക. കോഴികളെ വിൽക്കുന്നതിന് സഹകരണസംഘം മുഖേന പൊതുസംവിധാനം ഉണ്ടുക്കുക.

17. താറാവു വളർത്തലിനും മുയൽ വളർത്തലിനും പ്രോത്സാഹനം നൽകി സഹായിക്കുക.

18. മൃഗസംരക്ഷണത്തിൻെറ എല്ലാമേഖലകളിലും ഇൻഷുറൻസ് സംരക്ഷണത്തിൻെറ പരിധിയിൽ കൊണ്ടുവരുക.

19. പരമ്പരാഗതമായി താറാവുവളർത്തൽ ഉപജീവനമാക്കിയ കുടുംബങ്ങളെ സാമൂഹിക ഇൻഷുറൻസ് പദ്ധതികളുടെ പരിധിയിൽ കൊണ്ടുവരണം. പെൻഷൻ, ക്ഷേമനിധി തുടങ്ങിയ ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടികൾ ഉണ്ടാകണം ബ്ലോക്ക് തലത്തിലോ ജില്ലാ തലത്തിലോ അവരുടെ പ്രവർത്തനം ഏകോപിപ്പിക്കുവാനും സഹകരണസംഘം രൂപീകരിക്കുക.

20. പേപ്പട്ടി ശല്യം തടയുക. ലൈസൻസ് ഇല്ലാത്തതും അലഞ്ഞുതിരിയുന്നതമമായ മുഴുവൻ നായ്ക്കളേയും പിടിച്ചു കൊല്ലുക.

21. പഞ്ചായത്തിൽ നിരവധി പൊതുകുളങ്ങൾ ഉള്ളത് മത്സ്യകൃഷിക്കായി ഉപയോഗിക്കുക. (ഉദാ: കുന്നത്തുചിറ) സ്വകാര്യകുളങ്ങളിൽ മത്സ്യകൃഷിക്ക് പ്രോത്സാഹനം നൽകുക. മേൽത്തരം മത്സ്യകുഞ്ഞുങ്ങളെ വിതരണം ചെയ്യുക.

കാർഷിക മേഖലയോട് തോൾ ചേർന്നു നിന്ന് പ്രകൃതിയുടെ ചാക്രിക പരിക്രമണം പൂർത്തീകരിക്കുവാൻ മൃഗസംരക്ഷണമേഖല നൽകുന്ന പിന്തുണ കിടയറ്റതാണ്. ഈ പ്രക്രിയയിൽ ആഹാരത്തെ പോഷക സംപുഷ്ടമാക്കുക, കാർഷിക മേഖലയിലേക്കാവശ്യമായ ജൈവ വളത്തിന്റെ ഇടമുറിയാതെയുള്ള ലഭ്യത, തൊഴിൽമേഖലയുടെ വികാസം, ഗ്രാമീണ സമ്പദ്ഘടനയ്ക്കുള്ള സംഭാവന തുടങ്ങിയ സുപ്രധാന ഘടകങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. അതിനാൽ നിരന്തരമായ പ്രോത്സാഹനം നല്കി ഈ മേഖലയെ സമ്പുഷ്ടമാക്കേണ്ടിയരരിക്കുന്നു.

22. പ്രായഭേദമന്യേ പശുവളർത്തലിന് സബ്സിഡി നൽകുക.



റബർ അധിഷ്ഠിത വ്യവസായം

# വ്യവസായം

6-2-A

ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിലാണെന്നും ഗ്രാമങ്ങളെ സ്വയംപര്യാപ്തമാക്കുകയാണ് രാഷ്ട്രപുനർ നിർമ്മാണത്തിനുള്ള ഏക പോംവഴി എന്നും കണ്ടറിഞ്ഞ ക്രാന്തദർശിയുണ് മഹാത്മജി. സ്വതന്ത്രഭാരതത്തിൽ അരനൂറ്റാണ്ടുകാലം ജനകീഷയഭരണം നടന്നിട്ടും ഗ്രാമങ്ങൾ സ്വയംപര്യാപ്തമായില്ല, അതിനാരും ശ്രമിച്ചില്ല. ഗ്രാമങ്ങളുടെ ചോരയും നീരും പട്ടണങ്ങളിലേക്കൊഴുകുകയാണ് ചെയ്തത്. ജ്വാല കണ്ടുമോഹിച്ച ശലഭത്തേപ്പോലെ നമ്മുടെ വ്യവസായമോഹങ്ങൾ വൻകിടവ്യവസായങ്ങളെ ചുറ്റിപ്പറ്റി ചിറകറ്റുവീഴുകയാണുണ്ടായത്. ഗ്രാമങ്ങളിൽ പട്ടണി മാറിയില്ല.. നഗരങ്ങളിൽ ചേരികളും അഴുക്കുചാലുകളും വളർന്നുവന്നു. വിഭവങ്ങൾ വേണ്ടവണ്ണം വിതരണം ചെയ്യപ്പെടാത്തതു കാരണം തലമുറകളിൽ നിന്നും തലമുറകളിലേക്കു ജീവിതനൈരാശ്യം വ്യാപിച്ചു. ഈ സമൂഹം ഒരിക്കലും നന്നാവില്ല എന്ന് ഉറച്ചുവിശ്വസിക്കുന്നവർ ധാരാളമുണ്ട്. നമുക്ക് ഒന്നിനും കുറവില്ല എന്നാൽ ദരിദ്രരാണുതാനും. ഗ്രാമങ്ങളിലെ ജനങ്ങൾക്ക് തങ്ങളുടെ ചുറ്റുമുള്ള വിഭവങ്ങൾ കൊണ്ട്, തങ്ങളുടെ ചുറ്റുവട്ടത്തിൽ വച്ചു തന്നെ ചെറുകിട-കുടിൽ വ്യവസായങ്ങളിൽ ഏർപ്പെടാനും തങ്ങളുടെ കർമ്മ ചൈതന്യം സാമ്പത്തികമാക്കി മാറ്റാനും ജീവിതം ഐശ്വര്യപൂർണ്ണമാക്കിത്തീർക്കാനും കഴിയണം. പട്ടണങ്ങളുടെ ഔദാര്യം ഗ്രാമങ്ങൾ നിഷേധിക്കണം. ജനങ്ങളുടെയും അധികാരസ്ഥാനങ്ങളുടെയും സാമ്പത്തിക സ്ഥാപനങ്ങളുടെയുംശ്രദ്ധ ഗ്രാമങ്ങളിലേക്കു തിരിയണം.. എങ്കിൽ മാത്രമേ രാഷ്ട്രപിതാവിൻെറ ആഗ്രഹം സഫലമാകുകയുള്ളു.

ഉത്സാഹികളും; അഭ്യസ്ഥവിദ്യരുമായ കേരളീയർക്കു സ്വയം തൊഴിൽ കണ്ടെത്തുന്ന ശീലമില്ല. അവർ അധികവും മറ്റുള്ളവർക്കുവേണ്ടി എവിടെയും ചെന്നു പണിചെയ്യുന്നവരാണ്. നാടിനോട് അടങ്ങാത്ത സ്നേഹവും താല്പര്യവുമുണ്ട്. എന്നാൽ പണംമുടക്കി എന്തെങ്കിലുമൊരു വ്യവസായം തുടങ്ങാനും നാട്ടിൽ തൊഴിൽ അവസരംസൃഷ്ടിക്കാനും ആരും തയ്യാറില്ല. മറ്റുള്ളവർക്കുവേണ്ടി അടിമപ്പണിയും ചെയ്യും എന്നാൽ സ്വയം യജമാനനാകാൻ തയ്യാറില്ല. വിഭവങ്ങൾ കേരളത്തിൽ ധാരാളമുണ്ട്. ഇന്ത്യയിൽ ഉൽപ്പാദിപ്പിക്കുന്ന സ്വാഭാവിക റബ്ബറിൻെറ 90% ൽ അധികം കേരളത്തിൽ നിന്നാണ് ലഭിക്കുന്നത്. റബ്ബറധിഷ്ടിത വ്യവസായങ്ങളുടെ 80% ലധികം കേരളത്തിനു പുറത്താണുതാനും-കേരളീയർക്കു വ്യവസായത്തോട് ആഭിമുഖ്യമുണ്ടാകണം- ജനകീയ ആസൂത്രണ പ്രക്രിയ കൊണ്ടെങ്കിലും കേരളത്തിൻെറ ഗ്രാമാന്തരങ്ങളിൽ കാര്യമായ ഉൾക്കാഴ്ചയും പുരോഗതിയും ഉണ്ടാകുമെന്നു പ്രതീക്ഷിക്കാം.

## വ്യവസായം

വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ഗ്രാമപ്രദേശമാണ് ഇലന്തൂർ. വൻകിട വ്യവസായങ്ങൾ ഒന്നും തന്നെ ഇല്ല. സ്വകാര്യമേഖലയിൽ ഏതാനും ചെറുകിടവ്യവസായങ്ങൾ മാത്രം നിലവിലുണ്ട്.

ഗ്രാമോദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി 1935-ൽ ശ്രീ.കെ.കുമാറിൻെറശ്രമഫലമായി ശ്രീചിത്തിര ഖാദിഗ്രാമവ്യവസായ സഹകരണസംഘം രൂപീകരിച്ചു. ഖാദിനൂൽപ്, നെയ്ത്ത്, സോപ്പുനിർമ്മാണം , കടലാസുനിർമ്മാണം, തേനീച്ച വളർത്തൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഇലന്തൂർ ഹരിജൻകോളനിയോടു ചേർന്നു നടത്തിയിരുന്നു.

1. ശ്രീ.കെ. കുമാർജിയുടെ നേതൃത്വത്തിൽ ഹരിജൻ ഗ്രാമോദ്ധാരണ സഹകരണ സംഘം രൂപീകരിച്ച് നെയ്ത്ത്, നൂൽനൂൽപ്പ്, സോപ്പ് നിർമ്മാണം, വിത്തുകാളവളർത്തൽ തുടങ്ങിയ നടത്തിയിരുന്നു.

2. 1935-40 കാലഘട്ടത്തിൽ ഇടപ്പരിയാരം വാല്യഴത്തിൽ ശ്രീ. വി.കെ. കേശവൻ സ്വന്തം നിലയിൽ നെയ്ത്തും നൂൽപൂൽപ്പും നടത്തിയിരുന്നു. കയറു പിരിയ്ക്കുന്നതിന് റാട്ടുകൾ സ്ഥാപിച്ചു പ്രവർത്തിപ്പിച്ചിരുന്നു. പുൽത്തൈലം നിർമ്മിച്ചിരുന്നു.

1942-ൽ ഖാദി കമ്മീഷൻെറ സഹായത്തോടെ ഖാദി ബോർഡ് ഖാദി ഗ്രാമ വ്യവസായ സഹകരണസംഘം ഏറ്റെടുത്തു. ഇന്നു ഖാദിബോർഡിൻെറ ജില്ലാ ഓഫീസ് ഇവിടെയാണ് പ്രവർത്തിക്കുന്നതെങ്കിലും ഉല്പാദനപ്രവർത്തനങ്ങൾ കാര്യമായി നടക്കുന്നില്ല. ഖാദി കൈക്കടലാസ് നിർമ്മാണം നടക്കുന്നുണ്ട്. പേപ്പർ, ബോർഡ്, ഫയലുകൾ എന്നിവയുംനിർമ്മിക്കുന്നത്. പിന്നെ ഇരുപത്തിയഞ്ചോളം



## റബ്ബർ അധിഷ്ടിത വ്യവസായം

തൊഴിലാളികൾ എച്ച്.എം.പി. യൂണിറ്റിൽ പണിചെയ്യുണ്ട്. എങ്കിലും അവരുടെ തൊഴിൽ പ്രശ്നങ്ങൾ ഒന്നും തന്നെ പരിഹരിക്കപ്പെട്ടിട്ടില്ല.

ചെറുകിടവ്യവസായ യൂണിറ്റുകളായ നെല്ലുകുത്തു മില്ലുകൾ എണ്ണയാട്ടുമില്ലുകൾ, തടിമില്ലുകൾ,ഫർണിച്ചർനിർമ്മാണശാലകൾ എന്നിവസ്വകാര്യമേഖലയിൽ ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്.

ഈറ്റകൊണ്ടുനിർമ്മിക്കുന്ന പരമ്പ്, കുട്ട, മുറം തുടങ്ങിയവ പാരമ്പര്യമായിനിർമ്മിക്കുന്നുണ്ട്. പർപ്പടക നിർമ്മാണവും പാരമ്പര്യമായി നടത്തുന്നു.

ചാരിറ്റബിൾ നിയമപ്രകാരം രജിസ്റ്റർ ചെയ്തുപ്രവർത്തിക്കുന്ന സംഘങ്ങളിതൽ റക്സിൻ, ലതർ ഉല്പന്ന നിർമ്മാണം, ക്ഷീരോല്പന്ന നിർമ്മാണം എന്നിവ എടുത്തുപറയത്തക്കതാണ്.

അഞ്ച് അച്ചടിശാലകളും, ഒൻപത് നെല്ലുകുത്തുമില്ലുകളും, മൂന്നു തടിഅറപ്പുമില്ലുകളും, മൂന്നുഫർണിച്ചർ നിർമ്മാണ യൂണിറ്റുകളും മൂന്നു വനിത വ്യവസായ യൂണിറ്റുകളും ഒരു നഴ്സറി കളിപ്പാട്ട നിർമ്മാണയൂണിറ്റുകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. വ്യവസായ മേഖല ഈ പഞ്ചായത്തിൽ വളരെ കുറച്ചു പേർക്കു മാത്രമേ തൊഴിൽ നൽകുന്നുള്ളു.

## പട്ടിക - 1

ചെറുകിട വ്യവസായങ്ങൾ

| വ്യവസായത്തിൻെറ പേര് | യൂണിറ്റ് എണ്ണം | തൊഴിലാളികൾ എണ്ണം | | ആകെ |
|---|---|---|---|---|
| | | സ്ത്രീ | പു. | |
| നെല്ലുകുത്തുമില്ല് | ൯ | - | 18 | 18 |
| വെൽഡിംഗ് വർക്ക്ഷോപ്പ് | 4 | | 20 | 20 |
| അച്ചടിശാല | 5 | 10 | 5 | 15 |
| തടിമില്ല് | 3 | - | 30 | 30 |
| ഫർണിച്ചർനിർമ്മാണം | 3 | - | 30 | 30 |
| സോഡ നിർമ്മാണം | 2 | - | 4 | 4 |
| ബേക്കറി | 2 | 2 | 2 | 4 |
| റെഡിമെയ്ഡ് വസ്ത്രനിർമ്മാണം | 1 | 2 | 2 | 4 |
| വാഹനങ്ങളുടെ സർവ്വീസ് സ്റ്റേഷൻ | 2 | - | 10 | 10 |
| റക്സിൻ ലതർ ഉൽപന്ന യൂണിറ്റ് | 1 | 10 | | 10 |
| ക്ഷീരോല്പന്ന യൂണിറ്റ് | 2 | 8 | - | 8. |
| മൊസൈക്ക് ടൈൽ നിർമ്മാണം | 1 | 5 | 5 | 10 |
| ആകെ | 35 | 37 | 129 | 161 |

## പട്ടിക 2

## പരമ്പരാഗത കുടിൽ വ്യവസായം

| ഇനം | യൂണിറ്റ് എണ്ണം | തൊഴിലാളികൾ (സ്വയം തൊഴിൽ) | | ആകെ |
|---|---|---|---|---|
| | | സ്ത്രീ | പു | |
| പർപ്പടക നിർമ്മാണം | 2 | 3 | 2 | 5 |
| ഈറ്റകൊണ്ടുള്ള പരമ്പ്, കുട്ട, മുറം മുതലായവ | | 6 | 4 | 10 |

ക്ഷീര വികസന വകുപ്പിൻെറ സാമ്പത്തിക സാങ്കേതിക സഹായത്തോടെ പ്രവർത്തിക്കുന്ന രണ്ടു ക്ഷീരോല്പന്ന യൂണിറ്റുകൾ ഇലന്തൂർ പഞ്ചായത്തിലുണ്ട്. ഇടപ്പരിയാരം, ഇലന്തൂർ പ്രദേശങ്ങളിൽ പ്രവർത്തിക്കുന്നു. പരിശീലനം ലഭിച്ച നാലു വനിതകൾ ചേർന്നാണ് ഒരു യൂണിറ്റ് നടത്തുന്നത്.

സുലഭമായി ലഭിയ്ക്കാവുന്ന അസംസ്കൃത വസ്തുൾ ഉപയോഗിച്ച് ആരംഭിക്കുന്നതിനുള്ള അനുകൂല സാഹചര്യങ്ങൾ ഈ പഞ്ചായത്തിലുണ്ട്. മൂലധനം മുടക്കാൻ പ്രാപ്തിയുള്ളവരും തൊഴിൽ രഹിതരും ഇവിടെയുണ്ട്. തുടങ്ങേണ്ട വ്യവസായത്തേകുറിച്ച് ശരിയായ അറിവും പ്രോത്സാഹനവും ഉണ്ടാകുകയും തൊഴിലില്ലാത്തവർക്ക് വേണ്ടത്ര പരിശീലനം കൊടുക്കുകയും ചെയ്താൽ പലതരം വ്യവസായങ്ങൾക്കും, പ്രത്യേകിച്ച് റബ്ബർ അധിഷ്ടിത വ്യവസായങ്ങൾക്ക് ഈ പഞ്ചായത്തിൽ വളരെയധികം സാദ്ധ്യതയുണ്ട്.

ഇന്നത്തെ നിലയ്ക്ക് ഈ പഞ്ചായത്ത് കേവലം ഉപഭോക്താക്കളുടെ കോളനിയാണ്. ഇവിടെ വസിക്കുന്ന മുഴുവൻ ജനങ്ങൾക്കും അാവശ്യമുള്ള നിത്യോപയോഗ വസ്തുക്കൾ ബഹുഭൂരിപക്ഷവും പുറത്തു നിന്നും കൊണ്ടു വരികയാണ്. വ്യവസായത്തിന് അാവശ്യമായ കാർഷിക ഉല്പന്നങ്ങൾ ഇവിടെ ഇല്ലാത്തതിനാൽ കാർഷികേതര വ്യവസായങ്ങളാണ് ഈ പഞ്ചായത്തിന് അഭികാമ്യം.

### പ്രശ്നങ്ങൾ

1. മൂലധനം ഉണ്ടായിട്ടും അതു വ്യവസായത്തിൽ മുതലിറക്കാനുള്ള താല്പര്യക്കുറവ്.
2. ബോധപൂർവ്വം വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് മുൻകാലങ്ങളിതൽ ഉത്സാഹിച്ചിട്ടില്ല എന്നത്.
3. മാതൃകാപരമായി, ലാഭകരമായി നടക്കുന്ന ഒരു വ്യവസായം പോലും ഈ പഞ്ചായത്തിൽ ഇല്ല എന്നുള്ളത്.
4. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം.
5. ഖാദിഗ്രാമ വ്യവസായങ്ങളുടെ പരാജയം.
6. അഭ്യസ്ത വിദ്യരെ സംരംഭകരായി മാറ്റാനുള്ള പരിശീലനവും പ്രോത്സാഹനവും ലഭിക്കാത്തത്.
7. ധനകാര്യസ്ഥപാനങ്ങളുടെ വീമുഖതയും കടുംപിടത്തവും.

8. വ്യവസായീക സംസ്കാരം വളർത്തിയെടുക്കുന്നതിന് ഈ പഞ്ചായത്തിൽ മുമ്പ് ഒരു സമിതിയും ശ്രദ്ധിച്ചിട്ടില്ല എന്നത്.

9. വൈദ്യുതിയുടെ ദൗർലഭ്യം.

## ചുരുങ്ങിയ മുതൽ മുടക്കിൽകമ്പോള സാദ്ധ്യതയുള്ള ചെറുകിട വ്യവസായികങ്ങൾ.

1 കൈതനാരും-നൂലുംകൊണ്ടുള്ള ഉല്പന്നങ്ങൾ

2. അടയ്ക്കാ പാക്കു ഉല്പന്നങ്ങൾ

3. ബേക്കറി നിർമ്മാണം

4. സാമ്പ്രാണിത്തിരി നിർമ്മാണം

5. മെഴുകുതിരി

6. കറിപൗഡർ അച്ചാറുകൾ ഉണ്ടാക്കുക

7 മിഠായി

8. ഫർണിച്ചർ

9. വൈക്കോൽ ഡിസൈനിംങ്ങ്

10. ഐസ് ഉണ്ടാക്കുക.

11. തീപ്പെട്ടി

12. സോപ്പ്

13. ഇലക്ട്രാപ്ലേറ്റ്

14. തുന്നൽകട(റെഡിമേയ്ഡ്)

15. പാൽ ഉപയോഗിച്ചുള്ള ഉല്പന്നം

16. പിക്കിൾസ്

17. ചെരുപ്പ് ആൻറ്ബാഗ്

18. കരകൗശലവസ്തുക്കൾ

19. പ്ലാസ്റ്റിക്ക് ഉല്പന്നങ്ങൾ

20. പേപ്പർ കവർ

21. ഹോളോബ്രിക്സ് നിർമ്മാണം

22. സ്വിച്ച് ബോർഡു നിർമ്മാണം

23. മെറ്റൽ ക്രഷിംഗ്

24. ശാസ്ത്രീയമായ കോഴിവളർത്തൽ

25. കൂൺവ്യവസായം

26. കുട നിർമ്മാണം

27. ചിപ്സ് നിർമ്മാണം

28. പന്നി, കോഴി, ആട്, പശു മുതലായവ

## റബർ അധിഷ്ടിത വ്യവസായം

1. റബർ ബാൻഡ് നിർമ്മാണം

2. റബർ പാൽ സംസ്ക്കരണം

3. റബർ മെത്ത നിർമ്മാണം.

4. റബർ മാറ്റ് നിർമ്മാണം.

5. റബർ തടി ഉല്പന്നങ്ങൾ.

6. റബർ തടിസംസ്ക്കരണം

7. റബർ തടിഫർണിച്ചർ നിർമ്മാണം.

## എൻജിനിയറിംഗ് വ്യവസായങ്ങൾ

1. എൻജിനിയറിംഗ് ലെയ്ത്ത്
2. ഇരുമ്പ്-നാകം കൊണ്ടുള്ള തൊട്ടി നിർമ്മാണം
3. ആണി-മൊട്ടുസൂചി നിർമ്മാണം
4. കെട്ടു കമ്പി നിർമ്മാണം
5. നട്ട് ബോൾട്ട് നിർമ്മാണം.
6. എർത്തിംഗിനുള്ള ചെമ്പുകമ്പി നിർമ്മാണം.
7. സ്റ്റീൽ അലമാരകളും മറ്റു ഫർണീച്ചറുകളും

## ഖാദി മേഖല - വ്യവസായ സാധ്യതയുള്ളത്

1. കൊപ്രാ സംസ്ക്കരണവും വെളിച്ചെണ്ണ നിർമ്മാണവും
2. കാലിതീറ്റ നിർമ്മാണം.
3. കറിപൗഡർ, ചിപ്സ്, അച്ചാർ, ജാമുകൾ

   നിർമ്മാണം.
4. സുഗന്ധത്തിരി നിർമ്മാണം.
5. റബർമെത്ത നിർമ്മാണം.
6. പായ്ക്കിംഗ് കേസ് നിർമ്മാണം
7. സോപ്പ് നിർമ്മാണം
8. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം.
9. നൂൽനൂൽപ്പും നെയ്ത്തും.

മേൽപ്പറഞ്ഞ വ്യവസായങ്ങൾ ഈ നാട്ടിൽ വിജയകരമായി നടത്തിയ ധാരാളം ആളുകൾക്ക്, പ്രത്യേകിച്ച്, സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ ലഭ്യമാക്കാവുന്നതാണ്.

## സഹകരണ മേഖലയിൽ ആരംഭിക്കാവുന്ന

## വ്യവസായങ്ങൾ

| വിഭാഗം | നമ്പർ | ഇനം |
|---|---|---|
| വനിതാ സഹകരണ സംഘം | 1 | പൂക്കൾ വ്യവസായം |
| സംഘം | 2 | തയ്യൽ, ഗാർമെൻറ |
| | 3 | കറിപൗഡർ, അച്ചാർ |
| | 4 | ബാഗ്, റെയിൻകോട്ട് നിർമ്മാണം. |
| | 5 | കുടനിർമ്മാണം. |
| ജനറൽ | 1 | സിമൻറുകൊണ്ടുള്ള കട്ടിള, ജനൽ നിർമ്മാണം. |
| | 2 | ഇഷ്ടികനിർമ്മാണം |
| | 3 | കോഴി വളർത്തൽ |
| | 4 | കന്നുകാലി ഫാം |
| | 5 | തേനീച്ച വളർത്തൽ |
| | 6 | സോളാർലൈറ്റുകളുടെ പ്ലേറ്റുകളും അനുബന്ധ ഉപകരണങ്ങളും. |
| | 7 | റബർ കൂടതൈ ഉല്പാദനം |
| | 8 | ഇലക്ട്രോണിക് ഉപകരണങ്ങളുടെ കൂട്ടി ചേർപ്പ് |
| പട്ടിക ജാതി വർഗ്ഗസഹകരണ സംഘം | 1 | പായ്നെയ്ത്ത് |
| | 2 | കുട്ട, പനമ്പ് നിർമ്മാണം |
| | 3 | ചൂരൽ ഉല്പന്നങ്ങൾ |

## ടൂറിസം

ജില്ലാ കേന്ദ്രത്തിനോടടുത്ത സ്ഥലമായതിനാൽ ടൂറിസ്റ്റുകൾക്ക് ഗ്രാമാന്തരീക്ഷത്തിൽ താമസിക്കാവുന്ന വിധത്തിൽ താമസ സൗകര്യങ്ങൾ ക്രമീകരകക്കാവുന്നതാണ്.

## വൈദ്യുതി

വൈദ്യുതി ഉല്പാദിപ്പിക്കുവാൻ സൗരോർജ്ജം അല്ലാതെമറ്റു സ്രോതസ്സുകൾ ഇവിടെയില്ല നിലവിലുള്ള ശ്ചന്ത വിതരണ സംവിധാനം കുറ്റമറ്റതല്ല. ഇലന്തൂരിലേക്കു മാത്രമായയി ഒരിപാരലൽ 11 കെ.വി ഫീഡർ സബ് സ്റ്റേഷനിൽ നിന്ന് വൈദ്യുതി കൊണ്ടുവന്ന് വിതരണം ക്രമീകരിച്ചെങ്കിൽ മാത്രമേ നിലവിലുള്ള വൈദ്യുതി വിതതരണം മെച്ചപ്പെടുകയുള്ളൂ. നിലവിലുള്ളട്രാൻസ്ഫോർമറുകളുടെ അറ്റകുറ്റപ്പണികൾ നടത്തുകയും കാര്യക്ഷമത കുറഞ്ഞവ മാറ്റി സ്ഥാപിക്കുകയും വേണം. ഈ പഞ്ചായത്തിൽ ഏതു വ്യവസായം തുടങ്ങണമെങ്കിലും നിലവിലുള്ള വൈദ്യുതി വിതരണ സംവി ധാനത്തിൽ കാരമായ മാറ്റം വരുത്തേണ്ടിവരും.

## ഗ്രാമ സഭയിലെ നിർദ്ദേശങ്ങൾ

1. റബർ അധുഷ്ടിത വ്യവസാവങ്ങൾക്ക് വളരെ സാദ്ധ്യത ഉള്ളതിനാൽ ഈ രംഗത്ത് കൂടുതൽ വ്യവസായങ്ങൾ അാരംഭിക്കണം.

2. ആധുനീക രീതിയിൽ റബർ തടി സംസ്കരിച്ച് മെച്ചപ്പെട്ട രീതിയിൽ ഫർണിറുകൾ ഉണ്ടുക്കാവുന്ന യൂണിറ്റുകൾ ആരംഭിക്കണം.

3. പാൽ ഉൽപാദനം വർദ്ധിപ്പിച്ചുകൊണ്ടു വിവിധ തരത്തിലുള്ള ക്ഷീരോല്പന്ന യൂണിറ്റുകൾ സ്ഥാപിക്കണം.

4. ഖാദിഗ്രാമവ്യവസായ പുരോഗതി ലക്ഷ്യമാക്കി സർക്കുർ സഹായത്തോടുകൂടി ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കാവുന്നതാണ്.. ഇതിനുള്ള സ്ഥലം പാഞ്ചയത്തു കൊടുക്കേണ്ടതായിട്ടുണ്ട്.

5. ആധുനിക സാങ്കേതികിവിദ്യ ഉപയോഗിച്ച് റൈസ് മില്ലുകൾ സഹകരണ മേഖലയിലോ സ്വകാര്യ മേഖലയിലോ ആരംഭിക്കണം.

6. പുതിയ വ്യവസായ യൂണിറ്റുകൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നതിന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനും നിലവിലുമ്മള്ളനടപടിക്രമം ലഘൂകരിക്കണം.

7. കറി പൗഡർ, അച്ചാർ, ബേക്കറിയൂണിറ്റുകൾ, മെഴുകുതിരി, സോപ്പ്, പേപ്പർ കവറുകൾ മുതലായവ നിർമ്മിക്കുന്ന യൂണിറ്റികൾ സഹകരണടടിസ്ഥനത്തിൽ ആരംഭിച്ചാൽ വളരെയധികം ആളുകൾക്ക് പ്രത്യേകിച്ച് സ്ത്രീകൾക്ക് തൊഴിതൽ കൊടുക്കാൻ സാ ധിക്കുന്നതാണ്.

8. ഖാദിമേഖലയിൽ നൂൽനൂൽപ്പും നെയ്തും വ്യാപിപ്പിക്കാം. പരിശീലനം നൽകുന്നതിന് പ്രാപ്തരായവർ ഇവിടെത്തന്നെയുണ്ട്.

9. കളിമൺ ഉല്പന്നങ്ങൾ നിർമ്മിക്കുൻ സാദ്ധ്യതയുണ്ട്. മുത്തൻകുഴിഭാഗത്ത് കളിമണ്ണുനിക്ഷേപം കാണുന്നുണ്ട്.

10. ആയുർവേദ ഔഷധങ്ങളുടെ നിർമ്മാണം വ്യാവസായിക അടടിസ്ഥാനത്തിൽ നടത്തുന്നതിന് സഹകരണാടിസ്ഥാനത്തിൽ സംഘങ്ങൾ രൂപീകരിക്കാവുന്നതാണ

11. പ്ലാസ്റ്റിക് ഉല്പന്ന നിർമ്മാണയൂണിറ്റ് വളരെയധികം തൊഴിൽസാദ്ധ്യത വർദ്ധിപ്പിക്കുന്നു.



# ഗതാഗതം, ഊർജ്ജം, മാർക്കറ്റ്.

6-2-B

ഇലന്തൂർ ഗ്രാമപഞ്ചായത്തിലെ പ്രധാന ഗതാഗത മാർഗ്ഗം റോഡുകൾ മാത്രമാണ്. ജില്ലാകേന്ദ്രവുമായി തൊട്ടുരുമ്മി സ്ഥിതിചെയ്യുന്ന ഈ ഗ്രാമത്തിലെ ആദ്യ റോഡുകൾ അച്ചൻ കോവിൽ-ആറന്മുള, പരിയാരം-ഓമല്ലൂർ, പരിയാരം-ഇലവുംതിട്ട റോഡുകളാണ്. കാളവണ്ടിയിലാണ് ചരക്ക്-ഗതാഗതമാർഗ്ഗങ്ങൾ നടന്നുവന്നത് ആദ്യം ടാർ ചെയ്യുന്നത് തിരുവല്ല-കുമ്പഴ റോഡാണ്. ഇപ്പോൾ ഏറ്റവും പ്രാധാന്യം അർഹിക്കന്നതും, കൂടുതൽ വാഹനങ്ങൾ ഓടുന്നതുായ വഴിയും ഇതുതന്നെയാണ്. പാസായത്തിൽ ഗതാഗതയോഗ്യമായ 59.790 കി.മീറ്റ ർ ദൂരം റോഡാണ് ഉള്ളത്. ഇതിൽ ബസ്സ്സർവ്വീസ് ലഭ്യമായിട്ടുള്ളത് 27 കി.മീറ്റർ ദൂരം റോഡിൽ കൂടി മാത്രമാണ്. ടാർ റോഡ്,, മെറ്റൽ റോഡ്, മൺറോഡ്, എന്നിങ്ങനെയായി മൊത്തം 119.656 കി.മീറ്റർ ദൂരം റോഡാണ് ഈ ഗ്രാമത്തിൽ ഉള്ളത്. ഇതിൽ ഭൂരിഭാഗം റോഡുകളും ആദ്യകാലങ്ങളിൽ നാട്ടുകാരുടെ ശ്രമദാനമായി നിർമ്മിച്ചിട്ടുള്ളവയാണ്. പിന്നീട് അവ പഞ്ചായത്തും, സർക്കാരും ഏറ്റെടുത്ത് നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളവയാണ്.

പഞ്ചായത്തിൽ നിലവിലുള്ള റോഡുകളെ പി.ഡബ്ല്യൂ.ഡി റോഡുകൾ, ബ്ലോക്കിൻെറ ചുമതലയിൽ പണി നടത്തിയ റോഡുകൾ, പഞ്ചായത്ത് റോഡുകൾ എന്നിങ്ങനെ തരം തിരിക്കാം. ബ്ലോക്കിൻെറ ചുമതലയിൽ പണികഴിപ്പിച്ച റോഡുകളും പഞ്ചായത്തിൻെറ അധീനതയിലാണ്. പഞ്ചായത്തിൽ നിവിലുള്ള റോഡുകളെ സംബന്ധിച്ച സംക്ഷിപ്തരൂപം പട്ടിക ഒന്നിൽ ചേർക്കുന്നു.

പട്ടിക 1

| ക്രമനമ്പർ | ഇനം | ഉടമസ്ഥത | ദൂരം(കി.മീ) |
|---|---|---|---|
| 1 | ടാർ റോഡുകൾ | പി.ഡബ്ല്യൂ.ഡി. | 29.000 |
| | | പഞ്ചായത്ത് | 26.760 |
| 2 | മെറ്റൽ റോഡുകൾ | പഞ്ചായത്ത് | 2. 935 |
| 3 | മൺറോഡുകൾ | പഞ്ചായത്ത് | 60.961 |
| | | ആകെ | 119.656 |

റയിൽഗതാഗതവും, ജലഗതാഗതമാർഗ്ഗങ്ങളും ഈ ഗ്രാമത്തിൽ ഇല്ല. എന്നൽ നിർദ്ദിഷ്ടം തകഴി-പുനലൂർ റയിൽപാത ജില്ലാകേന്ദ്രത്തിൽ ബന്ധിപ്പിച്ചു പോയാൽ റയിൽ ഗതാഗതം ഈ ഗ്രാമത്തിന് ഗുണകരമാണ്.

## ബസ്റ്റാൻറുകൾ

പഞ്ചായത്തു ബസ്സ്സ്റ്റാൻറുകൾ, ഓട്ടോ, ടാക്സിസ്റ്റാൻറുകൾ ഒന്നും നിർമ്മിച്ചിട്ടില്ല. ഇലന്തൂർ ജംഗ്ഷനിൽ ഓട്ടോറിക്ഷാ-70, ടാക്സികാർ-25, ജീപ്പ്-15 ടെമ്പോ-10, ലോറി-6 എന്നീക്രമത്തിൽ വാഹനങ്ങൾ റോഡരികിൽ പാർക്കു ചെയ്യുന്നു. ഗതാഗത തടസ്സം, അപകടങ്ങൾ ഇവ ഒഴിവാക്കുന്നതിന് പ്രത്യേകം പാർക്കിംഗ് സൗകര്യം പഞ്ചായത്തിൽ നിന്നും ഏർപ്പെടുത്തേണ്ടതുണ്ട്.

പഞ്ചായത്തിൽ നിലയവിലുള്ള ടാർ റോഡുകൾ, അവയുടെ ഉടമസ്ഥത, ദൂരം, വീതി, യാത്രാസൗകര്യങ്ങൾ എന്നിവ താഴെ കൊടുക്കുന്ന പട്ടികയിൽ കാണിച്ചിരിക്കുന്നു.

## പട്ടിക 2

## പഞ്ചായത്തിലെ ടാർ റോഡുകൾ

| നമ്പർ | റോഡിൻെറ പേര് | ഉടമസ്ഥത | ആകെ ദൂരം (കി.മീ.) | ടാർ ചെയ്ത ദൂരം (കി.മീ.) | വീതി (മീ.) | ബസ്/മറ്റു യാത്രാ സൗകര്യം |
|---|---|---|---|---|---|---|
| 1 | തിരുവല്ല-കുമ്പഴ (S.H. 7) | പി.ഡബ്ല്യൂ.ഡി. | 8 | 8 | 10 | ഉണ്ട് |
| 2 | പരിയാരം-ഓമല്ലൂർ | പി.ഡബ്ല്യൂ.ഡി. | 3 | 3 | 8 | ഉണ്ട് |
| 3. | വല്യപരിയാരം-പൂക്കോട് | പി.ഡബ്ല്യൂ.ഡി. | 4 | 4 | 8 | ഉണ്ട് |
| 4. | പര്യാരം-വെട്ടിപ്പുറം | പി.ഡബ്ല്യൂ.ഡി. | 7 | 7 | 8 | ഉണ്ട് |
| 5. | പര്യാരം-ആറന്മുള | പി.ഡബ്ല്യൂ.ഡി. | 2 | 2 | 8 | ബസ്സർവ്വീസ് ഇല്ല |
| 6. | ഇലവുംതിട്ട-പരിയാരം | പി.ഡബ്ല്യൂ.ഡി. | 3 | 3 | 8 | ഉണ്ട് |
| 7. | ഗണപതിഅമ്പലം-കുഴിക്കാല | പി.ഡബ്ല്യൂ.ഡി. | 2 | 2 | 8 | ഉണ്ട് |
| 8. | മലമുറ്റം-പുനംതുരുത്തി (വാർഡ് 1) | പഞ്ചായത്ത് | 0.580 | 0.200 | 8 | ബസ്സർവ്വീസ് ഇല്ല |
| 9. | ആനപ്പാറ-ഹരിജൻകോളനി (വാർഡ് 3) | പഞ്ചായത്ത് | 0.950 | 0.400 | 5 | ബസ്സർവ്വീസ് ഇല്ല |
| 10. | ശാന്തി ആശ്രമം റോഡ് (വാർഡ് 3) | പഞ്ചായത്ത് | 0.800 | 0.500 | 4 | ബസ്സർവ്വീസ് ഇല്ല |
| 11. | കരിയിലമണ്ണിൽപ്പടി-മൈലാടും പാറഅരീക്കൽഭാഗം (വാർഡ് 4) | പഞ്ചായത്ത് | 1.500 | 1.000 | 4 | ബസ്സർവ്വീസ് ഇല്ല |

| | | | | | | |
|---|---|---|---|---|---|---|
| 12. | മുളയ്ക്കൽപടി അരീയ്ക്കൽ ഭാഗം (വാർഡ് 4) | പഞ്ചായത്ത് | 1.400 | 1.000 | 8 | ബസ്സർവ്വീസ് ഇല്ല |
| 13. | ഇലന്തൂർമാർക്കറ്റ്-ഭഗവതിക്കുന്ന് ചിറക്കാല (വാർഡ് 4) | പഞ്ചായത്ത് | 3.000 | 3.000 | 8 | ബസ്സർവ്വീസ് ഇല്ല |
| 14. | ഇല്ലത്തുപടി-നാഗവര (വാർഡ് 4) | ; | 3.000 | 1.500 | 8 | ; |
| 15. | ഭഗവതിക്കുന്ന്-പാലച്ചുവട് (വാർഡ് 5) | ; | 0.360 | 0.360 | 4 | ; |
| 16. | വാര്യാപുരം-കടക്കൽ (വാർഡ് 6) | ; | 1.200 | 1.200 | 8 | ; |
| 17. | ഇലന്തൂർ-ഇടപ്പരിയാരം-കടയ്ക്കൽ (വാർഡ് 7) | ; | 2.500 | 2.500 | 8 | ; |
| 18. | പി.എച്ച് സെൻറർ റോഡ് (വാർഡ് 8) | ; | 1.050 | 1.050 | 3.5 | ; |
| 19. | ആശാരിമുക്ക്-മഹാണിമല(വാർഡ് 9) | ; | 0.900 | 0.500 | 4 | ; |
| 20. | നെല്ലിക്കുന്നത്തുപടി-വെള്ളപ്പാറ (വാർഡ് 9) | ; | 1.150 | 1.150 | 8 | ; |
| 21. | വെള്ളപ്പാറ-നെടുമുരുപ്പ് (വാർഡ് 9) | ; | 2.000 | 2.000 | 8 | ; |
| 22. | തെങ്ങുംതറ-ഇടപ്പാറ (വാർഡ് 3) | ; | 0.400 | 0.400 | 4 | ; |

പഞ്ചായത്തിൽ മെറ്റൽ ചെയ്തിട്ടുള്ളതും, എന്നാൽ ടാർ ചെയ്തിട്ടില്ലാത്തതുമായ റോഡുകളുടെ പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 3

| ക്രമനമ്പർ | വാർഡ് | റോഡിൻെറ പേര് | ടാർചെയ്യേണ്ട ദൂരം (കി.മി) | വീതി (മീറ്റർ) |
|---|---|---|---|---|
| 1 | 2 | ശാസ്ത്രിറോഡ് | 0.585 | 3.5 |
| 2 | 6 | വാര്യാപുരം-പേക്കാവുങ്കൽ-മുത്തൻകുഴി | 1.950 | 8 |
| 3 | 8 | കടയ്ക്കൽ-വരട്ടുചിറ-പൂക്കോട് | 0.400 | 8 |
| | | ആകെ | 2.935 | |

അടിയന്തിരമായി അറ്റകുറ്റപ്പണികൾ ആവശ്യമുള്ളതും, ടാറിംഗ് ഉൾപ്പെടെയുള്ള പണികൾ നടത്തേണ്ടതുമായ റോഡുകളുടെ വിവരങ്ങൾ ഗ്രാമസഭകളിൽ നിന്നും നിർദ്ദേശിച്ചിട്ടുണ്ട്. ചെറുതും വലുതുമായ എല്ലാ റോഡുകളും ടാർ ചെയ്യണമെന്നാണ് നാട്ടുകാരായ ഓരോരുത്തരുടേയും ആഗ്രഹം. വികസനമേഖലയിൽ റോഡുകളുടെ പങ്ക് സുപ്രധാനമാണ് എന്നാൽ

കാർഷീക വ്യവസായമേ ഖ ലകളിൽ ഉൽപാദന വർദ്ധനവിലും, ആരോഗ്യ പരിപാലന സ്ഥാപനങ്ങളുടെ നിർമ്മാണത്തിനും, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നിർമ്മാണത്തിനും, കുടിവെള്ള വിതരണത്തിനും, വൈദ്യുതീകരണത്തിനും ഭീമമായ തുക ചിലവഴിക്കേണ്ട അവസ്ഥയാണുള്ളത്. ഈ സാഹചര്യത്തിൽ എല്ലാ റോഡുകളും ഉടൻ ടാർ ചെയ്തുന്നാക്കണമെന്ന നാട്ടുകാരുടെ ആവശ്യം നിറവേറ്റുവാൻ കഴിയാതെ വരുന്നു

ഗ്രാമസഭാറിപ്പോർട്ടുകളിലെ നിർദ്ദേശങ്ങളും, വാർഡുമെമ്പറന്മാരിൽ നിന്നും ലഭിച്ച അഭിപ്രായങ്ങളും പരിഗണിച്ച് പഞ്ചായത്തിലെ എല്ലാ വാർഡുകളിൽ നിന്നും അടിയതിരമയയി ടാറിംഗ് ഉൾപ്പെടെയുള്ള പണികൾ നടത്തേണ്ടതായ ഓരോ റോഡുകൾ വീതം എന്ന അടിസ്ഥാനത്തിൽ ഏറ്റവും മുൻഗണന നൽകി റോഡുകളുടെ പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 4

| ക്രമനമ്പർ | വാർഡ് | റോഡിൻെറ പേര് | നീളം (കി.മീ) | വീതി (മീറ്റർ) |
|---|---|---|---|---|
| 1 | 1 | ഓവിൽപ്പടി-കോട്ടക്കാവിനാൽ | 1.160 | 6 |
| 2 | 2 | തേക്കുമുറിപ്പടി-ചായപ്പുന്നയ്ക്കൽ ഹരിജൻ ശ്മശാനം | 0.950 | 5 |
| 3 | 3 | പുലിപ്രേത്തുപടി-പറമ്പിൽപ്പടി (മുജീബ് റോഡ്) | 0.742 | 4 |
| 4 | 4 | മൗണ്ട് റോഡ് | 0.960 | 4 |
| 5. | 5 | പാലമൂട്ടിൽപടി-ചരുവിൽ-ചാങ്ങയിൽ-നെല്ലിക്കുന്നത്ത് | 3.000 | 5 |
| 6 | 6 | കാരൂർമേലേഭാഗം റോഡ് | 2.150 | 8 |
| 7 | 7 | പരിയാരം-കൊല്ലംപാറ-കടയ്ക്കൽറോഡ് | 2.500 | 8 |
| 8. | 8 | മേലേതുമ്പോന്തറ-ചെമ്പകത്തിനാൽ റോഡ് | 1.000 | 4 |
| 9. | 9 | നെല്ലിക്കാലാ-വട്ടനിൽക്കുന്നതിൽപ്പടി റോഡ് | 0.480 | 3 |

പട്ടിക 4-ൽ പറഞ്ഞിട്ടുള്ളതായ റോഡുകൾ കഴിഞ്ഞാൽ മൺപണികൾ, കലുങ്ക് നിർമ്മാണം, പാർശ്വഭിത്തികൾ, ഓടകളുടെനിർമ്മാണങ്ങൾ എന്നിവ നടത്തി ടാറിംഗ് ഉൾപ്പെടെയുള്ളപണികൾ നടത്തേണ്ടതായ പഞ്ചായത്തിലെ വാഃർഡുകൾ തിരിച്ചുള്ള പഞ്ചായത്തു റോഡുകളുടെ പട്ടിക ചുവടെ ചേർക്കുന്നു.

## പട്ടിക 5

| ക്രമനമ്പർ | വാർഡ് | റോഡിൻെറ പേര് | ദൂരം (കി.മീ) | വീതി (മീ.) |
|---|---|---|---|---|
| 1. | 1 | കാവൽപടി - മൈലാടുംപാറ | 0.500 | 3 |
| 2. | ,, | മലമുറ്റം - പുനംതുരുത്തി | 0.250 | 8 |
| 3. | ,, | മുട്ടത്തറപടി - മൈലാടും പാറ | 0.625 | 5 |
| 4. | ,, | വല്യവട്ടം-എം.ടി.എൽ.പി.എസ് ഇരുന്നകുഴി-കല്ലിമല | 0.550 | 4 |
| 5. | ,, | വല്യവട്ടം-നൂറനാക്കുഴി | 0.452 | 4 |
| 6. | ,, | തെക്കേപ്പറമ്പിൽപടി - പൂക്കന്നൂർ ലക്ഷംവീട് | 0.610 | 4 |
| 7. | ,, | ഓവിൽപടി - പൂക്കന്നൂർ ലക്ഷംവീട് | 0.500 | 3 |
| 8. | ,, | കുളത്തുങ്കൽപ്പടി-മലയിരിക്കുംമുരുപ്പ്-ചെമ്പകത്തിനാൽ | 0.550 | 3.6 |
| 9. | ,, | വല്യവട്ടം-ഇരുന്നക്കുഴി(എം.റ്റി.എൽ.പി./എസ്) | 0.200 | 3.5 |
| 10. | ,, | ഇടമമല-കുറത്തിയാട്ടു ഭാഗം | 0.450 | 4 |
| 11. | 2 | കുളത്തുങ്കൽപ്പടി-ഗവ:എച്ച്.എസ്സ്-തെക്കേമുറിപ്പടി | 0.450 | 4 |
| 12. | ,, | ഇലന്തൂർഹരിജൻശ്മശാനം-വെള്ളിക്കരമല-പേർക്കോട്ടുപടി | 0.535 | 3 |
| 13 | ,, | കുറ്റിയിൽപ്പടി റോഡ് | 0.108 | 3 |
| 14. | ,, | കുമാരനല്ലൂൽ വലിയപള്ളി-വലിയകാല | 0.580 | 3.5 |
| 15. | ,, | മണ്ണിൽപ്പടി-തെക്കേടത്തുപടി | 0.100 | 3 |
| 16. | ,, | മുട്ടത്തറപ്പടി-നിരവത്തുപടി | 0.500 | 3.5 |
| 17. | ,, | പുലിപ്രേത്തുപടി-ഇടയിലേതത്തുപടി-മണ്ണിൽപ്പടി | 0.750 | 2.5 |
| 18. | ,, | ആശാൻപറമ്പിൽപ്പടി-വരിക്കോലിൽപ്പടി | 0.500 | 3 |
| 19. | ,, | ചേക്കോട്ടുപടി-പുത്തൻവീട്ടിൽപ്പടി-മണ്ണിൽപ്പടി | 0.250 | 3 |
| 20. | ,, | ആനപ്പാറ-ഹരിജൻ കോളനി | 0.550 | 5 |
| 21. | ,, | വൈം.എം.സി.എ റോഡ് | 0.400 | 3 |

| | | | | |
|---|---|---|---|---|
| 22. | 8 | പുലിപ്രേത്തുപടി-കല്ലുപാലത്തുങ്കൽ | 0.900 | 3 |
| 23. | 8 | കൊല്ലോഴിയിൽപടി-കനാൽ റോഡ് | 1.050 | 4 |
| 24. | 8 | തൊണ്ടി നിൽക്കുന്നതിൽപ്പടി-പുളിന്തിട്ടവലിയതോട് | 0.502 | 4 |
| 25. | 8 | കാവീൽപടി-പുലിപ്രേത്തുപടി | 0.515 | 3 |
| 26. | 8 | പുലിപ്രേത്തുപടി-തെങ്ങിനാൽപടി | 0.750 | 8 |
| 27. | 8 | മുഞ്ഞിനാട്ടുപടി-ശാന്തി ആശ്രമം | 0.500 | 3.5 |
| 28. | 8 | മുഞ്ഞിനാട്ടുപടി-താഴയിൽ | 0.370 | 4 |
| 29. | 4 | ഇലന്തൂർ മാർക്കറ്റ്-ഭഗവതിക്കുന്ന്-ചിറക്കാല | 2.000 | 8 |
| 30. | 8 | തായ്മണ്ണിൽപ്പടി-പെരുവൻകുളം | 0.870 | 4 |
| 31. | 8 | കാരയ്ക്കാട്ടുപടി-കണ്ണങ്കര | 0.500 | 3 |
| 32. | 8 | കുരിക്കാട്ടിൽപ്പടി-കണ്ണങ്കര | 0.500 | 3.5 |
| 33. | 8 | കരിയിലാമണ്ണിൽപ്പടി-മൈലാടുംപാറഅരീക്കൽഭാഗം | 0.500 | 4 |
| 34. | 8 | തോമ്പിൽകോയിക്കൽ-മൈലാടുംപാറ | 0.800 | 4 |
| 35. | 8 | മുളയ്ക്കൽപ്പടി-അരീയ്ക്കൽഭാഗം | 0.400 | 8 |
| 36. | 8 | ഇല്ലത്തുപടി-നാഗവര | 1.500 | 8 |
| 37. | 8 | കാരയ്ക്കാട്ടുപടി-കോട്ടൂർപടി | 0.170 | 5 |
| 38. | 8 | അരീയ്ക്കൽ മുരുപ്പ്-നടുവിലേത്ത് | 0.370 | 3 |
| 39. | 5 | ചിറക്കടവിൽപടി-വെളിയത്ത്-പുറത്തൂട്ട്പടി | 0.500 | 3.5 |
| 40. | 8 | ചെളിക്കുഴിപ്പടി-കൂടപ്പറമ്പിൽ | 0.250 | 5 |
| 41. | 8 | വലിയകാലാപ്പടി-പുതുപ്പറമ്പിൽ | 0.300 | 3 |
| 42. | 8 | കുറ്റിക്കാലാപടി-ഇല്ലത്തുകാലാപ്പടി-പുറത്തുപടി | 0.950 | 4 |
| 43. | 8 | പ്രിയദർശിനി റോഡ് | 0.750 | 4 |
| 44. | 8 | മേമനപ്പടി-കല്ലടിയിൽപടി | 0.500 | 3 |

| | | | | |
|---|---|---|---|---|
| 45. | ഃ | പുറത്തൂട്ടുപടി-ചാവക്കാല | 0.300 | 4 |
| 46. | ഃ | ആഞ്ഞിലിമൂട്-ചരിവുപടി | 0.300 | |
| 47. | ഃ | പുറത്തൂട്ടുപടി-ചാങ്ങയിൽപ്പടി | 0.230 | 3 |
| 48. | 6 | ഇടപ്പരിയാരം-മേലേഭാഗം | 1.000 | 4.5 |
| 49. | ഃ | ആറ്റൂർ - മേലേഭാഗം | 0.257 | 4 |
| 50. | ഃ | വാക്യാപ്പ റമ്പിൽപടി-തെക്കേമുറിപ്പടി മഞ്ഞനാക്കുഴി | 1.000 | 4 |
| 52. | ഃ | പുളിക്കീഴ്-ഇളമലച്ചരിവ് | 0.350 | 3.5 |
| 53. | ഃ | കൊല്ലൻപടി-കൊട്ടത്തട്ടി | 0.590 | 3.3 |
| 54. | ഃ | തൂക്കുപാലം-പീടികപ്പടി-കൊട്ടത്തട്ടിമല | 0.250 | 3 |
| 55. | ഃ | ചുരുളിക്കോട്-ഇളമലഹരിജൻ കോളനി | 0.450 | 4 |
| 56. | ഃ | തുണ്ടുപറമ്പിൽആലുനിൽക്കുന്നതിൽഭാഗം | 0.250 | 3 |
| 57. | ഃ | കുളത്തുങ്കൽപ്പടി-വട്ടത്തേരിൽപ്പടി | 0.500 | 3 |
| 58. | ഃ | കെക്കേക്കരപ്പടി-ഇളമലചരിവ് | 0.700 | 3.5 |
| 59. | ഃ | വാര്യാപുരം-പേക്കാവുങ്കൽ-മുത്തൻകുഴി | 1.950 | 8 |
| 60. | 7 | കടയ്ക്കൽ-പൈങ്കൽപ്പടി | 0.960 | 8 |
| 61. | ഃ | വാലുഴത്തിൽ-കെല്ലംപാറ-ലക്ഷംവീടുകോളനി | 0.500 | 3 |
| 62. | ഃ | ഇടപ്പരിയാരം-എസ്.എൻ.ഡി.പി.എച്ച്എസ് കൊല്ലംപാറ | 0.350 | 3 |
| 63. | ഃ | ചിറമേൽപ്പടി-മുതുമരത്തിൽപ്പടി. | 0.600 | 3 |
| 64. | 8 | പൊയ്കയിൽപ്പടി-മൂത്തേരിൽപ്പടി(മുഞ്ഞനാട്ടുപടി) | 1.200 | 3 |
| 65. | ഃ | കുറുപേ്താട്ടത്തിൽപ്പടി-പി.എച്ച് സെൻറർ | 0.670 | 4 |
| 66. | ഃ | സുബ്രഹ്മണ്യവിലാസം-ഹരിജൻകോളനി | 0.925 | 3 |
| 67. | ഃ | കിഴക്കേതുമ്പോന്തറ-ചേന്നൻചിറ | 0.400 | 3.5 |
| 68 | ഃ | കൊല്ലംപാറ-മണ്ണൂപ്പാട്ടുപടി | 0.400 | 3.5 |

| | | | | |
|---|---|---|---|---|
| 69. | : | കന്നിടുംകുഴി-ഭൂതക്കുഴി-പാലക്കുഴമണ്ണിൽ | 0.130 | 8 |
| 70 | : | പുള്ളോലിക്കൽ വരട്ടുചിറ | 0.400 | 3 |
| 71. | : | കൊല്ലംപാറ-കുറ്റയിൽപടി-കണ്ടനോലിക്കൽ | 0.400 | 4 |
| 72. | : | ഓലിയിൽപ്പടി-കൊല്ലൻപടി | 0.400 | 3 |
| 73. | : | തുമ്പോന്തറപ്പടി-ഇഞ്ചക്കുഴിപ്പടി-വട്ടമുരുപ്പ് | 0.500 | 3 |
| 74. | : | പൊയ്കയിൽപ്പടി-വരട്ടുചിറ | 0.500 | 3.5 |
| 75. | : | വലിയകാലായിൽപ്പടി-മണ്ണൂപ്പാട്ടുകിഴക്കേതിൽ | 0.700 | 3.5 |
| 76. | 9 | എരുവാട്ടുപടി-മുതേതെരിൽപ്പടി | 0.500 | 6 |
| 77. | : | പടിഞ്ഞാറേതുമ്പോന്തറ-കൈതയ്ക്കൽ | 0.600 | 4 |
| 78. | : | മാനാംപാറപ്പടി-വാറണേത്തുപടി | 0.600 | 3.5 |
| 79. | : | എരുമാട്ടുപടി-കൈതയ്ക്കൽപടി | 1.200 | 5 |
| 80. | : | നെടുമുരുപ്പേൽ-ഹരിജൻകോളനി | 0.450 | 5 |
| 81. | : | ആശാരിമുക്ക്-മഹാണിമല | 0.400 | 4 |
| 82. | : | കുന്നുംപുറത്തുപടി-നാരങ്ങാനം | 0.300 | 3.5 |
| 83. | : | ഐക്കുഴ റോഡ് (നെല്ലിക്കാലാറോഡ്) | 0.500 | 3 |
| 84. | : | വടക്കേകാലായിൽപ്പടി-നികരിയിൽപ്പടി | 0.200 | 3 |

## റോഡുകളുടെ അവസ്ഥ

പി.ഡബ്ല്യു.ഡി. റോഡുകളിൽ വാർഷിക അറ്റകുറ്റപ്പണികൾ നടത്താറുള്ളത് തിരുവല്ല-കുമ്പഴ റോഡു മാത്രമാണ്. ഇതിൻെറ ഓട നിർമ്മാണം ആരംഭിച്ചിട്ടുണ്ടെങ്കിലും പൂർത്തീകരിക്കപ്പെട്ടിട്ടില്ല. സേഷിക്കുന്ന പി.ഡബ്ല്യു.ഡി റോഡുകൾ, പഞ്ചായത്തു റോഡുകൾ എല്ലാം തന്നെ വാർഷിക അറ്റകുറ്റപ്പണികളുടെഅഭാവം, മഴവെള്ളംഒലിച്ചുപോകാനുള്ള ഓടകളുടെ കുറവ്, ആവശ്യമായ കലുങ്കുകൾ, പാർശ്വഭിത്തികൾ എന്നിയുടെ കുറവ് നിമിത്തം സഞ്ചാരയോഗ്യമല്ലാതായിമാറിക്കൊണ്ടിരിക്കുന്നു.

## ബസ്സ് സർവ്വീസുകൾ

പഞ്ചായത്തിൽ തിരിവല്ല-കുമ്പഴ റോഡിൽ കൂടിയുള്ള സർവ്വീസുകൾ കഴിഞ്ഞാൽ ഒറ്റപ്പെട്ട ബസ്സ് സർവ്വീസുകൾ നടത്തിക്കൊണ്ടിരിക്കുന്ന റോഡുകളാണ്.പരിയാരം-ഓമല്ലൂർ, പരയാരം-പൂക്കോട്, പരിയാരം-വെട്ടിപ്പുറം,ഇലവുംതിട്ട-പരയ

ാരം, ഗണപതിഅമ്പലം-കുഴിക്കാല. സർവ്വീസ് നടത്തി വന്നിരുന്ന ഇലന്തൂർ മാർക്കറ്റ്-ഭഗവതിക്കുന്ന്-ചിറക്കാലറോഡിൽ സമീപത്തായി ബസ്സ്സർവ്വീസ്സ് നിർത്തിവച്ചിരിക്കുന്നു. പരിയാരം-ഓമല്ലൂർ റൂട്ടിലെ ചില സ്വകാര്യ ബസ്സുകളും സർവീസ് നിർത്തിയിരിക്കുന്നു., ഇലന്തൂർചന്ത, പുളിന്തിട്ട വഴിയുള്ള ബസ്സ് സർവ്വീസ്സും ഇപ്പോൾ ഇല്ല.

## വെയിറ്റിംഗ് ഷെഡുകൾ

തിരുവല്ല-കുമ്പഴ റൂട്ടിൽ ശാലേം ജംഗ്ഷൻ, തൂക്കുപാലം, പള്ളിമുട്, പരിയാരം-ഓമലല്ലൂർ റൂട്ടിൽ ഇലന്തൂർ മാർക്കറ്റ്, ഗണപതിഅമ്പലം, വല്യവട്ടം എന്നിവിടങ്ങളിലായി അഞ്ച് വെയിറ്റിംഗ്ഷെഡുകളാണ് ഉള്ളത്. പഞ്ചായത്തിലെ പ്രധാന ജംഗ്ഷനായ ഇലന്തൂർ നെടുവേലി ജംഗ്ഷൻ തുടങ്ങി ബസ്സ് സർവ്വീസ് നടത്തപ്പെടുന്ന പഞ്ചായത്തിലെ എല്ലാ റോഡുകളിലേയും പ്രധാനപ്പെട്ട സ്ഥലങ്ങളിൽ ആവശ്യമായ വെയിറ്റിംഗ് ഷെഡുകൾ പഞ്ചായത്തിൽ നിന്നും സ്ഥാപിക്കേണ്ടിയിരിക്കുന്നു.

## ഇടവഴികൾ

പുരാതന കാലം മുതൽ നടയ്ക്കും, തലച്ചുമടുകൾക്കുമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഈ ഗ്രാമത്തിലെ ഇടവഴികൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. കാലാകാലങ്ങളിൽ ഇവ മെയിൻറനൻസ് നടത്തി സംരക്ഷിക്കുതിരുന്നതിനാൽ പല വഴികളും കയ്യേറ്റം നടത്തി അപഹരക്കപ്പെടുന്നു. ഒന്നാം വാർഡിലെ മലമുറ്റം-പുനംതുരുത്തി റോഡിൽ നിന്നും ആരംഭിച്ച് പൂന്തൻകുളഞ്ഞി പാടത്തിൽകൂടി വല്യവെട്ടം സ്കൂളിലേക്കുള്ള നടപ്പാത, പൂക്കുന്നൂർ ലക്ഷം വീട്-കുളത്തുങ്കൽപ്പടി ഇടവഴി, പറവണ്ണം-മൈലാടടുംപ;റ ഇടവഴി തുടങ്ങിയവ നന്നുക്കണമെന്ന് നിർദ്ദേശങ്ങൾ ഉണ്ട്.. പഞ്ചായത്തിലെ എല്ലാപ്രദേശങ്ങളിലേയും നിലവിലില്ല ഇടവഴികൾ അറ്റകറണണികൾ നടത്തി സംരക്ഷിക്കേണണ്ട ചുമതല പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുന്നു.

## റോഡു റജിസ്റ്റർ-ഒരു വിവരണം

പഞ്ചായത്തിൻെറ അധീനതയിലുള്ള റോഡുകളുടെ ഒരുരജിസ്റ്റർ തയ്യാറാക്കി പഞ്ചായത്താഫീസിൽ സൂക്ഷിച്ചിട്ടുണ്ട്. കുറഞ്ഞത് മൂന്ന് മീറ്ററെങ്കിലും വീതിയുള്ള റോഡുകളാണ് ഇതിൽ ചേർത്തിരിക്കുന്നത്. നിലവിലുള്ള പല റോഡുകളും രജിസ്റ്ററിൽ ചേർക്കുവാൻ വിട്ടുപോയിട്ടുളളതായി കാണുന്നു. (ഉദ:വാർഡ് ഒന്നിലെ കുളത്തുംമറിപപ്പടി-പാലനിൽക്കുന്നതിൽ-മേലൂട്ടുപടി റോഡ്, പുളിയാനപ്പടി-പാറക്കൂട്ടം-മൈലാടുംപാററോഡ്, ചരുവിൽപ്പടി-കുളത്തുങ്കൽ, കുറ്റിമണ്ണിൽപ്പടി റോഡ്) റവന്യൂ പുറമ്പോക്ക് ലിസ്റ്റിൽ ചേർത്തിട്ടുള്ള ഇടവഴികളും നടവഴികളും മറ്റും അടങ്ങുന്ന പഞ്ചായത്തിലെ ലിസ്റ്റ് റജിസ്റ്ററിൽ ചേർത്തിട്ടില്ല. റോഡുരജിസ്റ്റർ ഭേദഗതി ചെയ്ത് കാലാകാലങ്ങളിൽ ക്ലിപ്തപ്പെടുത്തുവാൻ പഞ്ചായത്തിന് അധികാരം ഉണ്ട്. ഈ രജിസ്റ്ററിൽ നിന്നും ഓരോ സാമ്പത്തിക വർഷവും തെരഞ്ഞെടുത്തു് മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന റോഡുകൾ മാത്രമേ നിർമ്മാണ ജോലി നടത്തുവാൻ സാധിക്കുകയുള്ളു.

ലിസ്റ്റിൽ ചേർക്കാൻ വിട്ടുപോയിട്ടുള്ള എല്ലാ വാർഡുകളിലേയും റോഡുകൾ കൂടി ഉൾപ്പെടുത്തി നിലവിലുള്ള റോഡുകളുടെ സമഗ്രമായപട്ടിക ഇനിമേലിൽ തയ്യാറാക്കുമ്പോൾ താഴെപ്പറയുംപ്രകാരം ഉള്ള വിവരങ്ങൾ പട്ടികയിൽ ഉൾപ്പെടുത്തുന്നത് റോഡുകളുടെ വികസനത്തിന് സഹായകരമാണ്

## പട്ടിക 6

1 വാർഡ്
2 കോഡ്
3 റോഡിൻെറ പേര് (വിവരണംവ്യക്തമായിരിക്കണം)
4 ദൂരം
5 വീതി
6 ടാർചെയ്തദൂരം
7 കോൺക്രീറ്റു ചെയ്തദൂരം
8. മെറ്റൽ ചെയ്തദൂരം
9 ടാർ ചെയ്യേണണ്ട ദൂരം
10 കോൺക്രീറ്റു ചെയ്യേണ്ട ദൂരം
11. പാർശ്വ സംരക്ഷണഭിത്തി നിലവിലുള്ളദൂരം
12. പാർശ സംരക്ഷണഭിത്തി ആവശ്യമായ ദൂരം
13. നിലവിലുള്ള കലുങ്കിൻെറ എണ്ണം
14: ആവശ്യമുള്ള കലുങ്കിൻെറ എണ്ണം
15. ഓടകൾ നിലവിലുള്ളതിൻെറ നീളം
16 ഇനിഓടകൾആവിശ്യമായ നീളം
17 സൈഡുകളിലേക്ക് മാറ്റി സ്ഥാപിക്കേണ്ട സ്ട്രീറ്റ്ലൈറ്റ് പോസ്റ്റുകൾ,
ടെലഫോൺ പോസ്റ്റുകൾ എത്ര (എണ്ണം, സ്ഥലം)

## പട്ടിക 1

| എണ്ണം | പേര് | കപ്പാസിറ്റി | സെക്ഷൻ | അവസ്ഥ |
|---|---|---|---|---|
| 1 | പുളിന്തിട്ട | 100 KV | ഇലവുംതിട്ട | നിലവിലുള്ളത് |
| 2. | ഇലന്തൂർ നമ്പർ. 1 | : | : | : |
| 3. | : നമ്പർ 2 | 160 | : | : |
| 4. | ബഥേൽ | 63 | : | : |
| 5. | വല്യവട്ടം | 100 | : | : |
| 6. | ഇടപ്പരിയാരം | 100 | : | : |
| 7. | കൊല്ലമ്പാറ | 60 | : | : |
| 8. | ഭഗവതിക്കുന്ന് | 63 | : | : |
| 9. | നെടുമുരുപ്പ് | 100 | കോഴഞ്ചേരി | : |
| 10. | നെല്ലിക്കുന്നത്ത് | 100 | : | : |
| 11 | അംബദ്കർകോളനി | 100 | : | : |
| 12. | ഇലന്തൂർ ഈസ്റ്റ് | 100 | പത്തനംതിട്ട | : |
| 13. | പൂക്കോട് | 100 | കോഴഞ്ചേരി | : |
| 14. | ചുരുളിക്കോട് | 100 | പത്തനംതിട്ട | നിർമ്മാണഘട്ടത്തിൽ |
| 15. | GVHS | 100 | ഇലവുംതിട്ട | : |
| 16. | ശാലേം | 100 | : | പരിഗണനയിൽ |

(അവലംബം: KSEB. കണക്കുകൾ)

കൂടാതെ കോഴഞ്ചേരിസെക്ഷൻെറ കീഴിലുള്ള ഇടപ്പാറ, നെല്ലിക്കാലാ എന്നീ ട്രാൻസ്ഫോർമറുകളുടെ 40% കണക്ഷനുകൾ ഇലന്തൂർ പഞ്ചായത്തിലുള്ളതാണ്, ഇവയിൽ ഇലന്തൂർ ഈസ്റ്റ്, ചുരുള്ളിതാക്കോട് എന്നിവ പത്തനംതിട്ട ടൌൺ ഫീഡറിലും ബാക്കിയുള്ളവ ഇലവുംതിട്ട ഫീഡറിലലും പെടുന്നു.

ഇലന്തൂർ പഞ്ചായത്തിൽ ആകെ 681 സട്രീറ്റ് ലൈറ്റുകൾ ഉണ്ട്. അവയിൽ 81 എണ്ണം ട്യൂബ് ലൈറ്റുകളാണ്. പഞ്ചായത്തിൽ നിന്നും പ്രതിമാസം 10,000/- രൂപയോളം സ്ട്രീറ്റ് ലൈറ്റുകൾ കത്തിക്കുന്ന വകയിതൽ അടയ്ക്കുന്നുണ്ട് എന്നാൽ ഇതിൻെറ 90 % പോലും ശരിയായ രീതിയിൽ പ്രവർത്തിക്കുന്നില്ല. സാധനങ്ങളുടെലഭ്യതക്കുറവ്, ഉദ്യോഗസ്ഥരുടെ അനാസ്ഥ എന്നിവ ഇതിന് കാരണങ്ങളാണ്.

## പ്രശ്നങ്ങൾ

1. ഇലന്തൂർ പഞ്ചായത്തിൽ ഭൂരിഭാഗം വാർഡുകളിലും വൈദ്യുതി പൂർണ്ണമായി എത്തിയിട്ടില്ല. (വൈദ്യുതി എത്തിയിട്ടില്ലാത്ത പ്രദേശങ്ങൾ പട്ടിക-2 ൽ ചേർത്തിട്ടുണ്ട്.
2. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വോൾട്ടേജ് ക്ഷാമം നിലവിലുണ്ട്
3. പഞ്ചായത്തിലെ ഹരിജൻ കോളനികൾ, ലക്ഷംവീട് കോളനികൾ ഇവ ഭാഗികമായി മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളു.
4. ട്രാൻസ്ഫോർമറുകളുടെയും, ലൈനുകളുടെയും അറ്റകുറ്റപ്പണികൾ യഥാകാലം നടത്തുന്നില്ല.
5. KSEB രജിസ്റ്ററുകളിൽ ഉള്ളതിനേക്കാൾ വളരെയധികം പോയിൻറുകൾ ഉപഭോക്താക്കൾ ഉപയോഗിക്കുന്നു.
6. ഇലന്തൂരിലുള്ള ജൂനിയർ എഞ്ചനീയറുടെ ഓഫീസിൽ വൈകിട്ട് 6 മണി കഴിഞ്ഞാൽ ഉദ്യോഗസ്ഥ സേവനം ലഭ്യമല്ല..
7. ഇലന്തൂരിൽ ഒരു സെക്ഷൻ ഓഫീസ് ഇല്ല

## പട്ടിക 2

### വൈദ്യുതി എത്താത്ത പ്രദേശങ്ങൾ.

| വാർഡ് | വൈദ്യുതി എത്താത്ത പ്രദേശം | വീടുകളുടെ എണ്ണം |
|---|---|---|
| 1 | മലിക്കുംമുരുപ്പ് | 15 വീട് |
| : | പൂന്തേൻകുളഞ്ഞി കൺവെർട്ടഡ് ക്രിസ്ത്യൻകോളനി | 15 |
| 2 | ചായപുന്നയ്ക്കൽ | 6 |
| : | പ്ലാനുവേലി | 6 |
| : | മണ്ണാമൂല കോളനി | 3 |
| : | വെള്ളിക്കര | 11 |
| 3 | ഇലന്തൂർ ഹരിജൻ കോളനി | 16 |
| 4 | അപ്പാനി കോളനി | |
| : | പെരുവൻ കുളത്തിനടുത്ത് | 15 |
| 3 | ബ്ലോക്ക് പഞ്ചായത്ത്ഓഫീസിനു മുകൾവശം | 20 |
| 6 | ശ്രീവള്ളിവിലാസം കോളനി | 10 |
| : | ശ്രീചിത്തിര വിലാസം കോളനി | 10 |
| 7 | പുതുവേലി അംബദ്കർ കോളനി | 10 |
| 8. | മേട്ടേൽഭാഗം ഹരിജനങ്ങൾ | 5 |
| : | മഹാമണിമല ഗിരിജനങ്ങൾ | 5 |
| 9 | കുമരമല കോളനി | 25 |
| 9 | നെടുമുരുപ്പ് കോളനി | 25 |
| 1 | നിരന്നനിലത്തുഭാഗം | 8 |
| 1 | പുക്കുന്നൂർ ലക്ഷംവീട് കോളനി | 10 |

പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ വീടുകൾ വൈദ്യുതീകരിക്കാത്തതിന് പ്രധാന കാരണം സാമ്പത്തികമാണ്.

<u>പട്ടിക 3</u>

| വാർഡ് നമ്പർ | പുതുതായി ലൈറ്റ് സ്ഥാപിക്കേണ്ട സ്ഥലം ലൈൻ ഉൾപ്പെടെ | ബൾബ് എണ്ണം | ട്യൂബിൻെറ എണ്ണം | പോസ്റ്റുകളുടെ എണ്ണം |
|---|---|---|---|---|
| 1 | ഓവിൽപ്പടി-കോട്ടേക്കാവനാൽപടി | 10 | 3 | 4 |
| : | കുളത്തുങ്കൽപടി-മലയിരിക്കുംമുരുപ്പ് | 3 | 1 | 5 |
| : | ഓവിൽപടി ലക്ഷം വീട് | 2 | 1 | 2 |
| : | വല്യുവട്ടം വെയിറ്റിംഗ്ഷെഡ് | - | 1 | - |
| : | പുതിയത്ത്പടി | | 1 | - |
| : | തുമ്പമൺപരിയാരംറോഡിൽ ഇടമലപടി | | | |
| | മുതൽ ആശ്രുപത്രിപടിവരെയുള്ള ഭാഗം | 8 | 3 | - |
| | നിരന്നനിലത്തുഭാഗം | 4 | - | - |
| | പുക്കുന്നൂർ ലക്ഷം വീട് മുതൽ കോട്ടേക്കാ | | | |
| | വനാൽ പടി വരെ | 3 | - | - |
| 2 | ഖാദി ഓഫീസ് -മതിലിട്ടതറലക്ഷംവീട് | 3 | - | 4 |
| | മണ്ണമൂലകോളനി | 4 | 1 | 3 |
| : | തെക്കെമുറിപ്പടി ചായപുന്നയ്ക്കൽ ഭാഗം | 6 | 1 | 3 |
| : | കൊച്ചുകല്ലിൽപടി ഉടയാറ്റുതറ | 5 | - | 3 |
| : | പ്ലാനുവേലിൽ കോളനി | 5 | 1 | 4 |
| 3 | ശാന്തിആശ്രമം റോഡ് | 4 | 1 | - |
| | ഇലന്തൂർ മാർക്കറ്റ് ജംഗ്ഷൻ & 7 ചന്ത | - | 3 | - |
| | പുതിയത്തുഭാഗം അക്വഡേറ്റ് വരെ | 3 | - | - |
| | ഇടപ്പാറ മുതൽ VHS വരെ PIP കനാൽ | 20 | 2 | 10 |
| | ബ്ലോക്കിനു മുകൾഭാഗം | 4 - | 4 | |
| | PIP സബ് കനാൽഭാഗം കാരയ്ക്കാട്ടു | | | |
| | പറമ്പിൽ-ചാമക്കാലാപടി | 5 | - | 5 |
| 6 | വാര്യാപുരം പേകാവുങ്കൽ മുത്താംകുഴി | | | |
| | റോഡിൽ YMA മുതൽ മുത്താംകുഴി വരെ | 10 | 2 | - |
| | കാരൂർ മേലേഭാഗം റോഡിൽ വട്ടക്കാലാ | | | |
| | മുതൽ നെടുമുരുപ്പ് വരെ | 7 | 1 | 10 |
| 7 | മധുമലകുഴി ജംഗ്ഷൻമുതൽ ഉപ്പുകണ്ടംവരെ | 5 | - | - |
| | മധുമല കടപ്രജംഗ്ഷൻ മുതൽ ഉപ്പുകണ്ടംവരെ | 5 | - | - |
| | ഉപ്പുകണ്ടം-ഐന്തിക്കരോട്ടുപടി (നിലത്തെഴുത്താശാൻപടി) | - | 1 | - |
| | മധുമര കടപ്ര ജംഗ്ഷനിൽ-സുബ്രഹ്മണ്യവിലാസം റോഡ് | 4 | 1 | 6 |

| | | | | |
|---|---|---|---|---|
| | മീനാറിൽ പടി- പുതുവൽ റോഡ് | - | 1 | - |
| | കടയ്ക്കൽമുത്താംകുഴി-കരണ്ടകപ്പാറ(മുത്താംകുഴിജംഗ്ഷൻ സാക്ഷരതാ ജംഗ്ഷൻ) | - | 2 | - |
| | അംബദ്കർ ഗ്രാമത്തിൽ മുത്താംകുഴി കരണ്ടകപ്പാറ | 5 | 1 | 12 |
| | കടയ്ക്കൽ ലക്ഷംവീട് കോളനി | 2 | 1 | 1 |
| | വെള്ളാങ്കുളഞ്ഞി-പുളിനിൽക്കുന്നതിൽ | 3 | 1 | 5 |
| | താവളത്തിൽപടിSNDPHS കൊല്ലമ്പാറ റോഡിൽ | 10 | 1 | - |
| | ചിറമേൽപ്പടി-മുതുമരത്തിൽറോഡ് | 5 | 1 | 1 |
| | വരട്ടുചിറജംഗ്ഷൻ-കരണ്ടപ്പാറ | 2 | 1 | - |
| 8 | പൂക്കോട് ചന്ത | - | 1 | - |
| | പൂക്കോട്-മൈലയ്ക്കൽ കുറ്റിയിൽ പടി വഴി തേക്കുനിൽക്കുന്നതിൽ | 8 | 3 | - |
| | ആശാരിമുക്ക്-മഹാണിമലറോഡ് | 7 | 2 | - |
| | ചെമ്പകത്തിനാൽ-വട്ടമുരുപ്പ് | 4 | 1 | - |
| | കൊല്ലംമ്പാറ-മണ്ണുപ്പാട്ടുപടി | 2 | 1 | 5 |
| | കൊല്ലമ്പാറ കണ്ടനോലിക്കൽപ്പടി | 6 | - | 8 |
| | പുള്ളോലിക്കൽ-വരട്ടുചിറ | 5 | 1 | 3 |
| | പൊയ്കയിൽപടി-വരട്ടുചിറ | 5 | - | 5 |
| | മേലേതുമ്പോന്തറ-ചെമ്പകത്തിനാൽ | 4 | - | - |

## പട്ടിക 3

ലൈൻ ഉൾപ്പെടെ പുതുതായി ലൈറ്റ് സ്ഥാപിക്കേണ്ട സ്ഥലം

| വാർഡ് നമ്പർ | പുതുതായി ലൈറ്റ് സ്ഥാപിക്കേണ്ട സ്ഥലം ലൈൻ ഉൾപ്പെടെ | ബൾബ് എണ്ണം | ട്യൂബിന്റെ എണ്ണം | പോസ്റ്റുകളുടെ എണ്ണം |
|---|---|---|---|---|
| 4 | നാഗവരറോഡിൽ ഒരിപ്പുറത്തു മുതൽ നാഗവരവരെ | 4 | 1 | - |
| | പെരുവംകുളം മുതൽ വെള്ളാവൂർപടിവരെ | 4 | 2 | 6 |
| | ഇല്ലത്തുപടി-മേലേടത്തുപടി | 2 | - | 3 |
| | പുന്നയക്കൽപടി-വിളയിൽപടി | 3 | - | - |
| | മൗണ്ട് റോഡ്-ചിറവരെ | 3 | - | 6 |
| | ചിരപ്പുറത്തു റോഡ് | 2 | - | 2 |
| | മൈലാടുംപാറ-ഊന്നുകൽ അരീക്കൽ റോഡ് | 2 | 1 | 3 |
| 5 | കൊച്ചേത്ത് ഭാഗം | 2 | - | - |
| | മേമനപ്പടി | 1 | - | - |
| | വെളിയത്തു ഭാഗം | 1 | 1 | - |
| | വെളിയത്ത് പുലൂർ ഭാഗം | 2 | 1 | - |
| | പാലമൂട്ടിൽ ചരുവിൽ ചാങ്ങേൽപടി | 5 | 1 | - |

| | | | | |
|---|---|---|---|---|
| 6 | വട്ടക്കാലാ ഭാഗം | | 1 | 5 |
| | ഓലിക്കൽ ഭാഗം | 2 | 1 | 5 |
| | നെടുമുരുപ്പ് | 3 | - | - |
| | ഓതിരേത്ത് ഭാഗം | 3 | - | - |
| | തുണ്ടുപറമ്പിൽപടി | 3 | 1 | 5 |
| | ഇടപ്പരിയാരം മേലേഭാഗം | 5 | - | - |
| | ഇടപ്പരിയാരം ഗുരുമന്ദിരം | | 1 | - |
| | ശ്രീ ചിത്തിര വിലാസം കോളനി | 6 | 2 | 8 |
| | ഉടയാൻ മുറ്റം | | 1 | |
| | വാകുപറമ്പിൽ പടി-തെക്കേമുറിപ്പടി | 5 | 1 | - |
| 9 | എരുമാട്ടുപടി-കൈതയ്ക്കൽപടി | 2 | - | |
| | നെല്ലിക്കാലാ-താന്നിമൂട്ടിൽപടി | 4 | - | |
| | വാറണേത്തുപടി ഭാഗം | 4 | - | |
| | പീടികപ്പടി-വട്ടനിൽക്കുന്നതിൽപ്പടി | 2 | 1 | |
| | കൊല്ലൻെറ പടി(മായക്കോട്ട് പടി) | 1 | - | - |
| | കിഴക്കുംകരപടി | - | 1 | - |
| | പുളിവേലിൽപ്പടി | 1 | - | |
| | നെടുമുരുപ്പ് ഹരിജൻ കോളനി | 2 | 1 | - |
| | കുന്നുംപുറത്തുപടി-നാരങ്ങാനം റോഡ് | 2 | - | - |
| | ഐക്കുഴ മാനമ്പാറ വാരണേത്തുപടി | 4 | 1 | - |
| | എരുമാട്ടുപടി-മൂത്തേരിൽപ്പടി | 4 | 1 | - |
| | ആശാരിമുക്ക്-മഹാണിമല | 3 | 2 | - |
| | ഒന്നും രണ്ടും വാർഡിൽ വിട്ടുപോയവ താഴെ ചേർക്കുന്നു | | | |
| 1. | വലുവട്ടംMTLPS ജംഗ്ഷൻ റോഡ് | 3 | 1 | |
| | മുട്ടത്തറപ്പടി-മൈലാടുംപാറ റോഡ് (പുതിയത്ത്വഴി) | 4 | 2 | |
| | വലുവട്ടം-ഇരുന്നകുഴി റോഡ് | 6 | 2 | 7 |
| | കാവിൽപ്പടി-മൈലാടുംപാററോഡ് | 2 | | |
| | കുളത്തുംമുറിപടി-പാലനിൽക്കുന്നതിൽ | 4 | - | 5 |
| | മേലൂട്ട്പടി റോഡ് | 5 | - | - |
| 2 | കരീലാമണ്ണിൽപ്പടി പുലിപ്രേത്ത് ജംഗ്ഷൻ | 1 | - | - |

## പട്ടിക 4

| വാർഡ് നമ്പർ | പുതുതായി ലൈൻ വലിക്കേണ്ട സ്ഥലം | ലൈനുകളുടെ സ്വഭാവം | ദൂരം |
|---|---|---|---|
| 1 | ഓവിൽപടി മുതൽ കോട്ടക്കാവനാൽപടിവരെ<br>പൂക്കുന്നൂർ ലക്ഷംവീട് കോളനിമുതൽ കോട്ടേകാവനാൽ വരെയുള്ളഭാഗം | 3 ഫേസ്<br>3 ഫേസ് | 1KM |
| 2 | GVHSS മുതൽ ഹരിജൻകോളനിവരെയും<br>ചായപുന്നയ്ക്കൽ കോളനിവരെയും<br>ഗണപതിയമ്പലം മുതൽ മൈലാടുംപാറ വരെ | 3 ഫേസ്<br>3 ഫേസ് | 1 1/2 KM<br>1 1/2 KM |
| 3 | ബ്ലോക്ക് പഞ്ചായത്തിന് മുകൾഭാഗം<br>പറമ്പിൽപടിമുതൽ പുലിപ്രേത്ത്പടിവരെ | 1 ഫേസ്<br>3 ഫേസ് | 1/2 KM<br>1 1/2 KM |
| 4 | മുളയ്ക്കൽപടിമുതൽ-അരീക്കരമുരുപ്പുവരെ<br>പെരുവംകുളം മുതൽ വെള്ളാവൂർ പടിവരെ<br>കുന്നത്തുചിറ മുതൽ മുളയ്ക്കൽപടിവരെ | 3 ഫേസ്<br>1 ഫേസ്<br>3 ഫേസ് | 1 1/2 KM<br>300 M<br>500 M |
| | | | |
| 5 | ശാലേം പള്ളിമുതൽ ചിറക്കാല വരെ | 3 ഫേസ് | 750M |
| 6 | കാരൂർ മേലേഭാഗം റോഡിൽ നെടമുരുപ്പു മുതൽ വട്ടക്കാല ഭാഗം വരെ | 1 ഫേസ് | 1KM |
| 7 | ഇലന്തൂർ ഇടപ്പരിയാരം-കടയ്ക്കൽ-വാര്യാപുരം റോഡിൽ 3 ഫേസ് ലൈൻ ഇല്ലാത്ത ഭാഗം | 3 ഫേസ് | 2 1/2 KM |
| 4 | ഇല്ലത്തുപടി നാഗവര റോഡിൽ ഓരിപ്പുറത്തു പടി മുതൽ നാഗവര പടി വരെ | 3 ഫേസ് | 1KM |
| 5<br>:<br>: | ശാലേം വെയിറ്റിംഗ് ഷെഡ് മുതൽ ചെളിക്കുഴി പടി വരെ<br>പാലനിൽക്കുന്നതിൽപടിമുതൽ തെക്കേമുറിപടി വരെ<br>ചിറക്കടവ്-വെളിയത്ത്വഴി-പുറത്തൂട്ടുമണ്ണിൽ പടിചാമക്കാല-വാര്യാപുരം ഇറക്കം | 1 ഫേസ്<br>1 ഫേസ്<br>1 ഫേസ് | 100 M<br>100 M<br>1 1/2 KM |
| 8 | മൂത്തേരിൽപ്പടിമുതൽ പൂക്കോടുവരെ | 3 ഫേസ് | 3 KM |

## സാദ്ധ്യതകൾ-പരിഹാരമാർഗ്ഗങ്ങൾ

1. ഇലന്തൂരിലെ 4500-ഓളം വരുന്ന വൈദ്യുതി ഉപഭോക്താക്കൾ നിലവിൽ പത്തനംതിട്ട, കോഴഞ്ചേരി, ഇലവുംതിട്ട എന്നീ സെക്ഷനുകളിലായി വിഭജിക്കപ്പെട്ട സ്ഥിതിയിലാണ്. ഇതിൽ ഇലവുംതിട്ട, കൈപ്പട്ടൂർ മേജർ സെക്ഷൻെറയും, അടൂർ ഡിവിഷൻെറയും കീഴിലാണ്. ഇതുമാറ്റി ഇലന്തൂരിൽ പുതുതായി ഒരുസെക്ഷൻ ആഫീസ് സ്ഥാപിക്കുകയും ഉത് പത്തനംതിട്ട മേജർ സെക്ഷൻെറയും പരിധിയിൽ കൊണ്ടുവരികയും ചെയ്യുക

2. ഇലന്തൂർ പഞ്ചായത്തിൽ വൈദ്യുതി എത്തുന്നത് ഇലവുംതിട്ട 11KV ഫീഡറിൽ നിന്നാണ്. ഈ ഫീഡർ അഞ്ചു പഞ്ചായത്തുകൾക്കു വേണ്ടിയുള്ളതാണ്. അതു മാറ്റി കോഴഞ്ചേരിയിൽ നിന്ന് ഇലന്തൂർ ഫീഡർ എന്ന ഒരു പുതിയ ഫീഡർ വലിച്ചാൽ ഇലന്തൂരിലെ വോൾട്ടേജ് ക്ഷാമത്തിൻെറ മുഖ്യപങ്കും പരിഹരിക്കുവാൻ സാധിക്കും ഈ ഫീഡർ ഇലന്തൂർ ഭഗഭവതിക്കുന്നുവരെയുള്ള പത്തനംതിട്ട ഫീഡറുമായോ ലിങ്കു ചെയ്താൽ ഒരു ഫീഡറിതൽ വൈദ്യുതി ഇല്ലാതെ വന്നാലും മറ്റ് രണ്ട് ഫീഡറുകളിൽനിന്ന് വൈദ്യുതി എടുക്കാവുന്നതാണ്.

3. നിലവിലുള്ള ഇലന്തൂരിലെ ജൂനിയർ എഞ്ചിനീയറുടെ ഓഫീസിൽ നൈറ്റ് ഡ്യൂട്ടിക്ക് ആളിനെ നിയോഗിച്ചാൽ രാത്രികാലങ്ങളിൽ വൈദ്യുതി നിലച്ചാലും ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാകും. കൂടാതെ ഈ ഓഫീസിന് ഒരു ടെലഫോൺ കണക്ഷൻ അത്യാവശ്യമാണ്.

4. ഇലന്തൂരിൽ പലപ്രദേശങ്ങളിലും സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ടതാണ്. അവയുടെ ലിസ്റ്റ് പട്ടിക ചേർത്തിരിക്കുന്നു.

5. ഇലക്ട്രിക് ലൈനുകളുടെയോ ട്രാൻസ്ഫോർമറുകളുടെയോ അറ്റകുറ്റപ്പണികൾ യഥാസമയം വേണ്ട വിധത്തിൽ നടത്തുന്നില്ല. ഉദ്യോഗസ്ഥരുടെ അനാസ്ഥയും സാധനസാമഗ്രികളുടെ ലഭ്യതക്കുറവും ഇതിന് കാരണമാണ്. ഇത് വേണ്ട രീതിയിൽ പരിഹരിക്കപ്പെടണം.

6. വോൾട്ടേജ് ക്ഷാമം ഈ പഞ്ചായത്തിൽ വളരെ രൂക്ഷമാണ്, അത് പരിഹരിക്കുന്നതിനുവേണ്ടി പുതിയ ലൈനുകളും ട്രാൻസ്ഫോർമറുകളും സ്ഥാപിക്കേണ്ടതാണ്. അതിൻെറ ലിസ്റ്റ്/പട്ടിക താഴെ ചേർത്തിരിക്കുന്നു

7 വോൾട്ടേജ് ഡ്രോപ്പ് (മരച്ചില്ലകളും ലൈനുമായുള്ള ടച്ചിംഗ്) ഈ പ്രദേശത്ത് വളരെ കൂടുതലാണ്. അത് പൊതുജനങ്ങളുടെ സഹകരണത്തോടെ പരിഹരിക്കണം

8. സ്ലാബ് സമ്പ്രദായം നിറുത്തി ഉപയോഗിക്കുന്ന യൂണിറ്റിൻെറ ചാർജ് ഈടാക്കുവാൻ നടപടി സ്വീകരിക്കുക.

9. മീറ്റർ റീഡിംഗിനു വരുന്ന ജീവനക്കാർക്ക് K.S.E.B. യുടെ ഐഡൻറിറ്റി കാർഡ് നൽകുക.

10 പരിശോധനകൾക്കായി K.S.E.B. ഉദ്യോഗസ്ഥർ, പഞ്ചായത്ത് പൊതുജനങ്ങൾ എന്നിവരുടെ മേൽനോട്ടത്തിൽ ജോയിൻറ് ഇൻസ്പെക്ഷൻ വിംഗ് രൂപീകരിക്കുക

11. സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കലും അറ്റകുറ്റപ്പണികളും പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ നടത്തണം.

12 സ്ട്രീറ്റ് ലൈറ്റുകൾക്കു വേണ്ടി പ്രത്യേകം മീറ്റർ സ്ഥാപിച്ച്. ഉപയോഗിക്കുന്ന വൈദ്യുതിക്കു മാത്രം ചാർജ് ഈടാക്കുക.

## പുതുതായി ട്രാൻസ്ഫോർമറുകൾ

### സ്ഥാപിക്കേണ്ട സ്ഥലം

| നമ്പർ | പുതുതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ട സ്ഥലം | കപ്പാസിറ്റി | ദൂരം |
|---|---|---|---|
| 1 | വല്യുവട്ടം MTLP സ്കൂളിനു സമീപം പുതിയ 11 KV ലൈൻ | 100 KV | 2K.M |
| 2 | 8-ാം വാർഡിൽ മണ്ണുപ്പാട്ടുപടിക്കു സമീപം 11 KV ലൈനിനു താഴെ | 100 KV | - |
| 3. | 3-ാം വാർഡിൽ PIP അക്വഡേറ്റിനു സമീപം പുതിയ11 KV ലൈൻ | | 50 M |

കൂടാതെ ഇലന്തൂർ നെടുവേലിമുക്കിനു സമീപം വീടുകളുടെ അടുത്തായി ഇരിക്കുന്ന ട്രാൻസ്ഫോർമർ സൗകര്യപ്രദമായ സ്ഥലത്ത് മാറ്റി സ്ഥാപിക്കണം.

പുന്നയ്ക്കാട്ട് ഉള്ള ട്രാൻസ് ഫോർമറിൽ നിന്ന് കോഴഞ്ചേരി സെക്ഷനിലേക്കാണ് 50% കണ്ക്ഷനുകളും. അതു മാറ്റി ആ ട്രാൻസ്ഫോർമർ പൂർണ്ണമായും ഇപ്പോഴുള്ള ഇലവുംതിട്ട സെക്ഷനിലാക്കുക.

### വൈദ്യുതി-ഇതര ഊർജമേഖല

1. ഇലന്തൂരിലേയും സമീപ പ്രദേശങ്ങളിലേയും വാഹനങ്ങളുടെ വർദ്ധനവ് കണക്കാക്കി ഇലന്തൂർ പ്രദേശത്ത് സ്റ്റേറ്റ് ഹൈവേയോട് ചേർന്ന് ഉചിതമായ സ്ഥലത്ത് ഒരു പെട്രോൾ പമ്പ് അനുവദിക്കുക

2. ഒരു പാചക വാതക ഏജൻസി അനുവദിക്കുക

3. ഈ പഞ്ചായത്തിൽ വിറകിനെയാണ് പാചകത്തിന് കൂടുതലായി ആശ്രയിക്കുന്നത്. വിറകിൻെറ ലഭ്യത ഇപ്പോൾ ഇവിടെ വളരെ കുറവാണ്. അതിനാൽ ശാസ്ത്രസാഹിത്യ പരിഷത്ത്, അനർട്ട് എന്നീ സംഘടനകളുമായി സഹകരിച്ച് പുയില്ലാത്ത അടുപ്പുകൾ പ്രാബല്യത്തിൽ കൊണ്ടുവരുക. ഇതിൻെറ പ്രചാരണത്തിനായി ക്യാമ്പുകൾ നടത്തി ജനങ്ങളെ ബോധവൽക്കരിക്കുക

4. സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുക, സൗരോർജ്ജം ഊർജമേഖലയിൽ എങ്ങനെയൊക്കെ പ്രയോജനപ്പെടുത്താമെന്ന സാദ്ധ്യതകൾ ആരായുക.

## മാർക്കറ്റ് (ചന്തകൾ)

ഇലന്തൂർ പഞ്ചായത്ത് പ്രദേശത്ത് രണ്ടു മാർക്കറ്റുകളാണ് നിലവിലുണ്ടായിരുന്നത്. ശ്രീചിത്തിര വിലാസം മാർക്കറ്റും പൂക്കോട് മാർക്കറ്റും. ഇപ്പോൾ പ്രവർത്തനത്തിലുള്ളത് ശ്രീചിത്തിരവിലാസം മാർക്കറ്റ് മാത്രമാണ്. ഇവിടെ ത്തന്നെ മുൻകാലത്തുള്ള രീതിയിലുള്ള വ്യാപാരം ഇപ്പോൾ നടക്കുന്നില്ല. എന്നാൽ എല്ലാ വാർഡുകളിലും പുതിയ മാർക്കറ്റുകൾ സ്ഥാപിക്കണം എന്ന ആവശ്യം ഗ്രാമസഭകളിൽ ഉയർന്നുവരികയുണ്ടായി. ഇതിൻെറ പ്രായോഗിക വശം പരിശോധിക്കേണ്ടിയിരിക്കുന്നു.

## നിർദ്ദേശങ്ങൾ

1. ഇലന്തൂർ മാർക്കറ്റിൻെറ ചുറ്റുമതിൽ പൂർത്തിയാക്കി ഗേറ്റ് നിർമ്മിച്ച് ചന്തുടെ പേരെഴുതിയ ബോർഡ് സ്ഥാപിക്കുക.

2. വാട്ടർ കണക്ഷൻെറ പൈപ്പ ലൈൻ ചന്തയിലേക്ക് നീട്ടി ഒന്നു രണ്ടു ടാപ്പുകൾ സ്ഥാപിക്കുക.

3. ചന്തയിൽ ഒരു ഫ്ലൂറൻസ് ലാമ്പ് സ്ഥാപിക്കുക. അല്ലെങ്കിൽ രണ്ടുമൂന്നു ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുക.

4. ഇപ്പോഴുള്ള മത്സ്യസ്റ്റാളിൻെറ നടുക്കുള്ള ഭിത്തികൾ പൊളിച്ചുമാറ്റി ഒറ്റ ഹാളാക്കി മത്സ്യക്കച്ചവടം ഈസ്റ്റാളിൽ മാത്രമാക്കുക. ദിവസവും കഴുകിവൃത്തിയാക്കുകയും ആവശ്യമായ ഡ്രെയിനേജ് സൗകര്യം ഏർപ്പെടുത്തുകയും ചെയ്യുക.

5. ചന്തയിൽ ഒരു ഓപ്പൺ എയർ സ്റ്റേജ് നിർമ്മിച്ച് പൊതു പരിപാടികൾക്ക് വാടക ഈടാക്കാം

6 സ്ത്രീകൾക്ക് പ്രത്യേകസൗകര്യമുള്ള വാട്ടർകണക്ഷനോടുകൂടിയ മൂത്രപ്പുരയും കക്കൂസും നിർമ്മിക്കുക. അത് സൂക്ഷിക്കന്നതിന് ഒരു വാച്ചറെ ചുമതലപ്പെടുത്തുക

7. വഴിക്കച്ചവടം നിർത്തുക. നാണ്യവിള വ്യാപാരം ചന്തക്കുള്ളിൽ മാത്രം അനുവദിക്കുക. നാമമാത്രമായ പച്ചകൃഷിക്കാരുടെ സാധനങ്ങൾക്കുമേലുള്ള പിരിവ് ഒഴിവാക്കുക.

8. ഇറച്ചി വ്യാപാരത്തിൻെറ അവശിഷ്ടങ്ങൾ അവിടെ ഇടാതെ സൂക്ഷിക്കുക. ഒരുദിവസം രണ്ടു പ്രാവശ്യമെങ്കിലും കഴുകിവൃത്തിയാക്കി ഇടുക. ആവശ്യമായ ഡ്രെയിനേജ് സൗകര്യം ഏർപ്പെടുത്തുക.

9.മാർക്കറ്റിലും പരിസരപ്രദേശത്തും അലഞ്ഞു നടക്കുന്ന പട്ടികളെ പിടിക്കുവാൻ ആളെ നിയോഗിക്കണം.

10. ഗ്രാമവികസന വകുപ്പിൻെറ കെട്ടിടത്തിൻെറ അറ്റകുറ്റപ്പണികൾ യഥാസമയം ചെയ്യുക.

11. ചന്തയുടെ പടിഞ്ഞാറ് ഭാഗത്തായി തണൽവൃക്ഷങ്ങൾ വച്ചു പടിപ്പിക്കുക. ഓമല്ലൂർ റോഡിൻെറ ഭാഗത്തു നിന്നുമുള്ള പ്രവേശന പ്രദേശത്തും തണൽ വൃക്ഷങ്ങൾ നടുക.

12. ഇപ്പോൾ ബസ് നിറുത്തി ആളെ കയറ്റി ഇറക്കുന്ന ഭാഗത്താണ് ഓട്ടോറിക്ഷകൾ പാർക്കു ചെയ്യുന്നത്. ഇത് വഴിയാത്രക്കാർക്കും വ്യാപാരികൾക്കും ഒരുപോലെ ബുദ്ധിമുട്ടിനിടയാക്കുന്നു. തൽക്കാലം ഓട്ടോറിക്ഷകൾ ചന്തയ്ക്കുള്ളിലായി പാർക്കു ചെയ്യുവാൻ അടിയന്തിര നടപടിസ്വീകരിക്കണം.

13. ഇലന്തൂരിൽ ഒരു കന്നുകാലിച്ചന്ത ആവശ്യമാണ്.

14. ഇലന്തൂർ പഞ്ചായത്തിൽ അത്യാധുനിക സൗകര്യങ്ങളുള്ള ഒരു സ്ലോട്ടർ ഹൗസ് സ്ഥാപിക്കുക.



# പാർപ്പിടവും (ഭവന നിർമ്മാണവും) സാമൂഹ്യ ക്ഷേമവും

6-2-c

മനുഷ്യന് അവശ്യം ആവശ്യമായ മൂന്ന് അടിസ്ഥാന ആവശ്യങ്ങളിൽ ഒന്നായ പാർപ്പിടം ഇപ്പോൾ പലർക്കും തങ്ങളുടെ സാമ്പത്തിക നിലവാര സൂചികയായിമാറുകയാണ്. ഇലന്തൂർ പഞ്ചായത്തും അതിന് അപവാദമല്ല.

ഇലന്തൂർ പഞ്ചായത്തിൽ ഓടുമേഞ്ഞ കെട്ടിടങ്ങളും., കോൺക്രീറ്റ് മട്ടുപ്പാവുകളും, മാർബിൾ സൗധങ്ങളും, ഓല മേഞ്ഞ വീടുകളും, ചെറ്റക്കുടിലുകളും ഉണ്ട്. പഞ്ചായത്തിലെ 9 വാർഡുകളിലായിആകെ 4574 ഭവനങ്ങളുണ്ട്.

## വീടുകളുടെ തരം തിരിച്ചു പട്ടിക വാർഡ് തലത്തിൽ

പട്ടിക-1

| വാർഡ് നമ്പർ | കുടിൽ | ഓലമേഞ്ഞത് | ഓട്മേഞ്ഞത് | കോൺക്രീറ്റ് മട്ടുപ്പാവ് | ബഹുനില കെട്ടിടങ്ങൾ | ആകെ |
|---|---|---|---|---|---|---|
| 1 | 15 | 30 | 275 | 80 | 7 | 407 |
| 2 | 25 | 35 | 239 | 95 | 12 | 406 |
| 3 | 47 | 48 | 348 | 170 | 32 | 645 |
| 4 | 40 | 26 | 311 | 144 | 15 | 536 |
| 5 | 27 | 21 | 254 | 108 | 25 | 435 |
| 6 | 28 | 78 | 309 | 134 | 10 | 559 |
| 7 | 26 | 94 | 204 | 58 | 8 | 390 |
| 8 | 62 | 85 | 394 | 148 | 14 | 703 |
| 9 | 45 | 112 | 248 | 79 | 9 | 493 |
| ആകെ | 315 | 529 | 2582 | 1016 | 132 | 4574 |

പഞ്ചായത്തിലെ കുടിലുകളെല്ലാം ശോചനീയമായ അവസ്ഥയിലാണ് ഓലയുടെ വിലകയറ്റവും, വാർഷിക പുരമേയൽ സമയത്ത് ചെയ്യേണ്ട അറ്റകുറ്റപ്പണികൾക്കു വേണ്ട ധനത്തിൻെറ ദൗർലഭ്യവും നിമിത്തം പല ഓലപ്പുരകളും ചോർന്നൊലിക്കുന്നുണ്ട്. കുടിലുകൾക്കും ഓലപുരകൾക്കും ഓടുമേഞ്ഞ കെട്ടിടങ്ങൾക്കും പേടിസ്വപ്നമായിട്ടുള്ളത് ചിതലിൻെറ ആക്രമണമാണ്. നിതാന്ത ജാഗ്രത പാലിച്ചില്ലെങ്കിൽ മണിക്കൂറുകൾക്കകം എല്ലാം മണ്ണായിത്തീരാം കാലം ചെല്ലുന്തോറും കോൺക്രീറ്റ് മട്ടുപ്പാവുകൾ പോലും ചോർന്നൊലിച്ചു കൊണ്ടിരിക്കുന്നു.

കലാകാലങ്ങളിൽ വേണ്ടി വരുന്ന അറ്റകുറ്റപ്പണികൾ ചെയ്യാതിരുന്നതു കൊണ്ട് കോളനികളിലെ പല വീടുകളും ഏതുനിമിഷവും നിലംപതിക്കുന്ന നിലയിലാണ്. കോളനികളിലെ കക്കൂസുകളുടെ അപര്യാപ്തയും, ശുദ്ധജല ദൗർലഭ്യവും മൂലം അടിക്കടിപകർച്ചവ്യാധികളും മറ്റ് ആരോഗ്യ പ്രശ്നങ്ങളും ഉണ്ടാകുന്നു.

## ഇലന്തൂർ പഞ്ചായത്തിൽ ഭവനങ്ങൾ ആവശ്യമുള്ളവരുടെപട്ടിക (IRDPസർവ്വേ)

### പട്ടിക-2

| വർഷം | വീടുകൾ ആവശ്യമുള്ള കുടുംബങ്ങൾ | പഞ്ചായത്തിൽ നിന്ന് അനുവദിക്കുന്ന വീടുകൾ | പണിതീർത്ത വീടുകൾ |
|---|---|---|---|
| 1992-93 | 1209 | 18 | 18 |
| 93-94 | 1191 | 2 | 2 |
| 94-95 | 1189 | 27 | 27 |
| 95-96 | 1162 | 26 | 19 |

അനുവദിച്ചതിൽ വീടുകളുടെ പണി പൂർത്തീകരിക്കുവാനുണ്ട്. 1136 കുടുംബങ്ങൾക്ക് ഇനിയും വീടുകൾ ലഭിക്കാനുണ്ട്.

### പട്ടിക-3

## ഭവനലഭ്യത-വിവിധപദ്ധതികൾ പ്രകാരം

| വർഷം | IAY | MWS | JRY | ആകെ |
|---|---|---|---|---|
| 1992-93 | - | 3 | 9 | 12 |
| 93-94 | - | 7 | 8 | 15 |
| 94-95 | 6 | - | 6 | 12 |
| 95-96 | 15 | 3 | - | 18 |

## പഞ്ചായത്തിൽ വാസയോഗ്യമല്ലാത്ത വീടുകളുള്ള കുടും ബങ്ങളുടെ പട്ടിക.

| വാർഡ്നമ്പർ | വാസയോഗ്യമല്ലാത്ത വീടുകളുടെ എണ്ണം |
|---|---|
| 1 | 20 |
| 2 | 10 |
| 3 | 20 |
| 4 | 10 |
| 5 | 10 |
| 6 | 30 |
| 7 | 50 |
| 8 | 86 |
| 9 | 147 |
| ആകെ | 383 |

നിലവിലുള്ള ഭവന നിർമ്മാണ വായ്പകൾ ഉദാരമാക്കിയും ലഘൂകരിച്ചുംകിട്ടണമെന്നാണ് സാധാരണക്കാർ ആഗ്രഹിക്കുന്നത്.

കൈവശഭൂമി ഉള്ളവർക്ക് പലർക്കും പട്ടയം ലഭിക്കുന്നതിലുള്ള കാലതാമസം മൂലം കൈവശ ഭൂമിയിൽ വീടു പണിയുവാൻ സാധിക്കുന്നില്ല. ഇനിയും സ്വന്തമായി ഭൂമി ഇല്ലാത്ത കുടുംബങ്ങളും ഉണ്ട്.

ഭവന നിർമ്മാണ സാമഗ്രികളുടെ വില അനുനിമിഷം കുതിച്ചു കയറുന്നു. ഭവനനിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ കൂലി ദിനംപ്രതി വർദ്ധിച്ചു കൊണ്ടിരിക്കുന്നു.

പട്ടിക 5

**കൂലി നിരക്കിൽ വന്ന വ്യത്യാസം**

| വർഷം | മേസ്തിരി കൂലി (രൂപാ) | മൈക്കാട് കൂലി (രൂപാ) |
|---|---|---|
| 1970 | 5 | 2.50 |
| 1975 | 12 | 7 |
| 1980 | 25 | 16 |
| 1985 | 40 | 30 |
| 1990 | 60 | 40 |
| 1996 | 125 | 90 |

നമ്മുടെ നാണയത്തിന് മൂല്യ ശോഷണം വളരെ അധികമായി ഉണ്ടായിട്ടുള്ള ഇന്നത്തെ സാഹചര്യത്തിൽ ഭവന നിർമ്മാണങ്ങൾക്കുള്ള അനുകാലൂങ്ങളും വായ്പകളും വർദ്ധിപ്പിച്ചെങ്കിൽ മാത്രമേ ഭവന നിർമ്മാണ പദ്ധതികൾ നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ.

അന്യസംസ്ഥാനങ്ങളിൽ നിന്നും വരുന്ന നാടോടി സംഘടങ്ങൾ തെരുവുകളിലേ കടത്തിണ്ണകളിലുംപൊതു സ്ഥലങ്ങളിലും ദിവസങ്ങളോളം താമസിച്ച് തട്ടിപ്പുകളും മോഷണങ്ങളും നടത്തുകയും പരിസരങ്ങൾ മലീമസമാക്കുകയും ചെയ്തു കൊണ്ടിരിക്കുന്നു. ഇവർ പ്രത്യുൽപാദന പരമായി സംഭാവനകൾ ഒന്നും തന്നെ ചെയ്യാതെ പഞ്ചായത്തിൻെറയും തദ്വാരാ സംസസ്ഥാനത്തിൻെറയും സമ്പദ്‌വ്യവസ്ഥയ്ക്ക് കാര്യമായ കോട്ടങ്ങൾ ഉണ്ടാക്കുന്നു.

## പൊതു നിർദ്ദേശങ്ങൾ

1. വ്യക്തികളുടെ വരുമാനം നിശ്ചയിക്കാനുള്ള അധികാരം റവന്യൂ വകുപ്പിൽ നിന്നും മാറ്റി പഞ്ചായത്തിന് വിട്ടുകൊടുക്കണംഓരോ കുടുംബത്തിൻെറ സാമ്പത്തിക സ്ഥിതിയേപ്പറ്റയുള്ള വ്യക്തമായ അറിവ് വാർഡ് മെമ്പർക്കാണുള്ളത്.

2. കക്കൂസും കുളിമുറിയും ആവശ്യമുള്ള ദുർബല വിഭാഗങ്ങളുടെ ഭവനങ്ങളിൽ അവ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം ചെയ്തു കൊടുക്കണം.

3. ലക്ഷം വീടു കോളനികൾക്ക് അതാതു പ്രദേശങ്ങളിൽ പൊതു ശ്മശാനം നിർമ്മിച്ചു കൊടുക്കണം.

4. പഞ്ചായത്തിൽനിന്നും ബ്ലോക്കിൽ നിന്നും അനുവദിച്ചു നിർമ്മിച്ചിട്ടുള്ള ഭവനങ്ങളുടെ അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിൽ ചെയ്തു കൊടുക്കണം.

5. സ്വന്തമായി ഭൂമിയിം വീടും ഇല്ലാത്ത വർക്ക് അവലഭ്യമാക്കണം.

6. പട്ടികജാതിക്കാർക്കും, പട്ടിക വർഗക്കാർക്കും മറ്റു പിന്നോക്കവിഭാഗക്കാർക്കും പഞ്ചായത്തിൽ നിന്നും നൽകുന്ന സ്ഥലവും, കെട്ടിടവും, മറ്റുപകരണങ്ങളും പഞ്ചായത്തിൻെറ അനുമതി ഇല്ലാതെ ക്രയവിക്രയം നടത്തുകയില്ലെന്ന് ഉറപ്പു വരുത്തണണം.

7. സർക്കാർ ലഭ്യമാക്കുന്ന വായ്പകളുടെ നടപടികളിലെ സാങ്കേതികത ലളിതമാക്കണം.

8. ചെലവുകുറഞ്ഞ വീടുകൾ ഗ്രാമ പഞ്ചായത്തിൽ പ്രചരിപ്പിക്കണം.

9. ഈ പഞ്ചായത്തിലുള്ള ഏക ദേശ സാൽകൃതബാങ്കായ I.O.B യുടെ സർവ്വീസ് ഏരിയാ, ഈ പഞ്ചായത്തിലാക്കണം. ഇലന്തൂർ പഞ്ചായത്തിൻെറ മദ്ധ്യഭാഗത്തു സ്ഥിതിചെയ്യുന്ന ഈ ബാങ്കിൻെറ സർവ്വീസ് സെൻറർ ചെന്നീർക്കര പഞ്ചസായത്തിലേക്കു മാറ്റിയത് ഇലന്തൂർ നിവാസികൾക്കും ചെന്നിർക്കര നിവാസികൾക്കും ഒരു പോലെ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നതാണ്.

10. അടുത്ത കാലത്തു വന്ന നിയമനുസരിച്ച് റോഡുകളുടെ അതിർത്തിയിൽ നിന്നും 3 മീറ്റർ ഉള്ളിലേക്കുമാറ്റിയേ വീട് കെട്ടിടം നിർമ്മിക്കാവൂ എന്നാണെല്ലോ. എന്നാൽ റോഡരികിലുള്ള തുണ്ടു ഭൂമി (രണ്ടോ മൂന്നോ സെൻറ് സ്ഥലം) മാത്രമുള്ളവർക്ക് ഭൂമി ഉണ്ടെങ്കിലും വീടു വയ്ക്കുവാൻ ഇത് തടസ്സമായി നിൽക്കുന്ന നിയമമാണ്. ഇതു 2 മീറ്ററായി കുറച്ചാൽ തുണ്ടുഭൂമികൾ മാത്രമുള്ളവർക്ക് ആശ്വാസകരമായിരുന്നു.

## സാമൂഹ്യക്ഷേമം

സർക്കാരിൻെറ ഭാഗത്തുനിന്നു അവശവിഭാഗത്തിൽ പെട്ടവ(ST/SC) രുടെ ഉന്നമനത്തേലാക്കാക്കി ഒട്ടനവധി ദ്ധതികൾക്കു രൂപം കൊടുത്തിട്ടുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്ക് ഈ പദ്ധതികളുടെ വിശദാംശങ്ങൾ ശരിയായി ഗ്രഹിക്കുവാൻ സാധിക്കാതെ വരുന്നതു കൊണ്ടും, നിയമങ്ങളുടെ വ്യാഖ്യാനങ്ങളിൽ വരുന്ന തെറ്റിദ്ധാരണകൾ കൊണ്ടും, കാലതാമസവും, കിട്ടാത്ത അവസ്ഥയും സംജാതമാകാറുണ്ട്. അതുകൊണ്ട് ഇവയുടെ നടത്തിപ്പിനുള്ള ഒരു മോണിറ്ററിംഗ് സംവിധാനം ആവശ്യമാണ്വ

പഞ്ചായത്തിൽ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരങ്ങൾ IRDP സർവ്വേ പ്രകാരം ഉള്ളത് പട്ടിക 6 ൽ ചേർത്തിരിക്കുന്നു.

## പട്ടിക 6

| ആകെ കുടുംബങ്ങൾ | ഇതിൽ SC/ST കുടുംബങ്ങൾ | സാമ്പത്തികസഹായം ലഭിച്ച കുടുംബങ്ങൾ | ഇതിൽ SC/ST | സഹായം മൂലം ദരിദ്രരേഖക്കു മുകളിലെത്തിയവർ |
|---|---|---|---|---|
| 1209 | SC 318<br>ST 3 | 93-94 മുതൽ 95-96 വരെ<br>198 | 88 | 198 |

ട്രൈസം തൊഴിൽ പരിശീലന പദ്ധതിലൂടെ പരിശീലനം ലഭിച്ചവർ സ്വയം തൊഴിൽ കണ്ടെത്തിയിട്ടുണ്ട് വിശദ വിവരങ്ങൾ പട്ടി 7 ൽ ചേർത്തിരിക്കുന്നു

## പട്ടിക-7

| പരിശീലന വിഷയത്തിൻെറ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം 92-93 മുത ൽ 95-96 വരെ | സ്വയംതൊഴിൽ കണ്ടെത്തിയവർ |
|---|---|---|
| പ്ലമ്മിംഗ് | 12 | 12 |
| ഇലക്ട്രീഷ്യൻ | 9 | 9 |
| വെൽഡിംഗ് | 12 | 12 |
| ബുക്ക് ബൈൻഡിംഗ് | 6 | 6 |
| ആകെ | 39 | 39 |

DWCRA പ്രകാരം 31 അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്.
IRDP പദ്ധതി പ്രകാരംഗ്രാമീണ കൈത്തൊഴിൽകാർക്ക് ഉപകരണങ്ങൾ (റ്റൂൾസ്) നൽകിയിട്ടുള്ളത് പട്ടിക 8 ൽ നൽകയിട്ടുണ്ട്.

## പട്ടിക-8

| IRDP സർവേ പ്രകാരം ഗ്രാമീണ കൈത്തൊഴിൽ ക്കാരുടെ എണ്ണം. | സഹായം ലഭിച്ചവർ | ഇനിയും ലഭി ക്കേണ്ടവർ |
|---|---|---|
| 42 | 14 | 28 |

പഞ്ചായത്തിലൂടെ നൽകുന്ന പെൻഷൻ സഹായങ്ങളുടെ വിവരങ്ങൾ പട്ടിക 9ൽ ചേർത്തിരിക്കുന്നു.

പട്ടിക-9

| വർഷം | വിധവ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യ പെൻഷൻ | ക്ഷയരോഗ പെൻഷൻ | കാൻസർ പെൻഷൻ |
|---|---|---|---|---|---|
| 92-93 | 3 | - | 2 | 1 | - |
| 93-94 | 2 | - | 1 | 1 | - |
| 94-95 | 4 | - | 1 | 1 | - |
| 95-96 | 5 | 2 | 3 | 1 | - |
| 96-97 | 6 | 2 | 9 | - | 2 |

## അംഗൻവാടി വിവരങ്ങൾ

പഞ്ചായത്തിൽ മാർത്തോമ്മാ സഭയുടെ ആഭിമുഖ്യത്തിൽ ഒരി ബാലികാഭവനും (60 പെൺകുട്ടികൾ) ശാന്തി ആശ്രമം എന്ന പേരിൽ വൃദ്ധവനിതകൾക്കുള്ളൊരുമന്ദിരവും (അന്തേവാസികൾ 6 പേർ ) പ്രവർത്തിച്ചു വരുന്നു.

## പൊതുനിർദ്ദേശങ്ങൾ

1. IRDP, DWCRA, ട്രൈസം ആദിയായവയിലൂടെ ലഭ്യമാകുന്ന സഹായങ്ങളെപ്പറ്റി ഗുണഭോക്താക്കളെ ബോധവൽക്കരിക്കുന്നതിനും, ആ സഹായങ്ങൾ ലഭിക്കുന്നതിന് നൽകേണ്ട ഔപചാരിക രേഖകൾ തയ്യാറാക്കുന്നതിനുമായി പഞ്ചായത്ത് വാർഡ് മെമ്പറുടെ നേതൃത്വത്തിൽ സന്നദ്ധസംഘടനകൾ രൂപീകരിച്ചു പ്രവർത്തിക്കുന്നതു നല്ലതായിരിക്കും.

2. തൊഴിൽ പരിശീലനത്തിനയയി പഞ്ചായത്തിൽ ഒരു പൂർണ്ണ ITI അനുവദിക്കണം.

3. പഞ്ചായത്തിലേ അർഹത ഉള്ള എല്ലാവർക്കും പെൻഷൻ കിട്ടുവാനുള്ള സംവിധാനം ഉണ്ടാകണം.

4. ക്ഷേമപദ്ധതികളുടെ എല്ലാ പ്രവർത്തനങ്ങളും മോണിട്ടർ ചെയ്യാനുള്ള സംവിധാനം ഉണ്ടാകണം.

5. ദാരിദ്ര്യരേഖ നിശ്ചയിക്കുന്ന വരുമാന പരിധി കാലോചിതമായി ഉയർത്തണം.

6. ആയുർ ദൈർഘ്യം കേരളത്തിൽ വളരെ വർദ്ധിച്ചിട്ടുണ്ട്. അതോടൊപ്പം വൃദ്ധ ജനങ്ങളുടെ വാർദ്ധക്യ പ്രശ്നങ്ങളും വർദ്ധിച്ചിട്ടുണ്ട്.

   കേരളത്തിലെ ആധുനിക ന്യൂക്ലിയർ കുടുംബ സംസ്കാരത്തിൽ വൃദ്ധജനങ്ങൾ മിക്ക കുടുംബങ്ങളിലും ഒറ്റപ്പെട്ടു പോകുന്നു.

   ഈ സാഹചര്യത്തിൽ പഞ്ചായത്തിൽ ഒരു വൃദ്ധമന്ദിരം ഉണ്ടാകേണ്ടത് സമൂഹത്തിൻെറ ആവശ്യമാണ്.



# വിദ്യാഭ്യാസം

**6-3-A**

പത്തനംതിട്ട ജില്ലാ കേന്ദ്രത്തോട് തൊട്ടുരുമ്മി കിടക്കുന്ന പഞ്ചായത്താണ് ഇലന്തൂർ. ഈ പഞ്ചായത്തിൻെറ ഭൂരിഭാഗവും അവികസിത കുന്നിൻ പ്രദേശങ്ങളാണ്. രാഷ്ട്രപിതാവായ മഹാത്മജിയുടെയും വിനോബാ ഭാവേ, ജയപ്രകാശ് നാരായണൻ തുടങ്ങിയ ദേശീയ നേതാക്കളുടെയും സാമൂഹ്യപരിഷ്ക്കർത്താവായ ശ്രീനാരായണ ഗുരുവിൻെറയും പാദസ്പർശം കൊണ്ട് പവിത്രമായ മണ്ണാണ് ഇലന്തൂരിൻേറത്. വിവിധ രംഗങ്ങളിൽ പ്രശസ്തമായ സ്ഥാനം അലങ്കരിച്ച നിരവധി മഹത് വ്യക്തികൾ ഈ പഞ്ചായത്തിൻെറ സന്തതികളായിട്ടുണ്ട്. ശ്രീ. കെ.കുമാർജിയുടെ നാമം ഇത്തരുണത്തിൽ പ്രത്യേകം സ്മരണീയമാണ്.

ഈ പഞ്ചായത്തിൽ ഒരു വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളും ഒരു ഹൈസ്കൂളും ആറ് എൽ.പി സ്കൂളുകളും രണ്ട് പാരലൽ കോളേജുകളും പ്രവർത്തിക്കുന്നുണ്ട് .ഇവയിൽ സർക്കാർ ഉടമയിൽ ഉള്ളത് ഇലന്തൂർ വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളുചിറമേൽ L.Pസ്കൂളുമാണ്. ഇടപ്പരിയാരം ഹൈസ്കൂൾ എസ്.എൻ.ഡി.പി. മാനേജ്മെൻറിൻേറതും എൽ.പി സ്കൂളികളിൽ 5 എണ്ണം ക്രിസ്ത്യൻ മാനേജ്മെൻറിൻേറതുമാണ്.

ഇലന്തൂർ പഞ്ചായത്തിലെ ഏറ്റവും പഴക്കമുള്ളവവിദ്യാലയം ഇലന്തൂർ വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂൾ ആണ്.ഈ സ്കൂളിന് ഏകദേശം 140 വർഷത്തെ പഴക്കം ഉണ്ട്. രാത്രികാലസ്കൂളായിട്ടാണ് ഇത് പ്രവർത്തനം ആരംഭിച്ചത് ആദ്യകാലത്ത് ഈ സ്കൂളിൻെറ പേര് കുമ്പഴ പ്രവർത്തി സ്കൂൾ എന്നായിരുന്നു. ആദ്യം ഒന്നു മുതൽ നാലുവരെയുള്ള മലയാളം സ്കൂളാവുകയും പിന്നീട് യു.പി. സ്കൂളായി ഉയർത്തുകയും ചെയ്തു. 1965 ൽ ഇതൊരു ഹൈസ്കൂളായി ഉയർത്തി. 1991-92-ൽ ഈ ഹൈസ്കൂൾ വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂൾ ആയി. 1995-96-ൽ ഇവിടെ B.E.d സെൻറർ പ്രവർത്തനം ആരംഭിച്ചു. കലാകായിക രംഗങ്ങളിൽ ഈ സ്കൂൾ വളരെ മുന്നിലാണ്.

952-ാം നമ്പർ എസ്.എൻ.ഡി.പി. ശാഖായോഗത്തിൻെറ വകയായി 1956-ൽ ഒരു യു.പി. സ്കൂൾ ആയിപ്രവർത്തനം ആരംഭിച്ച ഇടപ്പരിയാരം എസ്.എൻ.ഡി.പി. സ്കൂൾ 1981ൽ ഹൈസ്കൂളായി ഉയർത്തി. പ്രാരംഭകാലം മുതൽ 75% ത്തിൽ അധികം വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പരീക്ഷയിൽ വിജയിക്കുന്നു. പത്തനംതിട്ട വിദ്യാഭ്യാസജില്ലയിൽ എസ്.എസ്.എൽ.സി വിജയശതമാനത്തിൽ ഏറ്റവും മികച്ച പത്തു വിദ്യാലയങ്ങളിൽ ഒന്നാണിത്. എന്നാൽ കലാകായിക രംഗത്തിന് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല.

ചിറമേൽ ഗവൺമെൻറ് എൽ.പി.എസ്. സരസകവി മുലൂർ എസ്. പത്മനാ ഭപണിക്കരുടെ മാനേജുമെൻറിൽ 1918 പ്രവർത്തനം ആരംഭിച്ചു പിന്നീട് ഈ സ്കൂൾ ഗവൺമെൻറിനു കൈമാറുകയാണുണ്ടായത്

1918-ൽ പ്രവർത്തനം ആരംഭിച്ച വല്യവട്ടം എം.റ്റി.എൽ.പി. സ്കൂൾ ഉൾപ്പെടെ സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന. അഞ്ച് എൽ.പി സ്കൂളുളളും മാർത്തോമ്മാ മാനേജ്മെൻറിൻേറതാണ്.

ഈ പഞ്ചായത്തിൽ അംഗീകൃതവും അല്ലാത്തതുമായ പ്രീപ്രൈമറി വിദ്യാലയങ്ങളും നഴ്സറിസ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടുള്ള അമിതമായ ഭ്രമം മൂലം ഈ പഞ്ചായത്തിൽ നിന്നും ദൂരെയുള്ള ഇംഗ്ലീഷ്മീഡിയം സ്കൂളുകളിൽ ധാരാളം കുട്ടികളെ അയച്ചു പഠിപ്പിക്കുണ്ട്.

## സംസ്കൃതപഠനവും ഹിന്ദിപ്രചാരവും

1937-ൽ ഓമല്ലൂർ ആര്യഭാരതി വിദ്യാപീഠത്തിൻെറ ഒരു ശാഖയായി ഇലന്തൂരിൽ സംസ്കൃത പഠനംആരംഭിച്ചു.

1937ൽ ശ്രീ. കെ. കുമാർജിയുടെ ശ്രമഫലമായി ഇലന്തൂരിൽ ഹിന്ദി വിദ്യാപീഠം ആരംഭിച്ചു. ആദ്യത്തെ അദ്ധ്യാപകൻ പെരുമ്പളം എം.കെ. കുമാർ ആയിരുന്നു. ഈ വിദ്യാ പീഠത്തിൻെറ ഉപശാഖകളായി കോഴഞ്ചേരി, തടിയൂർ, നല്ലാനിക്കുന്ന് എന്നിവിടങ്ങളിൽ ഹിന്ദി പാഠശാലകൾ പ്രവർത്തിച്ചിരുന്നു. ഇവിടെ ഹിന്ദിപഠനം നടത്തിയ നിരവധിപേർ ഹിന്ദി അധ്യാപകരയിത്തീർന്നു.. ഈ കാലഘട്ടത്തിൽ ഹിന്ദി പ്രചാരണം ദേശീയപ്രസ്ഥാനത്തിൻെറ

ഭാഗമായിരുന്നു.

1939 മുതൽ ഇലന്തൂർ ഹരിജനകേന്ദ്രത്തോടനുബന്ധിച്ച് ഒരുഹരിജൻ കോളനി സ്കൂൾ പ്രവർത്തിച്ചിരുന്നു. ആ കേന്ദ്രത്തിന്റെ മാനേജുമെന്റിൽ 100 ലധികം ഹരിജൻ സ്കൂളുകൾ കൊല്ലം ജില്ലയിൽ പ്രവർത്തിച്ചിരുന്നു. ഇലന്തൂർ ശ്രീ.കെ. കുമാർജിയായിരുന്നു ഈ സ്കൂളുകളുടെ മാനേജർ.

സർക്കാർ മേഖലയിലും സ്വകാര്യ മേഖലയിലുമായി പഞ്ചായത്തിലുള്ള 8 സ്കൂളുകളിലായി 2023 വിദ്യാർത്ഥികൾ പഠിക്കുന്നു.. അദ്ധ്യാപകരുടെ ആകെ എണ്ണം 79 ആണ്. വിശദ വിവരങ്ങൾ പട്ടിക ഒന്നിലും രണ്ടിലും ചേർത്തിരിക്കുന്നു.

## വിദ്യാർത്ഥികൾ - അദ്ധ്യാപകർ

പട്ടിക 1

| സ്കൂൾ | എയിഡഡ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. ഗവ:വി.എച്ച്.എസ് എസ്. ഇലന്തൂർ | ഗവ: | 463 | 520 | 983 | 9 | 29 | 38 |
| 2. എസ്.എൻ.ഡി.പിഎച്ച്.എസ്. ഇടപ്പരിയാരം | എയിഡഡ് | 245 | 252 | 497 | 8 | 14 | 22 |
| 3 എം.റ്റി.എൽ.പി. സ്കൂൾ, പുളിന്തിട്ട | ' ' | 35 | 50 | 85 | - | 3 | 3 |
| 4. എം.റ്റി.എൽ പി സ്കൂൾ വല്യവട്ടം | ' ' | 46 | 58 | 104 | - | 3 | 3 |
| 5. എം.റ്റി.എൽ.പി.സ്കൂൾ ഇലന്തൂർ ഈസ്റ്റ | ' ' | 39 | 31 | 70 | - | 4 | 4 |
| 6. എം.റ്റി.എൽ.പി. സ്കൂൾ ഇലന്തൂർ പരിയാരം. | ' ' | 31 | 46 | 77 | - | 3 | 3 |
| 7. എം.റ്റി.എൽ.പി. സ്കൂൾ ഓലിക്കൽ. | ' ' | 62 | 63 | 125 | - | 3 | 3 |
| 8. ഗവൺമെന്റ് എൽ.പി.സ്കൂൾ ചിറമേൽ | ഗവ: | 41 | 41 | 42 | - | 3 | 3 |
| ആകെ | | 962 | 1061 | 2023 | 17 | 62 | 79 |

## പട്ടിക 2

എൽ.പി., യു.പി, എച്ച്. എസ്സ് വിഭാഗങ്ങളിലെ കുട്ടികളുടെ കണക്ക്.

| | എൽ.പി. | | | യു.പി. | | | എച്ച്. എസ്സ് | | |
|---|---|---|---|---|---|---|---|---|---|
| ആകെ വിദ്യാർത്ഥികൾ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| | 355 | 406 | 761 | 245 | 261 | 506 | 362 | 394 | 716 |

പട്ടിക-3 ൽ പട്ടികജാതി വിദ്യാർഥികളുടെ കണക്കുകൾ ചേർത്തിരിക്കുന്നു. ആകെയുള്ള വിദ്യാർത്ഥികളുടെ 19% പട്ടികജാതി/പട്ടികവർഗ്ഗത്തിൽ പെട്ടവരാണ്.

## പട്ടിക 3

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്.

| എൽ.പി. | | | | യു.പി | | | | എച്ച്.എസ്സ്. | | | |
|---|---|---|---|---|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | % | ആൺ | പെൺ | ആകെ | % | ആൺ | പെൺ | ആകെ | % |
| 54 | 61 | 115 | 15 | 54 | 48 | 102 | 20 | 73 | 87 | 160 | 22 |

സാമൂഹിക സാമ്പത്തിക കാരണങ്ങളാൽ ഒരു വിഭാഗം വിദ്യാർത്ഥികൾ ഇടയ്ക്കുവച്ചു പഠനം നിർത്തുന്നു.

## പട്ടിക 4

പഠനംനിർത്തിയവരുടെ കണക്ക് 1995-96

| | എസ്.സി. | | | മറ്റുള്ളവർ | | |
|---|---|---|---|---|---|---|
| | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ. |
| | 10 | 7 | 17 | 19 | 18 | 37 |

## പട്ടിക 5

ഗവ: സ്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്.

| ആകെഅദ്ധ്യാപകർ (പഞ്ചായത്തിൽ) | ഗവ: സ്കൂളുകളിലെ അദ്ധ്യാപകർ | ഗവ:സ്കൂളുകളിലെ അദ്ധ്യാപകരുടെ എണ്ണം % | പഞ്ചായത്തിലെ സ്കൂളുകളിലെ | ഗവ:സ്കൂളുകളിലെ വിദ്യാർത്ഥികൾ | ഗവ:സ്കൂളുടെ വിദ്യാർത്ഥികളുടെഎണ്ണം % |
|---|---|---|---|---|---|
| 78 | 41 | 52.56% | 20.23 | 1065 | 52.64 |

പഞ്ചായത്തിൽ ആകെയുള്ള 2023 വിദ്യാർത്ഥികളിൽ 47% കുട്ടികൾ ശരാശരി നിലവാരത്തിൽ താഴെയാണ്. വിശദവിവരംപട്ടിക-6 ൽചേർക്കുന്നു.

## പട്ടിക 6

പൊതു നിലവാരം പരീക്ഷ - മാർക്ക്.

| ക്ലാസ്സുകൾ | 30% താഴെ മാർക്ക് ലഭിച്ചവർ | 30%-40% മാർക്ക് ലഭിച്ചവർ | 40%-50% മാർക്ക് ലഭിച്ചവർ | 50%-60 മാർക്ക് ലഭിച്ചവർ | 60% മേൽ മാർക്ക് ലഭിച്ചവർ |
|---|---|---|---|---|---|
| 3 | 37 | 24 | 28 | 25 | 48 |
| 4 | 35 | 28 | 33 | 31 | 64 |
| 5 | 31 | 26 | 34 | 29 | 42 |
| 6 | 49 | 39 | 28 | 16 | 35 |
| 7 | 51 | 43 | 29 | 36 | 18 |
| 8 | 121 | 41 | 65 | 32 | 14 |
| 9 | 101 | 55 | 58 | 35 | 24 |
| 10 | 55 | 30 | 52 | 32 | 26 |

പട്ടിക 7 ൽ എസ്.എസ്. എൽ.സി. വിജയ ശതമാനം സംബന്ധിച്ച് 1991-92 മുതൽ 95-96 വരെയുള്ള 5 വർഷത്തെ കണക്ക് കൊടുത്തിരിക്കുന്നു. ഇലന്തൂർ വി.എച്ച്.എസ്. സ്കൂൾ, ഇടപ്പരിയാരം എസ്.എൻ.ഡി.പി.എച്ച്. എസ്സ്. എന്നീ ഹൈസ്കൂളുകളിലെ കണക്കാണിത്. എസ്.എസ്. എൽ.സി. വിജയശതമാനത്തിൽ

## പട്ടിക 7

**എസ്.എസ്.എൽ.സി. വിജയശതമാനം.**

| സ്കൂളിൻെറ പേര് | 1991-92 | 92-93 | 93-94 | 94-95 | 95-96. |
|---|---|---|---|---|---|
| ഗവ: വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ഇലന്തൂർ | 53.58 | 35 | 50 | 52 | 51 |
| എസ്.എൻ.ഡി.പി. ഹൈ | 81 | 87 | 78.2 | 70 | 72.6 |

മുൻപിൽ നിൽക്കുന്നത് ഇടപ്പരിയാരം എസ്.എൻ.ഡി.പി.എച്ച്.എസ് ആണ്. ഇലന്തൂർ വി.എച്ച്.എസ്.എസ് - ൽ വിജയശതമാനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതാണ്.

## അക്കാഡമിക്ക് സൗകര്യങ്ങൾ.

ഈ പഞ്ചായത്തിലെ സ്കൂളുകളിൽ അക്കാഡമിക്ക് സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തണം. ഹൈസ്കൂളുകളിലെ ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തണ. അവ വിദ്യാർത്ഥികൾക്ക് ഉപയോഗപ്രദമാക്കണം. എൽ.പി. സ്കൂളുകളിലൊന്നും തന്നെ പഠനോപകരണങ്ങൾ ദൃശ്യ ശ്രാവ്യ ഉപകരണങ്ങൾ എന്നിവ വേണ്ടത്ര ഇല്ലെന്നും കാണാം. ക്ലാസ്സ് മുറികളിൽ ജീവിതം തളച്ചിടേണ്ടി വരുന്ന വിദ്യാർത്ഥികൾക്ക് പഠന പ്രവർത്തനങ്ങളോട് താൽപര്യം വരുത്തുവാൻ അക്കാഡമിക്ക് സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതത്യാവശ്യമാണ്. പട്ടിക -8 നോക്കുക

# പട്ടിക 8

## അക്കാഡമിക്ക് സൗകര്യങ്ങൾ.

| | സ്കൂളിന്റെ പേര് | ലൈബ്രറി | ലബോറട്ടറി | പഠനോപകരണങ്ങൾ | റേഡിയോ | ടെലിവിഷൻ | വിസിആർ/ വിസിപി | സിനിമ പ്രൊജക്ടർ | സ്ലൈഡ് പ്രൊജക്ടർ | കമ്പ്യൂട്ടർ | ബ്ലാക്ക് ബോർഡ് ആവശ്യമുള്ളവ | നിലവിലുള്ള ബ്ലാക്ക്ബോർഡുകൾ | മാതൃസംഗമം സജീവം / സജീവമല്ല | പിടിഎ പ്രവർത്തിക്കുന്നു /പ്രവർത്തിക്കുന്നില്ല |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1. | ഗവ. വി.എച്ച്.എസ് ഇലന്തൂർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | 10 | 6 | സജീവം | പ്രവർത്തിക്കുന്നു |
| 2. | എസ്.എൻ.ഡി.പി എച്ച്.എസ് ഇടപരിയാരം | ഉണ്ട് | ഉണ്ട് | വേണ്ടത്ര ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | - | 14 | സജീവമല്ല | നാമമാത്രം |
| 3. | എം.ടി.എൽ.പി സ്കൂൾ പുളിനിര | ഉണ്ട് | ഉണ്ട് | വേണ്ടത്ര ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2 | 4 | സജീവം | പ്രവർത്തിക്കുന്നു |
| 4. | എം.ടി.എൽ.പി സ്കൂൾ വല്യവട്ടം | ഉണ്ട് | ഉണ്ട് | വേണ്ടത്ര ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2 | 3 | സജീവം | പ്രവർത്തിക്കുന്നു |
| 5. | എം.ടി.എൽ.പി സ്കൂൾ ഇലന്തൂർ ഈസ്റ്റ് | ഉണ്ട് | ഇല്ല | വേണ്ടത്ര ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 2 | 4 | സജീവം | പ്രവർത്തിക്കുന്നു |
| 6. | എം.ടി.എൽ.പി സ്കൂൾ ഇലന്തൂർ പരിയാരം | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | - | - | സജീവം | പ്രവർത്തിക്കുന്നില്ല |
| 7. | എം.ടി.എൽ.പി സ്കൂൾ ഓലിക്കൽ | ഇല്ല | ഇല്ല | വേണ്ടത്രഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | - | - | സജീവം | പ്രവർത്തിക്കുന്നു |
| 8. | ഗവ.എൽ.പി.എസ് സ്കൂൾ ചിറമേൽ | ഇല്ല | ഇല്ല | വേണ്ടത്രഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | - | 3 | സജീവം | പ്രവർത്തിക്കുന്നു |

## പട്ടിക - 9

### ഇലന്തൂർ ഗ്രാമ പഞ്ചായത്ത്. 9.3 സ്കൂളിന്റെ ഭൗതീക സൗകര്യങ്ങളുടെ വിവരം

| സ്കൂളിന്റെ പേര് | ആകെ ഡിവിഷനുകളുടെ എണ്ണം | കെട്ടിടങ്ങൾ എണ്ണം | | | മുറികളുടെ എണ്ണം | | | ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | ഇനി ആവശ്യമുള്ള കെട്ടിടം/ മുറികൾ നിർമ്മിക്കാനുള്ള ഭൂമി ഉണ്ട്/ഇല്ല | നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | മൂത്രപ്പുര ഒരു സമയം എത്രകുട്ടികൾക്ക് ഉപയോഗിക്കാം | ഇനി ആവശ്യമുള്ളതിന്റെ എണ്ണം | നിലവിലുള്ള കക്കൂസിന്റെ എണ്ണം | ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം | കുടിവെള്ള സംവിധാനം ഉണ്ട്/ഇല്ല-കിണർ പൈപ്പ് | വൈദ്യുതീകരണം ഉണ്ട്/ഇല്ല | പാചകപ്പുര | സ്റ്റാഫ് റൂം | നിലവിലുള്ള ഫർണിച്ചറുകൾ മതിയാകുമോ മതിയാകും/ഇല്ല | ഇനി ആവശ്യമായവയുടെ എണ്ണം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | സ്ഥിരം | അർദ്ധസ്ഥിരം | താൽക്കാലികം | | | | | | | | | | | | | ഡസ്ക് | ബഞ്ച് | മേശ | കസേര | ഓഫീസ് ഫർണിച്ചർ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 |
| 1.ഗവ: വി.എച്ച്.എസ് ഇലന്തൂർ | 28 | 3 | - | - | 40 | - | - | - | ഉണ്ട് | 3 | 20 | 1 | 2 | - | പൈപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | 10 | 10 | 5 | 5 | 5 അലമാര |
| 2. എസ് എൻ ഡി പി എച്ച്. എസ് ഇടപ്പരിയാരം | 14 | 3 | - | - | 18 | - | - | ഇല്ല | ഉണ്ട് | 3 | 12 | - | 1 | 1 | പൈപ്പ് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | - | - | - | 5 | 2 അലമാര |
| 3. എം.ടി.എൽ.പി. സ്കൂൾ പുളിന്തിട്ട | 4 | 1 | - | - | 4 | - | - | - | ഉണ്ട് | 1 | 1 | - | ഇല്ല | 1 | കിണർ | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 10 | 10 | 2 | 5 | അലമാര [illegible] |
| 4. എം.ടി എൽ.പി. സ്കൂൾ വല്യവട്ടം | 4 | 1 | - | - | - | - | - | 3 | ഉണ്ട് | ഇല്ല | - | 2 | 1 | - | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | 15 | 10 | 3 | 4 | 1 |
| 5. എം.ടി എൽ.പി. സ്കൂൾ ഇലന്തൂർ ഈസ്റ്റ് | 4 | 4 | - | - | 5 | - | - | - | - | ഇല്ല | - | 2 | - | - | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 12 | 3 | 2 | 4 | ഷെൽഫ് ഒന്ന് |
| 6. എം.ടി എൽ.പി. സ്കൂൾ ഇലന്തൂർ പര്യായാരം | 4 | 1 | | | 2 | | | 1 | ഉണ്ട് | 1 | 2 | 1 | 1 | - | കിണർ | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | 8 | 8 | - | - | 1 |
| 7. എം.ടി എൽ.പി. സ്കൂൾ ഓലിക്കൽ | 4 | 1 | - | | 4 | | | 2 | ഉണ്ട് | 1 | 1 | 2 | 1 | 1 | കിണർ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 4 | 5 | 1 | 3 | 2 |
| 8. ഗവ. എൽ.പി. സ്കൂൾ ചിറമേൽ | 4 | 1 | | | 5 | | | 2 | ഉണ്ട | ഇല്ല | | 2 | 2 | - | കിണർ | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | 20 | 5 | 2 | 4 | അലമാരി ഒന്ന് |

പഞ്ചായത്തിലെ സ്കൂളുകളുടെ ഭൗതിക സൗകര്യങ്ങൾ സംബന്ധിച്ച വിവരങ്ങളാണ് പട്ടിക 9-ൽ ചേർത്തിട്ടുള്ളത് .വിദ്യാലയങ്ങിലെ ഭൗതിക സൗകര്യങ്ങളുടെ അപര്യാപ്തത നമ്മുടെ വിദ്യാഭ്യാസ മേഖലയിലെ ഏറ്റവും വലിയ പോരായ്മയാണ്. എല്ലു സ്കൂളുകളിലും ക്ലാസ്സുകൾ നടത്തുവാൻ വേണ്ട കെട്ടിടങ്ങൾ ഉണ്ടെങ്കിലും അവ കാലാകാലങ്ങളിൽ അറ്റകുറ്റ പണികൾ നടത്താറില്ല.

മൂത്രപ്പുര , കക്കൂസ്, കുടിവെള്ളം, വൈദ്യുതി എന്നിവയുടെ അപര്യാപ്തത ഭൂരിപക്ഷം സ്കൂളുകളിലും നില നിൽക്കുന്നു. ഈ സ്ഥിതി മാറേണ്ടതാണ്. ഇലന്തൂർ വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളിൻെറ മൂന്നുനില കെട്ടിടം ചോർന്നൊലിച്ച് അപകടാവസ്ഥയിലാണ്

വിവിധ ഗ്രാമസഭകളിൽ ഉന്നയിക്കപ്പെട്ട പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയുടെ അഭ്യുന്നതിക്കാവശ്യമായ നിർദ്ദേശങ്ങളിൽ പ്രമുഖമായവ താഴെ വിവരിക്കുന്നു.

## പൊതു നിർദ്ദേശങ്ങൾ

1. ഈ പഞ്ചായത്തിൽ ഒരു പോളിടെക്നിക്കും ഐ.റ്റി.ഐ യും അനുവദിക്കണം.

2. ഇലന്തൂർ വി.എച്ച്.എസ്.എസ്., ഇടപ്പരിയാരം എസ്.എൻ ഡി.പി. എച്ച്.എസ് എന്നിവിടങ്ങളിൽ കമ്പ്യൂട്ടർ പഠന സൗകര്യം ഉണ്ടാകണം.

3 ഇടപ്പരിയാരം എസ്.എൻ.ഡി.പി. ഹൈസ്കൂളിലും ഇലന്തൂർ വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളു കളിലും +2 കോഴ്സുകൾ അനുവദിക്കുക

4. സ്കൂളുകളുടെ അറ്റകുറ്റപ്പണികൾ വെക്കേഷൻ കാലത്തു തന്നെ നടത്തണം.

5. ലൈബ്രറി, ലബോറട്ടറി, റ്റി.വി എന്നിവ ഇല്ലാത്ത എല്ലാ സ്കൂളുകളിലും അവ സ്ഥാപിക്കണം.

6. വൈദ്യുതി, കുടിവെള്ളം എന്നിവ എല്ലാ സ്കൂളുകളിലും ലഭ്യമാക്കുക.

7. മൂത്രപ്പുര, കക്കൂസ്, എന്നിവ എല്ലാ സ്കൂളുകളി ലും ഉണ്ടെന്ന് ഉറപ്പു വരുത്തുക.

8. ചീറമേൽ ഗവ: എൽ.പി. സ്കൂളിൽ വൈദ്യുതി കണക്ഷൻ വാട്ടർ കണക്ഷൻ എന്നിവ സ്ഥാപിക്കുക.

9. ഇലന്തൂർ വി.എച്ച്.എസ്.എസ്, ചീറമേൽ ഗവൺമെൻറ് എൽ.പി.എസ്. എന്നിവയുടെ ചുറ്റുമതിൽ കെട്ടുക.

10. എല്ലാ എൽ.പി. സ്കൂളുകളോടും ചേർന്ന് പ്രീപ്രൈമറി ക്ലാസ്സുകൾ ആരംഭിക്കുക. അവയ്ക്ക് സാമ്പത്തിക സഹായം നൽകുക. പ്രൈമറിതലങ്ങളിൽ മാതൃഭാഷാ പഠനം നിർബന്ധിതമാക്കുക.

11. കലാകായിക രംഗത്തിന് കൂടുതൽ പ്രോത്സാഹനം നൽകുക.

12. പി.ടി.എ മാതൃ സംഗമം എന്നിവയുടെ പ്രവർത്തനം എല്ലാ സ്കൂളുകളിലും കാര്യക്ഷമമായി നടപ്പിലാക്കുക.

13. വിദ്യാർത്ഥികളിൽ സേവനമനോഭാവവും ശുചിത്വബോധവും വർദ്ധിപ്പിക്കുവാൻ ആവശ്യമായ പ്രവർത്തനങ്ങൾ നടത്തുക.

14 വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന കുട്ടികളെ കണ്ടെത്തി അവരുടെനിലവാരം ഉയർത്തുവാൻ വേണ്ട പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക.

15. വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് പ്രശ്നം പരിഹരിക്കുന്നതിലേക്ക് പി.റ്റി.എ യുടെയും മറ്റ് സാമൂഹ്യ സന്നദ്ധ സംഘടനകളുടെയും നേതൃത്വത്തിൽ കർമ്മ പദ്ധതികൾ ആവിഷ്ക്കരിക്കുക.

16. സ്കൂകളിൽ ഉച്ചക്കഞ്ഞി വിതരണം കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുക.

17. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന സമർത്ഥരായ വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം നൽകുക.

18. പത്താം ക്ലാസിൽ ഏറ്റവുംകൂടുതൽ മാർക്ക് വാങ്ങുന്ന വിദ്യാർത്ഥികൾക്ക് പഞ്ചായത്തിൽ നിന്നും പാരിതോഷികം ഏർപ്പെടുത്തിയിരിക്കുന്നത് യു.പി. സെക്ഷനിലേക്കുംപ്രൈമറി സെക്ഷനിലേക്കും വ്യാപിപ്പിക്കുക.

19. സ്കൂളുകളിൽ ടെക്സ്റ്റ് ബുക്കുകൾ യഥാസമയം എത്തിക്കുവാൻ നടപടികൾ സ്വീകരിക്കുക.

20. അദ്ധ്യാപക, വിദ്യാർത്ഥി അനുപാതം 1:30 ആയി കുറയ്ക്കുക.

21. എല്ലാ വിദ്യാലയങ്ങളിലേയും അക്കാഡമിക് സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

22. ഷിഫ്റ്റ് സമ്പ്രദായം നിലനിൽക്കുന്ന സ്കൂളുകളിൽ ഇത് അവസാനിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം.

23. ഹെഡ്മാസ്റ്റർമാരെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കുക.

24. സ്കൂൾ കോംപ്ലക്സുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

25. ഇലന്തൂർ വി.എച്ച്.എസ്.എസ്. ന്റെ കളിസ്ഥലത്തിന്റെ വിസ്തീർണ്ണം വർദ്ധിപ്പിക്കുവാൻ സമീപത്തുള്ള വയൽ അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

26. അർഹതയുള്ള കുട്ടികൾക്കുമാത്രം ക്ലാസ്കയറ്റം അനുവദിക്കുക.

27. സ്കൂൾ യുവജനോത്സവങ്ങൾക്ക് സാമ്പത്തിക സഹായം അനുവദിക്കുക

28. അദ്ധ്യാപകരെ വിദ്യാലയത്തിന് പുറത്തുള്ള ജോലികൾക്ക് ചുമതലപ്പെടുത്തുന്ന നടപടികൾ അവസാനിപ്പിക്കുക.

29. എല്ലാ എൽ.പി. സ്കൂളുകളിലും സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കുക(ഉദാ:സംഗീതം,ഡ്രോയിംഗ്മുതലായവ)

30. ഇലന്തൂർ വി.എച്ച്. എസ്.എസ്-യിൽ ആവശ്യമായ അദ്ധ്യാപകരെ നിയമിച്ച് പഠനം സുഗമമാക്കുവാനുള്ള നടപടികൾസ്വീകരിക്കുക.

31.നിലത്തെഴുത്ത്ആശാൻമാർക്ക്പഞ്ചായത്തിൽനിന്നും നൽകുന്ന ഗ്രാൻറ് തുക വർദ്ധിപ്പിക്കണം.

32. ഇലന്തൂർ വി.എച്ച്.എസ്.എസ് ഇടപ്പരിയാരം എസ്.എൻ.ഡി.പി. എച്ച്.എസ്. എന്നിവിടങ്ങളിൽ ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ ആരംഭിക്കുക.

ആധുനിക ശാസ്ത്രസങ്കേതങ്ങളുടെ മുന്നേറ്റത്തോടെ ലോകം നമ്മുടെ മുൻപിൽ ചുരുങ്ങിക്കൊണ്ടിരിക്കുകയാണ്. ദ്രുത ഗതിയിലുള്ള ഈ മാറ്റം ഉൾക്കൊള്ളത്തക്കവിധം നമ്മുടെ വിദ്യാഭ്യാസ രംഗം പരിഷ്കരിക്കേണ്ടതുണ്ട്. പ്രാഥമിക വിദ്യാഭ്യാസം മാതൃഭാഷയിലായിരിക്കുന്നതോടൊപ്പം ഇംഗ്ലീഷ് ഭാഷാ പഠനത്തിനും തുല്യമായ പ്രാധാന്യം നൽകേണ്ടതുണ്ട്. നമ്മുടെ സംസ്ഥാനത്തെ തൊഴിൽ ലഭ്യത മാത്രം മുന്നിൽ കണ്ടു വിദ്യാഭ്യാസരംഗം സംവിധാനം ചെയ്യുന്നത് ഭാവി തലമുറയ്ക്ക് ദോഷകരമാണ്. തന്നെയുമല്ല വാണിജ്യ വൽക്കരിക്കപ്പെട്ടിരിക്കുന്ന സ്കൂൾ വിദ്യാഭ്യാസ രംഗത്തെ നിരുത്സാഹപ്പെടുത്തുവാനും ഈ വഴിയാണ് മുന്നിലുള്ളത്. നമ്മുടെ വികസന സംസ്കാരത്തിൽ അണിചേരു പ്രാപ്തിയുള്ളവരും സമൂഹത്തോട് പ്രതിബദ്ധതയുള്ളവരുമായ ഒരു തലമുറ വളർന്നു വരുവാൻ വേണ്ട സാഹചര്യം ഒരുക്കിക്കൊടുക്കുക എന്ന ചുമതലയാണ് നമുക്ക് സാക്ഷാത്ക്കരിക്കുവാനുള്ളത്.



# കുടിവെള്ളം പൊതുജനാരോഗ്യം

**6-3-B**

ജനകീയാസൂത്രണ പരിപാടിയുടെ ഒന്നാം ഘട്ടമായ വിശേഷാൽ ഗ്രാമസഭകളിൽ വാർഡ് തലത്തിൽ ഉരുത്തിരിഞ്ഞുവന്ന പ്രശ്നങ്ങൾ നിർദ്ദേശങ്ങൾ, പരിഹാരങ്ങൾ എന്നിവയുടെ സമഗ്ര വിശകലനത്തിനു ശേഷമുള്ള ഒരു ഏകീകൃത സംക്ഷിപ്ത റിപ്പോർട്ടാണിത്. അടിയന്തിര പ്രാധാന്യം അർഹിക്കുന്ന ഒരു പ്രശ്നമാണ് പഞ്ചായത്തിലെ ശുദ്ധജലക്ഷാമം നിലവിലുള്ള പദ്ധതികൾ ആവശ്യത്തിന്റെ ഒരു ചെറിയ അംശം പോലും സഫലീകരിക്കുന്നില്ല. നല്ലൊരു വിഭാഗം ജനങ്ങളും അടിയന്തിര ചികിത്സകൾക്കായി അടുത്ത പട്ടണങ്ങളെ ആശ്രയിക്കുമ്പോൾ ദുർബലവിഭാഗങ്ങളുടെ മുഖ്യ ആശ്രയമായ പ്രാഥമികാരോഗ്യ കേന്ദ്രം സ്ഥാപിതമായി വർഷങ്ങൾ പിന്നിട്ടിട്ടും ബാലാരിഷ്ടതകളിൽ നിന്നും മോചിക്കപ്പെട്ടില്ല. അതിനാൽ സമഗ്രമായ ഒരു പൊതുജനാരോഗ്യ നയവും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് സമയബന്ധിത-യുദ്ധകാലാടിസ്ഥാനത്തിലുള്ള പദ്ധതികളുടെ ആവിഷ്ക്കാരവും നടപ്പാക്കലും കാലവിളംബം കൂടാതെ പ്രാവർത്തികമാക്കേണ്ടിയിരിക്കുന്നു. കുടിവെള്ളത്തിന്റെ പ്രഥമ ശ്രോതസ് കിണറുകൾ തന്നെ. 75% കിണറുകളിലും വേനൽക്കാലത്തോടെ ജല ലഭ്യത പരിമിതമാകുന്നു 60% കിണറുകളും വേനൽകാലങ്ങളിൽ വറ്റിവരണ്ട് പോകുന്നു. ശുദ്ധജലസംഭരണത്തിനായി പരമാവധി രണ്ടു കിലോമീറ്റർ വരെ യാത്ര ചെയ്യേണ്ടി വരുന്നു. ഇതിനു വേണ്ടി ഏറ്റവും കൂടുതൽ കഷ്ടപ്പെടുന്നത് സ്ത്രീകളും കുട്ടികളുമാണ്. വിവിധ വാർഡുകളിലായി സ്ഥാപിക്കപ്പെട്ടിട്ടുള്ള കുഴൽകിണറുകളും മറ്റു ശുദ്ധജല പദ്ധതികളും പ്രവർത്തനക്ഷമമല്ല.

പട്ടിക 1

| നിലവിലുള്ള ശുദ്ധജല പദ്ധതികൾ | സ്ഥിതിചെയ്യുന്ന വാർഡ് |
|---|---|
| 1. പുതുവേലിഅംബദ്കർ ഗ്രാമം | 7 |
| 2. നെടുമുരുപ്പ് കുമരമല | 9 |
| 3. ഇലന്തൂർ WS | 8 |
| 4. ഇലന്തൂർ ഹരിജൻ കോളനി | 3 |

**പ്രകൃതിദത്തവും പുനരുദ്ധരിക്കപ്പെടേണ്ടതുമായ ഓലികൾ (നീരുറവകൾ)**

പട്ടിക 2

| വാർഡ് | ഓലികൾ | നടത്തേണ്ട പുനരുദ്ധാരണം |
|---|---|---|
| 4 | അരീക്കൽ ഭാഗം | തടയണ കെട്ടി ജലനഷ്ടം ഒഴിവാക്കി വിതരണം ഉറപ്പാക്കണം. കണ്ടെത്തപ്പെടേണ്ട നീരുവകൾ ഇനിയുമുണ്ടാകും |
| 7 | മേലേതിൽ ഭാഗം | മേലേതിൽ ഓലി ഇപ്പോൾ 15 വീടുകൾക്ക് ഉപകരിക്കപ്പെടുന്നുണ്ട്. |
| 9. | തേയിലമണ്ണ് ഭാഗം | |

## മാതൃകാപദ്ധതി

പൂമലക്കുന്ന് കർഷകസംഘത്തിന്റെ ആഭിമുഖ്യത്തിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ജനകീയ ജലസേചന പദ്ധതി അനുകരണീയമായ ഒരുമാതൃകയാണ്. (രജിസ്റ്റർ നമ്പർ. പി 247/94)

അഞ്ചുഹരിജൻ കുടുംബങ്ങൾ ഉൾപ്പെടെ 32 വീട്ടുകാർക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നു. 29 ടാപ്പുകൾ ഉണ്ട്. ഗ്രൗണ്ട് വാട്ടർ ജില്ലാ ഓഫീസ് മുഖേന സ്ഥാപിതമായ പദ്ധതിയിൽ 10,000 ലിറ്റർകപ്പാസിറ്റിയുള്ള ടാങ്കിലേക്ക് 700 മീറ്റർ അകലമുള്ള ബോർവെല്ലിൽനിന്നും ജലം 7.5 HP മോട്ടോർ (ത്രീ ഫേസ് കണക്ഷൻ) ഉപയോഗിച്ച് സംഭരിക്കുന്നു.. വൈദ്യുതി ചാർജ് ഗുണഭോക്താക്കൾ പങ്കിട്ടെടുത്തു നൽകുന്നു.

കാർഷിക ജലസേചന പദ്ധതികൾക്കുള്ള സൗജന്യവൈദ്യുതി നിരക്ക് ജനകീയപങ്കാളിത്തമുള്ള ശുദ്ധജലവിതരണപദ്ധതികൾക്കു കൂടി ബാധകമാകത്തക്കവിധം ഗവൺമെൻറ് തലത്തിലേക്ക് ശുപാർശ ചെയ്യപ്പെടേണ്ടതാണ്.

## പട്ടിക 3

**പൊതുക്കുളങ്ങൾ കിണറുകൾ തുടങ്ങിയവ**

| പൊതുക്കുളങ്ങൾ | കിണറുകൾ | കുഴൽ കിണറുകൾ | പൊതുടാപ്പുകൾ |
|---|---|---|---|
| 14 | 24 | 14 | 125 |

എല്ലാ കുളങ്ങൾക്കും പുനരുദ്ധാരണ പ്രവർത്തനങ്ങൾ ആവശ്യമാണ്. പല കിണറുകൾക്കും ആഴം വർദ്ധിപ്പിക്കേണ്ടതുണ്ട്. കുടിവെള്ള ക്ഷാമമുള്ള പ്രദേശങ്ങളിൽ താൽക്കാലിക പരിഹാരമായി കൂടുതൽ കുഴൽക്കിണറുകൾ ആവശ്യമാണ്. പ്രവർത്തനക്ഷമമല്ലാത്തവയുടെ സാങ്കേതികതകരാറുകൾ പരിഹരിക്കികയും വേണം.

## മാസ്റ്റർ സ്കീം.

8 കി.മീ. മാത്രം അകലെയായി ജലസമൃദ്ധമായ പമ്പാനദി ഒഴുകുന്നു. ഈ ദൂരം പൊതുവേ സമതലമാണ്. പമ്പാനദയയിലെ ജലം ഉപയോഗിച്ച് ഇലന്തൂർ പഞ്ചായത്തിലെ ശുദ്ധജലക്ഷാമം ശാശ്വതമായി പരിഹരിക്കുന്നതിന് ഒരു സ്കീം തയ്യാറാക്കണം.. നടപ്പാക്കപ്പെടുമ്പോൾ കൂടുതൽ പ്രദേശങ്ങൾ ഈ പദ്ധതിയിൽപെടുത്താൻ സാദ്ധ്യത ഉള്ളതിനാൽ, ഇലന്തൂർ പഞ്ചായത്തിൻെറ ജലക്ഷാമം പൂർണ്ണമായി പരിഹരിക്കപ്പെടുന്ന വിധത്തിൽ നടപ്പിൽ വരുത്താൻ പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്.

## വാർഡടിസ്ഥാനത്തിൽ കുടിവെള്ളക്ഷാമ

## ബാധിതപ്രദേശങ്ങൾ.

വാർഡ്. 1 നിരവത്ത്, മയിലാടും പാറ,അരീക്കൽ, പൂക്കുന്നൂർ, മലമുറ്റം, കോട്ടേക്കാവനാൽ, മലയിരിക്കും മുരുപ്പ്, പൂന്തേൻകുളഞ്ഞി, പറമണ്ണത്ത്, നൂറനാക്കുഴി, ഊന്നുകല്ലുങ്കൽ.

വാർഡ് 2. മയിലാടുംപാറ, ചായപുന്നയ്ക്കൽ, മതിലിട്ടതറ ,പ്ലാനുവേലിൽ, ജെ.എം.ഹോസ്പിറ്റൽ മുതൽ വലിയവട്ടംവരെ ഇടതുഭാഗം

വാർഡ്. 3 ബ്ലോക്കിനുമുകൾഭാഗം, ആശ്രമമുരുപ്പ്, ഇലന്തൂർ ഹരിജൻകോളനി.

വാർഡ് 4 അപ്പാനി കോളനി, നാഗവരഭാഗം, കണ്ണങ്കരമുരുപ്പു അരീക്കൽ ഭാഗം;ഊന്നുകല്ലുങ്കൽ ഭാഗം

വാർഡ് 5 പുറത്തൂട്ട്, വെളിയത്തുഭാഗം, ആഞ്ഞിലിമൂട്ടിൽഭാഗം, മുളങ്കുന്നുഭാഗം, കൊയ്യേത്ത്, ചാവക്കാലഭാഗം,ചാവക്കാലഭാഗം

വാർഡ്. 6 കാരൂർ മേലേൽഭാഗം, വട്ടക്കാലാഭാഗം, പാറയ്ക്കൽഭാഗം, പുളിമൂട്, കൊട്ടതട്ടി, വെള്ളാങ്കുളഞ്ഞി, ആറ്റൂർഭാഗം.

വാർഡ്. 7. കൊല്ലമ്പാറ, വരട്ടുചിറ, പുതുവേലിൽ,മധുമല, ഉപ്പുകണ്ടം, മുഞ്ഞനാട്, കടയ്ക്കൽ, കരണ്ടകപ്പാറ

വാർഡ്. 8. പബ്ലിക്ക് ഹെൽത്ത് സെൻററിൻെറ പരിസരം,

കൊല്ലമ്പാറ, മുഞ്ഞനാട്, വലിയകാലാ,പൂക്കോട്

പുത്തൻപുരയിൽഭാഗം (പൂക്കോട്), നടുവൊടി

ഞ്ഞ കാലാഭാഗം (പൂക്കോട്), തുണ്ടത്തിൽപ്പടി മേട്ടയിൽഭാഗം, മധുമല, വട്ടമുരുപ്പ്., തേയില മണ്ണിൽ ഭാഗം, വരട്ടുചിറ.

വാർഡ്. 9 ഐക്കുഴ, കുമരമല, തേമാങ്കൽപടി,കന്നുകെട്ടിക്കൽ, പുള്ളേലാനാൽ, കുറ്റിയിൽപ്പടി, മാനമ്പ്ര, പള്ളിമുരുപ്പ്, നെടുമുരുപ്പ്, ആശാരിപ്പടി, മഹാണിമല,, മൂത്തേരി മുരുപ്പ്,, ഗിരിജൻ കോളനി, നികരിയിൽ മുരുപ്പ്. പ്ലാക്കുന്നിൽ ഭാഗം.

**താൽക്കാലിക പരിഹാരം**

ടാങ്കറുകളിൽ ജലം എത്തിക്കുക,

പ്രദേശങ്ങളുടെ പ്രത്യേകത അനുസരിച്ച് വിഭിന്നമായ പരിഹാരമാർഗ്ഗങ്ങൾ ജലക്ഷാമം പരിഹരിക്കുവാൻ ആവശ്യമാണ്.

**അടിയന്തിര പ്രാധാന്യം അർഹിക്കുന്ന ഏറ്റവും രൂക്ഷമായികുടിവെള്ളക്ഷാമം നേരിടുന്ന പ്രദേശങ്ങൾ.**

1. കാരൂർമേലേഭാഗം — വാർഡ്. 6
2. മയിലാടുംപാറ, അരീയ്ക്കൽ ഭാഗം അപ്പാനിഭാഗം — വാർഡ്. 4
3. കൊല്ലമ്പാറ — വാർഡ്. 7
4. ആശ്രമമുരുപ്പ്, ബ്ലോക്ക്മുരുപ്പ് — വാർഡ്. 3
5. വെളിയത്തുഭാഗം, ആഞ്ഞലിമൂട്ടിൽഭാഗം — വാർഡ്. 5
6. മേട്ടയിൽ ഭാഗം — വാർഡ്. 8
7. ചായപുന്നയ്ക്കൽ വെള്ളിക്കര — വാർഡ്. 2

**പരിഹാരനിർദ്ദേശങ്ങൾ**

1. കാരൂർ മേലേൽഭാഗം റോഡിൽ ഓലിക്കൽ പടി വരെ പൈപ്പ് ലൈൻ നിലവിലുണ്ട്. ഇത് കാരൂർ ഭാഗംവരെ നീട്ടി കാരൂർമേലേഭാഗത്തെ ജലക്ഷാമം പരിഹരിക്കുക.

2. വാലുഴത്തിൽകുളം, പേഴുംകാട്ടിൽകുളം ഇവയിലേതെങ്കിലുമൊന്ന് വെള്ളത്തിൻെറ ലഭ്യത പരിശോധിച്ച്ഉറപ്പാക്കിയിട്ടു് പുനരുദ്ധാരിച്ച് ഉപയോഗയോഗ്യമാക്കുക. നെടുമുരുപ്പു് ,ഭാഗത്ത് ടാങ്കു കെട്ടി ജലം സംഭരിച്ച് പൈപ്പ് ലൈൻമുഖേന കാരൂർ മേലേഭാഗം ഇവിടങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുക.

3. പ്രൈമറി ഹെൽത്ത് സെൻറർ ഗ്രൗണ്ടിലുള്ള വാട്ടർടാങ്ക് സംഭരണശേഷിവർദ്ധിപ്പിച്ച് ഉയർത്തി പണിത് മുകളിൽ പറഞ്ഞ പ്രദേശങ്ങൾക്കായി വിതരണം ചെയ്യുക.

4. ജെ.എം. ഹോസ്പിറ്റൽ മുതൽ മലമുറ്റം ഇടമലപ്പടി, കുറത്തിയാട്ട്പടി വരെയും, ജെ.എം. ഹോസ്പിറ്റൽ മുതൽ വലിയവട്ടംവരെ ഇടതുവശത്തുള്ള ഭാഗവും ഏതെങ്കിലും ശുദ്ധജലവിതരണജദ്ധതിയിൽ പെടുത്തി ടാപ്പുകൾ സ്ഥാപിച്ച് നൽകേണ്ടതാണ്.

5. അരീയ്ക്കൽഭാഗത്ത് കുഴൽക്കിണറിലെ വെള്ളം ടാങ്ക് കെട്ടി സംഭരിക്കണം. മയിലാടുംപാറ, അരീയ്ക്കൽഭാഗം, അപ്പാനി ഇവിടങ്ങളിലേക്ക് സ്ഥാപിച്ചിരിക്കുന്ന പൈപ്പ് ലൈൻവഴി മേൽപ്രകാരം സംഭരിക്കപ്പെട്ട ജലം വിതരണം ചെയ്യണം.

6. വല്യവട്ടം എസ്.എൻ.ഡി.പി.. മന്ദിരത്തിനു മുൻവശത്ത് ഉണ്ടായിരുന്ന കുളം ഉപയോഗപ്രദമാക്കി ജല വിതരണം കാര്യക്ഷമമായി നടപ്പാക്കണം.

7. (എ.) ബ്ലോക്ക് മുരുപ്പ്, (ബി) ആശ്രമമുരുപ്പ് ഈ ഭാഗങ്ങളിലെ ജലക്ഷാമം പരിഹരിക്കുന്നതിന് സമതലത്തിൽ കിണർ കുഴിച്ച് ജലം സംഭരിച്ച് ഈ പ്രദേശങ്ങളിൽ വിതരണം ചയ്യുവാനുള്ള സംവിധാനം ഉണ്ടാക്കണം.

8. PIP മെയിൻ കനാലിൽ താഴയിൽഭാഗത്തു നിന്നും തെങ്ങുംതറ വഴി (എ) മൈലയ്ക്കൽ ഭാഗത്തേക്കും (ബി) മാമൂട്ടിൽ ഭാഗത്തേക്കുമുള്ള ബ്രാഞ്ചിൻെറ സാങ്കേതികതകരാർ പരിഹരിച്ച് മെയിൻെറനൻസ് നടത്തി ഉപയോഗപ്രദമാക്കണം. മാമൂട്ടിൽ പടിവരെയുള്ള ബ്രാഞ്ച് ഉടയൻമുറ്റം വരെ നീട്ടണം.

**പൊതുനിർദ്ദേശങ്ങൾ.**

മുകളിൽ നിർദ്ദേശിച്ചവ അതാത് പ്രദേശങ്ങളിൽ നടപ്പാക്കേണ്ട പ്രവർത്തനങ്ങളുടെ മാതൃകയാണ്. പൊതുവെ എല്ലായിടത്തും ബാധകമായ ചില നിർദ്ദേശങ്ങൾ ഇനിയും പറയുന്നു.

1. കുടിവെള്ള ക്ഷാമത്തിന് ശാശ്വതമായ പരിഹാരം ഉണ്ടാകുന്നതുവരെ വേൽക്കാലങ്ങളിൽ ടാങ്കർ ലോറിയിൽ എല്ലാ ദിവസവും കുടിവെള്ളം എത്തിക്കുവാനുള്ള സംവിധാനം ഉണ്ടാകണം

2. ശുദ്ധജലവിതരണ പദ്ധതികൾ പൂർത്തിയാക്കുവാൻ കാലതാമസം ഉള്ളതിനാൽ ജലക്ഷാമമുള്ള പ്രദേശങ്ങളിൽ താർക്കാലിക പരിഹാരം ആയി കുഴൽക്കിണറുകൾ പണിയണം.

3. PIP കനാലിലെ വെള്ളം കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങളിൽ എത്തിക്കുവാനുള്ള സാദ്ധ്യതകൾ ആരായുകയും നടപ്പാക്കുകയും ചെയ്യണം.

4. പഞ്ചായത്തിലെ പൊതുക്കുളങ്ങൾ ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി സംരക്ഷിക്കണം. ഉപയോഗശൂന്യമായ കിണറുകൾ, കുഴൽക്കിണറുകൾ ഇവ പ്രവർത്തന ക്ഷമമാക്കണം.

5. ആവശ്യമില്ലാത്ത സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ലൈൻ പൊതുവായി ടാപ്പ് സഹിതം ജലക്ഷാമമുള്ള പ്രദേശങ്ങളി

ലേക്ക് മാറ്റി സ്ഥാപിക്കണം.

6. മലഞ്ചരിവുകളോട് ചേർന്ന അത്ര വിശാലമല്ലാത്ത പാടങ്ങൾ നികത്തി റബ്ബർ വയ്ക്കുന്ന ഒരു പ്രവണത നിലനിൽക്കുന്നു. ഉദാ: വാർഡ്. 7, 8. ഒരു പ്രദേശത്തെ മുഴുവൻ ജലലഭ്യതയെയും ഇത് പ്രതികൂലമായി ബാധിച്ചിട്ടുള്ളതായി കാണപ്പെടുന്നു. ഇത് നിരുത്സാഹപ്പെടുത്തേണ്ടതാണ്

.7. നദിയിലെ മണൽവാരലിന് കഴിഞ്ഞ കാലങ്ങളിലുണ്ടായ വിലക്കുകൾക്കു ശേഷം വലിയ തോട്ടിൽ നിന്നും മറ്റും വ്യാപകമായ തോതിൽ മണൽ വാരുന്നുണ്ട്. ജലശേഖരം നഷ്ടപ്പെടുന്നതിനും തോടിന്റെ പ്രകൃത്യാ ഉള്ള അവസ്ഥയ്ക്ക് കോട്ടം തട്ടുന്നതിനും ഇത് ഇടയാകുന്നു.

## ആരോഗ്യം

രാജ്യത്തെ ആദ്യ പോളിയോ വിമുക്ത ജില്ലയായി പ്രഖ്യാപിക്കപ്പെട്ട പത്തനംതിട്ട ജില്ലയിൽ പെടുന്നതാണ് ഇലന്തൂർ പഞ്ചായത്ത് പ്രദേശം. ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കും നൽകേണ്ട പ്രതിരോധകുത്തിവയ്പ് ഉൾപ്പെടെയുള്ള പരിചരണങ്ങളേയുംമറ്റും ആരോഗ്യ പ്രശ്നങ്ങളേയും പറ്റി പൊതുവെ ബോധവാൻമാരാണ് പഞ്ചായത്തിലെ ദുർബല വിഭാഗങ്ങളുൾപ്പെടെയുള്ള ജനങ്ങൾ. നിലവിലുള്ള ആനുകൂല്യങ്ങൾക്ക് കോളനികളുൾപ്പെടുന്ന പ്രദേശങ്ങളിലെയും സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങളിലേയും ജനങ്ങൾ അർഹരായിരിക്കെത്തന്നെ പോഷകാഹാരക്കുറവിന്റെയും മറ്റും പ്രശ്നങ്ങൾ എടുത്തു പറയത്തക്ക രീതിയിൽ ഇല്ല. വിദഗ്ദ്ധ ചികിത്സക്കായി 8 കി.മി ദൂരം സഞ്ചരിക്കേണ്ടതുണ്ട് പകൃതിരമണീയമായ കുന്നിൻ നെറുകയിൽ സ്ഥിതി ചെയ്യുന്ന പ്രാധമികാരോഗ്യ കേന്ദ്രമാണ് (സ്ഥാപിതം.1948) ആധുനിക ചികിത്സാ രംഗത്തെ പ്രധാനപ്പെട്ട സ്ഥാപനം., ഹോമിയോ ആയുർവേദ ചികിത്സാ കേന്ദ്രങ്ങളും. ഗവൺമെൻറ് ആഭിമുഖ്യത്തിൽ അടുത്ത കാലത്ത് സ്ഥാപിക്കപ്പെട്ടു. പ്രശസ്തമായ മൈലയ്ക്കൽ മർമ്മ തിരുമ്മ് ചികിത്സാ കുടുംബം ഈ പഞ്ചായത്തിൽപെടുന്നു. കുന്നിൻ നെറുകയിലെ സ്ഥാനംതന്നെയാണ് പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ ശാപവും. രൂക്ഷമായ ജലക്ഷാമം, റോഡുകളുടെ ശോച്യാവസ്ഥ (പ്രധാനറോഡ് അടുത്ത കാലത്ത് ടാർ ചെയ്തു)

പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ, സ്വകാര്യ ആരോഗ്യ കേന്ദ്രങ്ങൾ ഇവയുടെ വിശദ വിവരങ്ങൾ പട്ടിക -4, പട്ടിക - 5 ഇവയിൽ കൊടുത്തിട്ടുണ്ട്.

### പട്ടിക 4

### പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ (7,1)

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് | ജീവനക്കാരുടെ എണ്ണം | ഒഴിവുകൾ | സ്ഥാപിതം |
|---|---|---|---|---|---|
| 1 | പ്രൈമറി ഹെൽത്ത് സെൻറർ | 8 | 39 | 8 | 1948 |
| 2 | ആയുർവേദ ഡിസ്പെൻസറി | 2 | 4 | | 1994 |
| 3. | ഹോമിയോ ഡിസ്പെൻസറി | 4 | 4 | | 1991 |
| 4. | കുടുംബക്ഷേമ കേന്ദ്രം (FWC) ഇലന്തൂർ PHRയിൽ പ്രവർത്തിക്കുന്നു | 8 | | | |
| 5. | കുടുംബക്ഷേമ കേന്ദ്രം (FWC) പൂക്കോട് | 8 | | | |
| 6 | കുടുംബക്ഷേമകേന്ദ്രം(FWC) ഇലവുംതിട്ട കിഴക്ക് | 6 | | | |
| 7. | കുടുംബക്ഷേമ കേന്ദ്രം ഇലന്തൂർ പടിഞ്ഞാറ്. | 2 | | | |

## പട്ടിക 5

### സ്വകാര്യ ആരോഗ്യ കേന്ദ്രങ്ങൾ

| നമ്പർ | സ്ഥാപനങ്ങൾ | വാർഡ് |
|---|---|---|
| 1 | തലാരി ഹോസ്പിററൽ | 5 |
| 2 | ജെ.എം. ഹോസ്പിൽ | 2 |
| 3 | അശ്വതി ക്ലിനിക്ക് | 2 |
| 4. | ആയുർവേദ ക്ലിനിക്ക്-1 | 3 |
| 5. | ആയുർവേദ ക്ലിനിക്ക്-2 | 3 |

**ജനനമരണ വിവരങ്ങൾ**
**പട്ടിക 6 ൽ കൊടുത്തിരിക്കുന്നു.**

ഇലന്തൂർ ഗ്രാമ പഞ്ചായത്ത് 7,3 ജനനമരണ വിവരങ്ങൾ

| 1<br>വർഷം | 2<br>ജനനം | 3<br>മരണം | 4<br>ചാപിള്ള മരണം |
|---|---|---|---|
| 1993-94 | 117 | 91 | Nil |
| 1994-95 | 142 | 1203 | Nil |
| 1995-96 | 154 | 113 | Nil |

**കക്കൂസുകളെ സംബന്ധിച്ച വിവരം പട്ടിക 7ൽ കൊടുത്തിരിക്കുന്നു.**

## പട്ടിക 7

### 11,6 കക്കൂസുകൾ സംബന്ധിക്കുന്ന വിവരം

| വാർഡ് നമ്പർ | സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം IRDP സർവ്വേപ്രകാരം | വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ചത് എണ്ണം 1992 നു ശേഷം | പൂർത്തീകരിച്ചവയുടെ എണ്ണം | ഇനികക്കൂകൾ വേണ്ട കുടുംബങ്ങളുടെ എണ്ണം |
|---|---|---|---|---|
| | 572 | 637 | 637 | 572 |

## പകർച്ച വ്യാധികൾ

ഉന്മൂലനം ചെയ്യപ്പെട്ട മലേറിയ ഇപ്പോഴും പഞ്ചായത്തിൽ നിലനിൽക്കുന്നത്. ഉത്കണ്ഠാകുലമായ വസ്തുതയാണ്. 1993-94 മുതലുള്ള മൂന്നുവർഷങ്ങളിൽ യഥാക്രമം 19,10,8 എന്ന നിലയിൽ ഈ രോഗം എിപ്പോർട്ട് ചെയ്യപ്പെട്ടു. ഈ മൂന്നു വർഷങ്ങളിൽ ജലജന്യരോഗങ്ങൾ 35ൽ താഴെ വീതം മാത്രമാണ്. ശരാശരിഒരു വർഷം40 പേർക്ക് ചിക്കൻ പോക്സ് ബാധിക്കുന്നു. 1995-96ൽ ഇതുവരെ 17 കേസ്സുകൾ മാത്രമാണുണ്ടായിട്ടുള്ളത സാധാരണ മഞ്ഞപ്പിത്തം ചെങ്കണ്ണ്, ചിക്കൻ പോക്സ് വിവിധയിനം പനികൾ ഇവയാണ് പകർച്ചവ്യാധികളിൽപ്പെടുത്തി പറയാവുന്നത്. 80 മുതൽ 90% ജനങ്ങളും സ്വന്തം കിണറുകൾ ഉപയോഗിക്കുന്നു. ജലമലിനീകരണം വലുതായി ഉണ്ടാവുന്നില്ല. വായു മലിനീകരണം സൃഷ്ടിക്കുന്ന ചെറുതോ, വലുതോ ആയ വ്യവസായസ്ഥാപനങ്ങളുടെ സാമീപ്യവും ഇല്ല. (പട്ടിക 7,4) (മറ്റ് വ്യാധികൾ- ഹൃദ്രോഗം, പ്രമേഹം, ആത്സ്മ, ഡയബിറ്റിസ് ഇവയാണ്.)

## കക്കൂസ്.

സ്ഥലപരിമിതി, സാമ്പത്തിക ബുദ്ധമുട്ട്, ജലദൗർലഭ്യം ഇവയാണ് എല്ലാവർക്കും കക്കൂസ് ഇല്ലാത്തതിനു കാരണം. കക്കൂസുകളുടെ ആവശ്യകതയെപറ്റി എല്ലാവിഭാഗം ജനങ്ങളും പൂർണ്ണമായ അവബോധം ഉള്ളവർ തന്നെ. അടിയന്തിരമായ ഈ ആവശ്യം എല്ലാ വാർഡുകളിലെയും ഗ്രാമസഭകളിൽ ഉയർന്നുവരികയുണ്ടായി. പ്രധാനപ്പെട്ട രണ്ടു ജംഗ്ഷനുകളായ ഇലന്തൂർ മാർക്കറ്റ്, നെടുവേലി ജംഗ്ഷൻ ഉൾപ്പെടെ എല്ലാ ആധുനിക സജ്ജീകരണങ്ങളോടും കൂടിയപൊതു കംഫർട്ട്സ്റ്റേഷൻ സ്ഥാപിക്കേണ്ടതാണ്.

## പരിസര ശുചിത്വം.

ശുചിത്വബോധത്തിന്റെ കാര്യത്തിൽ പഞ്ചായത്തിലെ ജനത പ്രബുദ്ധരാണ്. പൊതു സ്ഥലങ്ങളിലെ ചായക്കട -ഹോട്ടലുകൾ എന്നിവയിൽ നിന്നും തള്ളപ്പെടുന്ന ഉഛിഷ്ടങ്ങൾ, മത്സ്യമാംസ വ്യാപാരവുമയയിബന്ധപ്പെട്ട ശുചിത്വപ്രശ്നങ്ങൾ, മറുനാടൻ നാടോടികളുടെ പ്രവാസം തുടങ്ങിയ ഘടകങ്ങളാണ് ശുചിത്വത്തിന് കൂടുതലും വെല്ലുവിളി ഉയർത്തുന്നത്. റബ്ബർ കൃഷിയുടെ വ്യാപനം കൊതുകുകടുടെ വംശവർദ്ധനവിന് കാരണമാകുന്നുണ്ട്.

## ജീവനക്കാരും പൊതുജനങ്ങളും

ആരോഗ്യവകുപ്പ് ജീവനക്കാരുടെ ഭവന സന്ദർശനവും ബോധവല്കരണ ക്ലാസ്സുകളും കൂടുതൽ കാര്യക്ഷവും ചടുലവും ആവണമെന്ന അഭിപ്രായം ഗ്രാമസഭകളിൽ ഉയർന്നു കേട്ടു. അത്യാവശ്യ മരുന്നുകൾ ആരോഗ്യകേന്ദ്രങ്ങളിൽ ലഭ്യമാണ്. എല്ലാവാർഡുകളിലും കുടുംബക്ഷേമകേന്ദ്രങ്ങൾ ഉണ്ടാവുക. വാർഡടിസ്ഥാനത്തിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തുക തുടങ്ങിയ നിർദ്ദേശങ്ങൾ ഉണ്ടായി. ഉപകേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമല്ല. പ്രതിരോധ കുത്തിവെയ്പുകൾ പതിവായി നടത്താറുണ്ട്. ഭവന സന്ദർശനം കൂടുതൽ ഊർജിതമാകണം.

## പ്രശ്നങ്ങളും നിർദ്ദേശങ്ങളും

പ്രാഥമികാരോഗ്യ കേന്ദ്രത്തെ ഒരു അത്യാധുനിക ചികിത്സാകേന്ദ്രമായി ഉയർത്തുകയും തദനുസരണമായ വികസനപ്രവർത്തനങ്ങൾ ഉണ്ടാവുകയും വേണം. ഇപ്പോൾ PHC സ്ഥാപിക്കപ്പെട്ടിരിക്കുന്ന സ്ഥലം ദാനം ചെയ്ത പരേതനായ ശ്രീ.കെ.ഐ.റ്റൈറ്റസ്, കീഴക്കേക്കര അവർകളുടെ സ്മരണ നിലനിർത്തുന്നതിനായി ആശുപത്രിക്ക് കെ.ഐ. ടൈറ്റസ് മെമ്മോറിയൽ ഹോസ്പിൽ എന്ന് നാമകരണംചെയ്ത് താലൂക്ക് ആശുപത്രിയായിഉയർത്തേണ്ടതാണ്. കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം ഉണ്ടാകണം. ആശുപത്രിക്ക് ഒരു വാഹനം അത് സൂക്ഷിക്കുവാനുള്ള ഷെഡ് ഇവ ആവശ്യമാണ്. എക്സ്റേ, ഇ.സി.ജി. സ്കാനിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തണം. സ്റ്റാഫ് ക്വാർട്ടേഴ്സിൽ, വെള്ളം., വെളിച്ചം ഈ സൗകര്യങ്ങൾ ഉണ്ടാകണം. നിലവിലുള്ള ലാബ് വികസിപ്പിക്കണം. കുറഞ്ഞത് 4 ഡോക്ടർമാരെയും അതിനനുസരിച്ചുള്ള സ്റ്റഫിനെയും നിയമിക്കണം. ഡോക്ടർമാർ രണ്ടു പേരെങ്കിലും സ്പെഷ്യലിസ്റ്റ്സ് ആയിരിക്കണം. ഓപ്പറേഷൻ തിയേറ്റർ പ്രവർത്തനക്ഷമമാക്കണ്. ഒരു ജനറേർ അത്യാവശ്യമാണ്. റെഫ്രിജറേറ്റർ വേണം. ടെലഫോൺ കണക്ഷൻ നല്കണം. നെടുവേലി ജംഗ്ഷനിൽ നിന്നും ആശുപത്രിയിലേക്കുള്ള റോഡ് ടാർ ചെയ്തതുപോലെ ആശുപത്രിയിൽ നിന്നും ഇലന്തൂർ പൂക്കോട് റോഡിലേക്കുള്ള റോഡും ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കണം. നെടുവേലി ജംഗ്ഷനിൽ നിന്നും ആശുപത്രിയിലേക്കുള്ള സ്റ്റെപ്പ് കെട്ടിയ വഴി പുനരുദ്ധരിച്ച് സഞ്ചാരയോഗ്യമാക്കണം ആശുപത്രിക്ക് ചുറ്റുമതിൽ കെട്ടുകയും നൈറ്റ് വാച്ചറെ നിയമിക്കുകയുംവേണം. പൊതു പൈപ്പുജലം ക്ലോറിനേറ്റു ചെയ്തു നൽകണം.

## ആയുർവേദ ഹോമിയോ ഡിസ്പെൻസറികൾ.

ആയുർവേദ ഡിസ്പെൻസറിക് സ്വന്തം സ്ഥലവും കെട്ടിടവും ഉണ്ടാകണം. കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യങ്ങൾ സജ്ജമാക്കി ഇത താലൂക്ക് ആശുപത്രിയായി ഉയർത്താവുന്നതാണ് ഹോമിയോ ഡിസ്പെൻസറിക്കു വേണ്ടി കിട്ടിയിട്ടുള്ള സ്ഥലം ഉപയോഗയോഗ്യമാക്കി ആവശ്യമായ കെട്ടിങ്ങൾ നിർമ്മിച്ച് താലൂക്ക്ആശുപത്രിയായി ഉയർത്തണം

## കുടുംബ ക്ഷേമ കേന്ദ്രങ്ങൾ (FWC)

സബ് സെൻററുകൾ അഥവാ കുടുംബക്ഷേമ കേന്ദ്രങ്ങൾ (FAMILY WELFARE CENTRES) എന്നറിയപ്പെടുന്ന ഈ കേന്ദ്രങ്ങളിൽ ഇപ്പോൾ ഡോക്ടർമാരുടെ സേവനം ലഭ്യമല്ല. ആഴ്ചയിൽ ഒരു നിശ്ചിത ദിവസമെങ്കിലും ഈകേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കണം. എല്ലാ വാർഡുകളിലും ഓരോ കുടുംബക്ഷേമകേന്ദ്രം ആരംഭിക്കണം.

## പാരമ്പര്യ വൈദ്യം

പാരമ്പര്യയവൈദ്യ ശാഖകൾ ജനങ്ങളിടെ വിശ്വാസം ആർജിച്ച് വളരെ പ്രബലമായി പഞ്ചായത്തിൽ നിലനിൽക്കുന്നുണ്ട്. പരമ്പരാഗത ശാഖകളിൽ ഇപ്പോൾ പ്രവർത്തിക്കുന്നവരെ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| സിദ്ധമർമ്മ-തിരുമ്മ് ചികിത്സ | കെ.വി.ഭഗവത്സിംഗ് കടകംപള്ളിൽ |
| വിഷവൈദ്യം | കെ. ശ്രീധരൻനായർ, വല്യേത്ത് വിശ്വനാഥൻനായർ-പ്രസന്ന കുമാരി ദമ്പതികൾ, പുത്തൻ പറമ്പിൽ (VHS നു സമീപം) |
| ആയുർവേദം | കെ.എൻ.ഗോപാലൻ വൈദ്യൻ വടക്കേഭാഗത്ത്-അജിതഭവൻ ഇലന്തൂർ മാർക്കറ്റ് നാണുവൈദ്യർ (മുളയ്ക്കൽപടിക്കൽ) നാണുവൈദ്യർ (ഇടപ്പരിയാരം) |

കൂടാതെ ഗണകസമുദായത്തിൽപെട്ട പലരും ഈ രംഗത്ത് പ്രവർത്തിക്കുന്നു.

ആയുർവേദ ഗ്രന്ഥങ്ങളിൽ ഇല്ലാത്ത പല ഔഷധയോഗങ്ങളും ഒറ്റമൂലികളും കുടുംബങ്ങളിൽ നിലനിൽക്കുന്നുണ്ട്. ഔഷധ നിർമ്മാണ-ലൈസൻസിംഗ് മേഖലയിൽ നിലനിൽക്കുന്ന വിവേചനം അവസാനിപ്പിക്കുവാൻ നടപടികൾസ്വീകരിക്കണം. പാരമ്പര്യ വൈദ്യമേഖലയെ സഹകരണ പ്രസ്ഥാനത്തിൻെറ പരിധിയിൽ കൊണ്ടുവന്ന് ഒരു ഔഷധ നിർമ്മാണ യൂണിറ്റ് ആരംഭിക്കാവുന്നതാണ്. അവർക്ക് പെൻഷൻ, ക്ഷേമനിധി തുടങ്ങിയ ആനുകൂല്യങ്ങൾ ഏർപ്പെടുത്തണം റബ്ബർ പ്ലാൻേറഷൻെറ കാലഘട്ടത്തിൽ ഔഷധസസ്യങ്ങൾ വംശനാശം നേരിടുകയാണ്. ഔഷധസസ്യങ്ങൾ സംരക്ഷിക്കപ്പെടുവാൻ നടപടികൾ സ്വീകരിക്കണം

## പേവിഷബാധയ്ക്കെതിരെ

## പ്രതിരോധ നടപടികൾ

വളർത്തുനായ്ക്കൾക്കുള്ള ലൈസൻസ് വ്യവസ്ഥകൾ കർശനമായി പാലിക്കുകയും പേവിഷബാധയ്ക്കെതിരെയുള്ള പ്രതിരോധകുത്തിവയ്പ് എല്ലാ നായ്ക്കൾക്കും എടുത്തിരിക്കുകയും വേണം. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെയും ലൈസൻസ് ഇല്ലാത്ത നായ്ക്കളേയും നശിപ്പിക്കണം.

## അനധികൃത കശാപ്പ് അവസാനിപ്പിക്കണം.

ഹൈക്കോടതി വിധിയുണ്ടായിട്ടും അത് മാനിക്കാതെ അനധികൃത കശാപ്പ് തുടരുന്നുണ്ട്. അവശിഷ്ടങ്ങൾ വലിയ തോട് തുടങ്ങി ജനങ്ങൾക്കുപയുക്തമായ പൊതു സ്ഥലങ്ങളിൽ തള്ളുകയാണ് ചെയ്യുന്നത്. ജനങ്ങൾ കുളിക്കുവാനും നനയ്ക്കുവാനും ഉപയോഗിക്കുന്ന തോടിൻെറ വശങ്ങളിൽ കുറ്റിക്കാടുകളിൽ ജീർണ്ണിച്ച മൃഗാവശിഷ്ടങ്ങൾ ഉടക്കി നിൽക്കുന്നത് നേരിൽ കാണാവുന്നതാണ്. മലവെള്ളത്തിൽ ജലനിരപ്പുയരുമ്പോൾ വെള്ളത്തോടൊപ്പം വയലുകളിൽ കയറി അവിടെകിടന്ന് ജീർണ്ണിക്കുകയും കാക്കകൾ കൊത്തിയെടുത്ത് മറ്റ് സ്ഥലങ്ങളിൽ കൊണ്ടിടുകയും ചെയ്യുന്നു. കുടിയറപ്പ് മാംസവ്യാപാരവും തടയപ്പെടേണ്ടതാണ്. ഇലന്തൂർ മാർക്കറ്റിലെ ഇറച്ചിക്കട മറ്റുകടക്കാർക്കും പൊതു ജനങ്ങൾക്കും ഉപദ്രവകരമായ രീതിയിലാണ് നടത്തുന്നത്.. തിരക്കുള്ള വ്യാപാരസ്ഥാപനങ്ങളുടെ ഇടയിൽ നിന്നും മാംസ വ്യാപാരശാല മാറ്റി സ്ഥാപിക്കേണ്ടതാണ്. അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ഒരു സ്ലോട്ടർ ഹൗസ് പഞ്ചായത്തിൽ സ്ഥാപിക്കണം. വിൽപ്പനയ്ക്കു വരുന്ന മാംസത്തിൻെറ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പരിശോധനകൾ ആവശ്യമാണ്.

## പരിസരമലിനീകരണം

ഇലന്തൂർ മാർക്കറ്റ്, നെടുവേലി ജംഗ്ഷൻ എന്നിവിടങ്ങളിൽ സ്ത്രീകൾക്ക് പ്രത്യേക സൗകര്യങ്ങളോടുകൂടിയ ആധുനിക സംവിധാനങ്ങളോടുകൂടിയ കംഫർട്ട് സ്റ്റേഷനുകൾ ആരംഭിക്കണം. ഈ രണ്ടു സ്ഥലങ്ങളിലും ഹോട്ടലുകൾ ചായക്കട ഇവിടങ്ങളിൽ നിന്നും തള്ളുന്ന അവശിഷ്ടങ്ങൾ പരിസരശുചിത്വത്തിന് ഭീഷണിയാണ്. നെടുവേലിജംഗ്ഷനിൽ ഹോട്ടലുകളിൽ നിന്നും പുറം തള്ളുന്ന മലിനജലവും അവശിഷ്ടങ്ങളും ഓടകളിൽ കിടന്ന് ജീർണ്ണിച്ച് ദുർഗന്ധം വമിക്കുകയും കൊതുകുകൾ പെരുകുകയും ചെയ്യുന്നതുമൂലം ജനങ്ങൾക്ക് വളരെ വിഷമതകൾ ഉണ്ടാകുന്നുണ്ട്. ഇലന്തൂർ കമ്മ്യൂണിറ്റി ഹാളിൻെറ കിച്ചൻ ബ്ലോക്ക് പരിസരം വൃത്തിഹീനമാണ്. ഖാദി ബോർഡ് മുതൽ ഗണപതി ക്ഷേത്രം വരെയുള്ള ഓടകളും പരിസരമലിനീകരണം ഉണ്ടാക്കുന്നു. പരിയാരംകള്ളുഷാപ്പിലെ കക്കൂസിൻെറ ഭാഗങ്ങൾ വർഷങ്ങളായിപൊട്ടിയൊലിച്ചു കിടക്കുകയാണ്. കൊതുകുശല്യവും പരിസരവാസികൾക്ക് ദുർഗന്ധം മൂലമുള്ള ബുദ്ധിമുട്ടും ഇതുമൂലം സംഭവിക്കുന്നു. സർവ്വീസ് സൊസൈറ്റിക്കു മുൻവശത്തുള്ള കുന്നത്തുചിറ എന്ന കുളം ജലം മലിനമായി കൊതുകുകൾ പെരികുന്ന ഒരുസ്ഥലമായിരകക്കുകയാണ്. ഈ കുളം വൃത്തിയാക്കി പൊതുജനങ്ങൾക്കുപകരിക്കുന്ന ഒരു സംവിധാനമാക്കി മാറ്റണം മത്സ്യം വളർത്തുകയോ ഒരു സിമ്മിംഗ് പൂൾ കോംപ്ലക്സാക്കി മാറ്റുകയോ ചെയ്യാം

## പ്രകൃതി ചികിത്സയും

## യോഗാഭ്യാസവും.

നമ്മുടെ ആഹാരക്രമത്തിൽ വന്ന മാറ്റവും ജീവിതക്രമത്തിൽ കാലഭേദം വരുത്തിയ അനാരോഗ്യകരമായ പ്രവണതകളും ഇന്നത്തെ തലമുറയുടെ രോഗപ്രതിരോധ ശേഷിയെ കാര്യമായി ബാധിച്ചിട്ടുണ്ട്. പ്രകൃതി ജീവതത്തെപ്പറ്റിയുള്ള ബോധവൽക്കരണം ഇന്ന് വളരെ ആവശ്യമായി

തീർന്നിട്ടുണ്ട്. ഒട്ടും ചെലവില്ലാത്ത ഒരു ചികിത്സാമാർഗ്ഗമാണ് പ്രകൃതി ചികിത്സ. നമ്മുടെ പഞ്ചായത്തിൽ ഒരു പ്രകൃതിചികിത്സാകേന്ദ്രം സ്ഥാപിക്കണം.

മാനസികവും ശാരീരികവുമായ ആരോഗ്യപരിപാലനത്തിൽ യോഗാസനങ്ങളുടെ പ്രസക്തി വളരെ പ്രധാനമാണ്. പ്രകൃതിചികിത്സാകേന്ദ്രത്തിനനുബന്ധമായി അതോട് ചേർന്ന് തന്നെ ഒരു യോഗാഭ്യാസ പരിശീലന കേന്ദ്രം കൂടി സ്ഥാപിക്കണം. പുരാതനവും നൂതനവുമായ ആയോധന കലകളുടെ പരിശീലനവും ആരോഗ്യരംഗത്ത് അതിൻേറതായ സംഭാവന നൽകുന്നതിനാൽ അതിനാവശ്യമായ ഒരുകേന്ദ്രം സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതയും പരിശോധിക്കേണ്ടതാണ്..

## പൊതു ശ്മശാനം

പഞ്ചായത്തിന് ഒരു പൊതു ശ്മശാനം അത്യന്താപേക്ഷിതമാണ്. ഇലന്തൂർ ഹരിജൻ കോളനി, വലിയകലാകോളനി ഇവയ്ക്ക് ശ്മശാനത്തുനാവശ്യമായ സ്ഥലം നിലവിലുണ്ട്. സുഗമമായി വഴി സൗകര്യം ഉണ്ടാക്കുകയും ചുറ്റുമതിൽ കെട്ടി സംക്ഷിക്കുകയും വേണം.

## സ്റ്റേഡിയം

കായികാവ്യായാമത്തിന് പഞ്ചായത്തിലെ ഏകാശ്രയം പണി തീരാത്ത സ്റ്റേഡിയമാണ്. ഇപ്പോഴുള്ള സ്റ്റേഡിയത്തിനോട് തൊട്ടു കിടക്കുന്ന കുറെ നിലം കൂടി അക്വയർ ചെയ്ത് സ്റ്റേഡിയം വികസിപ്പിക്കുന്നതിനുള്ള മുൻ പഞ്ചായത്ത് കമ്മറ്റി തീരുമാനം അടിയന്തിര പ്രാധാന്യം നല്കി പൂർത്തീകരിക്കേണ്ടതാണ്. അക്വയർ ചെയ്യുന്ന സ്ഥലത്ത് സൗകര്യപ്രദമായ സ്ഥലത്ത് പഞ്ചായത്തിൻെറ മറ്റു പൊതു സ്ഥാപനങ്ങൾ നിർമ്മിക്കണം.

## പരിസ്ഥിതിസംരക്ഷണം.

ജനകീയാസൂത്രണ പരിപാടയിൽ പ്രകകൃതിസംരക്ഷണം സാമൂഹ്യ വനവല്ക്കരണം ഇവയ്ക്ക് അർഹമായ പ്രാധാന്യം നൽകേണ്ടതാണ്. നാടിൻെറ പ്രകൃതിക്കനുയോജ്യമായ വൃക്ഷത്തൈകൾ (പൂവരശ്, പേഴ്, വിവിധയിനം നാട്ടുമാവുകൾ ETC) പൊതുസ്ഥലങ്ങളിലും പാഴ്സ്ഥലങ്ങളിലും നട്ടുപിടിപ്പിക്കണം. വൃക്ഷസമ്പത്തിൻെറ വൈവിധ്യം പരിപാലിക്കേണ്ടതിൻെറ ആവശ്യകതയെപ്പറ്റി ബോധവല്ക്കരണം നൽകണം.

## നിയമപരിഷ്ക്കരണം.

പൊതുജനാരോഗ്യസംബന്ധമായ നിയമങ്ങൾ കാലാനുസൃതമായി പരിഷ്ക്കരിക്കുകയും അതിൻെറ നടത്തപ്പിൽ പഞ്ചായത്തിന് ഫലപ്രദമായ നിയന്ത്രണം ഉണ്ടായിരിക്കുകയും ചെയ്യേണ്ടതാണ്.

നിലവിലുള്ള ആരോഗ്യ കേന്ദ്രങ്ങളുടെ കാര്യക്ഷമമായ വികസനം, ഉപകേന്ദ്രങ്ങളുടെ വ്യാപന അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുക, പൊതുജനങ്ങളും ജീവനക്കാരും തമ്മിലുള്ള ബന്ധം സുദൃഢമാക്കുക എന്നീ ലക്ഷ്യങ്ങൾക്ക് അടുത്ത പഞ്ചവത്സരപദ്ധതിയിൽ മുൻഗണന നൽകേണ്ടതാണ്. മദ്യവർജ്ജനം, മയക്കുമരുന്നുകളിൽ നിന്നുള്ള മോചനം AIDSതുടങ്ങിയ മാരകരോഗങ്ങൾക്കെതിരെ ജാഗ്രതഎന്നീ വിഷയങ്ങളിൽ, ശാസ്ത്രസാഹിത്യപരിഷത്ത്, കാൻഫഡ് യുവജന സന്നദ്ധ-സാംസ്കാരിക സംഘടനകൾ എന്നിവയുടെസേവനം പ്രയോജനപ്പെടുത്തണം. രക്തദാനം നേത്രദാനം എന്നിവയുടെ മഹത്വത്തെപറ്റി പ്രചാരം നടത്തണം.

എല്ലാവർക്കും ആരോഗ്യം, എവിടേയും ശുദ്ധജലം, നാടെങ്ങും ശുചിത്വം എന്ന ലക്ഷ്യത്തിലേക്കുള്ള അടിയുറച്ച ചുവടു വയ്പുകൾക്ക് കാതോർത്തുകൊണ്ട് ഗ്രാമസഭകളുടെ പ്രതിസ്പന്ദങ്ങൾ ആവാഹിച്ച കുറിമാനം എന്ന സാഫല്യം അവകാശപ്പെടുന്ന ഈ റിപ്പോർട്ട് വികസനപ്രക്രിയക്ക് ഒരു ചൂണ്ടുപലകയാവട്ടെ എന്ന് പ്രത്യാശിക്കുന്നു.



# പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമം

6-3-c

1930 കളിൽ കൊല്ലം ജില്ലയിൽ 100 ഹരിജൻ വിദ്യാലയങ്ങൾ പ്രവർത്തിച്ചിരുന്നതിൻെറ കേന്ദ്ര ആസ്ഥാനം ഇലൂർ പഞ്ചായത്തിലായിലുന്നു. ഈ വിദ്യാലയ പ്രവർത്തനത്തിൽ കൂടിവളർന്നു വന്നവരിൽ പെട്ടതാണ് M.L.A. യും M.P. മായിരുന്ന ശ്രീ. പി .സി. ആദിച്ചൻ M.L.A മാർ ആയിരുന്ന ശ്രീ. രാമചന്ദ്രദാസ്, ശ്രീ. കൃഷ്ണശാസ്ത്രി എന്നിവർ ഈ കാലഘട്ടങ്ങളിതൽ രാജ്യത്തിനാകമാനംമാതൃയാകാവുന്നതരത്തിലുള്ള ഹരിജനോദ്ധാരണ പ്രവർത്തനങ്ങൾ ഇലന്തൂരിൽ നടന്നിരുന്നു.

തിരുവിതാകൂറിലെ ആദ്യത്തെ ഹരിജൻ കോളനി ആണ്. ഃഇലന്തൂർ ഹരിജൻ കോളനിഃ. ഇവയുടെ എല്ലാം രൂപീകരണത്തിൻെറ നേതൃസ്ഥാനത്ത് ശ്രീ. കെ കുമാർ ആയിരുന്നു. സർക്കാർ രേഖകൾ പ്രകാരം ഇലന്തൂർ പഞ്ചായത്തിൽ ആകെ 26 ഹരിജൻ കോളനികൾ ഉണ്ട്. എന്നാൽ 94-95 ൽ നടന്ന വാർഡ് പുനർവിഭജനം മൂലം ചില കോളനികൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. പട്ടിക ജാതി കുടുംബങ്ങളുടെ വർദ്ധനവും താമസമാറ്റവും കണക്കിലെടുത്ത് പഴയ കോളനികൾ നിലവിലുള്ള വാർഡ് ക്രമതകതിൽ പുന:സംഘടിപ്പിച്ച് പുതിയ കോളനികൾ രൂപീകരിക്കേണ്ടത് ആവശ്യമായി തീർന്നിരിക്കുന്നു.

ഈ പഞ്ചായത്തിലെ 495 കുടുംബങ്ങളിലായി 2344 പട്ടികജാതി പട്ടിക വർഗ്ഗക്കാരുണ്ട്. ഇത് പാഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 20% വരും. പഞ്ചായത്തിലെ കോളനികളുടെ പേരും അവ ഉൾപ്പെടുന്ന വാർഡ്, പുതിയത്-പഴയത്, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഇവ ഉൾപ്പെടുത്തിയുള്ള പട്ടിക-ഒന്നിൽ രേഖപ്പെടുത്തിയിരിക്കുന്നു. കൂടാതെ പട്ടിക രണ്ടിൽ പുതിയതായി അംഗീകരിക്കേണ്ട 9 കോളനികളുടെ വിശദവിവരങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു.

പട്ടിക 1

| കോളനിയുടെപേര് | പഴയ വാർഡ് | പുതിയ വാർഡ് | വീടുകളുടെ എണ്ണം | പുതിയ വീടുകളുടെ എണ്ണം | കക്കൂസ് ഇല്ലാത്തവ | വൈദ്യുതി ഇല്ലാത്തവ | വീടില്ലാത്തവ | ജനസംഖ്യ |
|---|---|---|---|---|---|---|---|---|
| 1 ഇലന്തൂർ ഹരിജൻ കോളനി | 1 | 3 | 58 | 81 | 71 | 18 | 15 | 302 |
| 2 കുമരമല ഹരിജൻ കോളനി | 8 | 9 | 21 | 21 | 11 | 8 | 6 | 107 |
| 3 വേട്ടോക്കാവ് | 7 | 7 | 21 | 16 | 6 | 3 | 6 | 82 |
| 4 കടയ്ക്കർ കോളനി | 5,6 | 7 | 28 | 20 | 12 | 4 | 4 | 102 |
| 5 നെടുമുരുപ്പ് പരിയാരം കോളനി | 8 | 9 | 22 | 22 | 13 | 3 | 6 | 117 |
| 6 അപ്പാനി ഹരിജൻ കോളനി മൈലാടുംപാറ പുന്നയ്ക്കൽ പടി | 4 | 4 | 17 | 23 | 18 | 6 | 6 | 81 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 7 മധുമല HCl km North Pookode | 7 | 7 | 17 | 17 | 12 | 3 | 6 | 89 |
| 8 ചായ്പുന്നയ്ക്കൽ | 1 | 2 | 11 | 8 | 7 | 2 | 2 | 61 |
| 9 വേലശ്ശേരി- അരിക്കൽ | 4,5 | 5 | 13 | 8 | 6 | 2 | 2 | 68 |
| 10 പേക്കാവുങ്കൽ | 5 | 6 | 16 | 16 | 3 | 1 | 2 | 70 |
| 11 മുന്നൂറ്റിഴം | 6 | 7 | 16 | 10 | 9 | 4 | 2 | 78 |
| 12 കുന്നുംപുറം കോളനി | 2 | 4 | 13 | 9 | 5 | 2 | 2 | 47 |
| 13 ശുഭാനന്ദനഗർ- ആശാരിമുക്ക് | 7 | 9 | 14 | 14 | 7 | 3 | 4 | 50 |
| 14 ശ്രീവള്ളിവിലാസം | 5,6 | 7 | 14 | 10 | 5 | 2 | 5 | 78 |
| 15 അംബേദ്ക്കർമെമ്മോറിയൽ പാലച്ചുവട് | 4 | 5 | 15 | 15 | 4 | 2 | 2 | 96 |
| 16 പൊതുവേലിൽ HC മുന്നൂറ്റിഴം | 7 | 7 | 56 | 56 | 29 | 22 | 10 | 300 |
| 17 ഇളമലകോളനി | 7 | 6 | 20 | 20 | 10 | 10 | 4 | 92 |
| 18 ഇടപ്പരിയാരം വലിയകാലാ കോളനി | 6 | 7 | 23 | 13 | 2 | 2 | 3 | 54 |
| 19 പൂകുന്നൂർ ലക്ഷംവീട് | 1 | 1 | 10 | 4 | 4 | 1 | 2 | 25 |
| 20 ഹരിജൻ കോളനി | 8 | 9 | 12 | 12 | 7 | 3 | 1 | 54 |
| 21 കല്ലുകാലാ കോളനി | 5,6 | 9 | 11 | 12 | 6 | 2 | 3 | 47 |
| 22 കൂട്ടപ്പാറയ്ക്കൽ | 5 | 6 | 12 | 12 | 7 | 4 | 4 | 69 |
| 23 ഇലന്തൂർ PT ഇല്ലത്തുമഠം വെസ്റ്റ് | 7 | 4 | 17 | 9 | 5 | 3 | 1 | 42 |
| 24 കൊല്ലംമ്പാറ | 8 | 8 | 37 | 15 | 10 | 4 | 3 | 60 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 25 അംബേദ്കർഹരിജൻസെറ്റിൽ മെൻറ് കോളനി . | 6,7 | 8 | 13 | 13 | 8 | 3 | 4 | 70 |
| 26 സുബ്രമണ്യവിലാസം കോളനി | | 7 | 52 | 43 | 36 | 1 | 5 | 205 |
| | | | | 495 | 323 | 135 | 105 | 2344 |

ഇലന്തൂർ ഗ്രാമപഞ്ചായത്തിലെ 9 വാർഡുകളിലായി പെട്ടിട്ടുള്ള പട്ടികജാതി-പട്ടിക വർഗ്ഗ കടുംബങ്ങളെ വാർഡു തലത്തിൽ പുന സംഘടിപ്പിച്ചു പുതിയ കോളനികൾ മുകളിൽ പട്ടികയിൽ രേഖപ്പെടുത്തിയിരിക്കുന്ന ക്രമത്തിൽ രൂപീകരണം.

പുതിയതായി അംഗീകരിക്കേണ്ട കോളനികളുടെ പേരും കോളനി ഉൾപ്പെടുന്ന പ്രദേശങ്ങൾ, വീടുകൾ, വാർഡ്, ജനസംഖ്യ എന്നിവ പട്ടിക 2- ൽ രേഖപ്പെടുത്തുന്നു.

## പട്ടിക 2

| ക്രമനമ്പർ | കോളനിയുടെ പേര് | വീടുകൾ | വാർഡ് | ജനസംഖ്യ |
|---|---|---|---|---|
| 1 | വലിയവട്ടം കോളനി<br>1. നിരവത്ത് ഭാഗം 10 വീട്<br>2.കൊച്ചുമുറിയിൽ ഭാഗം 5 | 15 | 1 | 67 |
| 2 | മലയിരിക്കുംമുരുപ്പ് | 7 | 1 | 32 |
| 3 | പ്ലാനുവേലി കോളനി<br>ചായ്പുന്നയ്ക്കൽകോളനിയിലെ<br>പ്ലാനുവേലി ഭാഗം | 7 | 2 | 31 |
| 4 | മതിലിട്ടതറ കോളനി<br>മരങ്ങാട്ടിൽ ഭാഗം | 9 | 2 | 36 |
| 5 | മണ്ണാംമൂല കോളനി<br>വലിയകാലാഭാഗം | 7 | 2 | 33 |
| 6 | കളയ്ക്കാട്ടു കോളനി<br>മോടിയിൽ ഭാഗം 6<br>കളയ്ക്കാട്ടു ഭാഗം 5<br>കൊട്ടാരത്തിൽ ഭാഗം 6<br>കൈമോണ്ണിൽ ഭാഗം 4 | 21 | 3 | 89 |
| 7 | ശ്രീ ചിത്തിര വിലാസം കൊളനി<br>കോട്ടത്തടി-ഭാഗം | 12 | 6 | 26 |
| 8 | ഇഞ്ചക്കുഴിമുരുപ്പ് -പട്ടിക വംർഗ്ഗ കോളനി | 7 | 8 | 27 |
| 9 | പൂക്കോട്കോളനി<br>1. മേട്ടയിൽ ഭാഗം<br>2. പൂക്കോട് ജംഗ്ഷൻ | 9 | 8 | 46 |

പുതിയതായി ശുദ്ധജല വിതരണം ഏർപ്പെടുത്തേണ്ട കോളനികളുടെ പേര്, വാർഡ്, കുടുംബങ്ങളുടെ എണ്ണം, ഗുണഭോക്താക്കളുടെ എണ്ണം എന്നിവ പട്ടിക 3 - ൽ കൊടുത്തിരിക്കുന്നു.

## പട്ടിക 3

| ക്രമനമ്പർ | വാർഡ് | കോളനിയുടെ പേര് | കുടുംബങ്ങളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | 1 | വലിയവട്ടം കോളനി | 15 | 73 |
| 2 | 2 | ചായ്പുന്നയ്ക്കൽ | 11 | 51 |
| 3 | 3 | വേലശ്ശേരി | 12 | 61 |
| 4 | 5 | പാലച്ചുവട് | 13 | 64 |
| 5 | 5 | കൂട്ടപ്പാറയ്ക്കൽ | 12 | 61 |
| 6 | 6 | ശ്രീ ചിത്തിര വിലാസം കോളനി | 12 | 65 |
| 7 | 7 | പുതുവേലിൽ കോളനി കരണ്ടകപ്പാറ | 10 | 67 |
| 8 | 8 | പൂക്കോട് മേട്ടേയിൽ | 5 | 22 |
| 9 | 9 | കല്ലുഴത്തിൽ ഭാഗം | 12 | 63 |
| | | ആകെ | 102 | 527 |

## പ്രശ്നങ്ങൾ

1. കോളനി നിവാസികളിൽ നിരക്ഷരത ഇന്നും നിലനിൽക്കുന്നു.

2. വിദ്യാർത്ഥികൾ സ്ക്കൂൾ തലത്തിൽ വച്ചു തന്നെ പഠിത്തം നിർത്തി പോകുന്ന സ്ഥിതി വിശേഷം നിലനിൽക്കുന്നു.

3. കോളനികളിൽ വായനശാലകൾ കുറവാണ്.

4. വിദ്യാഭ്യാസം തുടരുന്നതിന് ആവശ്യമായ സാഹചര്യങ്ങൾപൊതുവെ ലഭ്യമല്ല.

5. കാർഷിക മേഖലയിൽ കൃഷി ഭൂമി തരിശ് ഇടുന്നതുമൂലവും, നെൽ വയലുകൾ മണ്ണിട്ട് നികത്തുന്നതുകൊണ്ടും കാർഷിക മേഖലയിൽ തൊഴിൽ അവസരങ്ങൾ കുറയുന്നു.

6. വീടു വെയ്ക്കാൻ സ്വന്തമായി ഖസ്ഥലമില്ലാത്ത ഒരു വിഭാഗം ജനങ്ങളും ഈ പഞ്ചായത്തിലുണ്ട്.

7. കെട്ടിട നിർമ്മാണ സാമഗ്രികളുടെ അമിതമായ വില വർദ്ധനവുമൂലം സർക്കാർ നൽകുന്ന സഹായ ധനം കൊണ്ട് വവീട് നിർമ്മിക്കാൻ സാധിക്കുന്നില്ല.

8. കോളനികളിൽ കക്കൂസ് ഇല്ലാത്ത നിരവധി ഭവനങ്ങൾ ഉണ്ട്. സർക്കാർ അനുവദിച്ച 4 ലക്ഷം വീടു കോളനികളിലും ഇലന്തൂർ ഹരരിജൻ കോളനിയിലും സേഫ്ടി ടാങ്ക് കക്കൂസുകൾ നിർമ്മിക്കണം.

9. നിലവിലുള്ള കക്കൂസുകളിൽ ഏറിയ പങ്കും ഉപയോഗ യോഗ്യമല്ല. ഇത് പരിസരമലിനീകരണത്തിന് കാരണമാകുന്നു. (കുടിവെള്ള മലിനീകരണം, കൊതുകുകളുടെ വർദ്ധനവ് സാംക്രമിക രോഗങ്ങൾ ETC)

10. പഞ്ചായത്തിലെ ലക്ഷം വീടു കോളനികൾ ഒന്നിനും പൊതു ശ്മശാനം ഇല്ല.

11. ലക്ഷം വീടുകളിലെ പല കുടുംബങ്ങൾക്കും പട്ടയം ലഭിക്കുവാനുണ്ട്.

12. സർക്കാർ അനുവദിച്ചു നൽകിയ വീടുകൾ ജീർണ്ണാവസ്ഥയിലാണ്. ഇവയുടെ അറ്റകുറ്റപ്പണികൾ അടിയന്തരമായി നടത്തേണ്ടതാണ്.

13. ലക്ഷം വീടു കോളനികളിലെ ഇരട്ട വീടുകൾ ഒഴിവാക്കി ഒറ്റ വിടുകളാക്കണം.

14. പട്ടിക ജാതി വികസനവകുപ്പും പട്ടികജാതി വികസന കോർപറേഷനും നല്കി വരുന്ന വിവിധ ധനസഹായ പദ്ധതികളിലെ കർക്കശമായ വ്യവസ്ഥകളും നിബന്ധനകളും കാരണം പദ്ധതി ലക്ഷ്യം നേടുന്നില്ല.

15. പഞ്ചായത്തിൽ വ്യവസായ സംരംഭങ്ങൾ ഒന്നും തന്നെയില്ല. ഇതു കാരണണം വിദ്ഗധ തൊഴിലാളികൾക്ക് ജോലി ലഭിക്കുന്നില്ല.

16. സർക്കാർ നൽകിവരുന്നവിവിധ പെൻഷനുകളും ആനുകൂല്യങ്ങളും യഥാസമയം കിട്ടുന്നില്ല. അതുപോലെ അർഹരായ കർഷകത്തൊഴിലാളികൾക്ക് പുതിയതായി പെൻഷൻ അനുവദിച്ചു നൽകുന്നതിന് അടിയന്തിര നടപടികൾ ഉണ്ടാകണം.

17. ഇലന്തൂർ പഞ്ചായത്തിൽ മൂന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഇലന്തൂർ ഹരിജൻ കോളനിയിലെ 300- ഓളം വരുന്ന പട്ടികജാതിക്കാർക്ക് കോളനിയോടു ചേർന്ന് വയലിൽ ഒരു പൊതുക്കുളം നിർമ്മിച്ചു നൽക്കണം.

18. ഇലന്തൂർ ഹരിജൻ കോളനിയുടെ നാലതിരുകളും നിർണ്ണയിച്ച് കമ്പിവേലികെട്ടി സംരക്ഷിക്കണം.

## പൊതു നിർദ്ദേശങ്ങൾ

1. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിനുവേണ്ടി സർക്കാരിൽ നിന്നും ഏർപ്പെടുത്തിയിരിക്കുന്ന ആനുകൂല്യങ്ങൾ അർഹരായ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകളെ ചുമതലപ്പെടുത്തുകയും അതിന് പഞ്ചായത്തിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും വേണം.

2. കാർഷികമേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുക.

3. പരമ്പരാഗത കൈത്തൊഴിൽ വ്യവസായത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ പട്ടികജാതി സർവ്വീസ് സഹകരണ സംഘങ്ങൾ മുഖേന മിതമായ വിലയ്ക്ക ലഭ്യമാക്കുകയും ഉല്പന്നങ്ങളുടെ വിപണനം ഉറപ്പു വരുത്തുകയുംവേണം.

4. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിലെ വനിതകൾക്കായി തയ്യൽ റെഡിമെയ്ഡ് വസ്ത്രങ്ങൾ, കുടനിർമ്മാണം, പുൽപായ നെയ്ത്ത് തുടങ്ങിയ ചെറുകിട വ്യവസായ യൂണിറുകൾ ആരംഭിച്ച തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക.

5. പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക്തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിൻെറ ഭാഗമായി മെറ്റൽ ക്രഷിംഗ് യൂണിറ്റ്, ഹോളോ-ബ്രിക്സ് നിർമ്മാണം എന്നിവ നടപ്പാക്കുക.

6. ഇലന്തൂർ പഞ്ചായത്തിലെ 1-ാം വാർഡിലെ പൂക്കുന്നൂർ ലക്ഷം വീട് കോളനി 2-ാംവാർഡിലെ മതിലിട്ടതറ ലക്ഷംവവീടകോളനി, 7-ാംവാർഡിലെ കടയ്ക്കൽ വലിയകാലാ ലക്ഷം വീട് കോളനി 8-ാം വാർഡിലെ കൊല്ല ന്പാറ ലക്ഷം വിട് കോളനി എന്നിവയ്ക്ക് ശ്മശാനം ഇല്ല ആയതിലേക്ക് നിലവിലുള്ള ഇലന്തൂർ ഹരിജൻ കോളനി (3-ാം വാർഡ്)വക രണ്ടാം വാർഡിൽ സ്ഥിതി ചെയ്യുന്ന ചായ പുന്നയ്ക്കൽ ഹരിജൻ ശ്മശാനം അതിരു നിർണ്ണയിച്ച് ചുറ്റുമതിൽ കെട്ടി സംരക്ഷിക്കണം.

കൂടാതെ പഞ്ചായത്തിൻെറ കേന്ദ്ര ഭാഗത്ത് ഗതാഗത സൗകര്യമുള്ള സ്ഥലം അക്വയർ ചെയ്ത് അടിയന്തിരമായി പഞ്ചായത്തിന് ഒരു പൊതു ശ്മശാനം നിർമ്മിക്കണം.

7. എല്ലാ കോളനികളിലും വായനശാലകൾ സ്ഥാപിച്ച് പ്രവർത്തിക്കുകയും സാക്ഷരതാ തുടർ വിദ്യാഭ്യാസം ആരംഭിക്കുകയയുംവേണം.

8. ഇലന്തൂർ പഞ്ചായത്തിൽ 3-ാംവാർഡിൽസ്ഥിതിചെയ്യുന്ന ഇലന്തൂർ ഹരിജൻ കോളനി വക സ്ക്കൂൾ കെട്ടിടം ജീർണ്ണാവസ്ഥയിലാണ്. ഇതിൻെറ അറ്റകുറ്റപ്പണി അടിയന്തിരമായി നടത്തണം.

9. കോളനികളിലേക്കുള്ളറോഡും കോളനികളിലുള്ളറോഡും അറ്റകുറ്റപ്പണിചെയ്ത് സഞ്ചാര യോഗ്യമാക്കണം.

10. പട്ടിക ജാതി പട്ടിക വർഗ്ഗ കോളനികളിൽ ശിശു ക്ഷേമ കേന്ദ്രങ്ങളും ക്രഷ്കളുംസ്ഥാപിച്ച് നൽകണം.

11. പട്ടിക വർഗ്ഗവിദ്യാർത്ഥികൾക്ക് നൽകിവരുന്ന പ്രതിമാസ ആനുകൂല്യം പട്ടിക ജാതിയിൽപ്പെട്ട നിർദ്ധനരരും വിധവകളുടെ മക്കൾക്കും കൂടി നൽകണം.

12. പഞ്ചായത്തിൽ വൃദ്ധമന്ദിരം സ്ഥാപിച്ച് പ്രവർത്തിപ്പിക്കണം.

13. പാരമ്പര്യ നാടൻകലകളായ മുടിയാട്ടം, പാക്കനാർകളി, പരിശമുട്ട്, കോൽകളി, അമ്മൻകുടം, എന്നിവകളിൽ അഭിരുചിയുള്ളവരെ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്ക്കരിക്കണം.

14. വീടുകൾ നിർമ്മിക്കുന്നതിന് സ്ഥലം ഇല്ലാത്തവർക്ക് പഞ്ചായത്ത് സ്ഥലം കണ്ടെത്തി വീട് നിർമ്മിച്ച് നൽകണം.

15. സർക്കാർ അനുവദിച്ചു നൽകിയ പഞ്ചായത്തിലെ നാല് ലക്ഷം വീട് കോളനികളിലും ഇലന്തൂർ ഹരിജൻ കോളനിയിലലുംകുടുംബങ്ങൾക്ക് പ്രത്യേകം കക്കൂസ് സ്ഥാപിക്കുന്നതിനുപകരം സേഫ്റ്റി ടാങ്കോടു കൂടിയ പൊതു കക്കൂസ് സ്ഥാപിച്ചിട്ട് അഞ്ച് വീടുകൾക്ക് ഒരു സേഫ്റ്റി ടാങ്കും ഓരോ വീടിനും പ്രത്യേകം ക്ലോസറ്റും സ്ഥാപിച്ച് നൽകണം.

16. ഇലന്തൂർ പഞ്ചായത്തിലെ 3-ാം വാർഡിലെ ശുദ്ധജല വിതരണ പദ്ധതി 7-ാം വാർഡിലെ ശുദ്ധപലവിതരണ പദ്ധതി, 9-ാം വാർഡിലെ നെടുമുരുപ്പ് പള്ളി മുരുപ്പ്, കുമരമല ശുദ്ധജലവിതരണപദദ്ധതി ഇവയിലെ പൊട്ടിത്തകർന്ന പൈപ്പുകൾ മാറ്റി ണസ്ഥാപിക്കണം

17. ഇലന്തൂർ പഞ്ചായത്തിലെ 1-ാം വാർഡിൽ പുത്തേൻകുളഞ്ഞി ഭാഗം (വലിയവട്ടം) 6-ാം വാർഡിൽ കുട്ടിയമ്പിൽ ഭാഗം, 9-ാം വാർഡിൽ നെടുമുരുപ്പു ഭാഗം എന്നിവിടങ്ങളിലെ ദളിത് ക്രൈസ്തവർക്ക് പൊതുവെ പ്രാഥമിക സൗകര്യങ്ങൾ ഇല്ല. കുടിവെള്ളം, വെള്ളിച്ചം വഴി ഇവ ലഭ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കണം.

18. കോളനികൾ രൂപീകരിക്കുന്നതിന് പഞ്ചായത്ത് സമിതികളുടെ പൂർണ്ണ നിയന്ത്രണത്തിനു വിധേയമായിട്ടായിരിക്കണം.

19. ഇലന്തൂർ പഞ്ചായത്തിലെ ഏക പട്ടിജാതിക്കാരുടെ വകയായുള്ള ലൈബ്രറിയാണ് മൂന്നാം വാർഡിലെ ഹരിജൻ കോളനിയിൽസ്ഥിതിചെയ്യുന്നത്. ഈ ലൈബ്രറി വൈദ്യുതീകരിക്കുകയും ആവശ്യമായ ഫർണിച്ചറുകൾ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ സ്ഥാപിക്കുകയും വേണം.

20. മണ്ണു സംരക്ഷണത്തിൻെറ ഭാഗമായി ഇലന്തൂർ ഹരിജൻ കോളനിയുടെ കിഴക്ക് പാടശേഖരത്തിൻെറ ഭാഗം കരിങ്കൽ ഭിത്തി കെട്ടി സംരക്ഷിക്കണം. ഇലന്തൂർ പഞ്ചായത്തിലെ പട്ടിക ജാതി വിഭാഗങ്ങൾ സാമൂഹിക സാംസ്ക്കാരി കരംഗങ്ങളിൽ കാലങ്ങളായി ബന്ധപ്പെട്ടു വരുന്നു. അവരുടെയിടയിൽ പാരമ്പര്യ കലങ്ങളിൽ വൈദഗ്ദ്ധ്യം നേടിയ നിരവധി വ്യക്തികൾ ഇപ്പോഴുമുണ്ട്. എന്നാൽ സാമ്പത്തിക പിന്നോക്കാവസ്ഥ കാരണം ഉവരുടെ പ്രവർത്തനങ്ങൾമുന്നോട്ടു കൊണ്ടു പോകുവാനും വരുംതലമുറയ്ക്കു പകർന്നു നല്കുവാനും വൈഷമ്യം നേരിടുന്നു.

പട്ടിക ജാതി വിഭാഗങ്ങളുടെക്ഷേമത്തിനായി സർക്കാർ ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികളുടെവ്യവസ്ഥകളുംനിബന്ധകളും ലഘൂകരിച്ച് കൃത്യമായി ഈ വിഭാഗങ്ങളിൽ പൂർണ്ണമായിഎത്തിച്ചേരുവാനുംപൂർത്തീകരിക്കപ്പെടുവാനും ബന്ധപ്പെട്ട ഉദ്യോഗാർത്ഥരും. ജനപ്രതിനിധികളുംജാഗ്രതയോടെ പ്രവർത്തിക്കേണ്ടതാണ്. ഈ പദ്ധതികൾ ലക്ഷ്യംപൂർത്തീകരിക്കപ്പെടുന്നതായിഉറപ്പു വരുത്തേണ്ടതു ആണ്.

21. ഇലന്തൂർ പഞ്ചായത്തിൽ 8-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന കൊല്ലംമ്പാറ ലക്ഷംവീട്ടിലെ പ്രധാന നട

പാതയായ സ്റ്റെപ്പ് അറ്റകുറ്റ പണിചെയ്ത്സഞ്ചാര യോഗ്യമാക്കണം.

22. ഇലന്തൂർ ഹരിജൻ കോളനിയിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള പഴയസ്ക്കൂൾ കെട്ടിടം പണിപൂർത്തിയാക്കി വികസിപ്പിച്ച് പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഉപയോഗിക്കത്തക്കവിധം കമ്മ്യൂണിറ്റി ഹാളാക്കുകയോ വ്യവസായ യൂണിറ്റ് സ്ഥാപിക്കാവുന്ന കെട്ടിടമാക്കുകയോ ചെയ്യുക.

23. ഇലന്തൂർ പഞ്ചായത്തിലെ അംബേദ്ക്കർ ഗ്രാമമായ പുതുവെലിയിൽ ഒരു സാക്ഷരതാ ജനവിദ്യാകേന്ദ്രം ആരംഭിച്ച് സാക്ഷരതാതുടർ വിദ്യാഭ്യാസംതുടങ്ങണം.

ഇൻഡ്യയിലും, കേരളത്തിൻെറയും, ചരിത്രത്തിൽ ഇത്തരമൊരുജനകീയ വികസന സംരംഭത്തിന് ജനങ്ങളെ ആകെ അണിനിരത്തുവാനും 9-ാം പദ്ധതിയിൽ അവരുടെ ചെറുതും വലുതുമായ വികസന നിർദ്ദേശങ്ങൾ തുറന്ന് അവതരിപ്പിക്കുവാനും തുടർന്ന് അത് അവതരിപ്പിക്കുവാനും തുടർന്ന് അത് സാധ്യമാക്കി കിട്ടുന്നതിനും, ഉതകുന്ന ജനകീയാസൂത്രണ പരിപാടിക്ക് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.


കേരള സർക്കാർ

# സഹകരണം

6-3-D

സ്വാതന്ത്ര്യ സമര പ്രസ്ഥാനങ്ങളാണ് ആധുനിക ആശയങ്ങൾ ഇലന്തൂർ ഗ്രാമത്തിലും എത്തിച്ചത്. അയിത്തോച്ചാടനം, പന്തിഭോജനം, ഹരിജനോദ്ധാരണം, ചർക്കയയും നൂൽനൂൽപ്പും, ഖാദി പ്രചരണം, ഹിന്ദി പ്രചരണം, തുടങ്ങിവയിലൂടെയും ഭരണാധികാരികളോട നേരിട്ട് ഏറ്റുമുട്ടാതെയുമുള്ള സനന്നദ്ധ പ്രവർത്തനങ്ങളിലൂടെയുമാണ് ഇവിടെ ദേശീയ ബോധം വളർന്നത്. ഈ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിരുന്നവരാണ് ഇലന്തൂരിൽ സഹകരണ പ്രസ്ഥാനത്തിനു തുടക്കമിട്ടത് പരസ്പര സഹായസഹകരണ സംഘം എന്ന നിലയിലാണ് തുടക്കം. പ്രരംഭകരിൽ പ്രമുഖനാണ്. ശ്രീ.കെ. കുമാർജി. ഒരുപുതിയ സമൂഹത്തെ വളർത്തിയെടുക്കാൻ പ്രസംഗിക്കുക മാത്രമല്ല പ്രയത്നിക്കുക കൂടി ചെയ്തു എന്നതാണ് കുമാർജിയുടെ മഹത്വം. ഇലന്തൂരിലെ മറ്റെല്ലാ പ്രസ്ഥാനങ്ങളിലും നായകത്വം വഹിച്ചതുപോലെ സഹകരണ പ്രസ്ഥാനത്തിന്റെയും നടുനായകത്വം അദ്ദേഹത്തിനായിരുന്നു. ഇലന്തൂർ പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സംഘം 1924 ലാണ് ആരംഭിച്ചത്. സഹകരണ മേഖലയിൽ ഗണ്യമായ വളർച്ച യുണ്ടായിട്ടുണ്ടെങ്കിലും എല്ലാ വിഭാഗം ജനങ്ങൾക്കും താങ്ങും തണലുമായി മാറാൻ സഹകരണ പ്രസ്ഥാനത്തിനു കഴിഞ്ഞിട്ടില്ല. അതുകൊണ്ട് തന്നെ സ്വകാര്യ പണമിടപാടുകാരുടെ എണ്ണം നാൾക്കുനാൾ വർദ്ധിക്കുന്നു. അവരുടെ ചൂഷണം പലരേയും കടക്കെണിയിലാക്കിയിരിക്കുന്നു

## ഇലന്തൂർ പഞ്ചായത്തിലെ പ്രധാനപ്പെട്ട

## സഹകരണ സ്ഥാപനങ്ങൾ

1. ഇലന്തൂർ സർവ്വീസ് സഹകരണ ബാങ്ക്
2. പരിയാരം സർവ്വീസ് സഹകരണ ബാങ്ക്
3. പട്ടികജാതി സർവ്വീസ് സഹകരണ സംഘം
4. പട്ടകജാതി ഇൻഡസ്ട്രിയൽ പ്രിൻറിംഗ് സഹകരണ സംഘം.
5. കൺസ്യൂമർ സഹകരണ സംഘം.
6. വാര്യാപുരം, പരിയാരം, ഇലന്തൂർ എന്നിവിടങ്ങളിലായി മൂന്നു ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ (APCOS)
7. രണ്ടു ഹൈസ്കൂളുകളിൽ സ്കൂൾ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നു.
8. ഒരു മെറ്റൽ ക്രഷിംഗ് ഇൻഡസ്ട്രിയൽ സഹകരണസംഘം രൂപീകരിച്ചിട്ടുണ്ട്.
9. പത്തനംതിട്ട കാർഷികവികസന ബാങ്കിന്റെ പ്രവർത്തന പരിധിയിൽ.പെട്ട സ്ഥലമാണ് ഇലന്തൂർ.

## ഇലന്തൂർ പഞ്ചായത്തിലെ സഹകരണ

## സംഘങ്ങളുടെ ഇന്നത്തെ അവസ്ഥ.

### 1. 460-ാം നമ്പർ ഇലന്തൂർ സർവീസ് സഹകരണ ബാങ്ക് ക്ലിപ്തം

1924-ലാണ് ഈ സംഘം പ്രവർത്തനം ആരംഭിച്ചത്. പ്രാരംഭകാല പ്രവർത്തകരിൽ ശ്രീ.കെ. കുമാർജിയുടെ പ്രവർത്തനങ്ങൾ എടുത്തുപറയേണ്ടതാണ്. ഇപ്പോൾ 3570 അംഗങ്ങൾ ഇതിൽ ഉണ്ട്. ഓഹരി മൂലധനം 8 ലക്ഷം രൂപയാണ്.. 1.59 കോടി രൂപ നിക്ഷേപമുണ്ട. 14.6 ലക്ഷം രൂപാഹ്രസ്വകാല കാർഷിക വായ്പയായി നൽകിയിട്ടുണ്ട് കാർഷികേതര. വായ്പയായി 86 ലക്ഷം രൂപ നൽകിയിട്ടുണ്ട്.. പ്രവർത്തനമൂലധനം 873500 രൂപ ആണ്. അംഗങ്ങൾക്കു പരമാവധി 50,000 രൂപ വരെ കടം ലഭിക്കും. സ്വർണ്ണ പണയത്തിൻമേൽ വായ്പ, ഹ്രസ്വ-ദീർഘ-മദ്ധ്യകാല വായ്പകൾ എന്നിവയും ചിട്ടിയും ക്രമമായി നടന്നുവരുന്നു. സമീപകാലത്ത് നിക്ഷേപത്തിന്റെ കാര്യത്തിൽ സാരമായ, വർദ്ധനവുണ്ടായിട്ടുണ്ട്. സംഘത്തിന്റെ പ്രവർത്തനം പൂർവ്വാധികം മെച്ചപ്പെട്ടിട്ടുണ്ട്. റബ്ബർ വ്യപപാരം കൂടിആരംഭിക്കാവുന്നതാണ്. ജീവനക്കാരായി 5 സ്ത്രീകളും 4 പുരുഷൻമാരും ഉണ്ട്.

10. ഒരോ വാർഡിലുംക്ഷീരോല്പാദക സഹകരണ സംഘം രൂപീകരിക്കണം.

11. വലുവട്ടം ഭാഗത്ത് ഒരുസഹകരണ കൺസ്യൂമർ സ്റ്റോറുംറേഷൻകടയുംസ്ഥാപിക്കണം.

12. സഹകരണ അടിസ്ഥാനത്തിൽ ചെറുകിട ജലസേചന പദ്ധതികൾ ആവിഷ്കരിക്കണം.

13. സഹകരണ കാലിത്തീറ്റ ഫാക്ടറിതുടങ്ങണം.

14. പാൽ കേടുകൂടാതെ സൂക്ഷിക്കുന്നതിനും, പാൽ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും സഹകരണ സ്ഥാപനങ്ങൾഉണ്ടാകണം.

15. വനിതാസഹകരണ സംഘങ്ങൾ രൂപീകരിച്ച് റെഡീമെയ്ഡ് വസ്ത്ര നിർമ്മാണം അച്ചാർ നിർമ്മാണം, കറിപൗഡർ നിർമ്മാണംതുടങ്ങിയവ ആരംഭിക്കണം.

16. സ്ക്കൂൾ സംഘങ്ങളിൽ സെക്രട്ടറിസെയിൽസ്മാൻ എന്നിവരെനിയമിച്ച് പ്രവർത്തനംമെച്ചപ്പെടുത്തണം.

17. സഹകരണ അടിസ്ഥാനത്തിൽ കോഴിവളർത്തൽ ആരംഭിക്കാവുന്നതാണ്.

18. ഗൾഫിൽ നിന്നുള്ള വരുമാനം സഹകരണ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് വ്യവസായ സംരംഭങ്ങളിൽ മുതൽ മുടക്കണം. ഉദാഹരണത്തിന് ഒരുസഹകരണ ആശുപത്രിആരംഭിക്കണം.

19. തരുശുഭൂമിസഹകരണാടിസ്ഥാനത്തിൽ ഏറ്റെടുത്ത് കൃഷിനടത്താവുന്നതാണ്.

20 മോട്ടോർ വ്യവസായ സഹകരണ സംഘം ആരംഭിക്കാവുന്നതാണ്.

21. ഹോട്ടൽ റെസ്റ്റോറന്റ് സഹകരണ അടിസ്ഥാനത്തിൽ സ്ഥാപിക്കാവനന്നതാണ്.

22. പഞ്ചായത്തിലെ സഹകരണ സംഘങ്ങൾ ഒരുമിച്ച് ജനങ്ങളിൽ സഹകരണാ അവബോധം സൃഷ്ടിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കണം .സഹകരണ മേഖലയുടെ അനന്ത സാധ്യതകളെക്കുറിച്ച് കുട്ടികളെ പഠിപ്പിക്കണം.പൊതു ജനങ്ങൾക്കും വേണം സഹകരണ വിദ്യാഭ്യാസം.



## 6-3-E

സ്ത്രീകൾക്കു നേരേ നടക്കുന്ന അനീതികൾക്കും അക്രമങ്ങൾക്കും എതിരെ ശബ്ദമുയർത്തുന്നതിന്‌വനിതാ വിമോചന പ്രസ്ഥാനങ്ങൾ മുമ്പോട്ടു വന്നിട്ടുള്ള കാലമാണിത്. എല്ലാംവിധിഎന്നു പരിതപിക്കുകയും ആത്മവിശ്വാസം നഷ്ടപ്പെട്ട് സമൂഹത്തിൽ രണ്ടാം നിരയിലേക്കു തള്ളപ്പെട്ടു കഴിയുകയയുംചെയ്യുന്ന വരാണ് സ്ത്രീകൾ. 33% സംവരണംവേണമെന്നു പറയുന്നുണ്ടെങ്കിലും എല്ലാതുറകളിലും സ്ത്രീകൾക്കുള്ള പ്രാതിനിധ്യം ഉറപ്പു വരുത്താൻ ഇനിയും കാര്യമായിപരിശ്രമിക്കേണ്ടിയിരിക്കുന്നു.

ഇലന്തൂർ പഞ്ചായത്തിലെ സ്ത്രീകളുടെ സ്ഥിതിയും വ്യത്യസ്ഥമല്ല. വിദ്യാഭ്യാസം നേടുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടായിരുന്നിട്ടും തൊഴിൽ മേഖലകളിൽ പരിമിതമായ പങ്കാളിത്തമേ സ്ത്രീകൾക്കു ലഭിച്ചിട്ടുള്ളു. ഉന്നത വിദ്യാഭ്യാസത്തിലും ഉയർന്ന ജോലികളിലും ഈ പഞ്ചായത്തിലെ സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. അദ്ധ്യാപന രംഗത്തും ആതുര ശുശ്രൂഷാ രംഗത്തും സ്ത്രീകളാണ് മുൻപന്തിയിൽ. 1991 ലെ സെൻസസ് പ്രകാരരം ഇലന്തൂർ പഞ്ചായത്തിൽ 6787 സ്ത്രീകളാണുള്ളത്. ആകെ പുരുഷൻമാരുടെ എണ്ണത്തേക്കാൾ 627 കൂടുതലാണിത്.

**തൊഴിൽ മേഖലകളിലെ സ്ത്രീകളുടെ പങ്ക് സൂചിപ്പിക്കുന്ന 1991 ലെ സെൻസസ്സ് പട്ടിക**

| തൊഴിൽ | സ്ത്രീകളുടെ എണ്ണം | പുരുഷൻമാർ |
|---|---|---|
| കൃഷിപ്പണി | 93 | 1356 |
| കർഷകത്തൊഴിലാളി | 321 | 873 |
| മൃഗസംരക്ഷണം | 9 | 85 |
| ചെറുകിട വ്യവസായം | 9 | 29 |
| കെട്ടിട നിർമ്മാണം | 41 | 103 |
| ഗതാഗതം, വാർത്താവിനിമയം | 13 | 161 |
| വ്യാപാരം | 42 | 284 |
| മറ്റുള്ളവ | 317 | 344 |

6. സ്ത്രീയുടെ നഗ്നതയെ ചൂഷണംചെയ്യുന്ന കമ്പോള സംസ്ക്കാരത്തെ തടയുക.

7. വേതനം നിശ്ചയിച്ചിട്ടില്ലാത്ത, ഗൃഹ ജോലിയിൽ ഏർപ്പെട്ടു കഴിയുന്ന, കുടുംബിനികൾക്ക് വാർദ്ധക്യ കാല പെൻഷൻ ഏർപ്പെടുത്തുക.

8. അംഗൻവാടികൾ കാര്യക്ഷമമാക്കുക. അതതുപ്രദേശത്തുള്ളവർക്കു തൊഴിൽ കൊടുക്കുക.

9. പുരുഷൻമാർ മേധാവിത്വത്തിൻെറ പിടി അയയ്ക്കുകയും സ്ത്രീയെ തുല്യതയിൽ എത്തിക്കുന്നതിനു സഹായിക്കുകയയുംചെയ്യുക.

10. തുല്യജോലിക്കു തുല്യ വേതനം നടപ്പിലാക്കുവാൻ ശ്രദ്ധിക്കുക

11. വിധവാപെൻഷൻ, അഗതിപെൻഷൻ, മാതൃസഹായ പദ്ധതിയിലെ ആനുകൂല്യങ്ങൾ എന്നിവ അർഹരായ മുഴുവൻ സ്ത്രീകൾക്കും ലഭ്യമാക്കുക.



# സംസ്കാരം

ഇലന്തൂർ ഗ്രാമത്തിലെ ഏറ്റവും പഴക്കമുള്ള ലഭ്യമായ സാഹിത്യശേഖരമാണ് പടയണി പാട്ടുകൾ. ഇലന്തൂർ ശ്രീ ഭഗവതികുന്ന് ക്ഷേത്രത്തിൽ എല്ലാ വർഷവും മകരമാസത്തിൽ ആഘോഷിച്ചു വരുന്ന മകയിര മഹോത്സവവുമായി ബന്ധപ്പെട്ട് നടത്തുന്ന പടയണിയിൽ വിവിധ കോലങ്ങൾ കെട്ടിയാടുന്നു. ഗ്രാമത്തിന്റെ തനതായ ഈ അനുഷ്ഠാന കലയിലെ ഭൈരവൻ, മറുത, യക്ഷി, കാലൻകോലം തുടങ്ങിയവ വൈദീകാധിപത്യത്തിനു മുമ്പുള്ള ദേവതകളെ സൂചിപ്പിക്കുന്നു. ശക്ത്യാരാധനയിൽ അസുരനിഗ്രഹത്തിനു ശേഷം വിജയശ്രീലാളിതയായ ദേവി അഥവാ പ്രകൃതിമാതാവ് ആരാധിക്കപ്പെടുന്നു. ആ ദേവിയെ ഗ്രാമജനത തങ്ങളുടെ ഇഷ്ടവിഭവങ്ങൾ നല്കി സൽക്കരിക്കുന്നതിന്റെ വിശേഷങ്ങൾ പടയണി പാട്ടുകൾ ഉൾക്കൊണ്ടിരിക്കുന്നു. വിവിധ ജാതി വിഭാഗങ്ങളിൽപ്പെട്ട കുടംബങ്ങൾ പടയണിയോടനുബന്ധിച്ച വിവിധ അനുഷ്ഠാനങ്ങൾ നിർവ്വഹിക്കുവാൻ ചുമതലപ്പെട്ടിരിക്കുന്നു. ഇന്നും ഈ അവകാശങ്ങൾ അതുപോലെ നിലനിൽക്കുന്നു.

കേരളത്തിന്റെ മാത്രം സവിശേഷതയായ നാഗാരധനയുടെ പ്രത്യക്ഷമായ തെളിവുകളായി കാവുകളും കുളങ്ങളും ഇലന്തൂർ ഗ്രാമത്തിൽ അങ്ങോളമിങ്ങോളം നിലനിന്നിരുന്നു. പല ഗൃഹനാമങ്ങളും ഇതിനു സൂചനയായും തെളിവായും ഉണ്ട്. ഇന്നും വിഗ്രഹങ്ങൾ ഉള്ളതും ഇല്ലാത്തതുമായ ചെറുകാവുകൾ നിലവിലുണ്ട്.

കാരംവേലി ഇടപ്പാറ മലദേവർ നടയുടെ കാര്യനിർവ്വഹണത്തിനവകാശപ്പെട്ട കരക്കാരിൽ പ്രമുഖർ ഇലന്തൂർ കരക്കാരാണ്. രാശി അടിസ്ഥാനപ്പെടുത്തിയുള്ള പുതുവത്സരമായ വിഷുവിനോടനുബന്ധിച്ചു നടക്കുന്ന കോട്ട കയറ്റത്തിൽ കൊടിക്കൂറ വഹിക്കുന്നത് നായർ കുടുംബമായ ഇലന്തൂർ കുറുന്താറ്റിൽ വീട്ടുകാരാണ്. കാവിന്റെ 'ജന്മി'സ്ഥാനം ഇന്നും പല കരക്കാരോടൊപ്പം ഇവരിലും നിക്ഷിപ്തമാണ്.

ഭഗവതികുന്ന് ക്ഷേത്രത്തിൽ നൂറ്റാണ്ടുകളായി നാനാജാതിമതസ്ഥർക്ക് ഉച്ചനീചത്വം കൂടാതെ പ്രവേശന സ്വാതന്ത്ര്യമുണ്ടായിരുന്നു എന്ന വസ്തുത ഈ പഞ്ചായത്തിൽ പൗരോഹിത്യത്തിന്റെ സ്വാധീനം വളരെ ദുർബ്ബലമായിരുന്നു എന്നത് എടുത്തു കാണിക്കുന്നു.

കോലമെഴുത്ത്, അസുരവാദ്യങ്ങളെന്ന് വിശേഷിപ്പിക്കപ്പെടുന്ന ചെണ്ടമേളമുൾപ്പെടെയുള്ള താളക്രമങ്ങൾ, പരിചമുട്ടുകളി, മുടിയാട്ടം തുടങ്ങിയ പരമ്പരാഗതകലകൾ എന്നിവയുടെയൊക്കെ സജീവ സാന്നിദ്ധ്യം ഇന്നും വേരറ്റുപോകാതെ ഈ ഗ്രാമത്തിൽ നിലനിൽക്കുന്നു. കഴിഞ്ഞ ഒരു തലമുറവരെ കളമെഴുത്തും പാട്ടും ഇവിടെ നിലനിന്നിരുന്നു. സമ്പുഷ്ടമായ ഒരു ദ്രാവിഡ സംസ്കാരത്തിന്റെ നിറവുള്ള കണ്ണികളാണ് ഇവയെല്ലാം തന്നെ എന്നത് നിഷേധിക്കാൻ കഴിയാത്ത വസ്തുതകളാണ്.

കോലമെഴുത്ത്, അസുരവാദ്യങ്ങളെന്ന് വിശേഷിപ്പിക്കപ്പെടുന്ന ചെണ്ടമേളമുൾപ്പെടെയുള്ള താളക്രമങ്ങൾ, പരിചമുട്ടുകളി, മുടിയാട്ടം തുടങ്ങിയ പരമ്പരാഗത കലകൾ എന്നിവയുടെയൊക്കെ സജീവ സാന്നിദ്ധ്യം ഇന്നും വേരറ്റുപോകാതെ ഈ ഗ്രാമത്തിൽ നിലനിൽക്കുന്നു. കഴിഞ്ഞ ഒരു തലമുറവരെ കളമെഴുത്തും പാട്ടും ഇവിടെ നിലനിന്നിരുന്നു. സമ്പുഷ്ടമായ ഒരു ദ്രാവിഡ സംസ്കാരത്തിന്റെ നിറവ് ഉള്ള കണ്ണികളാണ് ഇവയെല്ലാം തന്നെ എന്നത് നിഷേധിക്കാൻ കഴിയാത്ത വസ്തുതകളാണ്.

ഇലന്തൂരിന്റെ ഐതീഹ്യങ്ങളെല്ലാം മലകളെയും മലദേവന്മാരെയും സംബന്ധിച്ചുള്ളതാണ്. മധുമലയെപ്പറ്റി നിരവധി ഐതീഹ്യങ്ങൾ ഉണ്ട്. മലയിരിക്കുംമുരുപ്പ് എന്നാണ് ഒരു മലയുടെ പേര്. ഏറത്ത് മഹായക്ഷിക്കാവ്, മയിലാടുംപാറ യക്ഷിക്കാവ് തുടങ്ങി എല്ലാ മലനടകളും ഇന്നും പ്രദേശികമായി ആരാധിക്കപ്പെട്ടുവരുന്നു. വൃക്ഷാരാധന, മലദേവന്മാരുടെ ആരാധന, നാഗാരധന, ഇവ പ്രചീനമായ ഒരു ആദി ദ്രാവിഡ സംസ്കാരത്തിന്റെ മുഖമുദ്രകളാണ്. ഊര് ചേർത്തുള്ള ഗ്രാമത്തിന്റെ പേരും ശുദ്ധ ദ്രാവിഡ സംബന്ധിയാകാതെ തരമില്ല. (ഇലവത്തൂർ → ഇലവന്തൂർ → ഇലന്തൂർ). ഏറെ കൊട്ടിഘോഷിക്കപ്പെടുന്ന ബ്രാഹ്മണരുടെ വരവിനും ഇല്ലങ്ങൾ സ്ഥാപിക്കുന്നതിനും മുമ്പുള്ള സാമൂഹിക സാംസ്കാരിക ഘടനയുടെ സവിശേഷതകളിലേയ്ക്ക് ഈ വസ്തുതകൾ വിരൽ ചൂണ്ടുന്നു. ആയിരിക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് ജനവാസയോഗ്യമല്ലാത്ത വനഭൂമിയെ കൃഷിഭൂമിയാക്കിയതും, ചെളിക്കെട്ടുകളെ നെൽവയലുകളാക്കിയതും അദ്ധ്വാനികളായ പൂർവ്വീകരാണ്. യജമാനനോ ജന്മിയ്ക്കോ വേണ്ടി അടിമകളെപ്പോലെ ജീവിച്ച് പ്രകൃതിയോടു മല്ലിട്ടും പകർച്ചവ്യാധികളിൽപ്പെട്ടും കാടിനെ നാടാക്കിയ പൂർവ്വീകരെ സ്മരിക്കാതെ ഒരു വികസനരേഖയും ഉണ്ടാക്കാനാവില്ല. അവരുടെ ഈടുവയ്പുകൾ ജന്മാന്തരങ്ങളിലൂടെ നമ്മെ ധന്യരാക്കുകയാണ്.

### ജനവിഭാഗങ്ങൾ

നിലയ്ക്കലിൽ നിന്നും പാണ്ടിപ്പടയുടെയും വന്യമൃഗങ്ങളുടെയും ആക്രമണങ്ങളെയും പ്രകൃതി ക്ഷോഭങ്ങളെയും ഭയന്ന് ആദിമ ക്രിസ്തീയ സമൂഹം കാഞ്ഞിരപ്പള്ളി, കടമ്പനാട്, കുറവിലങ്ങാട് എന്നീ സ്ഥല

സ്ഥലങ്ങളിലേയ്ക്ക് പാലായനം ചെയ്യുകയും കടമ്പനാട്ടു നിന്നും ഓമല്ലൂരിലേയ്ക്കും തുടർന്ന് ഇലന്തൂരും എത്തി വാസം ഉറപ്പിക്കുകയും ചെയ്തു. മറ്റൊരു ശാഖ കാഞ്ഞിരപ്പള്ളിയിൽ നിന്ന് നേരിട്ട് ഇലന്തൂരിലെത്തുകയും ചെയ്തു. ഹിന്ദുമതത്തിലെ വിവിധ ജാതികളും ക്രിസ്തു മതവിഭാഗത്തിൽപ്പെട്ട മാർത്തോമ്മാ, യാക്കോബായ, കത്തോലിക്കാ, സി. എസ്. ഐ., എന്നിവരെ കൂടാതെ വിവിധ പെന്തക്കൊസ്ത് സഭാ വിശ്വാസികളും ഈ പഞ്ചായത്തിലുണ്ട്. കൂടുതലും ഹൈന്ദവാചാരങ്ങൾ നിലനിറുത്തിപ്പോരുന്ന 'യൂയോമയം' എന്ന ക്രിസ്തീയ വിഭാഗത്തിൽപ്പെട്ട ചില കുടുംബങ്ങളും ഈ പഞ്ചായത്തിലുണ്ട്. മുസ്ലീങ്ങൾ പണ്ട് ഉണ്ടായിരുന്നില്ല. പത്തു വർഷത്തിനിടയിൽ മൂന്ന് മുസ്ലീം കുടുംബങ്ങൾ ഇവിടെ സ്ഥിരതാമസമാക്കിയിട്ടുണ്ട്. പ്രാചീന ഗോത്രസംസ്കാരത്തിന്റെ സാന്നിദ്ധ്യം അറിയിച്ചുകൊണ്ട് അഞ്ച് മലവേടർ കുടുംബങ്ങൾ പട്ടികവർഗ്ഗവിഭാഗ ക്കാരായി പഞ്ചായത്തിന്റെ 9-ാം വാർഡ് അതിർത്തിയിൽ താമസിക്കുന്നു.

### ഹിന്ദു വിഭാഗങ്ങൾ

ഈഴവർ, നായർ, ബ്രാഹ്മണർ, വിശ്വകർമ്മ, ഗണകർ, വേലൻ, പതിയാൻ, കാക്കാലൻ, പട്ടികജാതി വിഭാഗങ്ങളിലെ സാമ്പവർ, സിദ്ധനർ, പുലയർ, വേട്ടവർ, കല്ലന്മാർ, പാണർ തുടങ്ങിയ സമുദായങ്ങളാണ് പഞ്ചായത്തിലെ ഹിന്ദുസമൂഹം.

ഇലന്തൂർ ഗ്രാമത്തിലെ വിശ്വകർമ്മ സമൂഹത്തിന്റെ ചരിത്രം ഏറെ പഴക്കമുള്ളതാണ്. കൊടുങ്ങല്ലൂരിൽ നിന്നും ആറന്മുള ക്ഷേത്രം പണിക്ക് വന്നവരാണ് ഇലന്തൂരിലെ മരപ്പണിക്കാർ. കൽപ്പണിയും ഇവർക്ക് വശമായിരുന്നു. തുണ്ടിയിൽ എന്നതാണ് ഇവിടുത്തെ മൂലകുടുംബം. മരങ്ങാട്ടിൽ കുടുംബമാണ് സ്വർണ്ണപ്പണിക്കാരുടെ മൂലകുടുംബം. നാവായിക്കുളങ്ങര നിന്നും ഇലന്തൂരിൽ എത്തി എന്നുള്ളതാണ് ഇവരുടെ ചരിത്രം.

### ഇലന്തൂർ സന്ദർശിച്ച മഹദ്വ്യക്തികൾ

ദേശീയ പ്രസ്ഥാനവുമായി ബന്ധപ്പെട്ട് മഹാത്മാഗാന്ധി, ജയപ്രകാശ് നാരായണൻ, കാന്തി ദേശായി തുടങ്ങിയ മഹാപുരുഷന്മാരുടെ സന്ദർശനത്താൽ ഇലന്തൂർ ഗ്രാമം ധന്യമാക്കപ്പെട്ടു. കൂടാതെ ആത്മീയാ ചാര്യരും സാമൂഹ്യപരിഷ്കർത്താക്കളുമായ ശ്രീനാരായണ ഗുരു, ആഗമാനന്ദസ്വാമികൾ, എന്നിവരുടെ പാദസ്പർശം ഇലന്തൂരിനെ പാവനമാക്കി തീർത്തു. സുപ്രസിദ്ധ സുവിശേഷപ്രാസംഗീകനായ സ്റ്റാൻലി ജോൺസണും ഇലന്തൂർ സന്ദർശിച്ച മഹദ്വ്യക്തികളിൽ പെടുന്നു..

### സാംസ്കാരിക നായകന്മാർ

ഇലന്തൂരിലെ സാമൂഹിക സാംസ്കാരിക ചരിത്രത്തിന് കിടയറ്റ സംഭാവനകൾ നല്കിയ മഹത്തുക്കളുടെ ജീവിതം സംബന്ധിച്ച കുറിപ്പുകൾ ചരിത്ര വിഭാഗത്തിൽ ചേർത്തിരിക്കുന്നു. ആയതിനാൽ അവരോടുള്ള ആദരസൂചകമായി ഒന്നു പരാമർശിച്ചു പോകുവാനേ എവിടെ ഉദ്ദേശിക്കുന്നുള്ളു.

നമ്മുടെ ദേശീയ പ്രസ്ഥാനത്തിന് ഇലന്തൂർ ഗ്രാമം നല്കിയ ഉജ്ജ്വല സംഭാവനയാണ് 'കുമാർജി' എന്ന് അറിയപ്പെടുന്ന കെ. കുമാർ. സാമ്രാജ്യത്വവാഴ്ച യ്ക്കെതിരെ ഗാന്ധിജിയുടെ ആഹ്വാനമനുസരിച്ച് സമരാങ്കണത്തിൽ ഇറങ്ങി. വാർദ്ധയിൽ ഗാന്ധിജിയോ ടൊപ്പം വളരെക്കാലം കഴിഞ്ഞു. വിവിധ ജയിലുകളിലായി കാരാഗൃഹവാസം അനുഭവിച്ചു. വിദേശവസ്ത്ര ബഹിഷ്കരണം, മദ്യവർജ്ജനം, ഖാദി പ്രസ്ഥാനം, വിദ്യാഭ്യാസ രംഗം തുടങ്ങി വിവിധ മേഖലകളിലെ സേവനങ്ങൾക്കായി ജീവിതം അർപ്പിച്ചു. ഇലന്തൂരിൽ ഇന്ന് നിലനിൽക്കുന്ന വിവിധ സ്ഥാപനങ്ങൾ പലതും കുമാർജിയുടെ ശ്രമഫലമായി രൂപം കൊണ്ടിട്ടുള്ളതാണ്. ദീർഘകാലം പഞ്ചായത്ത് പ്രസിഡന്റായിരുന്നു.

ഇലന്തൂരിലെ ആദ്യത്തെ ഉന്നത ബിരുദ ധാരിയാണ് 1078 മീനത്തിൽ പുളിന്തിട്ട വീട്ടിൽ ജനിച്ച പി. സി. ജോർജ്. സ്റ്റേറ്റ് കോൺഗ്രസ്സിന്റെ ആറാമത്തെ പ്രസിഡന്റ് ആയിരുന്നു. റെഗുലേഷൻ ആക്ട് ലംഘിച്ചതിന് രണ്ടുവർഷത്തോളം തടവുശിക്ഷ അനുഭവിച്ചു. 1948ൽ റാന്നി നിയോജകമണ്ഡലത്തിൽ നിന്നും എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു. സമർത്ഥനായ ഒരു അഭിഭാഷക നായിരുന്ന ഇദ്ദേഹം 1951ൽ നിര്യാതനായി.

1072 മീനമാസത്തിൽ തെക്കേടത്ത് കുടുംബത്തിൽ ജനിച്ച ശ്രീ ടി. പി. ഗോപാലപിള്ള വില്ലേജ് ഓഫീസർ തസ്തിക രാജി വച്ച് ഖാദി പ്രസ്ഥാനത്തിന്റെ വളർച്ച യ്ക്കായി ജീവിതം ഉഴിഞ്ഞു വച്ചു. ഇന്നു കാണുന്ന ജില്ലാ ഖാദിവ്യവസായബോർഡ് ഓഫീസും മറ്റ് സ്ഥാപനങ്ങളും ഇദ്ദേഹത്തിന്റെ പ്രവർത്തനങ്ങളുടെ അനന്തരഫലമാണ്.

സഖാവ് പി. കെ. സുകുമാരൻ 1946 കാല ഘട്ടത്തിൽ തെക്കൻ തിരുവിതാംകൂറിലെ തോട്ടം തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് സ്വതന്ത്ര തിരുവിതാംകൂറിലെ ആദ്യത്തെ ട്രേഡ് യൂണിയൻ കെട്ടിപ്പടുക്കുന്നതിൽ നേതൃത്വം വഹിച്ചു. നിരവധി വർഷം കഠിന തടവിന് ശിക്ഷിക്കപ്പെട്ട് ജയിലിൽ കിടന്നിട്ടുള്ള സുകുമാരൻ ഇലന്തൂർ പഞ്ചായത്ത് സമിതിയിലേയ്ക്ക് എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ട അംഗമാണ്.

ചിത്രകാരനും, ക്രിസ്തീയ ഗാനരചയിതാവു മായിരുന്ന ടി. കെ. സമുവേൽ (തെക്കേതിൽ) തന്റെ ചിത്രരചനാ വൈഭവത്തിന് ഉത്രം തിരുനാൾ മഹാരാജാവിൽ നിന്നും പുരസ്കാരം നേടിയ വ്യക്തിയാണ്. ഇന്ന് ക്രിസ്തീയ ഭവനങ്ങളിലെ ആരാധനാ ഗാനങ്ങൾ പലതും ടി. കെ. എസിന്റെ സംഭാവനയാണ് എന്ന വസ്തുത അധികമാർക്കും അറിഞ്ഞുകൂടാ.

18-ാം നൂറ്റാണ്ടിന്റെ അന്ത്യപാദത്തിലും 19-ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലുമായി ജീവിച്ച കവിയാണ് ചേകോട്ടാശാൻ. വിവിധ വ്യക്തികളുടെ ഓർമ്മയിലും കൈവശവുമായുള്ള ഇദ്ദേഹത്തിന്റെ രചനകൾ സമാഹരിക്കപ്പെട്ടിട്ടില്ല.

സമകാലീനരായ ചികിത്സകരായിരുന്നു ആയുർവേദരംഗത്ത് പ്രശസ്തനായ വടക്കേഭാഗത്ത് കേശവൻ വൈദ്യരും, മർമ്മ ചികിത്സാവിദഗ്ദ്ധനായിരുന്ന ആഞ്ഞിലിമൂട്ടിൽ വാസവൻ വൈദ്യരും. കേശവൻ വൈദ്യർ പല ഔഷധങ്ങളും ഫലസിദ്ധി വരുത്തി തന്റേതായി സംഭാവന ചെയ്തിട്ടുണ്ട്. ആധുനിക ചികിത്സാ ഉപകരണങ്ങളുടെ പ്രചാരത്തിനു മുമ്പ് സങ്കീർണ്ണമായ അസ്ഥിക്ഷതങ്ങൾ കൂട്ടിച്ചേർത്ത് ഉറപ്പിച്ച് സുഖപ്പെടുത്തുന്നതിൽ വാസവൻ വൈദ്യൻ വിദഗ്ദ്ധനായിരുന്നു.

ഇലന്തൂരിലെ പുരാതനമായ ഇരുമ്പു പണിക്കാരുടെ (കൊല്ലന്മാർ) കുടുംബമാണ് കാഞ്ഞിത്തറവീട്. 1840–1915 കാലഘട്ടത്തിൽ ജീവിച്ചിരുന്ന മൂത്തപണിക്കനാണ്, കാഞ്ഞിത്തറ നാരായണൻ. കൃഷിയെ മാത്രം ആശ്രയിച്ചു കഴിഞ്ഞിരുന്ന സമൂഹത്തിൽ യന്ത്രയുഗത്തിനു മുമ്പ് കാർഷിക ഉൽപാദനോപകരണങ്ങൾ നിർമ്മിച്ചു നല്കിയിരുന്ന ഇവരുടെ സ്ഥാനം ഊഹിക്കാവുന്നതേയുള്ളു. സ്വർണ്ണപണിക്കാരുടെ കുടുംബങ്ങളും വളരെ പഴക്കമുള്ളതാണ്.

പഞ്ചായത്തു മെമ്പറായിരിക്കെ പരേതനായ എം. കെ. പീതാംബരൻ ശാസ്ത്രസാഹിത്യപരിഷത്തിന്റെ ജില്ലാ പ്രസിഡന്റും കെ. എസ്. ഇ. ബി. ഉദ്യോഗസ്ഥനുമായിരുന്നു. സാക്ഷരതാ പ്രവർത്തനങ്ങളിൽ മുൻപന്തിയിലായിരുന്നു.

നൃത്തവൈദഗ്ദ്ധ്യത്തിന് അന്നത്തെ പ്രധാനമന്ത്രിയായിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിൽ നിന്ന് 1960–കളിൽ ന്യൂഡൽഹിയിൽ വച്ച് പുരസ്കാരം ഏറ്റുവാങ്ങിയ ശ്രീമതി മാമ്മൂട്ടിൽ ശാന്തകുമാരി ഇപ്പോൾ മദ്രാസിൽ സ്ഥിരതാമസമാണ്. ഇന്നാട്ടിലെ കലാസാംസ്കാരിക പ്രവർത്തനങ്ങൾക്ക് നിർലോഭം സാമ്പത്തീക സഹകരണം നല്കുന്ന ശാന്തകുമാരിയും ഭർത്താവ് ശിവദാസനും ഇടപ്പരിയാരം ഗുരുമന്ദിരത്തോട് ചേർന്നു നടക്കുന്ന ആഘോഷപരിപാടികളിൽ അനുഗൃഹീത കലാകാരന്മാരെ ക്ഷണിച്ച് കലാപരിപാടികൾ സംഘടിപ്പിക്കാറുണ്ട്.

1923–ലെ നാഗപ്പൂർ സത്യാഗ്രഹത്തിൽ പങ്കെടുത്ത് അറസ്റ്റ്വരിച്ച് ജയിൽശിക്ഷ അനുഭവിച്ച സ്വാതന്ത്ര്യസമര സേനാനിയായിരുന്നു ഖദർ ആശാൻ എന്ന പേരിൽ അറിയപ്പെട്ടിരുന്ന കോട്ടാങ്ങൽ വി. ആർ. രാമൻപിള്ള.

ഇലന്തൂരിന്റെ മറ്റൊരു സ്വാതന്ത്ര്യസമര സേനാനിയായിരുന്നു താഴയിൽ ടി. ഇസെഡ്. അബ്രഹാം. ഇലന്തൂർ പബ്ലിക് മാർക്കറ്റ്, സോഷ്യൽ വെൽഫെയർ സെന്റർ എന്നിവയ്ക്ക് സ്ഥലം ദാനമായി നൽകി. പിൽക്കാലത്ത് ഹോമിയോ ആശുപത്രിക്കായി 20 സെന്റ് സ്ഥലം ഇദ്ദേഹത്തിന്റെ മക്കൾ ദാനം ചെയ്തതാണ്.

തെക്കേവീട്ടിൽ ഉമ്മട്ടിപ്പണിക്കർ പഴയകാലത്തെ തച്ചുശാസ്ത്ര വിദഗ്ദ്ധനായിരുന്നു. പട്ടാഴി ക്ഷേത്രത്തിലെ പ്രസിദ്ധമായ മുടി ഉമ്മട്ടിപ്പണിക്കർ പണിതതാണെന്ന് പറയപ്പെടുന്നു. പിൽക്കാലത്ത് ഈ രംഗത്ത് അറിയപ്പെട്ട വിദഗ്ദ്ധനാണ് തെക്കേവീട്ടിൽ നാരായണപ്പണിക്കർ.

കൂടാതെ പുത്തൻവീട്ടിൽ സ്കറിയാ കത്തനാർ, കെ. എ. ടൈറ്റസ്, ഗാനരചയിതാവ് തെക്കേതിൽ യോഹന്നാൻ യോഹന്നാൻ, വറുഗീസ് ചാണ്ടി, ഗോവിന്ദൻ വൈദ്യൻ, വാലുഴത്തിൽ കേശവൻ, വടക്കേതിൽ കേശവൻ, തഴയമണ്ണിൽ കെ. രാമൻ നായർ, മൃദംഗവിദ്വാൻ ചേകോട്ടുപടിഞ്ഞാറേതിൽ കുഞ്ഞുകുഞ്ഞ് തുടങ്ങിയവർ വിവിധ മേഖലകളിൽ നടത്തിയ സേവനങ്ങൾ നന്ദിപൂർവ്വം അനുസ്മരിക്കപ്പെടേണ്ടതാണ്. സൈന്ധവ ലിപി ഗവേഷകനായ കെ. കെ. രാമൻസാറിന്റെ പ്രവർത്തനരംഗം ഏറെക്കാലം ഇലന്തൂർ പഞ്ചായത്ത് ആയിരുന്നു. ആദ്യകാല പത്രപ്രവർത്തകനായിരുന്ന കെ. പരമു 5 ദശാബ്ദക്കാലത്തോളം കേരളകൗമുദിയുടെ പ്രാദേശിക ലേഖകനും ഏജന്റും ആയിരുന്നു.

ഇലന്തൂരിന്റെ അഭിമാനമായിരുന്ന 'മത്തായി സാർ' എന്ന് അറിയപ്പെടുന്ന ഇലന്തൂർ സി. ടി. മത്തായി ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ മുൻനിരയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കെ അടുത്തകാലത്ത് അന്തരിച്ചു. അദ്ദേഹത്തിന് ആദരാജ്ഞലികൾ അർപ്പിച്ചു കൊണ്ട് പ്രത്യേക അനുസ്മരണക്കുറിപ്പും ചേർത്തിട്ടുണ്ട്.

### പ്രചാരമുള്ള പ്രസിദ്ധീകരണങ്ങൾ

മലയാള മനോരമ, കേരളകൗമുദി, മതൃഭുമി, ദേശാഭിമാനി, മംഗളം എന്നീ മലയാള പത്രങ്ങൾക്കും ദി ഹിന്ദു, ഇന്ത്യൻ എക്സ്പ്രസ് എന്നീ ഇംഗ്ലീഷ് പത്രങ്ങൾക്കുമാണ് ഇലന്തൂർ ഗ്രാമത്തിൽ പ്രചാരം

### രാഷ്ട്രീയ സംഘടനകൾ

ഇന്ത്യൻ നാഷണൽ കോൺഗ്രസ്, സി. പി. ഐ. (എം), സി. പി. ഐ., ബി. ജെ. പി., കോൺഗ്രസ് (എസ്), വിവിധ കേരള കോൺഗ്രസ് ഗ്രൂപ്പുകൾ റെഡ് ഫ്ളാഗ് (സി. പി. ഐ. എം. എൽ.) തുടങ്ങിയ രാഷ്ട്രീയ പാർട്ടികളും ഐ. എൻ. ടി. യു. സി., സി. ഐ. ടി. യു., എ. ഐ. ടി. യു. സി., ബി. എം. എസ്. എന്നീ തൊഴിലാളി സംഘടനകളും പഞ്ചായത്തിൽ സജീവമായി പ്രവർത്തിക്കുന്നു.

### ശ്രീനാരായണ പ്രസ്ഥാനങ്ങൾ

ശ്രീനാരായണ ഗുരുവിന്റെ സമൂഹപരിഷ്കരണ പരവും ആദ്ധ്യാത്മീകവുമായ സന്ദേശങ്ങൾക്ക് ഇലന്തൂർ ഗ്രാമം എന്നും മതിയായ ശ്രദ്ധ നൽകിയിട്ടുണ്ട്. എസ്. എൻ. ഡി. പി. ശാഖകൾ, ഗുരുധർമ്മപ്രചരണ സഭാ യൂണിറ്റുകൾ, വനിതാസംഘം, യൂത്ത് മൂവ്മെന്റ് ഇവയെല്ലാം ഇവിടെ ഊർജ്ജസ്വലമായി പ്രവർത്തിക്കുന്നു.

ഗുരുദേവൻ കൊല്ലവർഷം 1090 (എ. ഡി. 1914) കന്നിമാസം 5 മുതൽ 8 വരെ തീയതികളിൽ തന്റെ സാന്നിദ്ധ്യംകൊണ്ട് ഈ ഗ്രാമത്തെ ധന്യമാക്കിയിട്ടുണ്ട്. അക്കാലത്ത് പരിയാരത്ത് മൈലയ്ക്കൽ വക പുതുപ്പറമ്പ് ക്ഷേത്രത്തിലും വടക്കേതിൽ ശ്രീ എൻ. കേശവന്റെ വസതിയിലും താമസിച്ചിരുന്നതായും മൈലയ്ക്കൽ വൈ

ദൃന്മാരെ സന്ദർശിച്ചിരുന്നതായും രേഖകളിൽ കാണുന്നു. അന്നു സ്വാമികൾ കുടയാറ്റുതറ ക്ഷേത്രത്തിലും പോയിരുന്നതായി രേഖകളിൽ കാണുന്നുണ്ട്.

പരിയാരം കരയിൽ കൊല്ലവർഷം 1106 മകരം 12നാണ് 268-ാം നമ്പർ എസ്. എൻ. ഡി. പി. ശാഖ ഉദ്ഘാടനം ചെയ്യപ്പെട്ടത്. ആദ്യ പ്രസിഡന്റ് മൈലയ്ക്കൽ ശ്രീ കേശവൻ ചാന്നാരും, സെക്രട്ടറി നടുവത്തുശ്ശേരിൽ ശ്രീ കെ. സി. വേലായുധനും, ഖജാൻജി തവട്ടയ്ക്കൽ ശ്രീ നാരായണൻ കൊച്ചുകുഞ്ഞുമായിരുന്നു. ഒന്നാം വാർഷികത്തോടൊപ്പം തന്നെ വിദ്യാർത്ഥി സമാജം, സ്ത്രീ സമാജം, പബ്ലിക് മീറ്റിംഗ് ഇവയെല്ലാം നടത്തിയിരുന്നു എന്ന് രേഖയുണ്ട്. ഇപ്പോൾ പരിയാരം കരയിൽ 3 ശാഖകൾ ഉണ്ട്. മൂന്നിടത്തും മനോഹരമായ ഗുരു മന്ദിരങ്ങളും ഉപസംഘടനകളും ഉണ്ട്. ഇടപ്പരിയാരത്ത് ഒരു ഹൈസ്കൂളും ഉണ്ട്.

ഇലന്തൂർ കരയിലും ഏതാണ്ട് ഇത്ര തന്നെ പഴക്കമുള്ള എസ്. എൻ. ഡി. പി. ശാഖ പ്രവർത്തിക്കുന്നു. പഴവേലിൽ ശ്രീ കേശവന്റെയും മറ്റും ആദ്യകാല നേതൃത്വത്തിൽ തഴച്ചു വളർന്ന ഇലന്തൂർ ശാഖയിലും എല്ലാ ശ്രീനാരായണ പ്രസ്ഥാനങ്ങളും വളരെ പ്രശസ്തമായി പ്രവർത്തിക്കുന്നു. 88-ാം നമ്പർ ശാഖയുടെ സെക്രട്ടറിയായി ദീർഘകാലം പ്രവർത്തിച്ചിരുന്ന ശ്രീ വാലുഴത്തിൽ കേശവൻ എല്ലാ ശാഖകളുടെയും രൂപീകരണ ശ്രമങ്ങളിൽ പങ്കെടുത്തിരുന്നു.

ജാതിവ്യവസ്ഥയുടെ കരാളതയ്ക്കെതിരെ നടന്ന ഐതിഹാസിക സമരമായിരുന്ന 'കോട്ടലഹള' (മുളക്കുഴ) യിൽ ഒരു കൊടുങ്കാറ്റുപോലെ പങ്കെടുത്ത ചരിത്രം ശ്രീ പഴവേലിക്കും കൂട്ടുകാർക്കുമുള്ളതാണ്.

ഇലന്തൂർ ശാഖയിലെ കടയാററുതറവീട്ടിൽ ശ്രീ കെ. പരമുവിന്റെ ബഹുമുഖ സംഭാവനകളും വിസ്മരിക്കാനാവില്ല. എസ്. എൻ. ഡി. പി. യോഗത്തിന്റെയും ഗുരുപ്രചാരണ സഭയുടേയും വിവിധതലങ്ങൾ കൂടാതെ ഭഗവതികുന്നു ദേവീക്ഷേത്രത്തിലും അദ്ദേഹം സജീവമായി പ്രവർത്തി ച്ചിട്ടുണ്ട്. അരനൂറ്റാണ്ടുകാലം അദ്ദേഹം കേരളകൗമുദിയുടെ സ്ഥിരം ഏജന്റും പ്രാദേശിക ലേഖകനുമായിരുന്നു.

## ഉത്സവങ്ങളും ആഘോഷങ്ങളും

ശ്രീ ഭഗവതികുന്നു ക്ഷേത്രം, ഏറത്തു മഹാ യക്ഷിക്കാവ്, മയിലാടുംപാറ യക്ഷിക്കാവ്, കുമരമല തുടങ്ങിയ മലനടകൾ, ശ്രീഗണപതിക്ഷേത്രം, ശ്രീനാരായണമംഗലം (താഴേമണ്ണിൽ) ക്ഷേത്രം തുടങ്ങി വിവിധ ക്ഷേത്രങ്ങളിലെ ഉത്സവങ്ങൾ വൃശ്ചികം മുതൽ മേടമാസം വരെയുള്ള കാലയളവിൽ നടക്കുന്നു. ശ്രീഭഗവതികുന്നു ക്ഷേത്രത്തിലെ കോലംതുള്ളലുമായി ബന്ധപ്പെട്ട് ഇപ്പോൾ പറേടത്ത് കൃഷ്ണപിള്ള, നാണുവൈദ്യർ (മുളയ്ക്കൽ പടി) തുടങ്ങിയവർ പ്രവർത്തിക്കുന്നു. മേളക്കാരനായിരുന്ന ചിങ്ങച്ചേരിൽ രാഘവൻ നായർ അടുത്ത കാലത്ത് അന്തരിച്ചു. പാട്ട് വിഗം കൈകാര്യം ചെയ്തുവരുന്നത് സർവ്വശ്രീ കേച്ചേരിൽ ദാമോദരൻപിള്ള, കല്ലേരേത്ത് അശോക് കുമാർ, കൈമൂട്ടിൽ ഗോപിനാഥൻ നായർ, ശാന്തിവിള രഘു, തമ്പി, പൗർണ്ണമി എന്നിവരാണ്. പുരാതന കാലം മുതൽക്കെ കോലമെഴുത്ത് ഗ്രാമത്തിലെ ഗണക സമൂഹമാണ് നിർവഹിക്കുന്നത്.

ഫെബ്രുവരി മാസത്തിൽ നടക്കുന്ന മഞ്ഞനിക്കര തീർത്ഥയാത്രയിൽ തീർത്ഥാടകരുടെ വിശ്രമകേന്ദ്രമാണ് ഇലന്തൂർ. പദയാത്രയായി പെരുമ്പാവൂർ, മൂവാറ്റുപുഴ പ്രദേശങ്ങളിൽ നിന്നും എത്തുന്ന തീർത്ഥാടകർ ജാതിഭേദമെന്യേ ഇലന്തൂർ നിവാസികളുടെ ആതിഥ്യം സ്വീകരിച്ച് വിശ്രമിച്ച ശേഷം മഞ്ഞിനിക്കരയിലേയ്ക്ക് യാത്ര തുടരുന്നു.

യാക്കോബായ, കത്തോലിക്കാ സമൂഹങ്ങളുടെ പള്ളിപെരുന്നാളിനോടനുബന്ധിച്ച് നടക്കുന്ന റാസകൾ ജനുവരി അവസാനവും ഫെബ്രുവരി പകുതിയിലും നടത്തുന്നു. കത്തോലിക്കാപള്ളി പെരുനാളിനോടനുബന്ധിച്ച് കലാപരിപാടികളും കരിമരുന്നു പ്രയോഗവും നടത്താറുണ്ട്. ക്രൈസ്തവസമൂഹം, ക്രിസ്തുമസ് ആത്മീയാന്തരീക്ഷത്തിനനുയോജ്യമായ വിവിധ പരിപാടികളോടെ ആഘോഷിക്കുന്നു. ഈസ്റ്ററിനോടനുബന്ധിച്ചും വിശേഷാൽ പ്രാർത്ഥനകളും പരിപാടികളും നടത്തുന്നു. നവംബർ മാസം മുതൽ ക്രിസ്തീയ കൺവൻഷനുകൾ നടക്കുന്നു. അടുത്ത കാലത്തായി ശാസ്ത്രീയമായി ചിട്ടപ്പെടുത്തിയ ക്രിസ്തീയ സംഗീത സദസ്സുകളും നടത്തുന്നുണ്ട്.

വിവിധ ബാലഗോകുലങ്ങളുടെ സംയുക്താഭിമുഖ്യത്തിൽ ശ്രീകൃഷ്ണജയന്തി സമുചിതമായി ആഘോഷിക്കുന്നു. ക്ഷേത്രോത്സവങ്ങളാണ് കലാപരിപാടികൾ അരങ്ങേറുന്ന വേദികൾ. വിവിധ കലാപരിപാടികളോടൊപ്പം ശ്രീ മണ്ണാമൂലയിൽനാരായണൻ, ശ്രീമതി തുണ്ടിയിൽ മേമുറിയിൽ രാജമ്മ എന്നീ നൃത്താദ്ധ്യാപകരുടെ ശിഷ്യരായ ബാലപ്രതിഭകളുടെ അരങ്ങേറ്റങ്ങളും ഉത്സവങ്ങളോടനുബന്ധിച്ച് നടത്തുന്നു. മേൽ പ്രസ്താവിച്ച രണ്ടുപേരാണ് ഇലന്തൂരിൽ ഇപ്പോഴുള്ള നൃത്താദ്ധ്യാപകർ.

## തീർത്ഥാടനങ്ങൾ

നവംബർ മുതലുള്ള നാലുമാസമാണ് തീർത്ഥാടന കാലം. ശബരിമല, പളനി, ശിവഗിരി, പരുമല തുടങ്ങിയവയാണ് ഗ്രാമവാസികളുടെ തീർത്ഥാടന കേന്ദ്രങ്ങൾ. പഴനിയാത്ര നിരവധി ക്ഷേത്രങ്ങളെ കോർത്തിണക്കി സംവിധാനം ചെയ്യുന്നു.

## കലാരംഗത്ത് ഇപ്പോൾ പ്രവർത്തിക്കുന്നവർ

ചെണ്ടമേളത്തിൽ വിദഗ്ദ്ധരായ കലാകരന്മാർ പലരും പഞ്ചായത്തിലുണ്ട്. ഇവരെ ഗ്രാമത്തിന് പുറത്ത് ദൂരസ്ഥലങ്ങളിലേയ്ക്ക് പരിപാടിക്ക് ക്ഷണിച്ച് കൊണ്ടുപോകാറുണ്ട്. മണ്ണാമൂലയിൽ രാമകൃഷ്ണൻ, ചായപുന്നയ്ക്കൽ കുട്ടപ്പൻ, ഇലന്തൂർ ഹരിജൻ കോളനിയിൽ രാമചന്ദ്രൻ, കുമാരൻ, വെളുത്തരാമൻ, വലി

യകാലാ കോളനിയിൽ കൊച്ചുകണ്ട, സുധാകരൻ, രാജൻ, ശശി എന്നിവർ ഈ രംഗത്ത് പ്രമുഖരാണ്. ഇലന്തൂർ ഹരിജൻ കോളനിയിലെ കരകസമിതിക്ക് ശ്രീ മറുകരപറമ്പിൽ വിജയൻ, കെ. പി. രാമൻ എന്നിവർ നേതൃത്വം നൽകുന്നു. പാക്കനാർ കളിക്ക് എം. ആർ. തീർത്ഥന്റെ നേതൃത്വത്തിൽ ഒരു ചെറുഗ്രൂപ്പ് ഉണ്ട്. മണ്ണാമൂലയിൽ രാജേഷിന്റെ നേതൃത്വത്തിൽ മയിലാട്ടം അഭ്യസിച്ച ഒരു സംഘം ഉണ്ട്. ഒരു നൃത്താദ്ധ്യാപകൻ, ഒരു വാദ്യമേളക്കാരൻ, മയിലാട്ട സംഘത്തിന്റെ തലവൻ – ഇത്രയും പേരെ ഗ്രാമത്തിന്റെ കലാരംഗത്തിനു സംഭാവന നൽകുന്ന മണ്ണാമൂല കുടുംബം കലയുടെ ഒരു ത്രിവേണീസംഗമമാണ്. പഞ്ചായത്തിൽ തിരുവാതിര അഭ്യസിപ്പിക്കുന്നത് ശ്രീമതി മണി ചേകോട്ടുതറയിൽ ആണ്. പുരാണപാരായണ രംഗത്ത് ശ്രീ നാരായണൻ നായർ, വല്യേത്ത് കുമാരി, വിലാസിനി ചേകോട്ടുതറയിൽ എന്നിവർ ശോഭിക്കുന്നു. വിലാസിനി ഒരു ചിത്രകാരി കൂടിയാണ്. ചേകോട്ടു കുടുംബം ഒരു സംഗീതജ്ഞനെ കൂടി ഈ ഗ്രമത്തിനു സംഭാവന ചെയ്തിട്ടുണ്ട്. സി. എൻ. ഓമനക്കുട്ടൻ. ഇദ്ദേഹം ഇപ്പോൾ സംഗീതാദ്ധ്യാപകനായി ജോലി നോക്കുന്നു. കലാരംഗത്ത് ജന്മവാസനയും പാരമ്പര്യവും ഈ കുടുംബത്തിൽ ഒത്തുചേരുന്നു. മൃദംഗവിദ്വാന്മാരായ ഉദയഭാനു, ജയൻ പി. ദാസ് എന്നിവർ പ്രൃത്യക പരാമർശം അർഹിക്കുന്നു. കൂടാതെ വെള്ളപ്പാറയ്ക്കൽ കേന്ദ്രീകരിച്ച് ഒരു പരിശമുട്ടു കളിസംഘം പ്രവർത്തിക്കുന്നുണ്ട്. ഇലന്തൂർ ഹരിജൻ കോളനിയിൽ മറുകരപറമ്പിൽ എം. ആർ ആനന്ദന്റെ നേതൃത്വത്തിൽ ഒരു പരിശമുട്ടുകളി സംഘം ഉണ്ട്. ഒറ്റനോട്ടത്തിൽ തന്നെ ഇലന്തൂരിന്റെ കലാരംഗത്ത് പ്രവർത്തിക്കുന്നവരിൽ ഏറിയ പങ്കും ദുർബ്ബലവിഭാഗ ത്തിൽ പെടുന്നവരാണെന്നുകാണാം. ഭാവി പ്രവർത്തന ങ്ങളിൽ ഈ വസ്തുത പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ടതാണ്.

### കായികരംഗം

കായികരംഗത്ത് നിർണായകമായ സ്ഥാനം പണ്ടുകാലം മുതലേ ഇലന്തൂർ പഞ്ചായത്തിനുണ്ട്. നിരവധി പ്രതിഭകളെ മുൻകാലങ്ങളിലും ഇപ്പോഴും സംഭാവന നൽകുവാൻ ഈ ഗ്രാമത്തിന് കഴിഞ്ഞിട്ടുണ്ട്. ദേശീയ, സംസ്ഥന, യൂണിവേഴ്സിറ്റി തലങ്ങളിലും, അന്യ സംസ്ഥാനങ്ങളെ പ്രതിനിധീകരിച്ചവരെയും സംഭാവന ചെയ്യുവാൻ ഈ പഞ്ചായത്തിനു കഴിഞ്ഞിട്ടുണ്ട്. കളിക്കളങ്ങളിൽ നിറഞ്ഞുനിന്ന വോളീബോൾ താരങ്ങ ളുടെ കളിത്തൊട്ടിലായിരുന്നു ഇലന്തൂർ. 1948ൽ പത്തനംതിട്ട സ്വരാജ് കോമ്പൗണ്ടിൽ അരങ്ങേറിയ നേതാജി വോളീബോൾ ടൂർണമെന്റിൽ അതി പ്രശസ്തമായിരുന്ന ടീമുകളുടെ കൂട്ടത്തിൽ ഇലന്തൂരിൽ നിന്നും ഒരു ടീം പങ്കെടുത്തിരുന്നു. അതിനെത്രയോ വർഷങ്ങൾക്കു മുമ്പുതന്നെ അന്തരിച്ച കോലഞ്ചിക്കൽ അവറാച്ചൻ, 'വോളിക്കുട്ടി' എന്ന തലത്തായിൽ കുട്ടി, സി. സി. എബ്രഹാം എന്നിവർ കണ്ണും കരളും കവരുന്ന പ്രകടനങ്ങളാണ് കാഴ്ച വച്ചിട്ടുള്ളത്. പിൽക്കാലത്ത് കേരളാ യൂണിവേഴ്സിറ്റിക്കു വേണ്ടി കളിച്ചിട്ടുള്ള ജി. കരുണാകരൻ നായരും, വോളിരംഗത്ത് നിറഞ്ഞു നിന്നിരുന്നു. ഉമ്മൻ കോശി, അന്തരിച്ച കുറീക്കാട്ടിൽ ജോർജ്, പടിഞ്ഞാറ്റേതിൽ ഗോവിന്ദൻ കൊച്ചിരിച്ച് എന്നിവരും ജെ. കമലനും ഈ രംഗത്തെ പ്രഗൽഭരാണ്. ഇപ്പോഴത്തെ യുവജനങ്ങളിൽ കോഴിക്കോട് യൂണിവേഴ്സിറ്റിയെ ഹാൻഡ് ബോളിൽ രണ്ടു പ്രാവശ്യവും, കേരള സംസ്ഥാനത്തെ ഒരു പ്രവശ്യവും, വോളിയിൽ പോണ്ടിച്ചേരി യൂണിവേഴ്സിറ്റിയേയും, പോണ്ടിച്ചേരി സംസ്ഥാനത്തെയും പ്രതിനിധീകരിച്ച വി. ആർ. മനോജ് കുമാറും സീനിയർ വനിതാ ഖോഖോയിൽ കേരളത്തെ പ്രതിനിധീകരിച്ച കെ. അനിതാ കുമാരിയും ദേശീയ വനിതാ മത്സരത്തിൽ ഖോഖോയിൽ കേരളത്തെ പ്രതിനിധീകരിച്ച ശ്രീലതയും, ദേശീയ ഗ്രാമീണ കായികമേളയിൽ കേരളത്തെ ഖോഖോയിൽ പ്രതിനിധീകരിച്ച ഷിബു എസ്. നായരും ഇലന്തൂരിന്റെ സംഭാവനയാണ്.

സാംസ്കാരിക നവോത്ഥാനത്തിന് വീഥി യൊരുക്കുന്ന പ്രസ്ഥാനങ്ങളാണ് കലാസമിതികളും, കായികസമിതികളും, വനിതാ സംഘടനകളും. വളരെയധികം സംഘടനകൾ ഈ രംഗത്ത് രൂപം കൊള്ളുകയും അകാലമൃത്യു വരിക്കുകയും ചെയ്ത ഗ്രാമമാണ് ഇലന്തൂർ പഞ്ചായത്ത്. ഈ നാടിന്റെ പൂർവ്വകാല ചരിത്രമെടുത്താൽ വളരെ അനുഗൃഹീതരായ കലാകാരന്മാർക്കും കലാകാരികൾക്കും ജന്മംകൊടുത്ത ഗ്രാമമാണ് ഇലന്തൂർ. നാമാവശേഷമായിക്കൊണ്ടിരിക്കുന്ന പരിചമുട്ടുകളി, കോൽക്കളി, കാക്കാരിശി, അമ്മംകുടം തുള്ളൽ, മുടിയാട്ടം, ഓട്ടംതുള്ളൽ, തിരുവാതിര, കുറവരുകളി, തുടങ്ങിയവയ്ക്ക് വളരെ പ്രാമുഖ്യമുള്ള ഒരു കൊച്ചു ഗ്രാമമായിരുന്നു. ഇപ്പോൾ ഇവയെല്ലാം നാമാവശേഷമായിക്കൊണ്ടിരിക്കയാണ്. സിനിമാ ലോകത്ത് വെള്ളിനക്ഷത്രം പോലെ പ്രകാശിച്ചു നിൽക്കുന്ന മോഹൻലാൽ, അതേപോലെ സിനിമാ നിർമ്മാതാവായ ഗാന്ധിമതി ബാലൻ, സംവീധാനരംഗത്ത് പ്രവർത്തിക്കുന്ന ഇലന്തൂർ വിജയകുമാർ, വേണു ബി. നായർ, കലാരംഗത്ത് സ്കൂൾ തലത്തിൽ നിന്നും ഉയർന്നുവന്നിട്ടുള്ള ജില്ലാകലാപ്രതിഭയായ രതീഷ് കുമാർ കെ. എസ്., ജില്ലാ കലാതിലകം അനുലക്ഷ്മി തുടങ്ങിയവർ ഇലന്തൂരിന്റെ ഭാവിവാഗ്ദാനങ്ങളാണ്. ഈ രംഗത്തെ കലാകായിക സംഘടനകളുടെ പ്രവർത്തനങ്ങളെ വിലയിരുത്താം.

**1. അഞ്ജലി സ്പോർട്സ് ആന്റ് കൾച്ചറൽ അസോസിയേഷൻ (രജിസ്റ്റർ നമ്പർ Q365/78)**

ഇലന്തൂരിലെ പ്രത്യേകിച്ച് പഴയ 1, 2, 3, 4 വാർഡുകളിലെ യുവജനങ്ങൾ ഒത്തുചേർന്ന് ഈ അസോസിയേഷൻ ചാരിറ്റബിൾ ആക്ട് പ്രകാരം കൊല്ലത്ത് രജിസ്റ്റർ ചെയ്തു. സ്ഥാപക പ്രസിഡന്റ് ശ്രീ വി. ജി. രാമചന്ദ്രൻ നായരും സെക്രട്ടറി അകാലത്തിൽ അന്തരിച്ച ശ്രീ. ഇ. കെ. രാജേന്ദ്രപ്രസാദും ആയിരുന്നു. കലാകായിക രംഗത്ത് വളരെയധികം പ്രതിഭകളെ സംഭാവന ചെയ്യാൻ ഈ അസോസിയേഷന് സാധിച്ചിട്ടുണ്ട്. ഒരു കാലത്ത് പഞ്ചായത്തിന്റെയും ഈ അസോസിയേഷന്റെയും സംയുക്ത ആഭിമുഖ്യത്തിൽ നടത്തി വന്നിരുന്ന കുമാർജി മെമ്മോറിയൽ വോളീബോൾ ടൂർണമെന്റ് കേരളാ വോളീ

മ്പോൾ രംഗത്തെ സകല പ്രഗത്ഭമതികളുടെയും പ്ര പ്രശംസയ്ക്ക് പാത്രീഭവിച്ചിട്ടുള്ളതാണ്. അന്തർദ്ദേശീയ താരങ്ങളായ ടി. സി. ജ്യോതിഷ്, മൊയ്തീൻ നൈന, ദേശീയ താരങ്ങളായ വി. സി. ജോൺ, എം. ഹരിലാൻ, അനിൽ കുമാർ, റെജി സെബാസ്റ്റ്യൻ, അനിൽ സെബാസ്റ്റ്യൻ, കാർത്തികേയൻ തുടങ്ങിയവർ ഈ ക്ലബ്ബിനു വേണ്ടി കളിച്ച് ഉയർന്നു വന്നിട്ടുള്ളവരാണ്. ഇങ്ങനെ ഉന്നത നിലവാരം പുലർത്തിയിരുന്ന കോർട്ട്, നഷ്ടപ്പെടുകയും (കമ്മ്യൂണിറ്റി ഹാളിന്റെ നിർമ്മാണത്തോടുകൂടി) സാമ്പത്തീക ബുദ്ധിമുട്ടുകാരണവും ഒൻപതു ടൂർണമെന്റുകൾക്കു ശേഷം തുടർന്ന് ടൂർണമെന്റുകൾ നടക്കാതെ വന്നു. ഈ അസോസിയേഷനു ജില്ലാ വോളീബോൾ അസോസിയേഷൻ, ജില്ലാ ഖോഖോ അസോസിയേഷൻ, ജില്ലാ അമചർ അത്‌ലറ്റിക് അസോസിയേഷൻ, ജില്ലാ സ്പോർട്സ് കൗൺസിൽ എന്നിവയിൽ അംഗത്വമുണ്ട്. ഈ അസോസിയേഷൻ മുൻകൈയെടുത്ത് നടന്നിട്ടുള്ള നാടകങ്ങളും ഇതര കലാപരിപാടികളും നാട്ടിൽ ഹരം പകർന്നിട്ടുള്ളവയാണ്. ക്യാമ്പുകൾ സംഘടിപ്പിക്കുക, പരിശീലനം നൽകുക, ഓണം, ക്രിസ്തുമസ് ആഘോഷങ്ങളും, ദേശീയ ആഘോഷങ്ങളും സമുചിതമായി ആഘോഷിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിൽ 94 സാധാരണ അംഗങ്ങളും 3 ആയുഷ്കാല അംഗങ്ങളും ഉണ്ട്. സ്വന്തമായി സ്ഥമുണ്ടെങ്കിലും കെട്ടിടം ഇല്ല. വൈ. എം. എ. യോട് ചേർന്ന് പ്രവർത്തിച്ചു വരുന്നു.

**2. സെന്റ് തോമസ് ബാലജനസഖ്യം ആന്റ് പബ്ലിക് ലൈബ്രറി, വല്യവട്ടം.**

1959-ൽ വല്യവട്ടത്ത് രൂപമെടുത്ത ബാലജനസംഘടനയാണ് സെന്റ് തോമസ് ബാലജനസഖ്യം രജിസ്റ്റർ നമ്പർ 4722. ഈ ബാലജനസഖ്യത്തിന്റെ മേൽനോട്ടത്തിൽ ഒരു ലൈബ്രറിയുമാരംഭിച്ചു. 1984-ൽ ലൈബ്രറിക്ക് ഗ്രന്ഥശാലാസംഘത്തിന്റെ രജിസ്ട്രേഷൻ ലഭിച്ചു. വല്യവട്ടം എം. ടി. എൽ. പി. എസിനു സമീപം രണ്ടു മുറികളുള്ള കെട്ടിടത്തിലാണ് ലൈബ്രറിയും ബാലജനസഖ്യവും പ്രവർത്തിക്കുന്നത്. ലൈബ്രറിയിൽ ഇപ്പോൾ ആകെ 1771 പുസ്തകങ്ങളുണ്ട്. ഗ്രന്ഥശാലാ സംഘത്തിൻ നിന്നും പഞ്ചായത്തിൽ നിന്നും ധനസഹായം ലഭിക്കുന്നുണ്ട്. ഇതിന്റെ പ്രസിഡന്റ് ടി. എസ്. സ്കറിയ, സെക്രട്ടറി എം.ടി. അശോക് എന്നിവരടങ്ങിയ കമ്മറ്റിയാണ് ഈ ലൈബ്രറിയിലെ പ്രവർത്തനങ്ങൾക്കു മേൽനോട്ടം വഹിക്കുന്നത്. ഈ ലൈബ്രറിയിലെ അംഗമായ ശ്രീ സാം ചെമ്പകത്തിൽ കോഴഞ്ചേരി താലൂക്ക് ഗ്രന്ഥശാലാസംഘം എക്സിക്യൂട്ടീവ് അംഗമാണ്.

**3. പ്രതിഭ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് പരിയാരം**

1988 ഏപ്രിൽ മാസം 13-ാം തീയതി അന്നത്തെ പഞ്ചായത്തു മെമ്പറായിരുന്ന ശ്രീ എം. കെ. പീതാംബരന്റെ നേതൃത്വത്തിൽ ആരംഭിച്ച ഒരു കലാസാംസ്കാരിക സംഘടനയാണ്. ഈ പ്രദേശത്തിന്റെ വികസനത്തിനും കലാസാംസ്കാരിക പ്രവർത്തനങ്ങൾക്കും ഈ ക്ലബ്ബ് നേതൃത്വം നൽകുന്നു. ഓണം, ക്രിസ്തുമസ്, മറ്റ ദേശീയ ആഘോഷങ്ങളും ഇവ സമുചിതമായി കൊണ്ടാടുന്നു. ക്ലബ്ബിന് സ്വന്തമായി കെട്ടിടമില്ല.

**4. പ്രിയദർശിനി ബാലജനസഖ്യം, ഇലന്തൂർ. രജിസ്റ്റർ നമ്പർ 8223**

1984 മുതൽ മലമുറ്റം ജംഗ്ഷനു സമീപമുള്ള ബഥേൽ പ്രാർത്ഥനാലയത്തോട് ചേർന്ന് പ്രവർത്തിച്ചു വരുന്നു. ബാലജനസഖ്യം കോഴഞ്ചേരി യൂണിയനിലെ ഒരു ശാഖയായി ഇതു പ്രവർത്തിക്കുന്നു. ഗ്രാൻഡ് ഒന്നും തന്നെ ലഭിക്കുന്നില്ല.

**5. വൈ. എം. എ. ലൈബ്രറി, വാര്യാപുരം.**

1968-ൽ ഇതു സ്ഥാപിതമായി. 1978-ൽ കേരളാ ഗ്രന്ഥശാലാസംഘത്തിന്റെ 4417-ാം നമ്പരായി രജിസ്റ്റർ ചെയ്യപ്പെട്ടു. 1990-ൽ സ്വന്തമായി കെട്ടിടമുണ്ടായി. 2500 പുസ്തകങ്ങൾ ഇവിടെയുണ്ട്. ഇതോടൊപ്പം ഒരു ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബും (രജിസ്റ്റർ നമ്പർ P-101/92) കൈരളി മഹിളാസമാജവും ( P-159/93) പ്രവർത്തിച്ചു വരുന്നു. 1993-ൽ നെഹ്റു യുവകേന്ദ്രത്തിൽ നിന്നും ജില്ലയിലെ മികച്ച ക്ലബ്ബിനുള്ള അവാർഡും ലഭിച്ചു. കോഴഞ്ചേരി താലൂക്ക് ഗ്രന്ഥശാലാസംഘം അംഗമായി ഫിലിപ്പ് മാത്യു പ്രവർത്തിച്ചു വരുന്നു.

**6. ജനകീയവായനശാല, ഇടപ്പരിയാരം. (രജിസ്റ്റർ നമ്പർ 1375)**

| | |
|---|---|
| സ്ഥാപിതമായത് | - 1950 |
| അംഗങ്ങൾ | - 445 |
| ആദ്യപ്രസിഡന്റ് | - വി. കെ. കേശവൻ |
| ആദ്യസെക്രട്ടറി | - കെ. കെ. ഗംഗാധരൻ |
| പുസ്തകങ്ങളുടെ എണ്ണം | - 4681 |

സാക്ഷരതാ പ്രവർത്തനം, സാമൂഹിക സാംസ്കാരിക പ്രവർത്തനങ്ങൾ, ഓണം, ക്രിസ്തുമസ് ആഘോഷങ്ങൾ, കലാകായിക രംഗങ്ങളിലും പ്രവർത്തിച്ചു വരുന്നു.

**7. സഹൃദയവായനശാല, വലിയപരിയാരം.**

| | |
|---|---|
| സ്ഥാപിതമായത് | - 1948 |
| രജിസ്റ്റർ നമ്പർ | - 1926 |

പ്രവർത്തനമാന്ദ്യം സംഭവിച്ചു. അതിനാൽ പുസ്തകങ്ങളും മറ്റും നശിച്ചു. പ്രവർത്തനം രണ്ടു വർഷത്തേയ്ക്ക് നിലച്ചുപോയാൽ ആ സ്ഥലം ഉടമസ്ഥന് തിരിച്ചു നൽകണമെന്നായിരുന്നു വ്യവസ്ഥ. പ്രവർത്തനം പുനരാരംഭിക്കണം.

**8. പുളിന്തിട്ട വായനശാല**

വളരെ പഴക്കമുള്ള ഒരു വായനശാലയായിരുന്നു. ആനപ്പാറ ചന്ത നിർത്തലാക്കിയപ്പോൾ അവിടത്തെ ഷെഡ് പൊളിച്ചുകൊണ്ടുവന്ന് വായനശാല കെട്ടിടം നിർമ്മിച്ചു. പുളിന്തിട്ട പി. സി. ജോർജ്, എം. ടി. തോമസ്, തെക്കേതിൽ ശ്യാമുവേൽ, ഏബ്രഹാം ശാസ്ത്രി മുതലായവർ ആദ്യകാല പ്രവർത്തകർ. കെട്ടിടമില്ല. പുസ്തകവുമില്ല. പ്രവർത്തനം പുനരാരംഭിക്കണം.

**9. ഇലന്തൂർ വൈ. എം. എ. ലൈബ്രറി**

1950-ൽ തുടങ്ങി. സ്ഥാപക പ്രസിഡന്റ് ശ്രീ എം.

സി. വാസുദേവൻ. സ്ഥാപക സെക്രട്ടറി മണ്ണിൽ പി. നാരായണൻ നായർ. ആദ്യകാലപ്രവർത്തകർ കെ. തുളസീധരൻ നായർ, എൻ. ഭാസ്കരൻ നായർ, സി. എൻ. ഗോപാലൻ നായർ, കെ. ഭദ്രകുമാർ, ജി. കരുണാകരൻ നായർ തുടങ്ങിയവരാണ്. ഇലന്തൂരിന്റെ സാംസ്കാരിക രംഗത്ത് പല നൂതന അദ്ധ്യായങ്ങൾക്കും സാക്ഷ്യം വഹിച്ച ഒരു പ്രസ്ഥാനമാണിത്. നാടകം, മോക്ക് അസംബ്ലി, ചർച്ചാ ക്ലാസ്സുകൾ, സിമ്പോസിയങ്ങൾ, ദുരിതാശ്വാസ പ്രവർത്തനങ്ങൾ എന്നിവയെല്ലാം ഈ ലൈബ്രറിയുടെ പ്രവർത്തനങ്ങളിൽ പെട്ടതായിരുന്നു. ശ്രീ പി. എൻ. പണിക്കരാൽ 1840-ാം നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. പുസ്തകങ്ങളുടെ എണ്ണം 5166. അംഗങ്ങൾ 431.

### 10. ദീപ്തി ലൈബ്രറി & റീഡിംഗ് റൂം

10-7-1973-ൽ പ്രവർത്തനം ആരംഭിച്ചു. സ്ഥാപക പ്രസിഡന്റ് ശ്രീ പി. എൻ. വാസുദേവൻ. സെക്രട്ടറി കെ. കെ. ഗോപാലൻ വൈദ്യൻ.

### 11. പട്ടികജാതി ലൈബ്രറി & റീഡിംഗ് റൂം

3-8-1991 ൽ മുൻ പഞ്ചായത്ത് മെമ്പർ എസ്. വി. വിജയന്റെ നേതൃത്വത്തിൽ ഹരിജൻ കോളനിയിൽ പ്രവർത്തനം ആരംഭിച്ചു. ഇലന്തൂർ പഞ്ചായത്തിൽ നിന്നും സ്വന്തമായി കെട്ടിടം നിർമ്മിച്ചുനൽകി. ഗ്രന്ഥശാലാ സംഘത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ പ്രസ്ഥാനത്തിന് പട്ടികജാതി വികസനവകുപ്പ് നേതൃത്വം നൽകുന്നു. ആദ്യ ലൈബ്രേറിയൻ വി. കെ. ദേവകിയായിരുന്നു. ഇപ്പോൾ 1500 പുസ്തകങ്ങളും 100 അംഗങ്ങളുമുണ്ട്. ഇലന്തൂർ പഞ്ചായത്ത് ജനവിദ്യാകേന്ദ്രം (03115 J 04) ഇതിൽ പ്രവർത്തിച്ചു വരുന്നു. ഇതിന്റെ കൺവീനർ എം. ആർ. ശിവരാമദാസ് ആണ്. കെ. രാമൻ പ്രസിഡന്റും രവീന്ദ്രദാസ് സെക്രട്ടറിയുമായ കമ്മറ്റിയാണ് ലൈബ്രറിയുടെ പ്രവർത്തനം നിയന്ത്രിക്കുന്നത്.

### 12. ശ്രുതി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ്

ഇലന്തൂർ ഹരിജൻ കോളനിയിൽ P 90/93 എന്ന നമ്പരിൽ രജിസ്ട്രേഷനുള്ള ശ്രുതി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്ബ് പ്രവർത്തിച്ചു വരുന്നു. ഇതിന്റെ ചുമതലക്കാർ കെ. കെ. രവീന്ദ്രദാസ്, സി. കെ. ആനന്ദൻ എ ന്നിവരാണ്. ഇലന്തൂർ ഹരിജൻ സ്കൂളിൽ ഇലന്തൂർ പഞ്ചായത്തിൽ നിന്നും 1989-ൽ അനുവദിച്ചു നൽകിയ ടി. വി. പ്രവർത്തിപ്പിച്ചു വരുന്നു. ഇതിന്റെ പ്രവർത്തനം കെ. പി. രാമചന്ദ്രനും, കെ. കെ. രാമചന്ദ്രനുമടങ്ങിയ കമ്മറ്റി നിയന്ത്രിക്കുന്നു. (കറന്റ് ചാർജ്ജ്, മെയിന്റനൻസ് മുതലായവ).

### 13. ശ്രീദേവി പടയണിസംഘം, ഭഗവതികുന്ന്

കോലംരചന, താളം, പാട്ട്, തുള്ളൽ എന്നിവ അഭ്യസിപ്പിച്ചുവരുന്നു. രജിസ്റ്റർ ചെയ്തു പ്രവർത്തിച്ചു വരുന്ന ഇതിന്റെ ആശാൻ പാറയിടത്ത് കൃഷ്ണപിള്ള യാണ്.

### 14. വൈ. എം. സി. എ., ഇലന്തൂർ

യുവജനങ്ങളുടെ മാനസീകവും, ശാരീരികവും, ആത്മീയവുമായ വികാസം പരിപോഷിപ്പിക്കുകയും അവരുടെ കഴിവുകളെ വികസിപ്പിച്ച് സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരികയുമാണ് വൈ. എം. സി. എ. യുടെ മുഖ്യ ലക്ഷ്യം. 1844-ൽ ഇംഗ്ലണ്ടിൽ ആരംഭിച്ച ഈ അന്തർദ്ദേശീയ പ്രസ്ഥാനത്തിന്റെ ഒരു യൂണിറ്റ് ഇലന്തൂരിൽ 1898-ൽ സ്ഥാപിതമായി. ആദ്യകാലത്ത് ഇതിന് നേതൃത്വം കൊടുത്തത് പുത്തൻവീട്ടിൽ ശ്രീ പി. കെ. കോശി ആയിരുന്നു. ആദ്യം ഇലന്തൂർ വലിയ പള്ളിയോട് ചേർന്ന് പ്രവർത്തിക്കുകയും പിന്നീട് 1958-ൽ ഇലന്തൂർ മാർക്കറ്റിനടുത്ത് സ്ഥലം വാങ്ങി സ്വന്തമായി കെട്ടിടം വയ്ക്കുകയും ചെയ്തു.

ഓണം, ക്രിസ്തുമസ്, ഗാന്ധിജയന്തി, സ്വാതന്ത്ര്യ ദിനം, എന്നീ വിശേഷങ്ങൾ സമുചിതമായി ആഘോഷിക്കുക. മദ്യത്തിനും മയക്കുമരുന്നിനും എതിരെയുള്ള ബോധവൽക്കരണം, കായികരംഗത്തെ പ്രവർത്തനങ്ങൾ എന്നിവയിൽക്കൂടി വൈ. എം. സി. എ. ഇലന്തൂരിന്റെ സാംസ്കാരിക രംഗത്ത് അതിന്റെ സജീവസാന്നിദ്ധ്യം നിലനിറുത്തി വരുന്നു.

1956 മുതൽ വൈ. എം. സി. എ. യുടെ മുഖ്യ സാരഥിയായി ശ്രീ പി. കെ. ജോർജ് ചുമതല ഏറ്റെടുക്കുകയും അതിനു ശേഷം ഇലന്തൂർ ശ്രീ സി. ടി. മത്തായി, ശ്രീ സാംസൺ തെക്കേതിൽ എന്നിവർ വൈ. എം. സി. എ. യെ വളർത്തിക്കൊണ്ടു വരുന്നതിൽ മുഖ്യ പങ്കു വഹിക്കുകയും ചെയ്തു. ആ കാലഘട്ടത്തിൽ വൈ. എം. സി. എ. യിൽ ഒരു ലൈബ്രറി നിർമ്മിക്കുകയും ലൈബ്രറിയുടെ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഇപ്പോൾ റവ. പി. കെ. കോശി പ്രസിഡന്റും, ശ്രീ സാംസൺ തെക്കേതിൽ സെക്രട്ടറിയുമായി പ്രവർത്തിക്കുന്നു. ഇന്ന് വൈ. എം. സി. എ. ഇലന്തൂരിലെ ഒരു മഹത്തായ സാംസ്കാരിക പ്രസ്ഥാനമായി നിലകൊള്ളുന്നു.

### 15. ജനവിദ്യാകേന്ദ്രം

ഒൻപതാം വാർഡിൽ ഒരു ജനവിദ്യാകേന്ദ്രം പ്രവർത്തിച്ചു വരുന്നു.

### 16. ശാസ്ത്രസാഹിത്യപരിഷത്ത്

ഇലന്തൂരിൽ ശാസ്ത്രസാഹിത്യപരിഷത്തിന്റെ യൂണിറ്റ് 1984-ൽ രൂപീകരിച്ചു. എം. കെ. പീതാംബരൻ, എം. ജി. ഗോപിനാഥ് ഇവരാണ് ആദ്യകാല ഭാരവാഹികൾ. ശാസ്ത്രവിഷയങ്ങൾ ലളിതമായി പ്രതിപാദിക്കുന്ന പരിഷത്ത് പ്രസിദ്ധീകരണങ്ങളുടെ പ്രചാരം, വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടുള്ള വിജ്ഞാന പരീക്ഷകൾ, ശാസ്ത്രകലാ ജാഥകൾ, പുകയില്ലാത്ത അടുപ്പുകളുടെ പ്രചാരം, എൽ. പി., യു. പി., വിഭാഗങ്ങളിലേയ്ക്ക് യുറീക്ക, ശാസ്ത്രകേരളം എന്നീ പ്രസിദ്ധീകരണങ്ങൾ തടങ്ങിയവ പരിഷത്തിന്റെ പ്രവർത്തനങ്ങളിൽ പെടുന്നു. 1983-ൽ ഇലന്തൂർ മാർക്കറ്റിൽ കലാ ജാഥയുടെ വിവിധ പരിപാടികൾ അവതരിപ്പിക്കപ്പെട്ടു. 1984-ലെ സംസ്ഥാന കലാജാഥയിൽ

| വാർഡ് | സ്പോർട്സ് ക്ലബ്ബ് | വായനശാല | ക്ഷേത്രം | പള്ളി | മറ്റ് ആരാധനാലയം |
|---|---|---|---|---|---|
| 1 | 3 | 1 | | 1 | 2 |
| 2 | 2 | 1 | 1 | 1 | 1 |
| 3 | — | 2 | 1 | 2 | 3 |
| 4 | — | 1 | 2 | 1 | 2 |
| 5 | 1 | — | — | | 3 |
| 6 | 2 | 1 | 1 | 4 | 3 |
| 7 | 1 | 1 | | — | 3 |
| 8 | 2 | | 2 | 2 | 3 |
| 9 | 1 | 3 | — | 1 | 2 |



# വിഭവസമാഹരണം

## 6-3-G

ഏതൊരു പ്രാദേശിക സമ്പദ്ഘടനയുടേയും ആണിക്കല്ല് പ്രാദേശികമായി സമാഹരിക്കപ്പെടുന്ന വിഭവങ്ങളാണ്. ദേശീയതലത്തിലും സംസ്ഥാനടിസ്ഥാനത്തിലും നിലനിൽക്കുന്ന പ്രവണതകളിൽ നിന്നും വിട്ടുനിന്നു കൊണ്ടുള്ള ഒരുവികസന പ്രക്രിയ അസംഭാവ്യമാണ്. ഗ്രാമീണ സമ്പദ്ഘടനയുടെ മുഖ്യധാര കൃഷിതന്നെയാണ്. മൃഗസംരക്ഷണവും അനുബന്ധഘടകങ്ങളും ഈ വ്യവസ്ഥക്ക് പിന്തുണനല്കുന്നു. പരമ്പരാഗത വ്യവസായങ്ങൾക്ക് ഇലന്തൂർ പഞ്ചായത്തിൽ ഒട്ടും അടിത്തറയില്ല. ഒരു കാലഘട്ടത്തിൽ സജീവമായിരുന്ന ഖാദി തുണിത്തരങ്ങളിടെയയും മറ്റ് ഖാദി ഉൽപന്നങ്ങളും ഇന്ന് രംഗഭൂമിയിൽ നിന്നും പിൻവാങ്ങിയ അവസ്ഥയലാണ് ഗൾഫ് നാടുകളിൽ നിന്നും എത്തുന്ന ധനത്തിൻെറ ഉൽപാദനപരമല്ലാത്ത വിനിയോഗവും ജനങ്ങളിൽ വളരുന്ന ജനങ്ങളിൽ വളരുന്ന ആലസ്യവും മണിമാളികൾ കൊണ്ടുള്ള ആഡംബര പ്രകടനവും അനാരോഗ്യമായ നഗരവൽക്കരണ ശ്രമങ്ങളുമാണ് പുതിയ പ്രവണതകൾ, വ്യവസായത്തിൻേറതായ ഒരു ഘടനാരൂപം പേരിനു പോലും ഇവിടെ നിലനിൽക്കുന്നതായി കണക്കാക്കാൻ പറ്റുന്നില്ല. ഇത്തരം വെല്ലുവിളികൾക്കിടയിൽ നിന്നുവേണം ഇന്ന് വിഭവസമാഹരണ ശ്രമങ്ങളെപറ്റി ചിന്തിക്കുവാൻ.

## പ്രശ്നങ്ങളും സാദ്ധ്യതകളും

ഒരുകാലത്ത് ഇരുപ്പൂകൃഷിയും ഇടവിളകളും കൈകാര്യംചെയ്തിരുന്ന നെൽപാടങ്ങൾ ഇന്ന് തരിശിടുകയോ ഒരു കൃഷിമാത്രംനടത്തുകയോ ചെയ്യുന്ന അവസ്ഥയിലാണ് ബാങ്കുകളുടെയുംസ്വകാര്യധനമിടപാടുസ്ഥാപനങ്ങളുടേയും വികസനപരമായ പങ്കാളിത്ത് നിഷേധാർത്മകമെന്നേ പറയുവാൻ കഴിയൂ. ഏറ്റവും ജാഗ്രതയോടെ നമ്മുടെ സഹകരണ മേഖലയെ ഉയർത്തികൊണ്ടു വരേണ്ടതുണ്ട്. വിദേശമലയാളികൾ സമാഹരിക്കുന്ന ധനം കൊണ്ട് വരേണ്ടതുണ്ട്. വിദേശ മലയാളികൾ സമാഹരിക്കുന്ന ധനം കൊണ്ട് ബാങ്കിംഗ് മേഖലകൊഴുത്തു തടിക്കുമ്പോഴുംവായ്പാനുപാതം മറ്റ് സംസ്ഥാപനങ്ങളെ അപേക്ഷിച്ച് തുലോംകുറവാണ്. ഈ കൂരിരുട്ടിലുംനമ്മുടെ സമ്പദ്ഘടനക്ക് കുറച്ചൊരാശ്വാസം റബർ കൃഷിയുടെ മുന്നേറ്റമാണ്. ഇലന്തൂർ പഞ്ചായത്തിൽ നിന്നും വിദേശത്ത് ജോലി ചെയ്യുന്നവരുടെ എണ്ണം 750 ആണ്. വാർഡ് തിരിച്ചുള്ള താഴെ കൊടുക്കുന്നു.

| വാർഡ് നമ്പർ | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 |
|---|---|---|---|---|---|---|---|---|---|
| | 50 | 105 | 72 | 65 | 150 | 135 | 45 | 68 | 52 |

ഗ്രാമസഭകളാൽ ക്രോഡീകരിക്കപ്പെട്ട ജനാഭിലാഷങ്ങൾ, പദ്ധതിരൂപംപ്രാപിക്കുമ്പോൾ വായ്പാ രൂപത്തിൽ അതിനുവേണ്ട സാമ്പത്തിക പിന്തുണ നല്കുവാനുള്ള ബാദ്ധ്യത നമ്മുടെ പഞ്ചായത്തിലെ ബാങ്കുകൾക്കുണ്ട്.

ഇലന്തൂർ പഞ്ചായത്തിൽ 3 ഷെഡ്യൂൾഡ്ബാങ്കുകളും ഒരു നാഷണലൈസ്ഡ് ബാങ്കും (I.O.B)രണ്ടു സഹകരണ ബാങ്കുകളുംസുഗമമായിപ്രവർത്തിക്കുന്നു.

## ആസ്തികളും ബാദ്ധ്യതകളും

1. ഷോപ്പിംഗ് കോംപ്ലക്സ്, (ഇലന്തൂർ മാർക്കറ്റ്)

2. കമ്മ്യൂണിറ്റി ഹാൾ, (പഞ്ചായത്ത് ഓഫീസ് ഗ്രൗണ്ട്)

3. വെയിറ്റിംഗ് ഷെഡുകൾ

    1. ഇലന്തൂർ മാർക്കറ്റ് (JRY പ്രകാരം നിർമ്മിച്ചത്)

    2. ഗണപതി ക്ഷേത്രത്തിനുസമീപം.

    3. ശാലേം ജംഗ്ഷൻ

    4. തൂക്കുപാലം

ഇവകൂടാതെ നിർമ്മാണത്തിലിരിക്കുന്ന സ്റ്റേഡിയം പൂർത്തിയാവുമ്പോൾ അതും പഞ്ചായത്തിന് ഒരുആസ്തിയായിത്തീരും. ഇലന്തൂർ മാർക്കറ്റിലുള്ള ഷോപ്പിംഗ് കോംപ്ലക്സിൻെറ ചോർച്ച അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

## തിരിച്ചടയ്ക്കേണ്ട വായ്പകൾ

ഇലന്തൂർ പഞ്ചായത്തിൽ നിന്നും റൂറൽ ഡവലപ്പ്മെൻറ്ബോർഡിലേക്ക് 15 ലക്ഷംരൂപ ഉടച്ചു തീർക്കുവാനുണ്ട് ഇത് ഷോപ്പിംഗ് കോപ്ലംക്സിന് വേണ്ടി എടുത്തിട്ടുള്ള വായ്പയാണ്. കേരള വാട്ടർ അതോറിട്ടിക്ക് അടച്ചു തീർക്കേണ്ടത് 7 ലക്ഷം രൂപ വരുംജലവിതരണ പദ്ധതികൾ സ്ഥാപിച്ച വകയിലുള്ള കുടിശിഖയാണിത്.

### ഇലന്തൂർ ഗ്രാമ പഞ്ചായത്തിൻെറ 1995-96 ലെ വരുമാനവും ചെലവിനങ്ങളും

പട്ടിക 1

| നമ്പർ | വരവ് | |
|---|---|---|
| 1. | കെട്ടിട നികുതി | 2,42,725 |
| 2. | തൊഴിൽ നികുതി | 82,625 |
| 3. | PFA, DO ലൈസൻസ് | 5956 |
| 4. | ചന്തലേലം | 270 |
| 5. | സ്റ്റാൾ ലേലം | 78600 |
| 6. | സ്റ്റാൾ മുറിയകളുടെ വാടക | 40363 |
| 7. | വസ്തുകൈമാറ്റ നികുതികൾ, ഗ്രാൻറ് | 75851 |
| 8. | അടിസ്ഥാന നികുതിയുടെ ഗ്രാൻറ് | 13852 |
| 9. | മൈനർ ഇറിഗേഷൻ ഗ്രാൻറ് | 2500 |
| 10. | വെഹിക്കിൾ ടാക്സ് കോപൻസേഷൻ | 1,69,187 |
| 11. | ഉപാധി രഹിത ഫണ്ട് | 27,500 |
| 12. | മറ്റിനങ്ങൾ | 3,71.240-50 |
| | ആകെ | 1110,669-50 |

പട്ടിക 2

| നമ്പർ | ചെലവ് |
|---|---|
| 1. ഭരണമേൽനോട്ടവും നടത്തിപ്പും | 4,16,200 |
| 2. നിർമ്മാണ ജോലികൾ | 4,74,860 |
| 3. പൊതുജനാരോഗ്യം | 12,356 |
| 4. വിദ്യാഭ്യാസം | 13,723 |
| 5. വൈദ്യുതീകരണം | 1,19,868 |
| 6. സാമൂഹ്യക്ഷേമം | 6344 |
| 7. മറ്റിനങ്ങൾ | 52,224 |
| ആകെ | 10,95, 575 |

അധിക വിഭവസമാഹരണ ശ്രമങ്ങൾ അവലംബിക്കുമ്പോൾ അതിന്റെ ആവശ്യകത പൂർണ്ണമായും നികുതിദായകരെ ബോദ്ധ്യപ്പെടുത്തേണ്ടതുണ്ട്. കാര്യക്ഷമമായി അത് എങ്ങനെ നിർവ്വഹിക്കപ്പെടണം എന്നുള്ളത് ചർച്ച ചെയ്ത് കണ്ടെത്തണം. വരുമാനമുള്ള മുഴുവൻ ആളുകളിൽ നിന്നും നികുതി വസൂലാക്കാൻ കഴിയണം. തങ്ങൾ സ്വന്തം പ്രദേശത്തിന്റെ വികസനത്തിൽ പങ്കാളികളാകുന്ന എന്ന വസ്തുത അടിവരയിട്ട് ബോദ്ധ്യപ്പെടുത്തിക്കൊണ്ട് വേണം ഇത് ചെയ്യുവാൻ.

## വിഭവനഷ്ടം

ശരിയായ ഓടകളില്ലാത്ത റോഡുകൾ പെട്ടെന്നു തകർന്നുപോകുന്നു. തട്ടുകളായി കയ്യാല കെട്ടി സൂക്ഷിക്കാത്ത ചരിവ് പ്രദേശങ്ങളിലൂടെ വൻതോതിൽ മേൽ മണ്ണ് നഷ്ടപ്പെടുന്നുണ്ട്. 11 KV ഉൾപ്പെടെയുള്ള വൈദ്യുതിലൈനുകളിൽ വൃക്ഷശിഖരങ്ങൾ മുട്ടിക്കിന്ന് ഉണ്ടാകുന്ന ഊർജ്ജ നഷ്ടത്തിന് കണക്കുകളൊന്നുംലഭ്യമല്ല. ജൈവവള നിർമ്മാണത്തിനാവശ്യമായ ഘടകങ്ങൾ പൂർണ്ണ തോതിൽ ഉപയോഗപ്പെടുത്തുന്നില്ല. ആഡംബരംനിറഞ്ഞ കെട്ടിട നിർമ്മാണ ശൈലി വിഭവങ്ങളുടെ തെറ്റായ വിനിയോഗമായി കണക്കാക്കണം. ജലവിതരണ പദ്ധതികളിലൂടെ വിതരണം ചെയ്യപ്പെടുന്ന ജലംആശ്രദ്ധ മൂലംനഷ്ടപ്പെടുന്നുണ്ട്.

## പ്രധാന ബാങ്കുകൾ

1. ഫെഡറൽ ബാങ്ക് ഇലന്തൂർ മാർക്കറ്റ്

2. ഇന്ത്യൻ ഓവർസീസ് ബാങ്ക് നെടുവേലിജംഗ്ഷൻ

3. ഫെഡറൽ ബാങ്ക് വാര്യാപുരം (എക്സ്റ്റൻഷൻ കൗണ്ടർ)

3. സൗത്തിൻഡ്യൻ ബാങ്ക് (എക്സ്റ്റൻഷൻ കൗണ്ടർ) നെടുവേലിജംഗ്ഷൻ

4. ഇലന്തൂർ സർവ്വീസ് സഹകരണബാങ്ക് ഇലന്തൂർ മാർക്കറ്റ് ജംഗ്ഷന് സമീപം

5. പരിയാരംസർവ്വീസ് സഹകരണബാങ്ക് പൂക്കോട്.

## നിർദ്ദേശങ്ങൾ (ധനാഗമമാർഗങ്ങൾ)

1. വ്യവസായിക അവബോധം വളർത്തുവാനുള്ള ഒരു സ്ഥിരം പരിശീലക്കളരി ഉണ്ടാകണം. വ്യവസായ തല്പരർക്കായുള്ള ഒരു സഹകരണ സംഘം ഉണ്ടാകണം. വിദഗ്ദ്ധൻമാരുടെ ഉപദേശവുംസേവനവുംലഭ്യമാക്കണം. സഹകരണമേഖലയിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങണം. അതിനുവേണ്ടി സ്ഥലം കണ്ടെത്തി ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കണം.

2. പ്രാദേശികമായി ലഭ്യമാകുന്ന നാളികേരം മുഴുവൻ സംഭരിച്ച് വെളിച്ചെണ്ണയാക്കി മാവേലി സ്റ്റോറുകൾ, സഹകരണസംഘങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളിലൂടെ വിപണനംചെയ്യണം. ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ സേവനങ്ങൾ ഏകോപിപ്പിച്ചു വേണംഇങ്ങനെ ചെയ്യേണ്ടത്.

3. നിലവിലുള്ളപുറമ്പോക്കു ഭൂമികൾ അളന്നു തിരിച്ച് തിട്ടപ്പെടുത്തി താൽപര്യമുള്ള കർഷകർക്ക് കൃഷിക്കു കൊടുക്കണം. ഇതിൻ മേൽ പാട്ടം ഈടാക്കി വരുമാനം വർദ്ധിപ്പിക്കാം.

4. കെട്ടിടങ്ങൾക്ക് നിർമ്മാണ ഘട്ടത്തിൽ തന്നെ നികുതി ഈടാക്കണം. 6 ലക്ഷം രൂപയ്ക്കു മേൽ ചെലവ്ചെയ്തു നിർമ്മിക്കുന്ന വീടുകൾക്ക് മേൽ ആഡംബര നികുതി ഏർപ്പെടുത്തണം. 10 ലക്ഷം രൂപയ്ക്കുമേൽ നിർമ്മാണ ചെലവ്‌വരുന്ന വീടുകളുടെ മേൽ ചെലവിന്റെ 5% ത്തിൽ കുറയാത്ത നികുതി ഏർപ്പെടുത്തണം.

5. തൊഴിൽ നികുതി കണക്കാക്കുന്ന ഇന്നത്തെ രീതി പരിഷ്ക്കരിച്ച് തൊഴിൽ ചെയ്യുന്ന എല്ലാവരെയുംഈ നികുതിയുടെ പരിധിയിൽ കൊണ്ടു വരേണ്ടതാണ്.

6. ഇന്ദിരാവകകാസസ്പത്രം തുടങ്ങി ദേസിയ സമ്പാദ്യ പദ്ധതികൾ പഞ്ചായത്തിലെ പോസ്റ്റ് ഓഫീസുകളിതൽ തന്നെ സമാഹരിക്കപ്പെടുന്നു എന്ന് ഉറപ്പു വരുത്തണം. ഇതിന്റെ 25% പഞ്ചായത്തിന്റെ വികസനത്തിന് ഉപയൊഗിക്കുവാനുള്ള വ്യവസ്ഥയുണ്ട്. പഞ്ചായത്തിലെ വാഹനങ്ങളുടെ മേൽ ഏതെങ്കിലുംതരത്തിലുള്ള ഒരു നകകുതി ഏർപ്പെടുത്തണം.

7. R.T.O, റജിസ്ട്രഷൻ, എക്സൈസ്ഡ് തുടങ്ങിയ വകുപ്പുക

ൾ വികേന്ദ്രീകരിച്ച് പഞ്ചായത്തിൻെറ പരിധിയിൽ വരുത്തുക. വരുമാനം നിശ്ചിതമായ നിരക്കിൽ പഞ്ചായത്തി വിഭജിച്ച് നൽകുക.

8. മനുഷ്യവിഭവശേഷി ശ്രമദാനമായി സമൂഹത്തിന് ഉപയുക്തമാക്കണം. ഇതിനുവേണ്ട ബോധമൽക്കരണം നടത്തി, ഗാന്ധിജയന്തി, സംസ്ഥാന രൂപീകരണദിനം തുടങ്ങിയ ചടങ്ങുകളോട് ബന്ധപ്പെടുത്തി ആഘോഷരൂപത്തിൽ സംഘടിപ്പിക്കണം. ശ്രമദാനത്തിന് സന്നദ്ധസംഘടനകളുടെ പങ്കാളിത്തം ഉറപ്പുവരുത്തണം.

9. പലലൂനുകൂലൃങ്ങളുംലഭിക്കുന്നുണ്ടെങ്കിലുംനികുതി പരിധിയിൽ വരാത്ത ഒരുവിഭവഘടകമാണ് റബർ കൃഷി. കൃഷിചെയ്യുന്ന പ്രദേശത്തിൻെറ വ്യാപ്തി അനുസരിച്ചോ ഗുണമേൻമയുള്ള മരങ്ങളുടെ എണ്ണം അനുസരിച്ചോ ഈ വിഭാഗത്തെ നികുതി ഘടനയിൽ പെടുത്തി വരുമാനം മുതൽകൂട്ടാം. തേക്കു തടി വെട്ടി കൊടുക്കുമ്പോൾ അതിനുമേൽ ഒരുനിശ്ചിത നികുതി ഏർപ്പെടുത്തണം.

10. പഞ്ചായത്തിലുള്ള എല്ലാ പാറമടകളുടേയും മേൽ ഒരുനിശ്ചിത നികതതിപഞ്ചായത്തിന് ഈടാക്കുവുന്നതാണ്.

11. നിലംനികത്തി കെട്ടിടംവെയ്ക്കാന്നവർക്കും നിലംനികത്തി റബർ വയ്ക്കുന്നവർക്കും മേൽ നികുതി ചുമത്തണം.

12. ബാങ്കുകളുടെ നിക്ഷേപവായ്പാ അനുപാതംകർശനായി പാലിക്കപ്പെടേണ്ടതാണ്.

13. വളർത്തുനയ്ക്കളുടെ മേൽ 10 രൂപ പികുതി ചുമത്താവുന്നതാണ്.

14. സ്വകാര്യപണമിടപാടു സ്ഥാപനങ്ങൾക്കുമേൽ പഞ്ചായത്തിന് വ്യക്തമായ നിയന്ത്രണംഉണ്ടായിരിക്കേണ്ടതാണ്.

15. പ്രത്യുൽപാദനപരമായ പദ്ധതികൾക്ക് പഞ്ചായത്ത് പരിധിയിൽ പെടുന്നബാങ്കുകളുടെ സാമ്പത്തിക പങ്കാളിത്തം അനിവാര്യമായി നിഷ്കർഷിക്കപ്പെടേണ്ടതാണ്.

16. നിലവിലുള്ള നികുതികൾ കാലോചിതമായി പരിഷ്ക്കരിക്കുകയയുംകാര്യക്ഷമമായി പിരിച്ചെടുക്കുകയും വേണം.

നമ്മുടെ ഏറ്റവുംവലിയ വിഭവംമനുഷ്യാദ്ധ്വാനമാണ്. തരിശുകിടക്കുന്ന നെൽപ്പാടങ്ങൾ, ഒഴിഞ്ഞ കന്നുകാലിത്തൊഴുത്തുകൾ, ഉപഭോഗ സംസ്ക്കാരത്തിലേക്ക് ആലസ്യപൂർവ്വമുള്ള പലായനംഇതൊക്കെ നമ്മുടെ സമ്പദ്ഘടനയിൽ വന്നുപ്പെട്ട പുഴുക്കുത്തുകളാണ്. സമ്പദ്ഘടനയെ രോഗവിമക്തമാക്കുവാനുള്ളകൂട്ടായ യത്നം, മാനവ വിഭവശേഷിയുടെ സന്തുലിതമായ ഉപയോഗത്തിലൂടെ സാധിതമാക്കുക എന്ന ലക്ഷ്യമാണ് നമ്മുടെ മുമ്പിലുള്ളത്.

" എല്ലാവരുടെയും ആത്യാവശ്യങ്ങൾ നിറവേറ്റാൻ വേണ്ട വിഭവങ്ങൾ ഈ പ്രകൃതിയിലുണ്ട്. എന്നാൽ ആരുടെയും ദുരയെ തൃപ്തിപ്പെടുത്തുവാൻ വിഭവങ്ങളില്ലതാനും."

-- ഗാന്ധി --

# പഠന പര്യടനം




| | | | | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| ഭൂമിയുടെ കിടപ്പ് | ചരിവ് | ഉയർന്ന ചരിവ് | താഴ്ന്ന നിലം | ഉയർന്ന ചരിവ് | ഉയർന്ന ചരിവ് | ഉയർന്ന ചരിവ് | ചരിവ് സമതലം | വയൽ | കുത്തനെ ഉയർന്നത് | ഉയർന്ന പ്രദേശം | കുത്തനെ ചരിവ് | കുത്തനെ ഉയർന്നത് | കുത്തനെ ചരിവ് | നിലം | ഉയർന്ന ചരിവ് | കുന്നിൻ മല |
| മണ്ണിന്റെ സ്വഭാവം | ചരൽ മണ്ണ് | ചെമ്മണ്ണ് | ചെളി | ചെമ്മണ്ണ് | ചെമ്മണ്ണ് വെട്ടുകല്ല് | ചെമ്മണ്ണ് കരിമണ്ണ് | ചെമ്മണ്ണ് | ചെളി | കരിമണ്ണ് | ചെമ്മണ്ണ് | ചെമ്മണ്ണ് | ചെമ്മണ്ണ് | ചെളി | ചെമ്മണ്ണ് | ചെമ്മണ്ണ് | ചെമ്മണ്ണ് |
| വിളകൾ | റബർ, തെങ്ങ് വാഴ | പലതരം വൃക്ഷങ്ങൾ | പച്ചക്കറി | റബർ വാഴ | റബർ വാഴ ഇഞ്ചി | റബർ പലവക | പലതരം വൃക്ഷങ്ങൾ | നെല്ല് | റബർ, തെങ്ങ് | റബർ | റബർ | റബർ, തെങ്ങ് | നെല്ല് | പലതരം കൃഷി | റബർ | റബർ |
| ജല ലഭ്യത | മിതം | മിതം | ധാരാളം | ധാരാളം | മിതം | മിതം | മിതം | ധാരാളം | വളരെകുറവ് | വളരെകുറവ് | ധാരാളം | വളരെകുറവ് | കുറവ് | ധാരാളം | മിതം | വളരെകുറവ് |
| പരിസ്ഥിതി പ്രശ്നം | പൊതുവെ | മണ്ണൊലിപ്പ് | ഉണ്ട് | | | നിലം നികത്തുന്നു | | | | | | | | | | |
| ആവാസ വ്യവസ്ഥ | ധാരാളം | ധാരാളം | കുറവ് | ധാരാളം | ധാരാളം | ധാരാളം | ധാരാളം | ധാരാളം | ധാരാളം | കുറവ് | ധാരാളം | ധാരാളം | ധാരാളം | കുറവ് | കുറവ് | കുറവ് |

# പഠന പര്യടനം



## ഉപസംഹാരം

ജനകീയാസൂത്രണത്തിന്റെ ഭാഗമായി നടന്ന വിശേഷാൽ ഗ്രാമസഭകളിലലുംപിന്നീടു നടന്ന വിവിധ പ്രവർത്തനങ്ങളിലും അഭൂതപൂർവ്വമായ ജനപങ്കാളിത്തം നമുക്കു കാണാൻകഴിഞ്ഞു. നിരാശയുടെനിർച്ചുഴിയിൽ അകപ്പെട്ടുകഴിഞ്ഞിരുന്ന സാധാരണ ജനഹൃദയങ്ങളിൽ പ്രതീക്ഷയുടെ തിരിനാളംജ്വലിപ്പിക്കുവാൻ ജനകീയാസൂത്രണ പ്രസ്ഥാനത്തിനുസാധിച്ചു. ഈ പ്രസ്ഥാനത്തെപ്പറ്റി പ്രാരംഭത്തിലുണ്ടായിരുന്ന സംശയങ്ങൾ ഇപ്പോൾ ദൂരീകരിക്കപ്പെട്ടിരിക്കുന്നു. ജാതിമത രാഷ്ട്രീയ ഭേദമില്ലാതെ സർവ്വ ജനങ്ങളുംഈ വികസന സംസ്ക്കാരത്തിന്റെ ശില്പ ശാലയിലാണ്.

കേരള സംസ്ഥാന രൂപീകരണത്തിന്റെ 40-ാം വർഷത്തിൽ ആസൂത്രണത്തേയുംവികസനത്തേയും അടിസ്ഥാനമാക്കിയുള്ള പ്രവർത്തനത്തിൽ തോളോടു തൊൾ ചേർത്ത് നമുക്കു മുൻപോട്ട്പോകാം. ജനഹൃദയങ്ങളിൽ അങ്കുരിച്ച ഭാസുരമായ ഭാവി സ്വായത്തമാക്കുവാൻ ഈ വികസന പ്രസ്ഥാനത്തിനു കഴിയുംമെന്ന്പ്രത്യാശിക്കാം.

ഈ വികസനരേഖ തയ്യാറാക്കുന്നതിൽ ആത്മാർത്ഥമായി സഹകരിച്ച എല്ലാവരോടും ഞങ്ങൾക്കുള്ള നിസ്സീമായ സ്നേഹാദരങ്ങൾ അറിയിക്കുകയാണ്. അതോടൊപ്പം തുടർന്നുള്ള ശ്രമകരമായ പ്രവർത്തനങ്ങളിൽ കൂടുതൽ സഹകരണ പ്രതീക്ഷിച്ചു കൊണ്ട് ഒരിക്കൽ കൂടി നന്ദി രേഖപ്പെടുത്തുന്നു.

സ്നേഹപൂർവ്വം

പഞ്ചായത്ത് ഭരണസമിതി.







അധികാരം ജനങ്ങളിലേക്ക്